# ദിവ്യകോകിലം



രൊററ മതമുണ്ടുലകി,ന്നുയിരാം പ്രേമം; അതൊന്നല്ലോ
രക്കെ നമ്മെപ്പാലമൃതൂട്ടും പാർവണശശിബിംബം.

# ദിവ്യകോകിലം

(ത്രൈമാസികം)

## മഹാകവി ഉള്ളൂർപ്പതിപ്പ്

പുസ്തകം 1 | 1973 ജൂലൈ | ലക്കം 3

### താളുകൾ മറിക്കുമ്പോൾ

| | | പേജ് |
|---|---|---|
| മഹാകവി ഉള്ളൂർ | —പി. കെ. പരമേശ്വരൻനായർ | 5 |
| മഹാകവി ഉള്ളൂർ—സ്മരണാഞ്ജലി | —ശൂരനാട്ടു കുഞ്ഞൻപിള്ള | 13 |
| ആ ധീരശപഥം | —ഉള്ളൂർ മഹാദേവൻ | 18 |
| കന്യാകുമാരിയിലെ സൂര്യോദയം | —സി. വി. കുഞ്ഞുരാമൻ | 21 |
| കർണ്ണഭൂഷണം—ചില പാഠങ്ങൾ | — മൂർക്കോത്തു കുമാരൻ | 26 |
| ആശാൻ | —മഹാകവി ഉള്ളൂർ | 34 |
| ആ ചുടലക്കളം (കവിത) | —മഹാകവി ഉള്ളൂർ | 49 |
| നളിനി—പഠനം | —നിത്യചൈതന്യയതി | 52 |
| സുജാത | —മഹാകവി എൻ. കുമാരനാശാൻ | 59 |
| വിചിത്രവിജയം | —വിദ്വാൻ പി. എൻ. രാമചന്ദ്രപ്പണിക്കർ | 64 |
| ലീല | —ജി. രാമൻമേനോൻ എം. ഏ; ബി. എൽ. | 77 |
| ജാതിവ്യത്യാസത്തിൻെറ നേർക്കു തൂലിക പടവാളാക്കിപ്പയററിയ ആദ്യത്തെ മഹാകവി | —വിദ്വാൻ സി. എസ്. നായർ | 82 |
| കുമാരനാശാൻെറ കവിത | —കൊല്ലൂർ എൻ. ചന്ദ്രശേഖരപിള്ള ബി. ഏ. | 84 |
| ചണ്ഡാലഭിക്ഷുകി | —ഏ. ബാലകൃഷ്ണപിള്ള | 103 |
| ആശാൻെറ കാവ്യശൈലി | —എൻ. ഗോപാലപിള്ള | 107 |
| ഒരു മുഖവുര | | 113 |
| ആശാൻെറ ഗ്രന്ഥനിരൂപണങ്ങൾ | | 114 |
| പുസ്തകലോകം | | 124 |

ഈ ലക്കം 'ദിവ്യകോകിലം' ചെറിയ തോതിൽ ഒരു ഉള്ളൂർ പതിപ്പാണു്. മഹാകവി ഉള്ളൂരിന്റെ 97–ാമത്തു ജന്മദിനം ഇക്കഴിഞ്ഞ ജൂൺ മാസത്തിൽ ആയിരുന്നു. മലയാളത്തിന്റെ മഹാനായ ആ പുത്രന്റെ ജന്മദിനം അർഹിക്കുന്നവിധം മലയാളം അറിഞ്ഞില്ല.

മഹാകവി ഉള്ളൂരിന്റെ കൃതികളെക്കുറിച്ചു് അദ്ദേഹത്തിന്റെ ബഹുവിധ സാഹിത്യസേവനങ്ങളെ സംബന്ധിച്ചു്, നല്ലനല്ല പഠനങ്ങൾ ഈ ലക്കത്തിൽ ഉൾപ്പെടുത്തണമെന്നു ഞങ്ങൾ ആഗ്രഹിച്ചു. ആ ആഗ്രഹം തികച്ചും നിറവേററാൻ ഞങ്ങൾക്കു കഴിഞ്ഞിട്ടില്ല.

ഈ ലക്കം പ്രസിദ്ധീകരിക്കാൻതന്നെ അല്പം വൈകിപ്പോയി. കടലാസ്സു് കിട്ടാനുണ്ടായ ബുദ്ധിമുട്ടും അവിചാരിതമായുണ്ടായ മററു ചില അസൗകര്യങ്ങളുമാണു് ഈ താമസത്തിനു് ഇടവരുത്തിയത്തു്. ഞങ്ങളുടെ ബന്ധുക്കൾ ഈ കാലതാമസം പൊറുക്കുമെന്നു വിശ്വസിക്കുന്നു.

# മഹാകവി ഉള്ളൂർ

## (ഒരു ജീവചരിത്ര വീക്ഷണം)


## പി. കെ. പരമേശ്വരൻ നായർ


മഹാകവി ഉള്ളൂർ, കൊല്ലവർഷം 1052–ഇടവം 24–ാം (1877) തീയതി ചങ്ങനാശ്ശേരിയിൽ ജനിച്ചു. അദ്ദേഹത്തിൻെറ പിതാവായ സുബ്രഹ്മണ്യഅയ്യർ തിരുവനന്തപുരത്ത് ഉള്ളൂർ ഗ്രാമത്തിൽ ഒരു തമിഴ് ബ്രാഹ്മണ കുടുംബത്തിലെ അംഗമായിരുന്നു. അമ്മ ഭഗവതി അമ്മാളുടെ കുടുംബം ചിറയിൻകീഴിൽ നാവായിക്കുളത്തുമായിരുന്നു. ഉള്ളൂരിൻെറ ജനനകാലത്ത് ചങ്ങനാശ്ശേരിയിൽ ഒരു അദ്ധ്യാപകനായിരുന്ന സുബ്രഹ്മണ്യ അയ്യർ പിന്നീട് മലയാളം പള്ളിക്കൂടങ്ങളുടെ ഇൻസ്പെക്ടറായി നിയമിക്കപ്പെട്ടു. അദ്ധ്യാപകവൃത്തിയോടൊപ്പം ചങ്ങനാശ്ശേരിയിൽ ലക്ഷ്മീപുരം കൊട്ടാരത്തിലെ ഒരു കാര്യസ്ഥ സ്ഥാനവും വഹിച്ചിരുന്ന സുബ്രഹ്മണ്യഅയ്യർ സംസ്കൃതത്തിലും മലയാളത്തിലും പൊതുവേ പുരാണേതിഹാസങ്ങളിലും സാമാന്യം വ്യുല്പത്തിയുള്ള ആളായിരുന്നതിനാൽ ലക്ഷ്മീപുരത്തു കൊട്ടാരത്തിലെ സാഹിത്യ സുരഭിലമായ അന്തരീക്ഷത്തോടു് വളരെ ഇണങ്ങിക്കഴിഞ്ഞിരുന്നു. ബാലനായ പരമേശ്വരയ്യരുടെ വിദ്യാഭ്യാസത്തിനു് ഈ വക സാഹചര്യങ്ങൾ വളരെ സഹായിച്ചു. ചങ്ങനാശ്ശേരി രവിവർമ്മകോയിത്തമ്പുരാനായിരുന്നു സംസ്കൃതത്തിൽ ഉള്ളൂരിനെ പ്രഥമ പാഠങ്ങൾ പഠിപ്പിച്ചതു്. അഞ്ചു കൊല്ലത്തെ സംസ്കൃത പഠനത്തിനിടക്കു് കുട്ടിക്കു കാവ്യനാടകാദികളിൽ നല്ല അവഗാഹം സിദ്ധിച്ചു. മലയാളത്തിൽ പ്രത്യേകതാല്പര്യമുണ്ടായിരുന്ന സുബ്രഹ്മണ്യ അയ്യർ പുത്രനെ എഴുത്തച്ഛൻെറയും, കുഞ്ചൻനമ്പ്യാരുടേയും കൃതികളിൽ ദത്തശ്രദ്ധനാക്കിത്തീർത്തു.

പത്താമത്തെ വയസ്സിൽ ചങ്ങനാശ്ശേരി ഡിസ്ട്രിക്റ്റ് വിദ്യാലയത്തിൽ ഇംഗ്ലീഷ് പഠിക്കാൻ ആരംഭിച്ചതോടുകൂടി ബാലൻെറ വിദ്യാഭ്യാസം ഒരു നവ്യസരണിയിലേക്കു തിരിഞ്ഞു. പരമേശ്വരയ്യരുടെ ഇംഗ്ലീഷ് പഠനം ശീഘ്രഗതിയിലുള്ള ഒരു ആരോഹണമായിരുന്നു. രണ്ടുകൊല്ലം കൊണ്ടു നാലുപരീക്ഷകൾ പാസ്സായി ലോവർഫോത്ത് ക്ലാസിൽ പഠിക്കാൻ സാധിച്ചു.

### വിദ്യാഭ്യാസം

1890–ൽ പിതാവു് ചരമഗതി പ്രാപിച്ചതോടുകൂടി വലിയ സാമ്പത്തിക കഴിവുകളൊന്നുമില്ലാതിരുന്ന ആ ബ്രാഹ്മണകുടുംബം കഠിനമായ ഒരു പരീക്ഷണസന്ധിയിൽ അകപ്പെട്ടു അന്നു് പതിമൂന്നു വയസ്സു പ്രായമുണ്ടായിരുന്ന പരമേശ്വരയ്യരുടെ ചുമലിലാണു് പിതാമഹി, പിതൃസഹോദരി, മാതാവു്, ഒരുവയസ്സു മാത്രം പ്രായമുള്ള സഹോദരൻ ഇത്രയും പേരുടെ സംരക്ഷണഭാരം ചെന്നു പതിച്ചതു്. പക്ഷേ പിതാമഹിയായ പാർവ്വതിഅമ്മാൾ, നല്ല മനസ്സാന്നിദ്ധ്യവും കാര്യ

ശേഷിയും ഉള്ള ഒരു സ്ത്രീയായിരുന്നു. അവരുടെ ഉത്സാഹത്തിൽ പ്രസ്തുത കുടുംബം ഉടൻതന്നെ തിരുവനന്തപുരത്തെത്തി ഉള്ളൂരിൽ താമസമാക്കി. പരമേശ്വരയ്യർ ഫോർട്ടു ഹൈസ്കൂളിൽ അപ്പർ ഫോർത്തിലെ ഒരു വിദ്യാർത്ഥിയായി. വളരെ കഷ്ടതകൾ സഹിച്ചാണെങ്കിലും ബാലൻ തന്റെ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. 1068-ൽ 16-ാമത്തെ വയസ്സിൽ മെട്രിക്കുലേഷൻ പരീക്ഷയിൽ ജയിക്കുകയും ചെയ്തു.

കോളേജ് വിദ്യാഭ്യാസത്തിനുള്ള സാഹചര്യങ്ങൾ ഇല്ലായിരുന്നെങ്കിലും മാതാവ് മകനെ ബി. ഏ. ജയിപ്പിക്കണമെന്ന നിർബന്ധക്കാരിയായിരുന്നു വളരെ കഷ്ടപ്പെട്ട് അവർ അതു് സാധിക്കുകയും ചെയ്തു. കോളേജ് വിദ്യാഭ്യാസത്തിനിടക്കു ഇംഗ്ലീഷിലും, സംസ്കൃതത്തിലും ബാലൻ അന്യാദൃശമായ വൈഭവം പ്രദർശിപ്പിച്ചു. ചക്രീചങ്കര കർത്താവായ രാമക്കുറുപ്പു മുൻഷിയുടെ കണ്ണിലുണ്ണി ആയിട്ടാണു് ഉള്ളൂർ തന്റെ കലാലയജീവിതം കഴിച്ചതു് മലയാള കവിതയിലും വാസനാസിദ്ധമായ പാടവം അക്കാലത്തു പ്രദർശിപ്പിച്ചു. രാമക്കുറുപ്പു മുൻഷിയുടെ പ്രോത്സാഹനം, ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ മുതലായ സതീർത്ഥ്യന്മാരുടെ സാഹചര്യം, മലയാളമനോരമയിലെ കവിതാപംക്തികളിൽ ലഭിച്ച വിഹാര സൗകര്യം എന്നിങ്ങനെ പലതുംകൂടി ആയപ്പോൾ, ആ യുവകവിയിൽ സ്വാഭാവികമായി മൊട്ടിട്ടുനിന്നിരുന്ന കവിതാവാസന വികസിച്ചുതുടങ്ങി. "സമുദ്രശതകം" മുതലായി പല ലഘു കൃതികളും ആയിടക്കദ്ദേഹം എഴുതുകയുണ്ടായി.

## പ്രാരംഭജീവിതപരീക്ഷണങ്ങൾ

ബി ഏ ജയിച്ച പരമേശ്വരയ്യരെ കുടുംബഭരണക്ലേശം വല്ലാതെ തുറിച്ചുനോക്കി അന്നേക്കു മുമ്പു തന്നെ അദ്ദേഹം വിവാഹിതനായിക്കഴിഞ്ഞിരുന്നു. പിതാമഹിയേയും, മാതാവിനേയും സഹോദരനേയും സംരക്ഷിക്കേണ്ട ചുമതലയുടെ പുറമെയായിരുന്നല്ലോ ഇതു്. 21-ാമത്തെ വയസ്സിൽ അദ്ദേഹം തിരുവനന്തപുരം ടൗൺഹൈസ്കൂളിലെ ഒരദ്ധ്യാപകജോലി സ്വീകരിച്ചു. താമസിയാതെ അവിടത്തെ ഹെഡ്മാസ്റ്ററായി നിയമിക്കപ്പെടുകയും ചെയ്തു. അദ്ധ്യാപകവൃത്തി ഒരു തൊഴിൽ എന്ന നിലയിൽ പരമേശ്വരയ്യരെ തൃപ്തിപ്പെടുത്തിയില്ല. വിജ്ഞാനാസക്തിയോടൊപ്പം ജീവിതത്തിൽ സാരമായ എന്തെങ്കിലും നേടണമെന്ന മോഹവും അദ്ദേഹത്തിൽ രൂഢമൂലമായിട്ടുണ്ടായിരുന്നു. അതു് സർക്കാർ ഉദ്യോഗം മൂലമായിരിക്കണമെന്നും അഭിലഷിച്ചു. അന്നത്തെ സെൻസസ്സ് കമ്മീഷണരാഫീസിൽ ഒരു ഗുമസ്ഥജോലിയാണു് ആദ്യം കരഗതമായതു്. അതൊരു സ്ഥിരമാവണമല്ലായിരുന്നു. പക്ഷെ അതിനിടയ്ക്കു വിശ്രമാവസരങ്ങൾ വിനിയോഗിച്ചു് ബി. എൽ. പരീക്ഷയും തമിഴിലും, മലയാളത്തിലും, എം. ഏ. യും പാസായി. പലവിധത്തിലും ഒരു വൈജ്ഞാനിക ഗ്രന്ഥമായ സെൻസസ്സ് റിപ്പോർട്ടിന്റെ ജോലിക്കിടയിൽ വിവിധ വിഷയങ്ങളെ സംബന്ധിച്ചു് വിപുലമായ ജ്ഞാനം സമ്പാദിക്കുവാൻ അദ്ദേഹത്തിനു സാധ്യമായി. ആ ജോലി കഴിഞ്ഞുടനെ തേഴ്സ്റ്റന്റെ 'തെക്കെഇന്ത്യയിലെ ജാതികളും വർഗ്ഗങ്ങളും' എന്ന ഗ്രന്ഥപരമ്പര സംബന്ധിച്ചു് തിരുവിതാംകൂറിൽ നിന്നു് വിവിധ വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരുന്ന എത്നോഗ്രാഫിക് അസിസ്റ്റന്റു് എന്ന ഉദ്യോഗത്തിൽ അല്പകാലത്തേക്കു് അദ്ദേഹം നിയമിതനായി. നാഗമയ്യായുടെ സ്റ്റേറ്റു് മാനുവൽ സംബന്ധിച്ചും ചില ജോലികൾക്കു് അദ്ദേഹത്തിന്റെ സേവനം ആവശ്യപ്പെടുകയുണ്ടായി 1904-ൽ വി. പി. മാധവറാവു ദിവാനായി വന്നപ്പോൾ പരമേശ്വരയ്യരുടെ വൈജ്ഞാനിക പ്രാപ്തികൾ ദിവാന്റെ ശ്രദ്ധയിൽപെടുകയും, രാജ്യകാര്യപരമായ ഏതോ കാര്യത്തിലേക്കു് തിരുവിതാംകൂർ പട്ടാളത്തിന്റെ പ്രാചീന ചരിത്രം

സംബന്ധിച്ച് ഒരു പ്രബന്ധമെഴുതുവാൻ ദിവാൻ അദ്ദേഹത്തോട് ആവശ്യപ്പെടുകയും ചെയ്തു. പരമേശ്വരയ്യർ തയ്യാറാക്കിയ പ്രബന്ധം ദിവാനെ ആകർഷിച്ചു. താമസിയാതെ അദ്ദേഹം ഹജൂരാഫീസിൽ ഒരു ഹെഡ് ക്ലാർക്കായി നിയമിക്കപ്പെട്ടു. ഇങ്ങനെ എട്ടൊൻപതു് സംവത്സരക്കാലങ്ങൾ ഉദ്യോഗപരമായ പരീക്ഷണങ്ങൾക്കുശേഷം 1081-ൽ ഹജൂരിൽ അദ്ദേഹത്തിനു സ്ഥാനം ലഭിച്ചു.

അതിനിടയ്ക്കു് ഒരത്യാഹിതം സംഭവിച്ചു ആദ്യഭാര്യയായ അനന്തലക്ഷ്മി അമ്മാൾ രണ്ടു സന്താനങ്ങളുടെ മാതാവായശേഷം 1903-ൽ ഇഹലോകവാസം വെടിഞ്ഞു. 1905-ൽ പരമേശ്വരയ്യർ സുബ്ബമ്മാളിനെ വിവാഹം ചെയ്തു. ആദ്യപത്നിയിൽ രണ്ടു സന്താനങ്ങളും രണ്ടാമത്തെ പത്നിയിൽ (അവർ 1930-ൽ അന്തരിച്ചു) എട്ടു സന്താനങ്ങളും ഉള്ളൂരിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പുത്രന്മാരായ ഉള്ളൂർ പി. മഹാദേവനും ഉള്ളൂർ പി. രാമനാഥനും സാഹിത്യകാരന്മാരാണു്, ഡാക്ടർ കൃഷ്ണമൂർത്തിയാണു് മറ്റൊരു പുത്രൻ.

ഹജൂരിൽ നിയമനം കിട്ടിയശേഷം ഏതാനും കാലം തഹസിൽദാരും, മജിസ്ട്രേട്ടുമായി കുന്നത്തൂർ, മാവേലിക്കര, ചിറയിൻകീഴ് മുതലായി പല താലൂക്കുകളിൽ അദ്ദേഹം ജോലിനോക്കിയിട്ടുണ്ടു്. 1910-ൽ ഒരു മുൻസിഫായി നിയമിക്കപ്പെട്ടു.

## ഉദ്യോഗവും കവിതാസംരംഭങ്ങളും

ഔദ്യോഗിക സരണിയിലുള്ള ജീവിതം ഒരുവനു് കവിതാപരവും വിജ്ഞാനപരവുമായ മണ്ഡലങ്ങളിൽനിന്നു് അനുപദം അകലുന്നതിനുള്ള സാദ്ധ്യതകളാണു് ഉണ്ടാക്കാറുള്ളതെങ്കിലും, ഉള്ളൂരിനെ സംബന്ധിച്ചിടത്തോളം അങ്ങനെയല്ല സംഭവിച്ചതു്. ഔദ്യോഗിക കൃത്യങ്ങൾ നിർവഹിച്ചുകഴിഞ്ഞു് ദിവസവും ഒരു ക്ലിപ്തസമയം സാഹിത്യസപര്യയ്ക്കു് അദ്ദേഹം നീക്കിവച്ചു. അതിന്റെ ഫലമായി, കീഴിൽക്കഴിഞ്ഞ എട്ടൊൻപതു സംവത്സരക്കാലത്തും ഉള്ളൂർ സാഹിത്യത്തിൽ ബദ്ധശ്രദ്ധനായിത്തന്നെയാണു് കഴിഞ്ഞതു്. ഭാഷാപോഷിണി, മലയാളമനോരമ, രാമാനുജൻ മുതലായ പ്രസിദ്ധീകരണങ്ങളിൽ അദ്ദേഹം ലേഖനങ്ങളും കവിതകളും മുറയ്ക്കെഴുതിവന്നു. കേരളവർമ്മ വലിയകോയിത്തമ്പുരാനുമായി നേരത്തെ ആരംഭിച്ചിരുന്ന ശിഷ്യബന്ധം അത്യന്തം ശക്തിമത്തായി വളർന്നുകഴിഞ്ഞിരുന്നു. ഉള്ളൂരിനു് അങ്ങോട്ടുണ്ടായിരുന്ന അകൈതവമായ ഭക്ത്യാദരങ്ങൾ ആ സാഹിത്യ ചക്രവർത്തിയുടെ സ്നേഹവാത്സല്യങ്ങളെ ആവർജ്ജിച്ചു. മയൂരസന്ദേശം ഇംഗ്ലീഷിലേക്കു് ഉള്ളൂർ തർജ്ജമചെയ്തതു് അക്കാലത്താണു്. 1905-ൽ "വഞ്ചീശഗീതി" എന്ന കാവ്യം പ്രസിദ്ധീകരിച്ചു. അടുത്ത വർഷത്തിൽ "സുജാതോദ്വാഹം" ഭാഷാചമ്പു അച്ചടിപ്പിച്ചു. ഇങ്ങനെ പലതുകൊണ്ടും ഉള്ളൂർ കേരളത്തിലെ കവികളുടെ ഇടയിൽ ഒരു പ്രശസ്ത വ്യക്തിയായി ഉയരുകയായിരുന്നു. അന്നത്തെ പ്രധാന കവികളിൽ പലരും അദ്ദേഹത്തിന്റെ സുഹൃത്തുക്കളായി. ഇവരിൽ പന്തളം കേരളവർമ്മയുമായുള്ള സമ്പർക്കം ഉള്ളൂരിന്റെ ഭാവിജീവിതത്തെ സാരമായി സ്പർശിച്ചിട്ടുണ്ടു്. പന്തളം അക്കാലത്താരംഭിച്ച കവനകൗമുദിയിൽ ഉള്ളൂർ ഒരു പ്രധാന എഴുത്തുകാരനായിരുന്നു. അന്നെഴുതിയ പല കവിതകളും ക്രുട്ടകവിതകളാണു്. വിഷ്ണുമായ, പത്മിനി, സത്യവതി, കലാവതി, അംബരീക്ഷശതകം, ദേവയാനി മുതലായി പലതും കുററിപ്പുറത്തു കേശവൻനായർ, പന്തളത്തു കേരളവർമ്മ, കണ്ടൂർ നാരായണ മേനോൻ, ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ മുതലായ സുഹൃത്തുക്കളുമായി ഉള്ളൂർ പങ്കുചേർന്നു നടത്തിയ കാവ്യവ്യവസായത്തിന്റെ ഫലങ്ങളാണു്. അവ

യിൽ മിക്കവയും ഇന്നു് വിമർശം അർഹിക്കത്തക്ക പ്രാധാന്യമുള്ളവയല്ല കാര്യങ്ങളുടെ ഉള്ളടക്കത്തേക്കാൾ രീതിയുടെ സൗഷ്ഠവത്തെ മുൻനിർത്തി എഴുതപ്പെട്ടിട്ടുള്ള കവിതകളാണവ. പച്ച മലയാള രീതിയിൽ കവിത എഴുതുവാനുള്ള പ്രാഗത്ഭ്യം വെളിപ്പെടുത്തുന്നതിലേക്കു് ഉള്ളൂർ രചിച്ച ഒരു 'നേർച്ച' എന്ന ഖണ്ഡകാവ്യം സാർവത്രികമായി പ്രശംസസമാർജ്ജിച്ചു.

ആയിടക്കാണു് സുപ്രസിദ്ധമായ ദ്വിതീയാക്ഷരപ്രാസ വാദത്തിന്റെ ആവിർഭാവം. അതിൽ ഉള്ളൂർ, കേരളവർമ്മയുടെ പക്ഷത്തുനിന്നുകൊണ്ടു് ദ്വിതീയാക്ഷരപ്രാസം വേണമെന്നുള്ള അഭിപ്രായവും, കെ. സി. കേശവപിള്ള, ഏ. ആർ. രാജരാജവർമ്മയുടെ പക്ഷത്തു നിന്നുകൊണ്ടു് ദ്വിതീയാക്ഷരപ്രാസം ആവശ്യമില്ലെന്നുള്ള വാദവും ഉന്നയിച്ചു. പ്രസ്തുതവാദം ഇന്നു് അത്ര വളരെ അർത്ഥവത്തായി തോന്നുകയില്ലെങ്കിലും, അന്നത്തെ സാഹിത്യമണ്ഡലത്തെ അതു് സജീവമാക്കിത്തീർത്തു. ഇരുപക്ഷക്കാരും അവരവരുടെ വാദത്തിന്റെ സാധുത തെളിയിക്കുവാൻ ധാരാളം കവിതകളെഴുതി.

## ഉമാകേരളം

സജാതീയമായ ദ്വിതീയാക്ഷര പ്രാസത്തിന്റെ പ്രായോഗികതയെ വ്യക്തമാക്കുവാൻ കാണിച്ചുകൊടുത്ത ഒരു പരീക്ഷണമായിരുന്നു ഉള്ളൂരിന്റെ ഉമാകേരളം. വള്ളത്തോൾ, പന്തളം കേരളവർമ്മ മുതലായവരും ഇതുപോലെയുള്ള പ്രാസബഹുലമായ മഹാ കാവ്യങ്ങളെഴുതിയെങ്കിലും അവയൊന്നും ഉമാകേരളത്തിന്റെ അടുത്തെങ്ങും വരുമെന്നു തോന്നുന്നില്ല. സംസ്കൃതത്തിലെ നൈഷധീയ ചരിതംപോലെ മലയാളത്തിലെ ഒരു ക്ലാസിക്കു് കാവ്യശില്പമാണു് ഉമാകേരളം.

1914-ൽ പ്രസ്തുത കൃതി പ്രസിദ്ധീകരിച്ചതോടുകൂടി ഉള്ളൂരിന്റെ പ്രശസ്തി പൂർവ്വാധികം വർദ്ധിച്ചു. സാമാന്യ കാവ്യകാരന്മാരുടെ നിലയിൽനിന്നു് മഹാകവികളുടെ പംക്തിയിലേക്കു് അദ്ദേഹത്തെ ആദ്യം ഉയർത്തിയ കൃതി ഉമാകേരളം തന്നെ.

## ഗവേഷണയത്നങ്ങൾ

കവിതാപ്രഭാവവും ഔദ്യോഗിക പദവിയും സമാനനിലയിൽ പരിപോഷിച്ചുകൊണ്ടു് പോകാനുള്ള ഒരു യത്നമാണു് ഉള്ളൂർ ജീവിതകാലമാകെ തുടർന്നുവന്നതു്. കേരളവർമ്മയുടെ അന്തേവാസിത്വം അതിനു വളരെ സഹായിച്ചു. 1917-ൽ ശ്രീമൂലം തിരുനാളിന്റെ ഷഷ്ട്യബ്ദപൂർത്തി പ്രമാണിച്ചു് എഴുതിയതാണു് 'മംഗളമഞ്ജരി'. അന്നു് മററു മഹാകവികളും മഹാരാജാവിനു് ആശംസ കാവ്യങ്ങൾ സമർപ്പിച്ചുവെങ്കിലും അവയൊന്നും ഉള്ളൂരിന്റെ കാവ്യംപോലെ അത്ര പ്രശസ്തമായിട്ടില്ല. കവിതാപഥത്തിൽ മാത്രമല്ല സാഹിത്യപരവും, ചരിത്രപരവുമായ ഗവേഷണത്തിലും ഉള്ളൂരിന്റെ നാമം ഈ കാലത്തിനിടയ്ക്കു് ഔന്നത്യത്തിലേക്കുയരുന്നുണ്ടായിരുന്നു. പ്രാചീനഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണ വിഷയത്തിൽ അദ്ദേഹം ബദ്ധതല്പരനായിരുന്നു. കണ്ണശ്ശരാമായണം (ആരണ്യകാണ്ഡം) 1904-ൽ അദ്ദേഹം പ്രകാശിപ്പിച്ചിരുന്നു. 1916-ൽ മലയാളത്തിലെ ഏററവും പ്രാചീനകൃതിയായ രാമചരിതം ഇദംപ്രഥമമായി ശരിയായ പാഠത്തോടും ഒരു നല്ലടിപ്പണിയോടുംകൂടി ഉള്ളൂർ പ്രസാധനംചെയ്തു. പിന്നീടു് കണ്ണശ്ശരാമായണം കിഷ്കിന്ധാകാണ്ഡവും, സുന്ദരകാണ്ഡവും പ്രകാശിപ്പിച്ചു.

1925-ാമാണ്ടുവരെയുള്ള പത്തുവർഷം സെക്രട്ടറിയേററിൽ പലനിലയിലും പല ഉദ്യോഗങ്ങളും ഉള്ളൂർ വഹിച്ചു. കുറെക്കാലം ദിവാൻ പേഷ്കാരായി ജോലി നോക്കി. ഒടുവിൽ ലാൻഡു് റവന്യൂ കമ്മീഷണരായി. ഈവക കൃത്യബഹുലതക്കിടയിലും സാഹിത്യപരിശ്രമത്തിനു സമയം കണ്ടെത്താൻ കഴിയാതിരുന്നില്ല. ഉള്ളൂരിന്റെ ലേഖനമോ കവിതയോ ഇല്ലാത്ത മാസികകളും വാരികകളും അക്കാലത്തു് ചുരുക്കമെ ഉണ്ടായിരുന്നുള്ളു. ഇവയ്ക്കും പുറമെ പ്രാചീന കൃതികളെ സംബന്ധിച്ച എത്രയെത്ര ഗവേഷണ ലേഖനങ്ങൾ, വ്യാഖ്യാനങ്ങൾ, എത്രയോ ഗ്രന്ഥങ്ങൾക്കു് മുഖവുരകൾ, അഭിപ്രായങ്ങൾ, ആരുടെയൊക്കെ സംശയങ്ങൾക്കു് പരിഹാര നിർദ്ദേശങ്ങൾ, എത്രയെത്ര എഴുത്തുകൾക്കു് കണിശമായ മറുപടികൾ, യോഗങ്ങളിൽ പ്രസംഗങ്ങൾ, എന്നിങ്ങനെ ഒരു സാഹിത്യനായകന്റെ കൃത്യപരിധിയിൽപ്പെട്ട പരശ്ശതം പ്രവൃത്തികൾ എത്രയോ ശുഷ്കാന്തിയോടെ ഉള്ളൂർ നിവ്വഹിച്ചുവെന്നതു് ഓർക്കുമ്പോൾ ആരും അത്ഭുതപ്പെട്ടുപോകും. ഇങ്ങനെ പുറമെയുള്ള ഈ പ്രവത്തനങ്ങൾക്കിടയിലും ഔദ്യോഗിക കൃത്യങ്ങൾക്കു് അമാന്തമോ വീഴ്ചയോ സംഭവിച്ചില്ല.

## നൂതന സരണിയിൽ

അന്നത്തെ കവിതകളെക്കുറിച്ചു് സംക്ഷിപ്തമായേ ഇവിടെ പറയുവാൻ സാധ്യമാവുകയുള്ളു. അതിനുമുമ്പു് ഒരു സംഗതി പ്രത്യേകം ധരിച്ചിരിക്കേണ്ടതായിട്ടുണ്ടു്. ഉള്ളൂരിന്റെ കവിത ഈ ഘട്ടത്തിൽ നവീനമായ ഒരു സരണിയിലേക്കു് പ്രവേശിക്കുകയായിരുന്നു. വള്ളത്തോളും ആശാനും നേരത്തേതന്നെ ആ സരണിയിൽ വ്യാപരിച്ചുകഴിഞ്ഞിരുന്നു. ബഹുകാര്യ വ്യഗ്രനായിരുന്ന ഉള്ളൂർ കുറച്ചു കഴിഞ്ഞാണു് അതിൽ പ്രവേശിച്ചതു്. എങ്കിലും ആ പഴയ ക്ലാസിക് പ്രസ്ഥാനത്തിനു് അദ്ദേഹവും നേരത്തെ യാത്ര പറഞ്ഞുകഴിഞ്ഞിരുന്നു. പിൽകാലത്തു് കിരണാവലി, താരാഹാരം, തരംഗിണി മുതലായ കൃതികളിൽ ചേർത്തിട്ടുള്ള ഖണ്ഡകവിതകളിൽ ഭാവപ്രധാനങ്ങളായ പലതും അദ്ദേഹം ഇക്കാലത്തു എഴുതിയവയാണു്. ഉള്ളൂരിന്റെ സാഹിത്യസൗധത്തിനുള്ള ഏററവും തിളക്കമേറിയ താഴികക്കുടങ്ങളായി കരുതേണ്ട 'കർണ്ണഭൂഷണ'വും 'പിംഗള'യും 1929-ൽ മാത്രമേ വെളിയിൽവന്നുള്ളു. ദ്രാവിഡവൃത്തങ്ങളിൽ നവീന ഖണ്ഡകാവ്യസരണിയിൽ രചിച്ചിട്ടുള്ള ഈ കൃതികൾ രണ്ടും പ്രസിദ്ധീകരിച്ച ഉടൻതന്നെ സഹൃദയ ലോകത്തിന്റെ മുക്തകണ്ഠമായ പ്രശംസ സമാജ്ജിച്ചു. ഉള്ളൂരിന്റെ ആർഷവിജ്ഞാന സംസ്കാരങ്ങൾ നവീനസാഹചര്യങ്ങളിൽ പുഷ്പിച്ചു് സുരഭിലമായി വിടർന്ന കാഴ്ചയാണു് ഇരു കാവ്യങ്ങളിലും നാം ദർശിക്കുന്നതു്. രണ്ടും അദ്ദേഹത്തിൽ ആദ്യകാലം മുതല്ക്കേ രൂഢമൂലമായിരുന്ന പ്രവണതകളുടെ ഏററവും തേച്ചുമിനുക്കിയ ആവിഷ്കരണങ്ങളുമാണു്.

നൂതനമായ കാവ്യസരണി അവലംബിച്ചതോടുകൂടി ഉള്ളൂരിന്റെ കവിതയ്ക്കു് ഉൽകൃഷ്ടമായ ഒരു ആദർശവും, ലക്ഷ്യവുംകൂടി കൈവന്നു. മംഗളമഞ്ജരി വരെയുള്ള കൃതികളിൽ രാജഭക്തിയും, രാജ്യാഭിമാനവും മാത്രമായിരുന്നു അഗ്രിമങ്ങളായ ഹൃദയവികാരങ്ങൾ. കാവ്യങ്ങളുടെ ബാഹ്യാകാരത്തിൽനിന്നു് ആന്തരസത്തയിലേക്കു് കവിയുടെ അന്തരംഗം പതിഞ്ഞു തുടങ്ങിയകാലം മുതല്ക്കു് ഉള്ളൂർ കവിതകൾ സാക്ഷാൽ ജീവിത ധമ്മങ്ങളുടെ ദർപ്പണങ്ങളും വ്യാഖ്യാനങ്ങളുമായി രൂപാന്തരം പ്രാപിക്കുന്നു. ഇതാണു് ഒരു കവി എന്ന നിലയിൽ ഉള്ളൂരിന്റെ വ്യക്തിത്വത്തിൽ ഈ ഘട്ടത്തിൽ നാം കാണുന്ന ഏററവും പ്രധാന പരിവർത്തനം.

എന്താണ് ഉള്ളൂർ കവിതയിലെ ഈ ജീവിതധർമ്മപ്രതിപാദനം? അദ്ദേഹ 'കവിത കവിതയ്ക്കുവേണ്ടിമാത്രം' എന്നു വിശ്വസിച്ച ആളല്ല. തനിക്കു് ഒരു സന്ദേശം നല്കുവാനുണ്ടെന്നും, ആ സന്ദേശത്തിന്റെ വാഹനമല്ലെങ്കിൽ പിന്നെ കവിത ഒന്നുമല്ലെന്നും അദ്ദേഹം ദൃഢമായി വിശ്വസിച്ചു. ആ സന്ദേശം ഒരു കർമ്മയോഗിയുടേതായിരുന്നു. മനുഷ്യജന്മത്തെ കർമ്മരൂപമായി അദ്ദേഹം ദർശിച്ചു. "പ്രവർത്തിക്കുക, പ്രവർത്തിക്കുക", ഇതുതന്നെയായിരുന്നു ഉള്ളൂരിന്റെ ജീവിതധർമ്മം. അദ്ദേഹത്തിന്റെ കവിതയുടെ സന്ദേശവും അതുതന്നെ.

"ജന്മത്തിലോരോ ഞൊടിയും നമുക്കു
ദൈവം തരും രത്നമനന്തമൂല്യം
തദ്വിക്രയം നാം വിധിപോലെ ചെയ്തു
സാക്ഷാൽപുമർത്ഥാപ്തികൃതാർത്ഥരാകാം"

ജന്മത്തിലെ നിമിഷങ്ങൾ വിധിപോലെ വിനിയോഗിക്കുകയാണു ലക്ഷ്യം. ആ വിധി എന്തെന്നുള്ളതിന്റെ മനോഹരമായ വിശദീകരണങ്ങളായിരുന്നു ഉള്ളൂരിന്റെ പില്ക്കാലത്തുള്ള കൃതികളിൽ മിക്കവയും. ഈ കാര്യത്തിൽ അദ്ദേഹം നൂതനമായ തത്വസരണികളൊന്നും കണ്ടുപിടിച്ചെന്നു പറയുന്നില്ല. പുരാതനമായ ആർഷസംസ്കാരത്തെ വിശദീകരിക്കുക മാത്രമെ ചെയ്യുന്നുള്ളു. "കർണ്ണഭൂഷണ"വും "പിംഗള"യും ആ നിലപാടിലാണു് നാം ദർശിക്കേണ്ടതു്.

## ജീവിതസായാഹ്നം

1932–ൽ ഉള്ളൂർ ഉദ്യോഗത്തിൽനിന്നു് പെൻഷൻപറ്റി വിരമിച്ചു. അതോടുകൂടി അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അവസാന ഘട്ടത്തിലേക്കു് നാം പ്രവേശിക്കുന്നു. സാധാരണ വലിയ ഉദ്യോഗസ്ഥന്മാർ പെൻഷൻ പറ്റാറുള്ളതു് ഏതാണ്ടൊരജ്ഞാതവാസത്തിലേക്കാണു്. അവസാനമായി നിറയൊഴിച്ച തോക്കുകൾപോലെ അവർ തുരുമ്പിക്കുവാനാണു് വിശ്രമിച്ചുതുടങ്ങുക. എന്നാൽ ഉള്ളൂർ പെൻഷൻ പറ്റിയതു് കൂടുതൽ നവീനവും കർമ്മോന്മുഖവുമായ ഒരു ജീവിതം ആരംഭിക്കുവാനായിരുന്നു.

1937–ൽ മഹാരാജാവിന്റെ തിരുനാൾ പ്രമാണിച്ചു് ഉള്ളൂരിനു് മഹാകവിബിരുദം നല്കപ്പെട്ടു. അതുസംബന്ധിച്ചു ലഭിച്ച അനുമോദനങ്ങളുടേയും, അഭിനന്ദനങ്ങളുടേയും പ്രതിദ്ധ്വനികൾ അടങ്ങുന്നതിനുമുൻപു് അതേവർഷത്തിൽതന്നെ അദ്ദേഹത്തിന്റെ ഷഷ്ട്യബ്ദപൂർത്തിയും സമാഗതമായി. സഹൃദയലോകത്തിനു് ഉള്ളൂരിനോടുണ്ടായിരുന്ന മതിപ്പും സ്നേഹാദരങ്ങളും പ്രദർശിപ്പിക്കുവാൻ സൗകര്യം നല്കിയ ഒരപൂർവ്വ സന്ദർഭം തന്നെയായിരുന്നു അതു്. അനവധി മംഗളപത്രങ്ങൾ അദ്ദേഹത്തിനു് സമർപ്പിക്കപ്പെട്ടു. സാഹിത്യത്തിലെ കക്ഷിപിണക്കങ്ങൾക്കും ചേരിതിരുവുകൾക്കും എല്ലാം അതീതമായ ഒരു വിശിഷ്ടസന്ദർഭമായിരുന്നു അതു്. ഔദ്യോഗികനിലയിൽ അദ്ദേഹത്തിനേക്കാൾ കൂടുതൽ പ്രാഭവവും, പ്രശസ്തിയും സമ്പാദിച്ചു് പെൻഷനുശേഷം വിസ്മൃതിയിലാണ്ടുകഴിഞ്ഞ സമകാലീകരായ പല വമ്പന്മാർക്കും ഉള്ളൂരിനോടസൂയയുണ്ടാക്കിയ ഘട്ടവും അതുതന്നെയാണു്. എങ്കിലും ഉള്ളൂർ അന്നും വിനയവാനായിട്ടാണു് കാണപ്പെട്ടതു്. തിരുവനന്തപുരത്തെ പൗരന്മാർ നല്കിയ മംഗളപത്രത്തിനു പറഞ്ഞ മറുപടിയിൽ അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു:—

"ഇതൊക്കെയായിട്ടും ഞാൻ ചെയ്തതു മണൽത്തരി; ചെയ്യണമെന്നാഗ്രഹിക്കുന്നതു്—മഹോദധി; ഇതാണു് വസ്തുസ്ഥിതി."

## കേരളസാഹിത്യചരിത്രം

ഉള്ളൂരിന്റെ ജീവിതസായാഹ്നം മിക്കവാറും താൻ ദീർഘകാലമായി എഴുതിവന്ന കേരളസാഹിത്യചരിത്രത്തിന്റെ നിർമ്മാണത്തിന് വിനിയോഗിക്കപ്പെട്ടു. കേരള സർവ്വകലാശാല പിന്നീട് അഞ്ചു വാല്യങ്ങളായി പ്രസിദ്ധീകരിച്ച (1953–57) പ്രസ്തുത കൃതിപോലെ ആ സരണിയിലുള്ള ഒരു സാഹിത്യചരിത്രം മുമ്പുണ്ടായിട്ടില്ല. ഭാവിയിൽ ഉണ്ടാകുമെന്നും തോന്നുന്നില്ല. കേരളസാഹിത്യത്തിന്റെ (മലയാളവും സംസ്കൃതവും) ഏതൊരംശം സംബന്ധിച്ചും പ്രവർത്തിക്കുന്ന ഒരു വിദ്യാർത്ഥിക്കോ, ഗവേഷകനോ, നിരൂപകനോ ഏതെങ്കിലും വിധത്തിൽ ഉള്ളൂരിന്റെ ഈ ഗ്രന്ഥത്തെ ആശ്രയിക്കാതെയും അതിനെ ഉപജീവിക്കാതെയും മുന്നോട്ടു പോകുവാൻ സാദ്ധ്യമാകുകയില്ലെന്ന് നിർവിശങ്കം അഭിപ്രായപ്പെടാവുന്നതാണ്. അത്രയ്ക്ക് അക്ഷയ്യമായ ഒരു ചരിത്രഭണ്ഡാഗാരമാണ് ആ അമൂല്യ ഗ്രന്ഥസഞ്ചിക.

1948-ൽ മഹാത്മാഗാന്ധിയുടെ ചരമം മഹാകവിയുടെ ഹൃദയത്തെ സമാധികം തപിപ്പിച്ചു. അന്നു രചിച്ച 'ചുടലക്കളം' വികാരവൈവശ്യത്തോടെയാണ് അദ്ദേഹം എഴുതിയത്. അതിനെത്തുടർന്നുണ്ടായ രോഗബാധയിൽനിന്ന് താല്ക്കാലികമായി രക്ഷ പ്രാപിച്ചെങ്കിലും ഏകദേശം ഒരുവർഷംകൂടി മാത്രമേ അദ്ദേഹം ജീവിച്ചിരുന്നുള്ളു. 1949 ജൂൺ 15-ന് 73-ാമത്തെ വയസ്സിൽ അദ്ദേഹം ചരമഗതി പ്രാപിച്ചു. ഉള്ളൂർ രചിച്ച കവിതകൾ സമാഹരിച്ച് അരുണോദയം, രത്നമാല, അമൃതധാര, മണിമഞ്ജൂഷ, ഹൃദയകൗമുദി, കിരണാവലി, കല്പശാഖി, തരംഗിണി, താരാഹാരം, തപ്തഹൃദയം എന്നീ പേരുകളിൽ പല ഗ്രന്ഥങ്ങൾ പ്രസിദ്ധീകൃതമായിട്ടുണ്ട്.

## പ്രധാന ഗദ്യകൃതികൾ

ഗദ്യകൃതികളിൽ സർവ്വപ്രധാനമായിട്ടുള്ളത് കേരളസാഹിത്യ ചരിത്രം തന്നെയാണ്. എങ്കിലും 'വിജ്ഞാനദീപിക' എന്ന ശീർഷകത്തിലുള്ള നാലുഗ്രന്ഥവാല്യങ്ങളും ഭാഷാചമ്പുക്കളെ സംബന്ധിച്ച് അദ്ദേഹം എഴുതിയിട്ടുള്ള ഗ്രന്ഥവും അംബ എന്ന ബൃഹത്തായ നാടകവും സാഹിത്യപരിഷത്ത് ത്രൈമാസികത്തിലും മററും പ്രസിദ്ധീകൃതമായ മററു നിരവധി ലേഖനങ്ങളും, സ്മരണമാധുരി മുതലായ ആത്മകഥോപന്യാസങ്ങളും കൂടി ഉൾപ്പെട്ടാൽ മാത്രമേ ഉള്ളൂരിന്റെ ഗദ്യസാഹിത്യമണ്ഡലം ഒട്ടെങ്കിലും പൂർത്തിയാകുകയുള്ളു.

## ജീവിതദർശനം

അക്ഷീണയത്നം എന്ന വാക്കിൽ സംഗ്രഹിക്കാം ഉള്ളൂരിന്റെ ജീവിതം. ആത്മോൽക്കർഷവും ലോകോൽക്കർഷവും തമ്മിലുള്ള സമഞ്ജസമായ ഒരു അനുരഞ്ജനമായിരുന്നു ആ യത്നങ്ങളുടെയെല്ലാം ആന്തരമായ പൊരുൾ. സ്വോൽക്കർഷപരമായ പരിശ്രമത്താൽ ഉള്ളൂർ ഒരു വലിയ ഉദ്യോഗസ്ഥനും, സ്വാധീനശക്തിയും ധനശേഷിയുമുള്ള പൗരനുമായി. ലോകോൽക്കർഷത്തെ മുൻനിർത്തിയുള്ള യത്നങ്ങളിൽ അദ്ദേഹം ഒരു മഹാകവിയും, സാഹിത്യനായകനുമായി. ഉള്ളൂർ ഒരു ആദർശപ്രണയി ആയിരുന്നു. എന്നാൽ ആദർശത്തിലുള്ള അമിതപ്രതിപത്തിമൂലം പ്രായോഗിക ജീവിതത്തെ പരാജയപ്പെടുത്താൻ അദ്ദേഹം ഇടയാക്കിയില്ല.

പ്രായോഗിക ജീവിതത്തിലുള്ള വിഭ്രാന്തിമൂലം ആദർശം ബലികഴിപ്പിക്കാനും സമ്മതിച്ചില്ല നൈസർഗ്ഗിക വികാരങ്ങൾ കൊണ്ടുള്ള ഹൃദയസാരള്യത്തോടൊപ്പം ഒരു ജീവിത ശില്പിയുടെ ബോധപൂർവ്വമുള്ള ആത്മനിയന്ത്രണവും അദ്ദേഹത്തിനുണ്ടായിരുന്നു സ്വഭാവശിക്ഷണമാണ് ജീവിതത്തിന്റെ നിയാമക ശക്തിയെന്നു അദ്ദേഹം ദൃഢമായി വിശ്വസിച്ചു. അതിനാൽ കവിഹൃദയത്തിന്റെ ദൌർബ്ബല്യങ്ങൾ ഒന്നും അദ്ദേഹത്തെ ബാധിച്ചില്ല. തരളതയേക്കാൾ ദൃഢതയായിരുന്നു ഉള്ളൂരിന്റെ നിയതസ്വഭാവം. ജീവിതത്തെ അദ്ദേഹം ഗൗരവപൂർവ്വമാണ് വീക്ഷിച്ചതു്; അല്ലാതെ ഫലിതഭാവത്തിലല്ല. വിശാലമായ ഒരു സുഹൃന്മണ്ഡലം ഉള്ളൂരിനുണ്ടായിരുന്നു. എന്നാൽ കേവലം ഹൃദയവികാരങ്ങളെക്കാൾ ബുദ്ധിപരമായ സൗഹൃദമാണ് അദ്ദേഹത്തെ അവരോടടുപ്പിച്ചതു്. പ്രതിഭയും, യത്നവും, നേട്ടങ്ങളും മൂലമുള്ള പരസ്പരാകർഷണമാണ് ഉള്ളൂരും സുഹൃത്തുക്കളും തമ്മിലുണ്ടായിരുന്നതു് അതു് ക്രമേണ സുദൃഢമായ ഹൃദയബന്ധത്തിലേക്ക് നയിച്ചിരുന്നുവെന്നു മാത്രമെയുള്ളു

അരശതാബ്ദകാലത്തെ സാഹിത്യ സേവനത്തിനുശേഷം അദ്ദേഹം ജീവിതരംഗത്തുനിന്നു പിൻവാങ്ങി. മലയാള സാഹിത്യത്തിനു മികച്ച സംഭാവനകൾ ചെയ്ത് ലബ്ധപ്രതിഷ്ഠരായ പ്രതിഭാശാലികൾ എത്രയോ ഉണ്ടായിരിക്കാം. എന്നാൽ സുനിശ്ചിതമായ ഒരു പന്ഥാവിൽ ഇടതടവില്ലാതെ ഇത്ര ദീർഘകാലം യത്നിച്ച് ഇത്ര വളരെ വിലയേറിയ സംഭാവനകൾകൊണ്ടു് നമ്മുടെ സാഹിത്യയെ സമ്പന്നയും ചരിതാർത്ഥയുമാക്കിയിട്ടുള്ള മറ്റൊരു സാഹിത്യകാരനെ പറയുവാൻ കാണുന്നില്ല. മലയാളസാഹിത്യത്തിലെ ഒരു മഹാത്ഭുതം തന്നെയാണു് ഉള്ളൂർ.

പ്രകൃതിയാലും അഭ്യാസംകൊണ്ടും ഉള്ളൂർ ഒരു ക്ലാസ്സിക്കാണു്. എങ്കിലും റൊമാൻറിസിസം അദ്ദേഹത്തേയും ആകർഷിക്കാതിരുന്നില്ല. അദ്ദേഹത്തിന്റെ ലഘുകൃതികളിലും ഗാനങ്ങളിലും അതിന്റെ അനുരണനങ്ങളുണ്ടു്. എന്നാൽ അവയിലെ വിഷയങ്ങൾ ക്ലാസ്സിക്പ്രവണതയുൾക്കൊള്ളുന്നവയാണു്, പ്രായേണ. പ്രാചീന ഭാരതീയസംസ്കാരസന്ദേശത്തെ ഇന്നത്തെ തലമുറയ്ക്കു വ്യാഖ്യാനിച്ചുകൊടുക്കുന്നതിൽ അത്യൗത്സുക്യം അദ്ദേഹത്തിനുണ്ടായിരുന്നു. ബൃഹത്തായൊരു മുതൽക്കൂട്ട് കേരളസാഹിത്യത്തിന് അദ്ദേഹത്തിൽനിന്നുണ്ടായിട്ടുണ്ടു്.

—മഹാകവി ജി. ശങ്കരക്കുറുപ്പ്.

ആസ്വാദനതൃഷ്ണയെ മുഴുവൻ കല്പനാശക്തിയുടെ മായാവലയത്തിൽ പിടിച്ചുകെട്ടി നിർത്തിക്കഴിഞ്ഞാൽ ഏതു സഹൃദയനും അനന്യചിത്തനായിപ്പോകും. ഇങ്ങനെയൊരു മായാപിഞ്ജരിക ഉള്ളൂരിന്റെ കാലത്തു മറ്റൊരു കവിക്കും കരഗതമാക്കാൻ കഴിഞ്ഞിട്ടില്ല.

—പ്രൊ: മുണ്ടശ്ശേരി.

# മഹാകവി

# ഉള്ളൂർ എസ്. പരമേശ്വരയ്യർ

(കൊ. വ. 1052—1124)

# സ്മരണാഞ്ജലി

ശൂരനാട്ടു കുഞ്ഞൻപിള്ള എം. ഏ.

ഉജ്ജ്വലമായ ഒരു ജീവിതകഥയാണ്, പല പ്രകാരത്തിലും നിസ്തുലമായ ഒരു ചരിത്രമാണ് ഉള്ളൂരിന്റെ സ്മരണ. ഒരു നിമിഷം പോലും പാഴാക്കാതെ കഴിച്ച എഴുപത്തിരണ്ടുവർഷത്തെ ധന്യജീവിതം കൊണ്ടു നിത്യയശസ്വിയായിത്തീർന്ന അദ്ദേഹം അനേകം ഭാവങ്ങളിൽ മഹാന്മാരായ പല മലയാളികൾക്കും തുല്യനായിരുന്നു. എന്നാൽ, പരസ്പരഭിന്നങ്ങളായ ഇത്രവളരെ സിദ്ധികൾ ഉണ്ടായിരുന്ന മററു മലയാളികളെപ്പററി ഓർമ്മ വരുന്നില്ല. ഉദ്യോഗമണ്ഡലത്തിൽ ഉയർന്നു ശോഭിച്ച ഉജ്ജ്വല വ്യക്തിയായിരുന്നു അദ്ദേഹം. അടുത്തൂൺ പററിയ ശേഷവും, മരിക്കുന്ന നിമിഷംവരെയും, അദ്ദേഹം അധികാരസ്ഥാനം വഹിച്ചുപോന്നു. അദ്ദേഹത്തെപ്പോലെയും, അതിൽ കവിഞ്ഞതരത്തിലും ഉദ്യോഗമഹിമ നേടിയവർ വളരെയുള്ള സ്ഥിതിക്ക് അതൊരു വിശേഷമായിപ്പറയാനില്ല. അരശതാബ്ദക്കാലത്തിൽ കൂടുതൽ കാവ്യോപാസന ചെയ്ത ഒരു മഹാകവിയായിരുന്നു അദ്ദേഹമെന്നുള്ളതും ഒരു അസാമാന്യ വസ്തുതയല്ല. എന്തുകൊണ്ടെന്നാൽ, ആ വിഷയത്തിലും അദ്ദേഹത്തോടു സമന്മാരും, ചില അംശങ്ങളിലെങ്കിലും അദ്ദേഹത്തെക്കാൾ കൂടുതൽ പ്രശസ്തി നേടിയവരും നമ്മുടെ സാഹിത്യത്തിൽ തന്നെയുണ്ടു്. അനേകം ഭാഷകളിൽ, അനേകം വിഷയങ്ങളിൽ വ്യുത്പത്തിദാർഢ്യം നേടിയ ഒരു പണ്ഡിതമൂർദ്ധന്യനായിരുന്നു അദ്ദേഹമെന്നുള്ള വസ്തുതപോലും അദ്ദേഹത്തെ നിസ്തുലനാക്കി ഉയർത്തുന്നില്ല. വിജ്ഞാന കുബേരനായിരുന്നു അദ്ദേഹമെങ്കിലും പാണ്ഡിത്യ സിദ്ധികളിലും അദ്ദേഹത്തോടു തുല്യസ്ഥാനം നേടിയവർ നമ്മുടെ നാട്ടിൽതന്നെ വേറെയും ഉണ്ടു്. ഇനി ഓർമ്മിക്കാനുള്ളതു് ഒരു ഗവേഷകനെന്ന നിലയിൽ അദ്ദേഹം സമാർജ്ജിച്ചിരുന്ന സ്ഥാനമാണ്. രാജ്യചരിത്രത്തിലും സാഹിത്യ ചരിത്രത്തിലും സാംസ്കാരിക മണ്ഡലത്തിലും ഗവേഷണം കൊണ്ടു് അദ്ദേഹം വെളിച്ചത്തു കൊണ്ടുവന്ന സംഗതികൾ ഏതൊരു ചരിത്രകാരന്റെ നേട്ടങ്ങൾക്കും സാമ്യം വഹിക്കുന്നു. എങ്കിലും ഇതിലും അദ്ദേഹം അദ്വിതീയനാണെന്നു കല്പിക്കാനില്ല. എന്നാൽ പരസ്പരം ചേർച്ചയില്ലാത്ത ഈ മഹാ സിദ്ധികളുടെ സമ്മേളനംകൊണ്ടുണ്ടായ മഹിമയായിരുന്നു ഉള്ളൂരിന്റെ ജീവിതത്തെ അത്ര കണ്ടു് ഉജ്ജ്വലമാക്കിയതും, അത്ര നിസ്തുലമാക്കിയതും. മേധാസമ്പന്നനായ ഒരു രാജ്യകാര്യധുരന്ധരൻ, ദീർഘാഭ്യാസപ്രഗത്ഭനായ ഒരു വിജ്ഞാനവാരിധി, ദൃഢനിഷ്ഠനായ ഒരു ഭാഷാസമാരാധകൻ, വാച്യവാചകവൈശ്രവണനായ ഒരു

മഹാകവി, ക്ലേശസഹിഷ്ണുവായ ഒരു ഗവേഷകമൂർദ്ധന്യൻ എന്നീ വ്യത്യസ്ത ഭാവങ്ങൾ എല്ലാം ഒത്തുചേന്ന വേറൊരു വ്യക്തിയെപ്പററി ആലോചിക്കുക എളുപ്പമല്ലെന്നു നിശ്ചയമായി പറയാം.

പരിശ്രമം കൊണ്ടുയർന്നു മാന്യപദവി നേടിയ പല വിശിഷ്ടവ്യക്തികളും നമ്മുടെ ചരിത്രത്തിനു ശോഭനല്കുന്നു, ആ പ്രശസ്ത വ്യക്തികളുടെ കൂട്ടത്തിലാണു് ഉള്ളൂരും ഉൾപ്പെടുന്നതു്. പൂർവ്വാർജ്ജിതമായ കുടുംബസ്ഥിതിയല്ല, പൂർവ്വജന്മാർജ്ജിതമായ അന്തഃപ്രേരണയാണു മഹത്ത്വത്തിലേക്കു് അദ്ദേഹത്തിനു മാർഗ്ഗദർശനം ചെയ്തതു്. പ്രയത്നത്തിന്റെ ഫലങ്ങളെപ്പററിയുള്ള സമ്പൂർണ്ണ വിശ്വാസമായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തെ ഇത്ര വിജയോജ്ജ്വലമാക്കിയതു്. അദ്ദേഹത്തെക്കാൾ കൂടുതൽ തീവ്രയത്നം ചെയ്തിട്ടുള്ള ഒരാളെപ്പററി ഓക്കാൻ പ്രയാസമാണു്. ശാരീരികാവശ്യങ്ങളും കൃത്യനിർവ്വഹണവും കഴിഞ്ഞാൽ പഠിക്കുക, എഴുതുക എന്നു രണ്ടുകാര്യത്തിനായി ഉഴിഞ്ഞുവെച്ചിരിക്കയായിരുന്നു അദ്ദേഹം ജീവിതം. സാഹിത്യാദിവിനോദങ്ങൾ ഒഴിച്ചാൽ മററുതരം വിനോദങ്ങൾക്കു് അദ്ദേഹം സമയം വളരെ തുച്ഛമായിമാത്രമേ ചിലവാക്കിയിരുന്നുള്ളു. വായിക്കാനും എഴുതാനുമുള്ള തിടുക്കത്തിൽ സമുദാചാരത്തെ മറന്നു് ആഗതന്മാരോടു സംഭാഷണം ചെയ്യാനുള്ള സമയംപോലും അദ്ദേഹം പരിമിതപ്പെടുത്തിയിരുന്നു. ഗ്രന്ഥപാരായണവും ഗ്രന്ഥരചനയും ഔദ്യോഗികകൃത്യനിർവ്വഹണവും എല്ലാം ഒരു മഹായജ്ഞത്തിന്റെ ദീക്ഷയോടുകൂടിയും ശ്രദ്ധയോടുകൂടിയും അദ്ദേഹം നിർവ്വഹിച്ചുപോന്നു. ബാല്യത്തിൽ സമാരംഭിച്ചു് അന്ത്യനിമിഷംവരെ തുടർന്നുപോന്ന ഈ പ്രയത്നവ്രതമായിരുന്നു അന്യഥാ വെറും സാമാന്യമാകുമായിരുന്ന അദ്ദേഹത്തിന്റെ ജീവിതത്തെ അത്രത്തോളം അസാമാന്യമാക്കിത്തീർത്തതു്.

ഔദ്യോഗികവും അനൗദ്യോഗികവുമായ നിലകളിലുള്ള അദ്ദേഹത്തിന്റെ ജീവിതകഥ ഉപപാദിക്കുക എന്നതല്ല എന്റെ ലക്ഷ്യം. ആക്കാര്യങ്ങൾ അദ്ദേഹത്തിന്റെ ജീവിതചരിത്രം നിർമ്മിച്ചവർ നിർവ്വഹിച്ചിട്ടുണ്ടു്. അദ്ധ്യാപക വൃത്തിയിലും സെൻസസ്സ് പ്രവർത്തനത്തിലും കുറെനാൾ കഴിച്ചിട്ടു്, തഹസീൽ മജിസ്ട്രേട്ടായും ഡിസ്ട്രിക്ട് മുൻസിഫായും, ഗവൺമെന്റ് അസിസ്റ്റന്റ് സെക്രട്ടറിയായും സെക്രട്ടറിയായും, പിന്നീടു് ആക്ടിംഗ് ചീഫ് സെക്രട്ടറി, ദിവാൻ പേഷ്കാർ എന്നീ നിലകളിലും ഉയർന്നു ലൗകികജീവിതത്തിൽ വിജയം നേടി. ഈ സ്ഥാനങ്ങൾ സാധാരണഗതിയിൽ സാംസ്കാരികജീവിതത്തിനു വളരെ സഹായകമല്ലല്ലോ. ഉദ്യോഗകൃത്യങ്ങൾക്കുവേണ്ട നിഷ്ഠയും ആ മണ്ഡലത്തിൽ ശോഭിക്കുന്നതിനു് ആവശ്യമായ കഴിവുകളും പരിചയങ്ങളും, അതുകളുടെ നിർവ്വഹണത്തിനു മനസ്സു പ്രവർത്തിക്കേണ്ട മാർഗ്ഗങ്ങളും ഒന്നു പ്രത്യേകമാണു്. സംപൂർണ്ണനിഷ്ഠയില്ലെങ്കിൽ അക്കാര്യങ്ങളിൽ വിജയം അസാധ്യമായിത്തീരുകയും ചെയ്യും. അത്ര വളരെ വിഷമമായ ഒരു ജീവിതമണ്ഡലത്തിൽ കൂടിയായിരുന്നു അദ്ദേഹത്തിന്റെ കവനതടിനി പ്രവഹിച്ചിരുന്നതു്. സാധാരണ കവികളുടെ ജീവിതഗതി ഇങ്ങനെയല്ലല്ലോ. സ്വേച്ഛാനുസൃതമായ ജീവിതവും, അലസദിനചര്യകളിലൂടെയുള്ള കാവ്യാനുഭൂതികളും ഇതരകാര്യവ്യഗ്രതകളിൽനിന്നുള്ള സ്വാതന്ത്ര്യവും ഉള്ളവർക്കു തദേകതാനമായ സാഹിത്യപ്രവർത്തനത്തിനു സൗകര്യം കൂടുതലാണു്. ഉള്ളൂരിനെപ്പോലെ ഇതരകാര്യവ്യഗ്രന്മാരായ സാഹിത്യകാരന്മാർക്കു് അത്തരം സൗകര്യം വളരെ കുറയുമെന്നുപറയണമെന്നുമില്ല. അതിനാൽ വള്ളത്തോളിനോടും ആശാനോടും, പൂർവ്വന്മാരായ എഴുത്തച്ഛനോടും നമ്പ്യാരോടും ഒക്കെ ഉള്ളൂരിനെപ്പോലെയുള്ളവരെ താരതമ്യപ്പെടുത്തുന്നതു് കുറേ സൂക്ഷിച്ചു ചെയ്യേണ്ടതാണു്.

ജീവിതത്തിന്റെ സകല ഭാവങ്ങൾക്കും പരിവർത്തനം സംഭവിച്ച ഭാരതീയ സംസ്കാരം ഉലഞ്ഞിരുന്ന ഒരു കാലത്താണല്ലോ ഉള്ളൂർ ജീവിച്ചിരുന്നതു്.

അക്കാലത്തു പാശ്ചാത്യ സമ്പ്രദായത്തിലുള്ള വിദ്യാഭ്യാസം നേടി അതിന്ന് അനുരൂപമായ ജീവിതമാർഗ്ഗത്തിൽ ചരിച്ചിട്ടും പൂർവ്വസംസ്കാരത്തിന്റെ ശക്തികൊണ്ടും സ്ഥിരോത്സാഹനിഷ്ഠകൊണ്ടും ഭാഷാസേവനത്തിനു മുതിന്ന ഒരു സാഹിത്യനായകന്റെ ചരിത്രം, തദനുരൂപമായ പരിഗണന അവകാശപ്പെടുന്നു. ജനനംകൊണ്ടും ജീവിതംകൊണ്ടും മലയാളദേശത്തിന്റെ സന്താനമായിരുന്നെങ്കിലും, അദ്ദേഹത്തിന്റെ ഗൃഹഭാഷ തമിഴായിരുന്നുവെന്ന വസ്തുത വിസ്മരിച്ചുകൂടാ. അന്നത്തെ രീതിക്കു തമിഴ് മാതൃഭാഷയായി അദ്ദേഹത്തിനു കരുതാവുന്നതുമായിരുന്നു. ഈ പരിമിതികളെ തരണംചെയ്തിട്ടായിരുന്നു അദ്ദേഹം മലയാളഭാഷാ സേവനത്തിനു ജീവാർപ്പണം ചെയ്തതു്. എന്നാൽ, ശുദ്ധമായ നിരൂപണത്തിൽ, ഇത്തരം ഉദാരചിന്തകളുടെ തണലിൽവച്ച് ഒരു കവിയുടെ കാവ്യയശസ്സിനെ പൂജിക്കണമോ എന്നു ചോദിക്കാം. വേണ്ടാ, അരുതു്, എന്നുതന്നെയാണു സമാധാനം. ഈ പരിമിതികളും പ്രയാസങ്ങളും ഉണ്ടായിരുന്നപ്പോൾ സാധിച്ച നേട്ടങ്ങളുടെ വില ഇടിക്കരുതെന്നേ ഇവിടെ പറയാൻ ആഗ്രഹിക്കുന്നുള്ളു. ഏതു കോടിയിൽനിന്നു നോക്കിയാലും തികച്ചും അസാധാരണമെന്നു തീർത്തു പറയാവുന്ന അദ്ദേഹത്തിന്റെ ഭാഷോപാസനയ്ക്കും പാണ്ഡിത്യ സമാർജ്ജനത്തിനും സാഹിത്യസേവനത്തിനും അസാമാന്യമായ പരഭാഗശോഭ ചേർക്കുന്നതാണു് അദ്ദേഹത്തിന്റെ ജീവിത വസ്തുതകൾ എന്നു് ഓർമ്മിക്കണമല്ലോ. അദ്ദേഹത്തിന്റെ നേട്ടങ്ങളുടെ, അദ്ദേഹത്തിന്റെ കൃതികളുടെ സ്വതസ്സിദ്ധമായ മഹത്വം എക്കാലത്തും ആദരണീയമായിരിക്കുമെന്നു സ്വതന്ത്രനിരീക്ഷണത്തിൽ നമുക്കു വിശ്വസിക്കാം. അവ നിഷ്പക്ഷമായ നിരൂപണത്തിനും സ്വതന്ത്രമായ മൂല്യനിർണ്ണയത്തിനും വിധേയമാക്കണമെന്നും, അങ്ങനെവന്നാൽ മാത്രമേ അവകൊണ്ടുള്ള പ്രയോജനം അനുഭവപ്പെടുകയുള്ളുവെന്നും ചൂണ്ടിക്കാണിക്കണമെന്നേ ആഗ്രഹമുള്ളു.

ഔദ്യോഗികവും സാഹിതീയവുമായ അദ്ദേഹത്തിന്റെ ജീവിതഗതികളുടെ വൈജാത്യം സാഹിത്യത്തിനു സാഹായ്യകമായിരുന്നില്ലെന്നു മാത്രമല്ല, അതു് അദ്ദേഹത്തിന്റെ സാഹിത്യത്തെപ്പററിയുള്ള നിരൂപണത്തെ വഴിപിഴപ്പിക്കയും ചെയ്തിട്ടുണ്ടു്. വ്യക്തിഗണന കൂടാതെയുള്ള ശുദ്ധമായ നിരൂപണം ഉള്ളൂർകൃതികളെപ്പററി ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണു്, ഉണ്ടാകാൻ ഇനിയും വളരെനാൾ കഴിയേണ്ടിയും വരും. അധികാരങ്ങളും ചുമതലകളും വഹിച്ച ഒരു ഉദ്യോഗസ്ഥപ്രമുഖൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രീതി കാംക്ഷിച്ചവരും പ്രോത്സാഹനം സിദ്ധിച്ചവരും ചൊരിഞ്ഞ പ്രശംസ ഒരുവശത്തു്; അദ്ദേഹത്തിൽനിന്നും പ്രാതികൂല്യങ്ങളും വൈരുദ്ധ്യങ്ങളും നേരിട്ടവർ വർഷിച്ച ശകാരം മറെറാരുവശത്തു്. അദ്ദേഹത്തിന്റെ പാണ്ഡിത്യപ്രൗഢമായ രീതിയിൽ വൈമുഖ്യമുള്ളവർ പ്രദർശിപ്പിക്കുന്ന ഉദാസീനത ഇവയെല്ലാം പുറകിൽ. ഈ വിഭിന്നനിരൂപണഭാവങ്ങൾക്കിടയിൽ, നിർമ്മത്സരന്മാരായ ചിലരുടെ സത്യകഥനങ്ങളും ഇല്ലെന്നില്ല. ഇതിനോടു ചേർത്തു് വേറൊന്നും പറയാനുണ്ടു്. അദ്ദേഹത്തിന്റെ സമകാലികന്മാരായിരുന്ന മററു സാഹിത്യകാരന്മാരെ അപേക്ഷിച്ച് ഉദ്യോഗപദവികൊണ്ടു മാത്രമല്ല, അധികാരസ്ഥാനങ്ങളിൽനിന്നും സിദ്ധിച്ച അംഗീകാരവും പ്രോത്സാഹനവും കൊണ്ടും അദ്ദേഹം ഉയർന്നു ശോഭിച്ചു. കവിതിലകൻ, റാവുസാഹിബ്, മഹാകവി, സാഹിത്യഭൂഷണൻ തുടങ്ങിയുള്ള ബിരുദങ്ങളും, വീരശൃംഖലയും, പല ഔദ്യോഗിക സമിതികളിലെ അംഗത്വം, അദ്ധ്യക്ഷസ്ഥാനം, സർവ്വകലാശാലകളിലെ ഉന്നത പരീക്ഷകസമിതികളിലെ അദ്ധ്യക്ഷപദവി, പാഠ്യപുസ്തകനിർണ്ണയാധികാരം ഇവയും, സാഹിത്യപരിഷത്തിന്റെ നായകസ്ഥാനവും, മലയാളദേശത്തിന്റെ മുഴുവൻ അഭിമാനവും അദ്ദേഹത്തിനു സിദ്ധിച്ചിരുന്നു. ചരമാവസരംവരെ അദ്ദേഹം തിരുവിതാംകൂർ സർവ്വകലാശാലയിൽ പൗരസ്ത്യവിഭാഗത്തിന്റെ ഡീൻസ്ഥാനവും വഹിച്ചിരുന്നു. എന്നാൽ

സാമാന്യജനങ്ങളുടെ മനോമുകുരത്തിൽ ഇതെല്ലാം അത്ര പ്രീതികരമായിട്ടായിരുന്നോ പ്രതിഫലിച്ചതെന്നു സംശയമുണ്ടു്. ഒരു സാഹിത്യകാരനു് ഇത്തരം സ്ഥാനമാനങ്ങൾ കൈവന്നുകൂടെന്നാണു് സാമാന്യലോകത്തിന്റെ അഭിപ്രായമെന്നു തോന്നിപ്പോകും. പലരുടെ ആദരവിനു് ഈ സ്ഥാനമാനങ്ങൾ കാരണമായിത്തീർന്നെങ്കിലും, മററു പലരുടെയും അസൂയാഗ്നിയെ ഉജ്ജ്വലിപ്പിക്കാനും അവ ഉതകിയിട്ടുണ്ടു്. പാഠ്യപുസ്തകനിർണ്ണയത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന അധികാരം ചില നിരൂപകദുർഭൂതങ്ങളെ ഇളക്കിവിട്ടിരുന്നുവെന്നും സ്മരിക്കാം.

അവസരസേവയ്ക്കുവേണ്ടി അദ്ദേഹത്തിന്റെ കൃതികളെ ചിലർ സ്തുതിച്ചു. വിദ്വേഷമാത്രപ്രേരണകൊണ്ടു് അദ്ദേഹത്തിന്റെ കൃതികളെയും അദ്ദേഹത്തിന്റെ സകല സിദ്ധികളെയും ചിലർ അപലപിച്ചു. തന്നെ ഉള്ളൂർ ശിക്ഷിച്ചതിലുളവായ വൈരം തീർക്കാൻ സ്വന്ത സമ്പാദ്യത്തിന്റെ ഒരു പങ്കു് അദ്ദേഹത്തെ അപലപിക്കാൻവേണ്ടി ചിലവിട്ടിരുന്ന ഒരു നിരൂപകവീരനും ഉണ്ടായിരുന്നു. ഉള്ളൂർകൃതികളുടെ നീതിപൂർവ്വകമായ പഠനം അത്തരക്കാർക്കു് ഒരു പ്രശ്നമല്ല. അവയുടെ വൈകല്യങ്ങളെപ്പററി പറഞ്ഞു പരിഹസിച്ചാൽ പ്രതികാരജ്വാല അല്പം ശമിക്കുമല്ലോ എന്നാണു് അവരുടെ സമാധാനം. ആ ഉദ്ദിഷ്ടഫലം അവർക്കു ഉണ്ടായിക്കൊള്ളട്ടെ. എന്നാൽ ക്ഷുദ്രനിരൂപകന്മാർ എന്നൊരു ബിരുദം അതോടൊപ്പം അവർക്കു സിദ്ധമാകും. അവരുടെ നിരൂപണംകൊണ്ടു സാമാന്യന്മാർക്കു് യാഥാർത്ഥ്യമൂല്യഗ്രഹണത്തിനു സാഹായ്യം സിദ്ധിക്കുന്നില്ലെന്നും പറയണം.

പദ്യശാഖയിലുള്ള കൃതികളാണു് ഉള്ളൂരിന്റെ യശസ്തംഭങ്ങളായി ആദ്യം സ്മരിക്കേണ്ടവ. കവിതാവിഷയത്തിൽ സമകാലികരായിരുന്ന ആശാനോടും വള്ളത്തോളിനോടും ചേർത്താണു് ഉള്ളൂരിനെ പരിഗണിച്ചുപോരുന്നതു്. ഈ കവിത്രയത്തിൽ ഓരോരുത്തരെപ്പററിയും പക്ഷപാതമുള്ള നിരൂപകന്മാരുണ്ടു്. ചിലർക്കു് ആശാന്റെ ചിന്താബന്ധുരങ്ങളായ കാവ്യങ്ങളോടാണു പ്രതിപത്തി. മററു ചിലർക്കു വള്ളത്തോളിന്റെ മൃദുശയ്യാവിലാസിനിയായ കാവ്യലക്ഷ്മിയോടാണു പ്രീതി. അതുപോലെ, പാണ്ഡിത്യപ്രൗഢമായ ഉള്ളൂരിന്റെ കാവ്യവിഭൂതിയോടു പക്ഷപാതമുള്ളവരുടെ സംഖ്യയും ഒട്ടും കുറവല്ല. ലോകഗതിയെപ്പററിയുള്ള വിചാരങ്ങളുടെ ദീപ്തിയാണു് ആശാന്റെ കവിതയെ പ്രശോഭിപ്പിക്കുന്നതു്. സുന്ദരമായ സങ്കല്പങ്ങളും ഭാവനകളും പദപ്രയോഗങ്ങളുമാണു് വള്ളത്തോൾ കവിതയെ സമ്മോഹനമാക്കുന്നതു്. പാണ്ഡിത്യശക്തിയും കല്പനാവൈഭവവും ഉല്ലേഖഭംഗിയും ഉള്ളൂർ കവിതയെ ഉജ്ജ്വലമാക്കുന്നു. ഈ മൂന്നു കവീശ്വരന്മാരുടെയും കൃതികളെ അനുകൂലമായും പ്രതികൂലമായും നിരൂപണം ചെയ്യുന്നവരുണ്ടു്. എങ്കിലും ഉള്ളൂർ കൃതികളെയാണു കൂടുതൽ കർക്കശമായി നിരൂപണം ചെയ്യുന്നതെന്നു കാണാം. എന്നാൽ ഈ കവിത്രയത്തിന്റെ വിശിഷ്ടങ്ങളായ കൃതികൾ പരിഗണിച്ചാൽ, വ്യക്തിഗതമായ രുചിഭേദംകൊണ്ടല്ലാതെ ആരാണു മുമ്പൻ എന്നു സർവ്വസമ്മതമായ വിധത്തിൽ തീർച്ചകല്പിക്കാവുന്നതല്ല.

ഇതിനെപ്പററി അല്പംകൂടി ഗാഢമായി ആലോചിക്കാം. ആശാന്റെ 'വീണപൂവു്' മലയാളത്തിനു കിട്ടിയിട്ടുള്ള ഏററവും മഹത്തായ ഒരു കവിതാരത്നമാണു്. ഇംഗ്ലീഷിൽ തോമസ് ഗ്രേയുടെ 'ശ്മശാനഗീതി'ക്കുള്ള സ്ഥാനമാണു് മലയാളത്തിൽ വീണപൂവിനുള്ളതെന്നു കല്പിക്കാം. അത്ര പ്രശസ്തവും സർവ്വസമ്മതവുമായ സ്ഥാനമാണു് അതിനുള്ളതു്. വള്ളത്തോൾ കൃതികളിൽനിന്നു് അത്തരമൊരു ലഘുകാവ്യം തിരഞ്ഞെടുക്കുകയാണെങ്കിൽ അതു് 'എന്റെ ഗുരുനാഥൻ' ആയിരിക്കും. ഗാന്ധിജി ഭാരതത്തിനെന്നവണ്ണം ഈ ലഘുകാവ്യം മലയാളസാഹിത്യ

ത്തിന തിലകമായി ശോഭിക്കുന്നു. വീണപൂവിന്റെ കർത്തൃത്വംകൊണ്ടു് ആശാൻ നേടിയ ചാരിതാർത്ഥ്യമാണു് എന്റെ ഗുരുനാഥന്റെ രചനകൊണ്ടു വള്ളത്തോൾ സമാർജ്ജിച്ചതെന്നു വയ്ക്കുക. ഉള്ളൂർ ഇവയ്ക്കു സമാനമായി എന്തു സംഭാവന ചെയ്തുവെന്നുനോക്കാം. ഉള്ളൂരിന്റെ ഒരു ലഘുകാവ്യം മലയാളികളുടെ പ്രത്യേക ബഹുമാനം അർഹിച്ചിട്ടുണ്ടു്. അതു് 'പ്രേമസംഗീതം' ആണു്. വീണപൂവിൽ നിന്നും എന്റെ ഗുരുനാഥൻ ഭിന്നമായിരിക്കുന്നതുപോലെ, അവ രണ്ടിൽനിന്നും പ്രേമസംഗീതം ഭിന്ന മാതൃകയാണു്. ഓരോ കാരണംകൊണ്ടു് ഈ ഓരോ കവിതയോടും പ്രത്യേകത കാണിക്കാൻ അവകാശമുണ്ടു്. ഒരു ദൃഷ്ടികോണം അവലംബിച്ചുനോക്കുമ്പോൾ വീണപൂവ് സർവ്വോത്തമമെന്നു തോന്നും, ലോകജീവിതത്തിന്റെ മോഹനതയിൽ അതിന്റെ മിഥ്യാത്വവും പരിണാമശൂന്യതയുമാണു് വീണപൂവിൽക്കൂടി ആശാൻ കാണുന്നതും നമ്മെ കാണിച്ചുതരുന്നതും. ജീവിതം മുഴുവൻ അദ്ദേഹം വീണപൂവിൽക്കൂടി സമവലോകനംചെയ്യുന്നു. ജീവിതം പൂവിനെപ്പോലെ മോഹനമല്ലേ? എന്നാൽ അതു പൂവിനെപ്പോലെതന്നെ ക്ഷണികവുമാണു്. "മണ്ണാകുമീ മലരുവിസ്മൃതമാകുമിപ്പോൾ" എന്നാണു് അതിനെപ്പററിയുള്ള വിധിയെഴുത്തു്. "എണ്ണീടുകാർക്കുമിതുതാൻ ഗതി" എന്നാണു് ആശാന്റെ സമർത്ഥനം. ജീവിതത്തെപ്പററി ആശാന്റെ പരിണതചിന്തയുടെ ഒരു പ്രതിബിംബമായി ആ കവിത നില്ക്കുന്നു. 'എന്റെ ഗുരുനാഥ'നോ? മനുഷ്യജീവിതത്തിന്റെ മാഹാത്മ്യ സാക്ഷാൽകാരമായ ഒരു മഹാത്മാവിന്റെ ദിവ്യചരിത്തത്തിന്റെ പ്രകീർത്തനമാണു് അതു്. ലോകം തറവാടും, പുല്ലുകളും പുഴുക്കളും കുടുംബക്കാരുമായ ഒരു മഹാത്മാവിനെപ്പററിയുള്ള അഭിമാനം കൊണ്ടു പുളകിതരാകാത്തവർ കാണുകയില്ല. ഗാന്ധിജിയുടെ ആത്മീയ പ്രഭാപ്രസരം അത്രകണ്ടു് ആ കവിതയിൽ പ്രതിഫലിച്ചിട്ടുണ്ടു്.—ഇനി പ്രേമസംഗീതമോ? വിശ്വവ്യാപകമായ പ്രേമത്തിന്റെ മാഹാത്മ്യത്തെപ്പററിയുള്ള കവിതാസ്തോത്രമാണു് അതു്. വിശേഷാത്തര മഹിമയുള്ള ഒരു ലഘുകാവ്യശില്പമാണു് പ്രേമസംഗീതമെന്നു സംശയംകൂടാതെ പ്രസ്താവിക്കാം. "വീണപൂവ്" അത്യന്തം ഗഹനവും, "എന്റെ ഗുരുനാഥൻ" ഭാവനാവിശാലവുമാണെങ്കിൽ, പ്രേമസംഗീതം പരമാത്മപ്രേമപ്രദീപ്തവുമാണു്. വീണപൂവു് സംസ്കൃതവൃത്തത്തിലും (വസന്തതിലകത്തിലും) എന്റെ ഗുരുനാഥൻ കേകയിലും നിബന്ധിച്ചിട്ടുള്ളപ്പോൾ, പ്രേമസംഗീതം അതുവരെ പ്രസിദ്ധമല്ലാതിരുന്ന ഒരു പ്രത്യേക മനോഹരവൃത്തത്തിലാണു് നിബന്ധിച്ചിരിക്കുന്നതെന്ന വസ്തുതയും ചൂണ്ടിക്കാണിക്കാം.

ഉമാകേരളം മഹാകാവ്യം, കർണ്ണഭൂഷണം, ഭക്തിദീപിക, പിംഗല, ചിത്രശാല, മംഗളമംജരി, ചൈത്രപ്രഭാവം മുതലായ ഖണ്ഡകാവ്യങ്ങൾ, കിരണാവലി, തരംഗിണി, താരാഹാരം തുടങ്ങിയുള്ള സമാഹാരങ്ങൾ—എന്നിങ്ങനെ വിസ്തൃതമായ ഉള്ളൂർ കവിതാ സമ്പത്തുകളെപ്പററി വിസ്തരിച്ചു ചർച്ചചെയ്യുന്നതിനു് ഈ ലേഖനത്തിന്റെ പരിമിതി അനുവദിക്കുന്നില്ല. എല്ലാ കൃതികളുടെയും പേരു മാത്രം പറഞ്ഞാലും അതൊരു നീണ്ടപട്ടികയായിപ്പോകും. പ്രാചീന സംസ്കൃതസമ്പ്രദായത്തെ അനുസരിക്കുന്ന മഹാകാവ്യം തൊട്ടു ആംഗല രീതികളെ അവലംബിക്കുന്ന സമകാലീന ലഘുകാവ്യങ്ങൾ വരെയുള്ള കാവ്യരൂപങ്ങൾ അദ്ദേഹം അതിപ്രഗൽഭമായി അവതരിപ്പിച്ചിട്ടുണ്ടു്. ഇംഗ്ലീഷ്, സംസ്കൃതം, മലയാളം, തമിഴ് എന്നീ ഭാഷകളിലുള്ള സ്വച്ഛന്ദസ്വാധീനതകൊണ്ടു നേടിയ ആശയങ്ങളും കാവ്യശൈലികളും അദ്ദേഹത്തിന്റെ കവനരംഗത്തിന്റെ പശ്ചാത്തലമായി വിഭാവനംചെയ്യണം. വ്യാസൻ, വാല്മീകി, കാളിദാസൻ, ഭവഭൂതി, മാഘൻ, ശ്രീഹർഷൻ, ഭോജൻ, ക്ഷേമേന്ദ്രൻ, ഭർത്തൃഹരി, ആനന്ദവർദ്ധനൻ മുതലായ സംസ്കൃത സാഹിത്യസാമ്രാട്ടുകളുടെ കൃതികൾ നല്കിയ

(ശേഷം 71-ാം പേജിൽ)

# ആ ധീരശപഥം

—ഉള്ളൂർ പി. മഹാദേവൻ

ഇന്നേയ്ക്കു് എഴുപതു കൊല്ലങ്ങൾക്കു മുമ്പു മലയാള സാഹിത്യലോകം, അന്നോളം മാത്രമല്ല, പിന്നീടിന്നോളം ദർശിച്ചിട്ടില്ലാത്ത ഒരു അത്ഭുത സംഭവമുണ്ടായി. അന്നു ജീവിച്ചിരുന്ന പലരും അതു ശ്രദ്ധിച്ചു. എങ്കിലും അവർ അതിനെയത്ര കാര്യമാക്കിയില്ല. നല്ലവരായ ചിലർ, നടക്കുമെങ്കിൽകൊള്ളാം എന്നു വച്ചു.

മഹാകവി ഉള്ളൂർ തന്റെ ഇരുപത്തിയെട്ടാമത്തെ വയസ്സിൽ എഴുതി പരസ്യപ്പെടുത്തിയ, അതിന്നെത്രയോ മുമ്പുതന്നെ ഹൃദയത്തിൽ വേരൂന്നിക്കിടന്ന, ഒരു പ്രതിജ്ഞയെടുക്കലായിരുന്നു അതു്. അതി ധീരമായ ഒരു ശപഥം! 1080-ൽ പ്രസിദ്ധീകരിച്ച "വഞ്ചീശഗീതി"യുടെ ആമുഖത്തിലാണു കേവലം യുവാവായ ഉള്ളൂർ ആ ധീരശപഥം കുറിച്ചുവച്ചതു്. ആ കാവ്യത്തെ പ്രശംസിച്ചുകൊണ്ടു കേരളവർമ്മ ദേവൻ ആറു ശ്ലോകങ്ങൾ അയച്ചുകൊടുത്തതു ആ ഗ്രന്ഥത്തിൽതന്നെ ഉൾക്കൊള്ളിച്ചിട്ടുണ്ടു്, അവതാരികാ രൂപത്തിൽ. ആ അവതാരികയിൽ പ്രകടമായിക്കണ്ട പ്രോത്സാഹനത്തെ പരാമർശിച്ചുകൊണ്ടു ഉള്ളൂർ ആ ഗ്രന്ഥത്തിൽ എഴുതിച്ചേർത്ത മുഖവുരയിൽ "If, as I have been personally assured by such high and respected authority, I shall succeed in establishing a new style of Malayalam Poetry" എന്നു പ്രതിജ്ഞയെടുക്കുന്നു, നിറവേററാൻ കഴിയുമെന്ന ദൃഢവിശ്വാസത്തോടെ. മഹാകവിയുടെ ആദ്യകൃതിയാണു് "വഞ്ചീശഗീതി" എന്നുംകൂടി ഓർക്കേണ്ടതുണ്ടു് നാം ഈ അവസരത്തിൽ.

മലയാളസാഹിത്യത്തിൽ, അന്നു് ആരുമായിരുന്നില്ല അദ്ദേഹം. കവിതകൾ, അതും ഒററ ശ്ലോകങ്ങൾ എഴുതും, നസ്രാണിദീപികയിലും മനോരമയിലും. മാതൃഭാഷയാണെങ്കിൽ തമിഴ്. പക്ഷേ തമിഴും മലയാളവും ഐച്ഛികമായെടുത്തു എം. എ. പാസ്സായ ഇരുപത്തിയെട്ടുവയസ്സുള്ള യുവാവു്. നാലഞ്ചംഗങ്ങളുള്ള കുടുംബത്തെ കഷ്ടിച്ചു പോററാൻപോന്ന ചെറിയ ഉദ്യോഗം. മററു സാഹിത്യകാരന്മാരുമായി അധികമൊന്നും അടുത്തിട്ടില്ലാത്തകാലം. വടക്കു കോലത്തുനാടു മുതൽ തെക്കേ അററത്തുള്ള നെയ്യാററിൻകരവരെ എവിടെ നോക്കിയാലും വൻകിട സാഹിത്യകാരന്മാരും ആഖ്യായികാ കർത്താക്കളും കവികളും കവിസാർവഭൗമന്മാരും! ഒപ്പം അനേകം പത്രാധിപ കേസരങ്ങളും! ആകെ ചുററുപാടൊക്കെ നേരെ ചൊവ്വേ കണ്ടുകൊണ്ടുതന്നെയാണു ആ ശപഥസാഹസം നടത്തിയതു്. എഴുപത്തിരണ്ടാമത്തെ വയസ്സിൽ 'ചുടലക്കളം' എന്ന കവിതയിൽ തലചായ്ച്ചു് അന്ത്യശ്വാസം വലിച്ച ദിനംവരെ ആ സാഹസികത തന്നോടൊപ്പം ഉണ്ടായിരുന്നു, കൂടപ്പിറപ്പുപോലെ. "ഇന്നോളമുണ്ടായിട്ടുള്ള മാതിരി, കേരളവർമ്മ ദേവനെപ്പോലുള്ള മഹാപുരുഷന്മാരിൽനിന്നും ഇനിയുമെനിക്കു പ്രോത്സാഹനങ്ങൾ ലഭിക്കുമെങ്കിൽ നിശ്ചയമായും ഞാൻ മലയാളകാവ്യലോക

ത്തിൽ എന്റേതായ ഒരു പുതിയ Style വാർത്തെടുത്തുറപ്പിക്കും," ഇതാണാ ശപഥം 'സ്റ്റൈയിൽ' എന്ന പദം വ്യാപകവും ധ്വന്യാഭിവ്യഞ്ജകവും ആയ അർത്ഥത്തിൽതന്നെയാണു പ്രയോഗിച്ചിരിക്കുന്നതു് എന്നു് ഒരിയ്ക്കൽ സന്ദർഭവശാൽ മഹാകവിതന്നെ പറഞ്ഞിട്ടുണ്ടെന്നോർക്ക്.

ഏതാണ്ടൊരതിരുവരെ—എന്തിനു മുക്കാൽ പങ്കും ആ ശപഥം നിറവേററാൻ കഴിഞ്ഞു, മഹാകവിക്കു അടുത്ത ഒമ്പതു വത്സരങ്ങൾക്കുള്ളിൽ. അതായതു്, ഉമാകേരളം എഴുതിമുഴുപ്പിച്ചു പ്രസിദ്ധീകരിച്ചതോടെ. 1089-ൽ പ്രസിദ്ധീകരിച്ച ഉമാകേരളത്തിൽ ചേർത്തിട്ടുള്ള കേരളവർമ്മ ദേവന്റെ അവതാരികയിൽനിന്നും മനസ്സിലാക്കാവുന്നതേയുള്ളൂ ആ വസ്തുത. ഈ ഒൻപതു കൊല്ലങ്ങൾക്കിടയിൽ കേരളവർമ്മദേവന്റെ ഏററവും പ്രിയംകരനായ ശിഷ്യപ്രധാനിയായിത്തീർന്നു മഹാകവി. മഹാകവിയുടെ സാഹിത്യ പ്രയത്നങ്ങളെ ആദരിച്ചുകൊണ്ടു മൂലംതിരുനാൾ മഹാരാജാവു വീരശൃംഖല സമ്മാനിച്ചു. പല പ്രശസ്ത സമിതികളിലും അംഗമായി. കേരളത്തിലെ ആദ്യത്തെ എം. ഏ. ബീ. എൽ എന്ന പ്രശസ്തിനേടി. മയൂരസന്ദേശം ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തിയവഴിക്കു സഹ്യാദ്രിക്കപ്പുറമുള്ള ഇംഗ്ലീഷു ഭാഷാ പണ്ഡിതന്മാരുടെ പ്രശംസക്കു പാത്രമായി. ചമ്പൂകാരന്മാർ അന്നോളം തിരിഞ്ഞുനോക്കാത്ത ഇൻഡ്യാ ചരിത്രത്തിൽനിന്നു് ഒരു ഏടു് എടുത്തു 'സുജാതോദ്വാഹം ചമ്പു' എഴുതി. പച്ച മലയാളത്തിലും താൻ പുറകോട്ടല്ലെന്നു കാണിപ്പാൻ 'ഒരു നേർച്ച' എന്ന കാവ്യം രചിച്ചു. കണ്ണശരാമായണവും രാമചരിതവും ആദ്യമായി പ്രകാശിപ്പിച്ചു. മലയാളത്തിലെ വൻകിട വാഗ്മികളുടെ കൂട്ടത്തിൽ പേരെടുത്തു.

ആ ശപഥത്തിൽ ഊന്നിപ്പറഞ്ഞുവെച്ച നൂതനസരണിയെയും നൂതനപ്രസ്ഥാനത്തെയും വീണ്ടും സാക്ഷാത്ക്കരിക്കാൻ വേണ്ടിത്തന്നെയാണു ഉമാകേരളവും രചിച്ചതു്. അന്നോളം അനുവർത്തിക്കപ്പെട്ടിരുന്ന ഗതാനുഗതികത്വത്തിൽനിന്നു വഴിമാറി—അതും ബോധപൂർവ്വം—തന്റെ മഹാകാവ്യത്തിനു തിരുവിതാംകൂർ ചരിത്രത്തിലെ ചില ശുഷ്കാസ്ഥികളെ വിഷയമാക്കി. മാത്രവുമല്ല, തന്റേതായ ഒരു സന്ദേശകാവ്യവും വിലാപകാവ്യവും പ്രത്യേകിച്ചോരോ സർഗ്ഗങ്ങളായി ആ മഹാകാവ്യത്തിൽ ഉൾക്കൊള്ളിച്ചു. "ഉള്ളൂർ വിലാപകാവ്യമോ, സന്ദേശകാവ്യമോ എഴുതീട്ടുണ്ടോ?" എന്നു പുരോഭാഗികളാരും ചോദിക്കരുതു വരും കാലങ്ങളിൽ എന്ന നിർബ്ബന്ധമായിരുന്നു മഹാകവിയെ അങ്ങിനെ പ്രത്യേകം പ്രത്യേകം സർഗ്ഗങ്ങളെഴുതിച്ചേർക്കാൻ പ്രേരിപ്പിച്ചതു്. ആരൊക്കെ എന്തൊക്കെ ഖണ്ഡിച്ചു വിമർശിച്ചാലും ശരി, ഉമാകേരള നിർമ്മിതി മലയാളസാഹിത്യത്തിലെ ഒരൊററപ്പെട്ട മഹാസംഭവമാണു്. മലയാളത്തിലെ മറെറല്ലാ മഹാകാവ്യങ്ങളും രണ്ടോ മൂന്നോ പതിപ്പുകളോടെ ഊർദ്ധ്വം വലിച്ചു. ഉമാകേരളത്തിനു ഇന്നും പ്രചാരമുണ്ടു്. ഈയിടെയാണു പതിനാലാം പതിപ്പു പ്രസിദ്ധീകരിച്ചതു്.

എല്ലാററിനും വേർതിരിഞ്ഞുനിന്നാലേ താൻ കേരളീയരുടെ മുമ്പിൽ എഴുതിവച്ച പ്രതിജ്ഞ നിറവേററാനാവൂ എന്നു വിശ്വസിച്ചിരുന്ന മഹാകവി ചെറുപ്പം മുതല്ക്കുതന്നെ തന്റേതായ കാവ്യരീതിയും കാവ്യപ്രതിപാദനവും അതുപോലെ വേർതിരിഞ്ഞുനിന്നു പേരെടുക്കണം എന്ന നിശ്ചയത്തിൽ നിലയുറപ്പിച്ചു, അദ്ദേഹം. സമശീർഷന്മാരായ രണ്ടു മഹാകവികൾ ഉണ്ടു് മലയാളത്തിൽ എന്നും; അവരിൽ നിന്നുപോലും തനിക്കു വ്യത്യസ്തത വേണമെന്നും അവർ പോകുന്ന മാർഗ്ഗങ്ങൾ തനിക്കുള്ളതല്ലെന്നും തനിക്കുള്ളതു അവർക്കുള്ളതായിരിക്കരുതെന്നും അദ്ദേഹം ഉറപ്പിച്ചും വിശ്വസിച്ചു. ആ വിശ്വാസം സഫലമാക്കാൻ വേണ്ടിയാണു മനോഹരങ്ങളായ ഇംഗ്ലീഷുകാവ്യങ്ങൾ രചിച്ചതും സാഹിത്യഗവേഷണത്തിൽ അതുല്യമായ സ്ഥാനം കൈവരിച്ചതും, അവസാനം ബൃഹത്തായ കേരള സാഹിത്യചരിത്രം എഴുതി മുഴുപ്പിച്ചതും. ഒപ്പം ഒരു നാടകവും അദ്ദേഹം എഴുതുകയുണ്ടായി. ഇരു

പത്തിയെട്ടാമത്തെ വയസ്സിൽ എടുത്ത പ്രതിജ്ഞ അങ്ങനെ നിറവേററി, മരിക്കും മുമ്പ്.

“ഭാവനാഗതി” എന്ന ശീർഷകത്തിൽ ഒരു കവിതയുണ്ട്, അദ്ദേഹത്തിന്റേതായി. മഹാകവിയുടെ പല കവിതകളിലുമെന്നപോലെ അതിലുമുണ്ട് അദ്ദേഹത്തിന്റെ ആത്മകഥാംശങ്ങൾ. ആ കാവ്യത്തിന്റെ വ്യംഗ്യാർത്ഥം മനസ്സിലാക്കുന്നതോടൊപ്പം മഹാകവിയെ അടുത്തറിയുകയും ചെയ്താലേ പിടികിട്ടുകയുള്ളൂ അനുവാചകർക്ക് ആ ആത്മകഥാംശങ്ങളുടെ സാരസ്യം. “സാഹിത്യ സൗരയൂഥത്തിലെത്തി ചന്ദ്രനെ പിടിച്ചെടുക്കാനാണ്, അങ്ങനെയൊരു സാഹസികനാകാനാണു തനിക്കു മോഹം. നടക്കുമോ നടക്കുകയില്ലയോ ഉദ്യമം. യാവജ്ജീവം ഉദ്യമം. അതിനു് അതിന്റേതായ മാർഗ്ഗങ്ങളുണ്ട്. ആ മാർഗ്ഗങ്ങൾ മററാർക്കുമുള്ളതല്ല. മററാർക്കെങ്കിലും കൈവശപ്പെട്ട മാർഗ്ഗങ്ങൾ തനിക്കു വേണ്ടാതാനും”. അദമ്യമായ ഈ അഭിനിവേശ സാഹസമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. ആ വസ്തുത വിശദീകരിക്കുകയാണു മഹാകവി താഴെ ഉദ്ധരിക്കുന്ന “ഭാവനാഗതി”യിലെ പദ്യങ്ങളിലൂടെ.

എടോ കിടാവേ! ശരി, നീ കൊതിപ്പ-
തേണാങ്കബിംബം കരതാരിലാവാൻ
ആയാലുമാകായ്കിലുമെന്തു? നിന്നി-
ലററംവരെയ്ക്കക്കൊതി നിന്നിടട്ടെ!
പരസ്വമാകേണ്ടതുമായതും നീ
പാടില്ല കാമിപ്പതു, പാപമാകാം
ആർക്കുള്ള വിത്തം ശശി? ആരവങ്ക-
ലത്യാശയാർന്നാലപരാധിയാവോൻ.

എന്തൊരു കടുകട്ടിയായ ദൃഢനിശ്ചയം! “ഇത്രയൊക്കെ പ്രയത്നിച്ചു. സമർപ്പണബുദ്ധിയോടെ കൈരളിയെ സേവിച്ചു. ആ ദേവിയേ പൂർവ്വാധികം സമ്പന്നയാക്കി ഞാൻ ചെയ്യേണ്ടതു ചെയ്തു. പക്ഷേ ഞാൻ നേടേണ്ടതു മുഴുവൻ നേടിയോ? സംശയമുണ്ട്,” ഈ ഒരു തോന്നലുണ്ടായപ്പോഴാണ് ‘കവിയും കീർത്തിയും’ രചിച്ചതു്. സുപ്രസിദ്ധമാണല്ലോ ആ കാവ്യത്തിലെ പ്രമേയം. “ഒററപ്പെട്ട കാവ്യകൃത്തായ എന്നെ, ഇത്രയും സാഹിത്യ സംഭാവനകൾ ചെയ്തിട്ടും കനിഞ്ഞനുഗ്രഹിക്കാൻ കീർത്തിദേവിക്കു സമയമായില്ല. വെറും തുക്കടാകളുടെ പിന്നാലെയാണവളിന്നു്. എല്ലാവരെപ്പോലെയും ഞാനും മരിക്കും. അതു പഞ്ചമിദിവസമായിരിക്കും. അന്നു ചന്ദ്രൻ ഭൂമിയിൽ ധൗതപട്ടാംബരം വിരിക്കും. ആ സമയത്തായിരിക്കും എന്റെ മൃതദേഹം ശ്മശാനത്തിലേക്കു കൊണ്ടുപോവുക. എന്നിട്ട് ഒരു നൂറു കൊല്ലം കഴിയണം അന്നു് ഈ കീർത്തിദേവി വരുമെന്റെ കുഴിമാടത്തിൽ, എന്നോടു സല്ലപിക്കാൻ. അന്നു് ആ മൺതരികളെടുത്തു ഇന്നത്തെ എന്റെ ശത്രുക്കളുടെ മക്കളോ മക്കളുടെ മക്കളോ ഒക്കെ ഹരിശ്രീ എഴുതി പഠിക്കും. ഇതാണ് ആ കവിതയുടെ കാതലായ ഭാഗം. മരിക്കുന്നതിനു പന്ത്രണ്ടുകൊല്ലം മുൻപെഴുതിയതാണ് ആ കവിത

ക്രാന്തദർശിയായ മഹാകവിയുടെ ദീർഘദർശന പ്രവചനം പോലെതന്നെ മഹാകവിയുടെ മരണം നടന്നു. അന്നു പഞ്ചമി ദിവസം ആയിരുന്നു. അന്നു രാത്രി പഞ്ചമിച്ചന്ദ്രൻ ഭൂമിയിൽ ധൗതപട്ടാംബരം വിരിച്ചു. ഏതാണ്ട് രാത്രി എട്ടുമണിയാവും, ആ പാലൊളിപ്പൂനിലാവിലൂടെ നടന്നുതന്നെയാണ് ഞങ്ങൾ പ്രിയപിതാവിന്റെ മൃതദേഹം ശ്മശാനത്തിലേക്കു കൊണ്ടുപോയതു്.

അവശേഷിച്ച പ്രവചന ഭാഗവും നടക്കുമായിരിക്കാം. 1976-ൽ നടക്കാനിരിക്കുന്ന മഹാകവിയുടെ നൂറാം പുറന്നാളിലായിരിക്കുമോ? എന്തോ!

# "കന്യാകുമാരിയിലെ സൂര്യോദയം"

## —സി. വി. കുഞ്ഞുരാമൻ

മഹാകവി ഉള്ളൂരിൻെറ 'കന്യാകുമാരിയിലെ
സൂര്യോദയം' എന്ന കവിതയെക്കുറിച്ച്
സി. വി. 'ആത്മപോഷിണി' മാസിക
യുടെ 1098 മേടം—ഇടവം,
പുസ്തകം 14; ലക്കം ഒന്നും രണ്ടും
ഒന്നായുള്ളതിൽ എഴുതിയതാണു്
ഈ ആസ്വാദനം.

"പുരാ കവീനാം ഗണനാ പ്രസംഗേ" ഒന്നെന്നു കാളിദാസനെ എണ്ണി കിണ്ണിവിരൽ മടക്കി. "അദ്യാപി തത്തുല്യ"നായ ഒരു കവി ഉണ്ടായിട്ടില്ലന്നതുനിമിത്തം രണ്ടെന്നു എണ്ണി അടുത്ത മോതിരവിരൽ മടക്കാൻ ഇടവന്നിട്ടില്ല. തന്മൂലം "അനാമിക"യെന്നുള്ള സംസ്കൃതപ്പേരു് ഇപ്പോഴും അതിനു സാർത്ഥകമായിത്തന്നെയിരിക്കുന്നു. ഈ അർത്ഥത്തിൽ ശ്ലോകം നിർമ്മിച്ച കവി അനാമികയുടെ നാനാർത്ഥംകൊണ്ടു് ഒരു കളി കളിച്ചു എന്നല്ലാതെ ഒരു പരമാർത്ഥം പറഞ്ഞു എന്നു് നമുക്കു വിശ്വസിക്കാൻ തരമില്ല. എന്തുകൊണ്ടെന്നാൽ "തത്തുല്യനായ" ഒരു കവിയുണ്ടായാൽ അയാളെയും അവിടെത്തന്നെ പ്രതിഷ്ഠിക്കേണ്ടതായതിനാൽ കാളിദാസനിൽനിന്നു കുറഞ്ഞ യോഗ്യതയുള്ള ഒരു കവിപോലും ഉണ്ടായിട്ടില്ലെന്നു വന്നാൽ മാത്രമേ അനാമിക സാർത്ഥകനാമധേയയായിത്തീരുകയുള്ളൂ. അതെങ്ങിനെയായിരുന്നാലും മലയാളകവികളുടെ ഗണനാപ്രസംഗത്തിൽ അനാമികയ്ക്കു നമിക്കാതിരിക്കാൻ നിവൃത്തിയില്ലെന്നുള്ളതു് നിശ്ചയം

തന്നെയാണു്. കനിഷ്ഠികാധിഷ്ഠിതനായിത്തീരേണ്ടതാരെന്നുള്ള കാര്യത്തിലാണു് നമുക്കു സംശയമുള്ളതു്. ജീവിച്ചിരിക്കുന്ന മലയാള മഹാകവികളുടെ ഗണനാപ്രസംഗത്തിനൊരുങ്ങുകയാണെങ്കിൽ മൂന്നു പ്രകാരത്തിലുള്ള യോഗ്യതകളെക്കൊണ്ടു് മൂന്നു മഹാകവികൾ പ്രഥമസ്ഥാനത്തിനു്—കവിചക്രവർത്തിസ്ഥാനത്തിനു്—മത്സരികളായി നില്ക്കുന്നുണ്ടു്. ഉള്ളൂർ, വള്ളത്തോൾ, കുമാരനാശാൻ. ഈ മൂന്നു കവിമുഖ്യന്മാരിൽ മുമ്പനാരാണെന്നു തീർച്ചപ്പെടുത്തി കനിഷ്ഠികയുടെ ഞെട്ടൊടിക്കുന്നവർ അങ്ങനെ ചെയ്തോട്ടെ.

ഒരു കവിയുടെ കൃതികൾക്കു്—സ്വതന്ത്രകൃതികൾക്കു്—ഭാഷയിലുണ്ടാവുന്ന പ്രതിഷ്ഠ ശാശ്വതവും സർവസമ്മതവും ആയിത്തീരുമോ എന്നു തല്ക്കാലീനന്മാൎക്കു വിധിയെഴുതുവാൻ എളുപ്പമല്ല. അതിദൂരസ്ഥഭാവിയിലെ സന്തതികളാണു് ആ വിധിയെഴുതേണ്ടതു്.

ഒരു കവിയുടെ തുല്യനായി മറെറാരു കവിയുണ്ടാവുകയെന്നുള്ളതു് കേവലം അസംഭാവ്യമായ ഒരു കാര്യമാകുന്നു. പാണ്ഡിത്യം, ലോകപരിചയം, കല്പനാശക്തി, അഭിരുചി, പഴക്കം മുതലായ കാര്യങ്ങളിൽത്തന്നെ ഒരുവനു് മറെറാരുവനോടു തുല്യത സംഭാവ്യമല്ല. ഇവയെല്ലാം കവികൾക്കു് ഒഴിച്ചുകൂടാൻ പാടില്ലാത്ത യോഗ്യതകളാണു്. അവ ഓരോന്നിലുംതന്നെ രണ്ടുപേൎക്കു തമ്മിൽ തുല്യത സംഭാവ്യമല്ലെന്നിരിക്കെ എല്ലാം ചേൎന്നു് രണ്ടു കവികൾ തമ്മിൽ തുല്യന്മാരാകുന്നതെങ്ങിനെ? ഉള്ളൂർ, വള്ളത്തോൾ, ആശാൻ ഈ മൂന്നു മഹാകവികളുടേയും പാണ്ഡിത്യം മൂന്നുവിധം, ചിന്താസരണി മൂന്നുവിധം, നിത്യവ്യവസായം മൂന്നുവിധം, ജീവിതചര്യ മൂന്നുവിധം. തന്മൂലം കവിതാരീതിയും മൂന്നുവിധം. ഒരാൾക്കു സൎക്കാർസേവകൊണ്ടു് കാലക്ഷേപം. മറെറയൊരാൾക്കു സാഹിത്യവ്യവസായംകൊണ്ടു് കാലക്ഷേപം. പിന്നെത്തെയാൾക്കു സമുദായസേവകൊണ്ടു കാലക്ഷേപം. വള്ളത്തോളിനു് സാഹിത്യവ്യവസായത്തിനു സമയം സുലഭം. കുമാരനാശാനു് വിവിധ ജോലികൾകൊണ്ടു് സമയം ദുർലഭം. ഉള്ളൂരിനു് "ഇരുശരണ"മില്ലാത്ത രാജസേവകൊണ്ടു് സമയം ദുർല്ലഭം. ഈ സുദുർല്ലഭവേളകളിൽ ആ മഹാകവിയുടെ പേനാ

ത്തുമ്പിൽക്കൂടി പ്രവഹിക്കുന്ന കാവ്യസുധ വസന്തവർഷപാതം പോലെ എപ്പോഴെന്നില്ലാതെ നമ്മെ വിസ്മയവിവശരാക്കുന്നു. കന്യാകുമാരിയിലെ സൂര്യോദയം അങ്ങിനെയുള്ളൊരു കാവ്യവർഷ പാതമാകുന്നു. അതിലെ

"ചെങ്കതിരോന്റെ തിരപ്പുറപ്പാടേകും
വൻകുതുകോന്മാദമൊന്നു വേറെ"

തന്നെയാണ്. ഈ മൂന്നു കവികളേയും തമ്മിൽ താരതമ്യപ്പെ ടുത്തി പ്രഥമഗണനീയത ആർക്കെങ്കിലും ഒരാൾക്കു നൽകുവാൻ വളരെ പ്രയാസമുണ്ടെന്നാണെനിക്കു തോന്നുന്നതു്. ആശയ ഗാംഭീര്യം ആശാനേറുമെങ്കിൽ ആശയ പൌഷ്കല്യം ഉള്ളൂരിനും, ആശയസൗകുമാര്യം വള്ളത്തോളിനുമേറിയിരിക്കും. ലളിത പദാ കലിതമായ മനോഹര ഭാഷയിലാണ് വള്ളത്തോളിനു പ്രിയ മെങ്കിൽ സന്ദർഭശുദ്ധിക്കനുഗുണമായ പ്രൗഢഭാഷയാണ് ആശാനു് പഥ്യം. ഉള്ളൂരിനു് രണ്ടിലേതു തരവും ഒരുപോലെ വശമാണ്. ആശാന്റെ പദവിന്യാസം ഒരു രാജന്യസുന്ദരി യുടെ മന്ദമന്ദമായ പദവിന്യാസം പോലെ പ്രൗഢമനോഹര മാണ്. വള്ളത്തോളിന്റേതു് ഒരു ലളിത നടിയുടെ ചുറുചുറു ക്കേറിയ നടനമാണ്. ഉള്ളൂരിന്റേതു് ഒരു വിദഗ്ദ്ധനടിയുടെ താളമേളങ്ങളോടുകൂടിയ കലാശനൃത്തമാണ്. വള്ളത്തോളി ന്റെ പേനയിൽക്കൂടി സരസ്വതീ നദി നേരിയ വെള്ളിക്കമ്പി പോലെ പ്രവഹിക്കുന്നു. ആശാന്റെ പേനയിൽക്കൂടി തീർത്ഥ വാരിപോലെ പരിശുദ്ധ ബിന്ദുക്കളായി ഗളിച്ചുകൊണ്ടിരിക്കുന്നു. ഉള്ളൂരിന്റേതു ധാരായന്ത്രത്തിൽക്കൂടി വിവിധാകൃതിയിൽ ചൊ രിഞ്ഞുകൊണ്ടിരിക്കുന്നു.

ആശയം, ഭാഷ, രീതി ഇവയെ സംബന്ധിച്ചു് രുചിഭേദം കൊണ്ടുള്ള അഭിപ്രായങ്ങളെങ്ങിനെയിരുന്നാലും ഒരു സംഗതി യിൽ ഉള്ളൂരിനുള്ളമെച്ചം ആരും സമ്മതിച്ചേ തീരൂ. വള്ള ത്തോൾ ഒരു പുരാതന കഥയെടുത്തു് ഒരു മഹാകാവ്യം ചമച്ചു. "കുബേരദിക്കാം വരാംഗിയാൾതൊട്ടൊരു പൊട്ടു"പോലെയുള്ള നിഷധരാജ്യം കഥാരംഗമാക്കി കല്പിച്ചാൽ എന്തും വർണ്ണിക്കാം; എങ്ങനെയും വർണ്ണിക്കാം. അലങ്കാരാദി പ്രയോഗങ്ങളെകുറിച്ചു മാത്രമേ ചോദ്യമുള്ളു. "നല്ലഹൈമവതഭൂവിലെ" ഭൂഭാഗ ഭംഗി കൾ എങ്ങനെ വർണ്ണിച്ചും ആശാനു വായനക്കാരുടെ ഹൃദയത്തെ

ഹരിക്കാം. തിരുവിതാംകൂറിലെ ഒരു ചരിത്രകഥയെടുത്ത് കൈകാര്യംചെയ്യുന്ന കവിക്ക് ഈ വക സ്വാതന്ത്ര്യങ്ങൾ എവിടെ? ആരും കാണാത്ത ആകാശഗംഗയോടും തമസാനദിയോടും മുരളാനദിയോടും പറയുംപോലെ നാമെല്ലാം ധാരാളം കണ്ടു പരിചയിച്ചിട്ടുള്ള "പെരിയാറിനോടു" വായിൽവന്നതു വല്ലതും പറയാൻ തരമുണ്ടോ? കന്യാകുമാരിയിലെ സൂര്യോദയംപോലെ വർണ്ണിക്കാൻ കവിക്കു സ്വാതന്ത്ര്യമുണ്ടോ? പ്രതിപാദ്യവിഷയം കാവ്യ നിർമ്മിതിക്കു അസ്വതന്ത്രമാക്കിവച്ചുകൊണ്ടു സർവ്വതന്ത്ര സ്വതന്ത്രമായ കവനകലാ പാടവമാണ് ബ്രഹ്മശ്രീ ഉള്ളൂർ പരമേശ്വരയ്യരവർകൾ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്. നിവൃത്തിയുള്ളിടത്തോളം ദേശീയ വിഷയങ്ങളെ തെരഞ്ഞെടുത്ത് ഉള്ളൂരിനെക്കാൾ ദേശാഭിമാനം കാട്ടിയിട്ടുള്ള മററൊരു മലയാള കവി ഉണ്ടായിട്ടില്ലെന്നു സംശയംകൂടാതെ പറയാവുന്നതാണ്.

വർണ്ണ്യവസ്തുക്കളിൽ സൂര്യോദയത്തെക്കാൾ വർണ്ണ്യമായ മററൊരു വസ്തു ഇല്ലെന്നുതന്നെ പറയാം. ആദിമാര്യന്മാർ ഉഷസ്സിനേയും ദ്യോവിനേയും കുറിച്ചു സ്തോത്രഗാനങ്ങൾ നിർമ്മിച്ചാരാധിച്ചുവന്നതു അത്ഭുതമല്ല. "സ്വയം പ്രകാശ വസ്തു"വായ ബ്രഹ്മത്തെക്കുറിച്ചുള്ള മഹർഷിമാരുടെ സങ്കല്പത്തിനുതന്നെ ആദിമഹേതു അവർണ്ണ്യ ഭംഗികളുടെ ശ്രീമൂലസ്ഥാനമായ പ്രഭാത സൂര്യനായിരിക്കാമെന്നാണു തോന്നുന്നത്. പൂർവ്വസമുദ്രത്തിലെ ഉദയവും പശ്ചിമസമുദ്രത്തിലെ അസ്തമയവും നിർബാധമായിക്കാണാൻ സൗകര്യമുള്ള ഒരു സ്ഥലം ശ്രീവാഴുംകോട്ടുള്ളതു് കന്യാകുമാരിയാകുന്നു. പലരും അവിടെചെന്നു സൂര്യോദയം കണ്ടിട്ടുണ്ട്. പല മഹാകവികളും സൂര്യോദയത്തെ തങ്ങൾ കണ്ടു വിസ്മയിച്ചാനന്ദിച്ചപ്രകാരവും മററു കവികളുടെ വർണ്ണനകൾ വായിച്ചു ലഭിച്ച ഉല്ലേഖങ്ങളെ സ്വന്തം ഉല്ലേഖങ്ങളോടു കൂടിയുരുക്കി പഴക്കയിട്ടും ധാരാളം വർണ്ണിച്ചു മോടിപിടിപ്പിച്ചു നാം കണ്ടിട്ടുണ്ട്. അവയിലെന്തിനെങ്കിലും കന്യാകുമാരിയിലെ സൂര്യോദയം കാണുമ്പോഴും അതിനെക്കുറിച്ചു മഹാകവി ഉള്ളൂർ പരമേശ്വരയ്യരുടെ വർണ്ണനകൾ വായിക്കുമ്പോഴും മനസ്സിൽ സംജാതമാകുന്ന ആനന്ദാത്ഭുതവികാരങ്ങളെ ജനിപ്പിക്കുന്നതിനും ശക്തിയുണ്ടായിട്ടില്ലെന്നു ഞാൻ സംശയരഹിതമായി പറയുന്നു. പുരാതന കവികൾ കൈകാര്യംചെയ്ത അലങ്കാരാദികളുടെ കല

വറ ഒഴിച്ചുകളഞ്ഞു എന്നൊരു ആവലാധി ഈ മഹാകവിക്കില്ല. ആംഗല മഹാകവിയായ ബൈറൻെറ സൂര്യാസ്തമയ വർണ്ണനയെ കുറിച്ചുണ്ടായ ആക്ഷേപം ഉള്ളൂരിൻെറ സൂര്യോദയവർണ്ണനയെ കുറിച്ചും ഉണ്ടായേക്കാം. അതിനു ആ മഹാകവിക്കുണ്ടായിരുന്ന സമാധാനംതന്നെയായിരിക്കാം ഈ മഹാകവിക്കുമുള്ളതു്. കന്യാകുമാരിയിലെ സൂര്യോദയം പരശുരാമ മഹർഷി കേരളോദ്ധാരണം ചെയ്യുംമുമ്പേതന്നെ നയനാഭിരാമമാണു്. "കന്യാകുമാരിയിലെ സൂര്യോദയം" വീണ്ടും കേരളരാജ്യം കടലിൽ മുങ്ങുന്നതുവരെ സഹൃദയന്മാൎക്കു ഹൃദയാഭിരാമമായിരിക്കും.


വായിച്ചുവോ?

# സി. വി. കുഞ്ഞുരാമൻെറ
# തിരഞ്ഞെടുത്ത കൃതികൾ

വില 10.00

മാനേജർ

പ്രതിഭാ പബ്ലിക്കേഷൻസ്

പുന്നത്തല

കൊല്ലം–12

# കണ്ണഭൂഷണം—ചില പാഠങ്ങൾ

മൂർക്കോത്തു കുമാരൻ

—ആദ്യകാല 'സഹോദരൻ വിശേഷാൽ പ്രതിയിൽ' എഴുതിയതു്.

ഗുണമെന്നും ദോഷമെന്നും രണ്ടില്ല. ഇതു ജ്ഞാനികൾ സമ്മതിച്ച ഒരു പരമ തത്വമാണു്. ഗുണത്തിന്റെയാകട്ടെ, ദോഷത്തിന്റെയാകട്ടെ, "ഭാവത്തിൻ പരകോടിയിൽ പുനരഭാവത്തിൻ സ്വഭാവംവരാം." കണ്ണന്റെയും ദുര്യോധനന്റെയും സ്വഭാവവിശേഷത്തിലും അനുഭവത്തിലും ഈ തത്വം പ്രത്യക്ഷപ്പെടുന്നു. ഉള്ളൂർ അതിനെ "കർണ്ണഭൂഷണത്തിൽ" വിശദമാക്കുന്നു. അദ്ദേഹം മുഖവുരയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "വിശ്വവിദിതമായ ഒരു പുണ്യവൃത്തത്തിന്റെ ഉദ്ദേശരഹിതമായ ഏതോ പുനരാഖ്യാനം മാത്രമാണു് ഈ കൃതി എന്നു നാമശ്രവണത്തിൽ തോന്നുമെങ്കിലും വാസ്തവത്തിൽ അങ്ങനെയല്ലെന്നുള്ളതു വായനക്കാൎക്കു വേഗത്തിൽ മനസ്സിലാക്കുവാൻ കഴിയും." വായനക്കാർ അവരവരുടെ മനസ്ഥിതിക്കനുസരിച്ചു പലരും പലവിധത്തിൽ മനസ്സിലാക്കും.

ദാനശീലത്വം ആൎക്കും എന്നും എവിടെയും ഭൂഷണമാണു്. കണ്ണനും അതു തനിക്കു് ആവശ്യം ഉണ്ടായിരിക്കേണ്ട ഭൂഷണമാണെന്നു നിർവ്യാജം ധരിച്ചു; അതിന്നനുസരിച്ചു നിർവ്യാജം പ്രവൎത്തിച്ചു. അതു തനിക്കു ജന്മസിദ്ധമാണെന്നാണു കണ്ണന്റെ വിശ്വാസം.

"ഏവൻതൻപാരണവാരിയു മന്നവു-
മേകിപോൽ ശ്വാവിന്നും ചണ്ഡാലന്നും
ആ രന്തിദേവൻതൻ ആത്മജയാം നദി
താരാട്ടിനാളെന്നെ ശൈശവത്തിൽ."

ദാനശീലത്തിന്നു് അടിസ്ഥാനമായ ഇതര ഗുണങ്ങളിൽ മുഖ്യമായ ഒന്നു കൃതജ്ഞതാബുദ്ധിയാണു്. ഏതൊരു വിഷമഘട്ടത്തിലാണു് ആ നദി തന്നെ താരാട്ടി രക്ഷിച്ചതെന്നു, കവി കർണ്ണനെക്കൊണ്ടു് കൃതജ്ഞതാപൂർവ്വം ഓർമ്മിപ്പിക്കുന്നു. ജന്മസിദ്ധം മാത്രമല്ല, അഭ്യാസംകൊണ്ടു് അഥവാ ആചാര്യപാരമ്പര്യംകൊണ്ടു കർണ്ണന്നു ദാനശീലത്വം പുഷ്ടിപ്പെട്ടതുമായിരുന്നു. കർണ്ണൻ പറയുന്നതു കേൾക്കുക:

"തന്നുടെ ശേവധിസർവ്വവും തോഴനാം
കിന്നരനാഥന്നാർ തീറെഴുതി,
പാദങ്ങൾ കൂപ്പിനപർവ്വതകന്യയ്ക്കു
പാതിയുടലും പകുത്തുനല്കി,
ആശിച്ചതേവർക്കുമേകുമദ്ദേവനെ–
ന്നാചാര്യന്നാചാര്യനാത്മയാജി.
തൻഭുജമാർജ്ജിച്ച സർവ്വോർവ്വീചക്രവു–
മമ്പിലാരാഗന്തുവേകന്നേകി,
പിന്നെത്തെയർത്ഥിക്കു ജീവാധികങ്ങളാം
തന്നസ്ത്രശസ്ത്രങ്ങൾ ദാനംചെയ്തു.
ആരാമനർജ്ജുന വൈരിയെന്നാചാര്യൻ
കേരളനിർമ്മാണ കേളികാരൻ."

ഉള്ളൂരിൻെറ ഈ കാവ്യത്തിന്നുള്ള രചനാ ഗുണങ്ങളെപ്പററി പ്രസ്താവിക്കുന്നതു ഈ ലേഖനത്തിൻെറ ഉദ്ദേശ്യമല്ല. എന്നാലും മേലെഴുതിയ 'അർജ്ജുന'ശബ്ദത്തെപ്പററി രണ്ടു വാക്കു പറയാതിരിപ്പാൻ മനസ്സു സമ്മതിക്കുന്നില്ല. ഗുരുവിൻെറ ഗുണങ്ങൾ തനിക്കും ഉണ്ടായിരിക്കാൻ ആഗ്രഹിക്കുകയും ഗുരുവെ അനുകരിക്കുകയും ചെയ്യുന്നതു ഭക്തനായ ശിഷ്യൻെറ സ്വഭാവമാണു്. തൻെറ ദോഷം ഗുരുവിന്നും ഉണ്ടെന്നറിയുന്നതു ശിഷ്യന്നു ഒരു സമാധാനവുമത്രേ. കർണ്ണന്നു് കുന്തീപുത്രനായ അർജ്ജുനനോടുള്ള വൈരം പ്രസിദ്ധമാണു്. തൻെറ ഗുരുവിനേയും അർജ്ജുനവൈരിയായി കവി കർണ്ണനെക്കൊണ്ടു വിവരണം ചെയ്യിക്കുന്നു. പരശുരാമൻ കാർത്തവീര്യാർജ്ജുനൻെറ വൈരിയായിരുന്നുവെല്ലോ. സൂക്ഷിച്ചു വായിക്കുന്നവർക്കു പ്രത്യക്ഷമാകുന്ന ഈ വക പദപ്രയോഗങ്ങൾ ഉള്ളൂരിൻെറ കാവ്യങ്ങളിൽ സുലഭമാണു്. അതിന്നായി അപ്രസിദ്ധങ്ങളായ സംസ്കൃത പദങ്ങളെ ഉപയോഗിക്കാൻ അദ്ദേഹം നിർബ്ബന്ധിതനാകുന്നതാ

ണ് ഈയുള്ളവക്കു ചിലപ്പോഴം ദുസ്സഹമായിത്തീരുന്നതു്. അഥവാ; യഥാത്ഥ രത്നങ്ങളുടെ ഗുണവും നോട്ടവും അറിയുന്നവർ അവയ്ക്കു പകരം സ്ഫടികക്കഷണങ്ങൾ ഉപയോഗിക്കാൻ മടിക്കുന്നതിൽ പരിഭവിക്കാനില്ലായിരിക്കാം.

അതങ്ങനെ ഇരിക്കട്ടെ. മേലെഴുതിയ പദ്യത്തിൽ പറഞ്ഞതുപോലെ, കണ്ണന്റെ ഗുരുനാഥനും, ഗുരുനാഥന്റെ ഗുരുനാഥനും ദാനശീലത്വത്തിനു ശ്രുതിപ്പെട്ടവർ. ആ ഒരു ശീലത്തിന്നു ഉറപ്പുള്ള അടിസ്ഥാനമായ കൃതജ്ഞത അനശ്വരമായ സ്വഭാവവൈശിഷ്ട്യമാകുവാൻ സഹായിച്ച മറെറാരു വിഷമഘട്ടം കണ്ണനു അനുഭവമായി. പാണ്ഡവന്മാരും കൗരവന്മാരും തമ്മിലുണ്ടായ ആയുധമത്സരത്തിൽ കൃപാചാൎയ്യർ കർണ്ണനെ തന്റെ ജാതിയെ അടിസ്ഥാനമാക്കി ഒട്ടേറെ ഭത്സിച്ചു. ആചാൎയ്യൻ ചോദിക്കുന്നു:

"ആരെടാ നീയൊരുസൂതനല്ലെ, നിനക്കീരാജഗോഷ്ഠിയിലെന്തുകാൎയ്യം?"

* * * *

"ഭാരതസാമ്രാജ്യ സാർവഭൗമാത്മജൻ
വീരനാമർജ്ജുനൻ; കർണ്ണ, നീയോ?
വാരുററതൽകീൎത്തി വാഴ്ത്തേണ്ടവൻമാത്രം
മാറിനില്ലെന്തിനീ വ്യത്ഥാടോപം"

എന്തൊരു ധിക്കാരമാണിതു്? സ്വന്തം ഗുണങ്ങളാലും കായശക്തിയാലും അഭ്യാസബലത്താലും പരമയോഗ്യനായ ഒരാളെ അയാളുടെ ജാതിയെ അടിസ്ഥാനമാക്കി ഇത്രമേൽ നിന്ദിക്കാമോ? പറഞ്ഞതുകേട്ടില്ലേ?

"തോൽവാരം ചട്ടയുമേന്തേണ്ട കൈകളാൽ
പോർവില്ലും ക്രൂരമ്പും ഭേസിബ്ഭേസി
ഏതുവരയ്ക്കും ചെന്നെത്തീടുമിച്ചെക്കൻ?
ചോദിപ്പാനാരുമില്ലെന്നായ്കാലം!"

ഒരു മഹാസദസ്സിൽവച്ചു ചെയ്ത ഈ അപകീൎത്തി ഒരു സാധാരണ മനുഷ്യൻപോലും സഹിക്കുകയില്ല. കർണ്ണനെ ഈ പരമസങ്കടത്തിൽനിന്നു രക്ഷിച്ചതു ദുൎയ്യോധനനായിരുന്നു. ധീരനായ ദുൎയ്യോധനൻ,

മന്നനല്ലെന്നങ്ങുചൊന്നോരെൻ തോഴനെ
മന്നനായ് വാഴിപ്പനിക്ഷണം ഞാൻ;
രാജാവുതാൻ കർണ്ണൻ, തന്മിത്രം ഭാരത-
രാജാധിരാജകുമാരനെങ്കിൽ."

എന്നുപറഞ്ഞു കർണ്ണനെ അംഗരാജാവായി അഭിഷേകം ചെയ്തു. സ്വതവേ കൃതജ്ഞതാബുദ്ധി ധാരാളമുള്ള ഒരു മനുഷ്യന്നു തന്റെ ആ ഗുണത്തെ പ്രത്യക്ഷപ്പെടുത്തുവാൻ ഇതിലധികം നല്ല അവസരവും കാരണവും ഉണ്ടാകാനുണ്ടോ? കർണ്ണൻ ദുര്യോധനനോട് ആജീവനാന്തം കൃതജ്ഞനായി. ആ കൃതജ്ഞതയുടെ സ്വഭാവം എന്തായിരുന്നു? ദുര്യോധനനെ ലാക്കാക്കി കർണ്ണൻ പറയുന്നു:

"ഊനമററിത്തരമട്ടിനമെന്നുടെ
മാനത്തെരക്ഷിച്ച മർത്ത്യസിംഹം
ദാനമാം നോയ്മ്പുഞാൻ നോൽക്കുമാറെന്നെയി-
സ്ഥാനത്തിലേററിന രാജരാജൻ;
ആമഹാനേകനെൻ പ്രാണനിൽപ്രാണൻ; ഞാ-
നമ്മഹീഭൎത്തൃപിണ്ഡോപജീവി!
ഈഘട്ടം,മെൻ മനോഭിത്തിയിൽനിന്നാരു-
മായ്ക്കിലും മായാത്തചിത്രംതന്നെ.
ആഹാ! ജയിപ്പൂ! വിജയിപ്പൂ ഞങ്ങൾതൻ
സൗഹാർദ്ദം-സൗഭ്രാത്രം-സർവോൽക്കൃഷ്ടം.
എന്നോമൽതോഴരെ എന്നു ഞാൻ കാൺകിലും
നന്ദിയാമീശനു നന്ദിയായി
ലോകത്തെമാത്രമല്ലെന്നെ മറപ്പുഞാ-
നാഹന്ത! ദൈവത്തെ—സർവ്വത്തേയും."

ഇങ്ങനെയുള്ള കൃതജ്ഞതാ ബുദ്ധിയിൽ അടിയുറച്ച ദാനശീലത്വം കർണ്ണന്നു ദോഷമായി പരിണമിക്കയാണുണ്ടായതെന്നു പ്രസിദ്ധമാണല്ലോ. അതുകൊണ്ടു ഗുണവും ദോഷവും രണ്ടല്ല. ഗുണം തന്നെ ദോഷമായും പരിണമിക്കും.

ദുര്യോധനൻ കർണ്ണനിൽനിന്നു വളരെ വ്യത്യാസപ്പെട്ട മനസ്ഥിതിയുള്ള ആളായിരുന്നു. അങ്ങനെയാണു ഇതിഹാസം വായിച്ചവരൊക്കെ ധരിക്കുന്നതു്. ദുര്യോധനന്നു അധികം ദോഷങ്ങൾ ഉണ്ടായിരുന്നു. ഈർഷ്യയും അസൂയയും ആയിരുന്നു അവ

യിൽ മുഖ്യമായിരുന്നവ. ഈ അസൂയ എന്ന ദോഷം അയാാം ക്കു എങ്ങനെ ഗുണത്തിൽ കലാശിച്ചു എന്നു നോക്കുക. കർണ്ണനോടുള്ള സ്നേഹമോ ബഹുമാനമോ കൊണ്ടുമാത്രമാണു് ദുര്യോധനൻ അയാളുടെ ഭാഗംപിടിച്ചു അംഗരാജാവാക്കിയതെന്നു ഞാൻ വിശ്വസിക്കുന്നില്ല. അതുനിമിത്തം അദ്ദേഹത്തിനു അതിശക്തനായ ഒരു പരമയോഗ്യനെ ആപ്തമിത്രമായി ലഭിച്ചു. ഹാ! എന്തൊരു മിത്രം! ശ്രീകൃഷ്ണനല്ല സ്വന്തം മാതാവുപോലും പറഞ്ഞിട്ടും ഭേദിക്കാത്ത മഹനീയമായ സ്നേഹത്താൽ ബന്ധിക്കപ്പെട്ട ആത്മമിത്രം! ദുര്യോധനനു തൻെറ ഗുണംകൊണ്ടല്ല, ദോഷംകൊണ്ടാണു ഈ മഹാനെ ബന്ധുവായി ലഭിച്ചതു. കർണ്ണൻ ഇല്ലായിരുന്നുവെങ്കിൽ നൂററവരെ നശിപ്പിക്കാൻ, പാണ്ഡവന്മാൎക്കു പതിനെട്ടു ദിവസം പോയിട്ടു എട്ടുദിവസം വേണ്ടിവരുമായിരുന്നുവോ എന്നു സംശയമാണു്.

ഇങ്ങനെ ദോഷം ഗുണമായും, ഗുണം ദോഷമായും മാറിവരാമെന്നുള്ള പരമതത്വം കർണ്ണഭൂഷണത്തിൽ നമ്മൾ കണ്ടുവല്ലൊ. സജ്ജനങ്ങളൊക്കെ ഒരുപോലെ വെറുക്കുന്ന ദുര്യോധനനെ, കർണ്ണൻ ഇത്രമേൽ സ്തുതിക്കുന്നതായി കാവ്യത്തിൽ വിവരിക്കേണ്ടിവന്നതിനെക്കുറിച്ചു് ആരും അന്ധാളിക്കേണ്ടതില്ല. കവി പ്രഭാതത്തെ വൎണ്ണിക്കുന്ന ആദ്യഖണ്ഡിക ഇങ്ങനെ അവസാനിക്കുന്നു:

"വേതനത്തിന്നോരോ രാജന്യസ്തോത്രങ്ങൾ
സാധകം ചെയ്തതാം ജിഹ്വകളേ
ധന്യകളാക്കുന്നു തങ്ങൾക്കു യോജിച്ച
മന്നനെ വാഴ്ത്തുന്ന സൂതവൎയ്യർ."

ഇതു കഥാസാരം അടങ്ങിയ ഒരു അന്യാപദേശമായി കരുതാം. മന്നൻ, ദുര്യോധനനായാൽ സൂതവൎയ്യൻ കർണ്ണനല്ലാതെ മററാരാണു്? മററാൎക്കും ബോധിച്ചില്ലെങ്കിലും, കർണ്ണനു യോജിച്ചവനായിരുന്നതിനാൽ അയാൾ ദുര്യോധനനെ വാഴ്ത്തിയിരിക്കുന്നു. ഇതിന്നുള്ള പല കാരണങ്ങളിൽ ഒന്നു്, 'വേതന'മാണെന്നു്, ദുര്യോധനൻെറ പിണ്ഡോപജീവിയായി തന്നത്താൻ ഏററുപറഞ്ഞിരിക്കുന്ന കർണ്ണനുതന്നെ സമ്മതിക്കാതിരിക്കാൻ നിവൃത്തിയുണ്ടാകയില്ല.

ഈ കാര്യം വായിക്കുന്നതുകൊണ്ടു സിദ്ധിക്കുന്ന മറെറാരു പാഠം പറയാം.

"രാധേയനല്ല നീ, യാതിരഥിയല്ല,
സൂതകുലത്തിൽ ജനിച്ചോനല്ല;
* * *
പാണ്ഡരകീർത്തിയാം നിൻ ജനയിത്രിയീ-
പാണ്ഡവമാതാവാം കുന്തിദേവി.
* * *
ചണ്ഡകരനെന്നും സർവസംഹാരിയാം
ദണ്ഡധരന്നു ജനകനെന്നും
നിർദ്ദയനേവനെ നിന്ദിപ്പൂ ജീവിക-
ളദ്ദിവ്യവിഗ്രഹനാസൂരത്മാ
ഞാനാണീയെൻകണ്ണന്നാനകദുന്ദുഭി,
ന്നൂനമതിരഥൻ നന്ദഗോപൻ."

എന്നു പറഞ്ഞ സൂര്യനോട്,

"സൂതജനാവട്ടെ, സൂരജനാവട്ടെ,
മേദിനീദേവിതൻ അങ്കമാന്നോൻ-
ആന്തരമായിവ രണ്ടിലുമോക്കകിൽ
ഞാൻ 'തര'ഭേദമേ കാണ്മീലല്ലോ."

എന്നു കണ്ണൻ പറഞ്ഞ മറുപടിയിൽ അടങ്ങിയ സ്വാഭിമാനമാണ് ഇതിലെ മറെറാരു പാഠം. അന്നും ജാതിസ്പദ്ധ ഉണ്ടായിരുന്നുവെന്നു വരാം. ശ്രീകൃഷ്ണൻ, "ക്ഷത്താവുതൻ വീട്ടിൽ അത്താഴമുണ്ണാൻ" മടിച്ചിരുന്നില്ലെന്നതുകൊണ്ട് അന്നു ജാതിസ്പദ്ധ ഉണ്ടായിരുന്നില്ല എന്നു വന്നുകൂടാ. സ്പദ്ധയുണ്ടായിരുന്നുവെങ്കിൽ അതിൻെറ പ്രതിഷേധവും അന്നു നടന്നിരിക്കാം. കണ്ണനെ മഹാസഭയിൽവെച്ച് അദ്ദേഹത്തിൻെറ ജാതിയെ അടിസ്ഥാനമാക്കി കൃപാചാര്യർ നിന്ദിച്ചു പറഞ്ഞപ്പോൾ അതിന്നു മറുപടിയായി ദുര്യോധനൻ പറഞ്ഞ 'വൻഗദാസ്ഫാലനം' പോലുള്ള പ്രത്യുത്തരം കേൾക്കുക:

"ധിക്ധിക്കിതെന്തൊരു വാക്കോതി ദേശിക-
നിത്രമേലേറാമോ ജാത്യുന്മാദം?
വ്യക്തിയും ജാതിയും തക്ത്തിലല്ലാതെ,
യിദ്ധനുർവേദത്തിലെങ്ങിരിപ്പൂ?"

സന്ദർഭത്തിന്നനുസരിച്ചാണു് ധനുർവേദത്തെപ്പററിമാത്രം പറഞ്ഞതു്. ജാതിവ്യത്യാസത്തെ നശിപ്പിക്കുന്നതിന്നായി ഒരു ചെറുവിരൽ ഉയർത്താൻപോലും അശേഷം പരിശ്രമിക്കാതിരിക്കുകയും, തരം കൂട്ടുമ്പോഴ് മററുവിധത്തിൽ ജാതിക്കുശുമ്പു പുറപ്പെടുവിക്കുകയും ചെയ്യുമെങ്കിലും തങ്ങളുടെ സ്വന്തം കാവ്യങ്ങളിൽ അസന്ദർഭമായിട്ടുപോലും ജാതിയെ വലിയ ശബ്ദകോലാഹലത്തോടുകൂടി ആക്ഷേപിക്കാറുള്ള ചില കവികഴ് ചെയ്യുംപോലെ, ഈ കവിയും ഈ സന്ദർഭത്തിൽ ധനുർവേദത്തെയും കടന്നുവെച്ചു് സമുദായാചാരങ്ങളിൽ നീണ്ടുകുനിഞ്ഞു് കൈകടത്തിയിരുന്നുവെങ്കിൽ, അതു തന്റെ കാവ്യകലയ്ക്കു വസൂരിക്കലയായി പരിണമിക്കുമായിരുന്നു. കാവ്യഗുണങ്ങഴ് എന്താണെന്നും അവയെ എങ്ങിനെ സാധിക്കുന്നുവെന്നും ആദ്യം ഉദാഹരണസഹിതം പഠിച്ചും പിന്നെ പരിചയിച്ചറിഞ്ഞും, വാസനയെ ഉദ്ദീപിപ്പിച്ചു് പോഷിപ്പിച്ചുകൊണ്ടുവന്ന ഒരു കവിക്കു മാത്രമേ, അത്തരം മുഴകഴ് ഇല്ലാതെ തന്റെ കാവ്യങ്ങളെ സർവാംഗസുന്ദരമാക്കുവാൻ സാധിക്കയുള്ളു. ഒരു സാധാരണ കവിയാണെങ്കിൽ ഇവിടെ ജാതിസ്പർദ്ധകൊണ്ടുള്ള ദോഷങ്ങളെ വർണ്ണിച്ചു, 'ചുകന്നതാടി'യുടെ ചൊല്ലിയാട്ടംപോലെ തന്റെ ഗ്രന്ഥരംഗത്തെ ഇടിപൊടിതകരമാക്കി കേരളീയരായ വായനക്കാരുടെ കണ്ണിലും മൂക്കിലും പൊടിപടലം നിറയ്ക്കുമായിരുന്നു.

എന്നാൽ ജനനം എന്തായാലും ജാതി എന്തായാലും നല്ലവർ, നല്ലവരായേ ഇരിക്കൂ എന്നു സുയോധനനെക്കൊണ്ടു കവി പറയിച്ചിരിക്കുന്നു.

വല്ലതും ഒരു ദോഷമില്ലാതെ സാധനമില്ല, മനുഷ്യനില്ല. പക്ഷെ, യഥാർത്ഥ ഗുണജ്ഞന്മാർ ദോഷത്തെപ്പററി ചിന്തിക്കയില്ല. താമരയുടെ ജനനം ചെളിയിൽ നിന്നാണു്. അതിന്റെ ജന്മഹേതുവായ കന്ദം ചെളിയിൽതന്നെ കിടക്കുന്നു. എങ്കിലും,

"കോമളത്താമരപ്പൂമധുവുണ്ടീടു-
മാമധുരപ്രിയമായഭൃംഗം
സ്വല്പവും കന്ദത്തിൽപററിനപങ്കത്തെ
സ്വപ്നത്തിൽപോലുമൊന്നോർപ്പീലല്ലോ."

നെപ്പോളിയൻ എന്ന മഹാരാജാവിനു കുലമഹാത്മ്യം പോരെന്നും അദ്ദേഹത്തിനു യോഗ്യന്മാരായ പൂർവ്വികന്മാർ ആരും ഉണ്ടായിരുന്നില്ലെന്നും ചിലർ ആക്ഷേപിച്ചപ്പോൾ അദ്ദേഹം പറഞ്ഞമറുപടി "എന്റെ കുലത്തിന്റെ സ്ഥാപകനാണുഞാൻ. മററു വല്ലവരും സ്ഥാപിച്ചു ശ്രേയസ്സു സമ്പാദിച്ചുവച്ച തറവാട്ടിൽ ജനിച്ചുവെന്നു മാത്രമുള്ള കീർത്തി എനിക്കാവശ്യമില്ല", എന്നായിരുന്നു. കർണ്ണനെപ്പററി ദുര്യോധനനും അങ്ങിനെ പറയുന്നു.

"ബാഹുജവംശങ്ങൾ പണ്ടേതാരോവീരർതൻ
ബാഹുക്കൾ നട്ടുതഴച്ചതല്ലീ?
നൂനമെൻകർണ്ണനുമബ്ബാഹുവുമുണ്ടതങ്ങേ-
യ്ക്കാനയെക്കാണ്മാനും വെള്ളെഴുത്തോ?"

ഒരാളുടെ ബുദ്ധിയേയും, ജ്ഞാനത്തേയും, സദാചാരനിഷ്ഠയേയും, വീരകൃത്യങ്ങളേയും കേവലം അഗണ്യമാക്കി അയാൾക്കു പത്തുമാസം ശയനം ഉണ്ടായ ജനനീജഠരത്തെ മാത്രം അടിസ്ഥാനമാക്കി, മനുഷ്യനെ, മനുഷ്യൻ പഴിക്കുകയും കീഴായി വിചാരിക്കുകയും ചെയ്യുന്ന ആചാരത്താൽ പീഡിതരായവർ, ധീരനായ ദുര്യോധനന്റെ താഴെപ്പറയുന്ന വാക്കുകൾ ഓർമ്മിച്ചുകൊള്ളട്ടെ.

"കല്ലുരവെട്ടാലും, മെയ്മുറിഞ്ഞാലും തീ-
ക്കുള്ളിൽപോയ് വീണാലും, തല്ലേററാലും,
തന്നൊളി മേൽക്കുമേൽ വീശുന്ന കാഞ്ചന-
മന്നല്ലാക്കാകല്ലമായേ പററൂ."

# ആശാൻ

—മഹാകവി ഉള്ളൂർ.

—1108 മകരം 15-ാം തീയതി മ്യൂസിയം
ലൈബ്രറിയിൽ സ്ഥാപിച്ച ആശാന്റെ
ഛായാപടം അനാച്ഛാദനം ചെയ്ത
വേളയിൽ മഹാകവി ഉള്ളൂർ
ചെയ്ത അദ്ധ്യക്ഷ പ്രസംഗം.

'കുമാരനാശാൻ' എന്ന പാവനമായ പഞ്ചാക്ഷരി കേരളത്തിൽ അക്ഷരജ്ഞാനമുള്ള ഒരൊററ അംഗമെങ്കിലും അടങ്ങിയ ഓരോ ഗൃഹത്തിലും സുവിദിതമാണു്. ഈ അസാധാരണമായ—അഭൗമമായ—വശീകരണശക്തി ആ നാമധേയത്തിന്നുണ്ടാകുന്നതിനുള്ള ഹേതുക്കളെപ്പററി അല്പമൊന്നു് ഈ സന്ദർഭത്തിൽ വിചിന്തനം ചെയ്യുന്നതു് അസ്ഥാനത്തിലായിരിക്കുമെന്നു തോന്നുന്നില്ല. ആ മഹാകവിയുടെ കവിതകൾക്കുള്ള അനിതരസാമാന്യമായ ആസ്വാദ്യത തന്നെയാണു് അതിന്റെ പരമരഹസ്യം എന്നുള്ളതു് ആക്കും അറിയാവുന്നതാണു്. അതോടുകൂടി അദ്ദേഹത്തിന്റെ ജീവിതവും അതുപോലെതന്നെ ആലോചനാമൃതമായ ഒരു കാവ്യമായിരുന്നു. വിശേഷാപകാരകമായ ആ ജീവിതത്തേയോ, വിശദാനന്ദദമായ ആ കവിതാപരമ്പരയെയോ അധികരിച്ചു വിസ്തരിച്ചുള്ള ഒരു ഉപന്യാസത്തിന്നു് പ്രസ്തുത സ്ഥലകാലങ്ങൾ അനുകൂലങ്ങളല്ലെങ്കിലും ഏതാനും ചില വാക്കുകൾ എങ്കിലും തദ്വിഷയകമായി പ്രസ്താവിക്കാതിരുന്നാൽ അതു് അക്ഷന്തവ്യമായ ഒരു കൃത്യവിലോപമായി പരിണമിക്കുമെന്നു് എനിക്കു നല്ലതുപോലെ അറിയാം.

കേരളത്തിലെ മഹാകവികളുടെ ഗണനാപ്രസംഗത്തിൽ അതിമഹനീയമായ ഒരു സ്ഥാനത്തെയാകുന്നു കുമാരനാശാൻ അധിരോഹണം ചെയ്യുന്നതു് എന്നുള്ള വസ്തുത വാദവിഷയമേയല്ല. ഓരോ ദിവസം പോകുംതോറും അദ്ദേഹത്തെപ്പററി കേരളീയക്കുള്ള മതിപ്പു് ഒന്നിനൊന്നുഏററിവരുന്നതേയുള്ളൂ. പ്രാചീനകാലം—കൃഷ്ണഗാഥാ കത്താവിന്റെ കാലം—മുതൽക്കു നാളതുവരെ ജീവി

ച്ചിരുന്ന അനുഗ്രഹീതന്മാരായ ആറോ ഏഴോ കവിസാമ്രാട്ടുക ളുടെ കൂട്ടത്തിൽ ആശാനും സ്വായത്തമായ ഒരു സിംഹാസനം അപ്രതിഷേധ്യമ യുണ്ട്.

കുമാരനാശാൻെറ ജനനം 1046-ാമാണ്ടു മേടമാസത്തി ല ണെന്നു തോന്നുന്നു. ഏകദേശം പതിനാറു വയസ്സുവരെ ഗണ നീയമായ വിദ്യ ഭ്യാസത്തിന് അനുകൂലമായ ഒരു പരിത:സ്ഥി തി അദ്ദേഹത്തിനു ലഭിച്ചിരുന്നില്ല അപ്പോഴാണ് കേരളത്തെ ആധുനിക കാലത്തു തങ്ങളുടെ സാന്നിദ്ധ്യത്താൽ അത്യന്തം ധ ന്യമാക്കിത്തീർത്തിട്ടുള്ള മഹാ പുരുഷന്മാരിൽ അഗ്രഗണ്യനായ ശ്രീമാൻ നാരായണഗുരുസ്വാമിയുടെ അന്തേവാസിത്വത്തിനും സാഹചര്യത്തിനുമുള്ള ഒരു യോഗം ആശാനു സിദ്ധിച്ചതു്. പാ വനമായ പരമാചാര്യൻെറ ആരാധനയും അനുഗ്രഹവും ഭക്തി നമ്രനായ ശിഷ്യൻെറ പുരോഗമനത്തെ ഏതുവിധത്തിൽ ത്വരി പ്പിക്കുമെന്നുള്ളതിന് ഒരു പ്രത്യക്ഷമായ നിദർശനമാകുന്നു ആശാൻ. സ്വദേശത്തും സ്വാമിസന്നിധിയിലും വച്ചു താൻ അ പ്പോഴപ്പോഴായി സമ്പാദിച്ച സംസ്കൃതജ്ഞാനം സമ്പൂർണ്ണമാക്കു ന്നതിന് അദ്ദേഹം അചിരേണ ബാംഗ്ളൂർ, മദിരാശി, കൽ ക്കത്താ എന്നീപട്ടണങ്ങളിൽപോയി പ്രശസ്ത പണ്ഡിതന്മാരുടെ ഛാത്രനായി തർക്കാദി ശാസ്ത്രങ്ങൾ അഭ്യസിക്കുകയും അഞ്ചു വർ ഷത്തെ ഉപരിപഠനംകൊണ്ടു തൻെറ ആകാംക്ഷ സാധിച്ച് 1076 ലൊ മററോ ഒരു തികഞ്ഞ പണ്ഡിതനായി-തെളിഞ്ഞ വാഗ്മിയായി-തിരുവിതാംകൂറിൽ മടങ്ങി എത്തുകയും ചെയ്തു. ഈ ചുരുങ്ങിയ കാലഘട്ടത്തിനിടയിലുണ്ടായ വിദ്യാഭ്യാസം ആ ശാനെ ആളറിയാത്ത നിലയിൽ അത്രമാത്രം രൂപഭേദപ്പെടുത്തി ഒരു വിശിഷ്ടനായ വിദ്യാസമ്പന്നനാക്കിത്തീർത്തു.

"കവിത്വം ജായതേ ശക്ത്യാ;
വർദ്ധതേഭ്യാസ യോഗതഃ
അസ്യ ചാരുത്വ നിഷ്പത്തൗ
വ്യുല്പത്തിസ്തു ഗരീയസി."

എന്നുള്ള ആലങ്കാരികവചനം എത്രയോ അർത്ഥവത്താണ്. പ്രതിഭയില്ലാത്തവനു് കവിത്വം ഉണ്ടാകയില്ല. നിരന്തരമായ അഭ്യാസമുണ്ടെങ്കിൽ ആ കവിത്വം അഭിവൃദ്ധിയെ പ്രാപിക്കും; പക്ഷേ വ്യുൽപത്തിയില്ലെങ്കിൽ അതിന് ഒരിയ്ക്കലും മനോഹരത

—സഹൃദയന്മാരെ ആനന്ദതുന്ദിലന്മാരാക്കുന്നതിനുള്ള ആത്മ വീര്യം—ഉണ്ടാകുന്നതല്ല. ആശാനു ദുർല്ലഭമായ പ്രതിഭ ജന്മ സിദ്ധവും നിഷ്കൃഷ്ടമായ അഭ്യാസം ബാല്യം മുതൽക്കുതന്നെ സഹചാരിയുമായിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ കൽക്ക ത്തായിൽ നിന്നുള്ള തിരിയെ വരവിനു മുൻപും പിൻപുമുള്ള കൃതികൾ പരിശോധിച്ചാൽ ഭാവുകന്മാർക്ക് അദ്ദേഹം ഉല്പത്തി നിമിത്തം കവനകലയിൽ നേടിയ മേന്മയെന്തെന്നു സ്പഷ്ട മായി കാണാവുന്നതാണ്. അക്കാലത്തെ ഒരു സംഭവം എനിക്കു ഇപ്പോഴും ഓർമ്മയിൽ വരുന്നുണ്ടു്. കുമാരനാശാൻ തിരുവനന്ത പുരത്തു തിരിയെ എത്തിയ അവസരത്തിൽ പണ്ഡിത മൂർദ്ധന്യ നായ (പിന്നീടു് മഹാമഹോപാദ്ധ്യായൻ) ഗണപതിശാസ്ത്രി കളെ സന്ദർശിക്കുവാൻ പോകയും അദ്ദേഹത്തോടു് അനർഗ്ഗള മായി, അതിഗംഭീരമായി, സംസ്കൃത ഭാഷയിൽ ഗദ്യത്തിലും പദ്യത്തിലും സംഭാഷണം ചെയ്യുകയും, മഹാവിദ്വാനെങ്കിലും സംസ്കൃതത്തിൽ സംസാരിക്കുവാൻ വൈദഗ്ദ്ധ്യം കുറഞ്ഞി രുന്ന ശാസ്ത്രികൾ അതുകണ്ടു ഏററവും ആശ്ചര്യപ്പെടുകയും ചെയ്തു. അതു കഴിഞ്ഞ ഉടൻ ശാസ്ത്രികൾ എന്നെ കണ്ട അവസരത്തിൽ 'ഇതെന്ന അത്യത്ഭുതം, ഒരീഴവനാം! അവിച്ഛി ന്ന ധാരയായി സംസ്കൃതം പേശുകിറാൻ! കുമാരനാം! പരി നിഷ്ഠിതമാന ശാസ്ത്രജ്ഞാനവു മിരുക്കിറതു്'' എന്നു പറയുകയും ''സരസ്വതീപവിത്രാണാം ജാതിസ്തത്ര ന വിദ്യതേ'' എന്ന എന്റെ പ്രത്യുക്തിക്കു ''അതു ശരിതാൻ'' എന്നു സമ്മതിക്കുക യും ചെയ്തു. അക്കാലത്തു് ആശാൻ സംസ്കൃതത്തിൽ അനേകം സരസങ്ങളായ പദ്യങ്ങൾ എഴുതിക്കൊണ്ടിരുന്നു എന്നു ഈ ഘട്ടത്തിൽ നാം പ്രത്യേകം ഓർക്കേണ്ടതായുണ്ടു്.

ആശാനു വീണ്ടും ശ്രീമദ് ഗുരുസ്വാമികളുടെ അന്തേവാസി ത്വം സിദ്ധിച്ചു. 1078-ൽ ശ്രീനാരായണ ധർമ്മപരിപാലന യോഗത്തിന്റെ സ്ഥാപനസംബന്ധിച്ചുള്ള കാര്യങ്ങളിൽ അദ്ദേ ഹം ഏർപ്പെട്ടു ആ യോഗത്തിന്റെ കാര്യദർശിയായി 1083-വ രെ കാവ്യാധ്വസഞ്ചാരം മിക്കവാറും നിറുത്തിവെച്ചു് സമുദായ സേവകനായി യോഗത്തിന്റെ സുരക്ഷിതമായ സംഘടനത്തിനും സുസ്ഥിരമായ അഭ്യുദയത്തിനുംവേണ്ടി അഹോരാത്രം പ്രവൃത്തി ചെയ്തു അതുവരേയ്ക്കു അദ്ദേഹത്തിന്റെ പ്രധാന കൃതികൾ സുബ്രഹ്മണ്യശതകം, ശാങ്കരശതകം, പ്രബോധ ചന്ദ്രോദയം

നാടകത്തിൻെറ പരിഭാഷ, മേഘസന്ദേശത്തിൻെറ പരിഭാഷ ഇവമാത്രമാകുന്നു. അനന്തരകാലങ്ങളിൽ ആശാൻെറ കൃതികളെപ്പററി കേട്ടിട്ടുള്ള ഒരാക്ഷേപം—ഒരൊററയാക്ഷേപം—ശബ്ദശുദ്ധിയിലുള്ള അനവധാനതയാണ്. ഈ അപവാദം ആ കാവ്യദോഷത്തിൻെറ വിപുലമായ അർത്ഥത്തിൽ കേവലം അസത്യമാണ്. ആശാൻ, തൻെറ കാവ്യങ്ങളെ അലങ്കരിക്കുന്ന ശബ്ദങ്ങൾ—സംസ്കൃതവും ഭാഷയും ഒന്നുപോലെ സമുചിതങ്ങളും മനോഹരങ്ങളും ഭാവഗർഭങ്ങളുമാകുന്നു. അദ്ദേഹത്തിൻെറ 'നളിനി' മുതലായ ചില കാവ്യങ്ങൾ അപഗ്രഥിച്ചു നോക്കിയാൽ അവിടവിടെയായി ശയ്യയിൽ, അതായതു് പദങ്ങളുടെ പരസ്പരമുള്ള പരമമായ സ്സംഗ്ഘടതയിൽ അല്പം ഒരു വൈകല്യമുള്ളതായി ദോഷദൃക്കുകൾക്കു കാണാം. അതിനു ധ്വന്യധ്വനീനനും ഭാവഗംഭീരനും അർത്ഥകുബേരനുമായ മഹാകവി അശക്തിമൂലമല്ല—ആ തുച്ഛമായ ബാഹ്യാവരണത്തിലുള്ള അവജ്ഞ നിമിത്തമാണ്—വിധേയനായിത്തീൎന്നതെന്നുള്ളതിനു ഭാഷാമേഘസന്ദേശത്തിൽനിന്നു ഞാൻ താഴെ ഉദ്ധരിക്കുന്ന ശയ്യാമനോഹരങ്ങളായിരിക്കുന്ന രണ്ടു പദ്യങ്ങൾ അഹമഹമിഹയാ സാക്ഷ്യം വഹിക്കുന്നതാണ്.

"കാണപ്പെട്ടുള്ള കൃത്യസ്ഖലന മതിനൊരാ-
ണ്ടാൻ കാന്താവിയോഗം
ക്ഷീണ ശ്രീയാകുമാറാദ്ധനദനുടെ കട്ടം-
ശിക്ഷയാൽ ദക്ഷനേകൻ
വാണാൻ വൈദേഹി നീരാടിയ മഹിമയെഴും
വാരിയും ഭൂരിവൃക്ഷ-
ശ്രേണിച്ഛായാഭിരാമാംഗണനിരയുമെഴും
രാമാഗിര്യാശ്രമത്തിൽ"

*　　　*　　　*

"പൊട്ടിപ്പൂന്തൊങ്ങലെല്ലാം പകുതിവരെ വിട-
ൎന്നുള്ള നീലക്കടമ്പും
മൊട്ടിട്ടപ്പോൾ വിടൎന്നുള്ളിളയ കദളിയും
മേഞ്ഞുകച്ഛങ്ങൾതോറും

ചുട്ടിട്ടുള്ളോരുകാട്ടിൽച്ചുഴലെമണമെഴും
ഭ്രമകൻറംവരുന്നാ-
കുട്ടിസ്സാരാംഗവൃന്ദം തവജലകണമേ-
റവുള്ളമാർഗ്ഗംകുറിക്കും''

ശ്രീമാൻ കരുവാ ഏറത്തു കൃഷ്ണനാശാൻ എന്ന ഈഴവ നേതാവ്, വൈദ്യൻ, സാഹിതീബന്ധു, പ്രസംഗകത്താവ് എന്നീ നിലകളിൽ നിങ്ങളിൽ പലക്കും സുപരിചിതനാണ്. 1071-ാമാണ്ട് ഞാൻ ബി. എ. പാസായപ്പോൾ, കൃഷ്ണനാശാൻ, അദ്ദേഹത്തിൻെറ ഉടമസ്ഥതയിൽ കൊല്ലത്തു നടത്തുവാനുദ്ദേശിച്ചിരുന്ന 'വിദ്യാവിലാസിനി' മാസികാ പത്രത്തിനു ഞാൻ അധിപരായിരിക്കണമെന്നും ഇരുപത്തിഅഞ്ചുറുപ്പികയോ മറേറാ മാസം തോറും ശമ്പളംതരാമെന്നും എനിക്കു ഒരെഴുത്തയയ്ക്കുകയുണ്ടായി. അന്ന് അതൊരു വലിയ ശമ്പളമായിരുന്നു. വേറെ പ്രതിബന്ധങ്ങളില്ലായിരുന്നെങ്കിൽ മാസിക നടത്തുവാൻ ഞാൻ കൊല്ലത്തേയ്ക്കു പോകുകയും ചെയ്യുമായിരുന്നു. അതിനു സാധിച്ചില്ലെങ്കിലും ഞാൻ തിരുവനന്തപുരത്ത് ഇരുന്നുകൊണ്ട് കൃഷ്ണനാശാനു ലേഖന സഹായം ചെയ്തുകൊണ്ടിരുന്നു. ആ മാസികയിലാണ് വംഗദേശീയൻ എന്ന പേരിൽ കുമാരനാശാൻ കുറേക്കാലം കഴിഞ്ഞു ഭാഷാമേഘസന്ദേശം പ്രസിദ്ധപ്പെടുത്തിയതു്. പിന്നീട് കുമാരു ആശാനെന്നും, കെ. ആശാനെന്നും, കുമാരനാശാനെന്നും ആ പേർ ഓരോ ലക്കത്തിലായി മാറിക്കണ്ടപ്പോൾ വായനക്കാക്ക് ആ കാവ്യത്തിൻെറ പ്രണേതാവ് ആരെന്നറിയാനിടവരുകയും അദ്ദേഹത്തെപ്പററിയുള്ള ബഹുമാനം വദ്ധിക്കുകയും ചെയ്തു. ഈയിടയ്ക്കാണു പ്രസിദ്ധപ്പെടുത്തിയതെങ്കിലും ഭാഷാപ്രബോധചന്ദ്രോദയവും ഞാൻ മുമ്പു സൂചിപ്പിച്ചതുപോലെ അക്കാലത്ത് ആശാൻ രചിച്ച ഒരു കൃതിതന്നെയായിരുന്നു. കൃഷ്ണമിശ്രകവീശ്വരൻെറ മഹാ ഗംഭീരമായ ആ നാടകം ഈ നിലയ്ക്ക് തജ്ജിമചെയ്ത ആശാൻെറ വ്യവസായം ആക്കും അഭിനന്ദനീയമായല്ലാതെ പ്രതിഭാസിക്കുന്നതല്ല. അന്നത്തെ പരിതഃസ്ഥിതിയ്ക്ക് അനുഗുണമായി അന്നത്തെ യുവകവികൾ ജീവിച്ചു.

"ഏറെത്തെളിഞ്ഞെളുതിലേകണമിന്നെനിക്കു
ക്രൂറൊത്തുകൊണ്ടു കുശലങ്ങൾ കുശേശയാക്ഷൻ."

ഇത്യാദി, ആലോചനാമൃതങ്ങളല്ലെങ്കിലും ആപാദ മധുരങ്ങളായ ഭാഷാപദ്യങ്ങൾ ധാരാളമായി വാരി വർഷിച്ചുകൊണ്ടിരുന്ന

വെൺമണി മഹൻ നമ്പൂതിരിപ്പാടായിരുന്നു കവിലോകത്തിനു അക്കാലത്തെ മാർഗ്ഗദർശി. ആശാൻെറ ഗതിയും കുറേക്കാലത്തേക്ക് ആ മാർഗ്ഗത്തിലൂടെ തന്നെയായിരുന്നു.

1084-ലോ മറേറാ ആയിരുന്നു കുമാരനാശാൻെറ 'വീണപൂവ്" എന്ന ഖണ്ഡകൃതി മിതവാദിയിൽ പ്രസിദ്ധപ്പെടുത്തിയതു്. ആശാനു്, അതിനു മുമ്പുതന്നെ സ്വപ്രയത്നത്താൽ ഇംഗ്ലീഷുഭാഷ സ്വാധീനമാവുകയും ആ ഭാഷയിലെ കാവ്യതല്ലജങ്ങളുമായി പരിപൂർണ്ണമായ പരിചയം സിദ്ധിക്കുകയും ചെയ്തിരുന്നു. സ്വാമികളുടെ അന്തേവാസിത്വം, വംഗദേശത്തിലെ വാസം, ആംഗലസാഹിത്യത്തോടുള്ള അഭിനിവേശം, സർവ്വോപരി സ്വാതന്ത്ര്യത്തിലുള്ള ആസക്തി ഇവയുടെ ഏകോപിച്ചുള്ള പ്രേരകശക്തിയുടെ ഫലമാണു് "വീണപൂവ്". അതു് എല്ലാവിധത്തിലും ഭാഷാസാഹിത്യത്തിൽ ഒരു പുതിയ പ്രസ്ഥാനത്തിൻെറ അരുണോദയമായിത്തന്നെ സഹൃദയന്മാർ ഗണിച്ചു.

"ഹാ! പുഷ്പമേ! അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ! നീ"

എന്ന പദ്യത്തിൽ പുഷ്പത്തിനു് ഒരു രാജ്ഞിയേ ഉപമാനമാക്കിയതുതന്നെ ആശാൻെറ സ്വതന്ത്രശൈലിക്കു ഒരു ഉദാഹരണമാണു്. പ്രാചീനമായ കവിസങ്കേതം ഇതിനനുവദിക്കുന്നില്ല. പുഷ്പത്തിൻെറ പര്യായങ്ങളെല്ലാം—'സ്ത്രീയാം സുമനസഃ' എന്ന പദ്യത്ഥത്തിൽ പഠിക്കുന്ന സ്ത്രീലിംഗവും 'വികല്പേനനിത്യ ബഹുവചനവുമായ 'സുമനസ്സ്" എന്ന പദമൊഴികെ—നപുംസകലിംഗങ്ങളാണല്ലോ. ആശാൻ ആ സങ്കേതശൃംഖലയെ പൊട്ടിച്ചെറിയുകയാണു് ഇവിടെ ചെയ്തതു്. ഇതിൽ അദ്ദേഹത്തിനു സഹായി ആംഗലസാഹിത്യവുമാണു്. ഇത്തരത്തിൽ പൂർവസങ്കേതങ്ങളെ ഉല്ലംഘിച്ചു ബിൽഹണകവി പറയുന്നതുപോലെ

'അത്യുന്നതിസ്ഫോടിതകഞ്ചുകാനി
രമ്യാണികാന്താകുചമണ്ഡലാനി'

എന്ന നിലയിൽ പ്രവൃദ്ധമായി രസസ്ഫൂത്തിയോടുകൂടി വ്യംഗ്യ മാർഗ്ഗത്തിൽ സൈ്വരസഞ്ചാരം തുടങ്ങിയ ആശാൻെറ കവിത ആരെയും അപഹൃതചിത്തവൃത്തികളാക്കിത്തീർത്തതിൽ ആശ്ചര്യമില്ല. ആശാനു സമുദായസംബന്ധമായി പല പണികളും നോക്കേണ്ടിയിരുന്നതുകൊണ്ടു് അദ്ദേഹത്തിൻെറ നൂതന പ്രസ്ഥാനത്തിലുള്ള ആദ്യത്തെ സമഗ്രകാവ്യമായ 'നളിനി' 1087-ാമാ

ണ്ടു മാത്രമേ പ്രസിദ്ധപ്പെടുത്തുവാൻ സാധിച്ചുള്ളു. അപ്പോഴ ത്തേക്കു അദ്ദേഹം ഒരു ഉൽക്കൃഷ്ടനായ പ്രകൃതിനിരീക്ഷകനും ഉത്തമനായ തത്വചിന്തകനുമായി കഴിഞ്ഞിരുന്നു. വയസ്സു 41 ആയി. 'നളിനി'യുടെ കെട്ടും മട്ടും ആദ്യന്തം പുതിയ രീതിയി ലായിരുന്നു. വിഷയം, പ്രതിപാദനം ഇവയെല്ലാം വിജാതീയ മായ—എന്നാൽ വിശേഷാത്തരമായ—ഒരു ലക്ഷ്യത്തെയാണു് അഭിമുഖീകരിച്ചുകാണപ്പെട്ടതു്. തന്നിമിത്തം അതു പണ്ഡിത മൂർദ്ധന്യനായ പ്രൊ: ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാ ന്റെ സശിര:കമ്പമായ ശ്ലാഘയ്ക്കു പാത്രീഭവിക്കുകയും അന്നു മുതൽ ആശാൻ—നളിനീ ദിവാകരന്മാരെ സൃഷ്ടിച്ച ആ അസാ ധാരണ കാവ്യവേധസ്സ്—'മഹാകവി'എന്ന സഹൃദയദത്തമായ ബിരുദത്താൽ അലംകൃതനാകയുംചെയ്തു. കാവ്യവിമർശകന്മാർ പ്രായേണ അരോചകികളാണു്.

"അചുംബിതാല്ലേഖപഥപ്രവൃത്താ-
നസമ്പ്രദായേന കവീൻ ക്ഷിപന്തി;
പഥാപ്രവൃത്താൻ പ്രപിതേന മൂർഖാ:
പശ്യന്ത്യപജ്ഞാമുകുളീകൃതാക്ഷാ:"

എന്ന പദ്യത്തിൽ മഹാകവി നീലകണ്ഠദീക്ഷിതർ ഇവരുടെ ഈ വൈലക്ഷണ്യത്തെ അനുക്രോശത്തോടുകൂടി സ്മരിക്കുന്നുണ്ടു്. പുതിയ ഉല്ലേഖങ്ങൾ കണ്ടുപിടിച്ചു കവി ആ വഴിക്കു സഞ്ചരി ച്ചാൽ ഇവർ അതു പൂർവ്വസങ്കേതത്തിനു വിപരീതമാണെന്നു ആക്ഷേപിക്കും. എന്നാൽ പൂർവ്വന്മാരുടെ കാലടിപ്പാടുകളെത്ത ന്നെ പിന്തുടരാമെന്നു വെച്ചാലോ? അങ്ങിനെ ചെയ്യുന്ന കവിയെ 'ഇതിലെന്തുണ്ടു്' എന്നു പറഞ്ഞുകൊണ്ടു് അവജ്ഞയാൽ അട യ്ക്കപ്പെട്ട കണ്ണുകളോടുകൂടി നോക്കുകയുംചെയ്യും. ഇങ്ങനെയാണു് ഈ മൂർഖന്മാരുടെ വിമർശന വ്യാപാരം എന്നാകുന്നു അദ്ദേഹ ത്തിന്റെ വിമർശകോപാലംഭം. ഈ തരത്തിലുള്ള കൂട്ടരേയും രസിപ്പിക്കണമെന്നുള്ള ഉദ്ദേശ്യമാണു് ആശാനു സാമാന്യമായു ണ്ടായിരുന്നതു്. എങ്കിലും അചുംബിതോല്ലേഖപഥത്തിൽ പര്യ ടനം ചെയ്യുന്നതിനായിരുന്നു അദ്ദേഹത്തിനു് അധികം ഔൽസു ക്യം; അതുതന്നെയാണു സമീചീനവും.

ആശാന്റെ അടുത്തകാവ്യമായ 'ലീല' 1089—ലോ മറേറാ ആണു് പ്രസിദ്ധപ്പെടുത്തിയതു്. ചില വിമർശകന്മാർ 'ലീല' യെ 'നളിനി'യേപ്പോലെ അഭിനന്ദിക്കാറില്ല. അതു് ഈ ഗ്രന്ഥ

ങ്ങൾ രണ്ടും ശരിയായി വായിക്കാത്തതുകൊണ്ടെന്നാണ് എനിക്കു തോന്നീട്ടുള്ളത്. 'നളിനി' ആശാൻെറ ആദ്യത്തെ കാവ്യമായതുകൊണ്ട് അതിനു ധാരാളം നിരൂപണങ്ങൾ ഉണ്ടായി. അത്രതന്നെ നിരൂപണങ്ങളാൽ ആവൃതമാകുന്നതിനുള്ള ഭാഗ്യം ലീലയ്ക്കു സിദ്ധിച്ചില്ല. ലീല നിഷ്കൃഷ്ടമായി വായിച്ചാൽ അതു നളിനിയേക്കാൾ അശേഷം താഴെയല്ലെന്നും, ചില ഘട്ടങ്ങളിൽ മുകളിലാണെന്നും സഹൃദയന്മാർക്കു കാണാൻ കഴിയുന്നതാണ്. ഞാൻ ധരിച്ചിടത്തോളം ഇതുതന്നെയായിരുന്നു ആശാൻെറയും അഭിപ്രായം. പിന്നെ കുറേക്കാലത്തേക്ക് ആശാൻ ബാലരാമായണം, ബുദ്ധചരിതത്തിൻെറ ആദികാണ്ഡങ്ങൾ ഇവ രചിക്കുന്നതിനായി സമുദായസേവകഴിഞ്ഞാൽ ലഭിക്കുന്ന വിശ്രമാവസരം വിനിയോഗിച്ചുവന്നു. സമുദായസംബന്ധമായുള്ള പ്രവൃത്തികളിൽ ഏർപ്പെട്ടപ്പോൾ തൻെറ വിപുലവും സ്വാശ്രയസുഭഗവുമായ സമുദായം ആചാരശൃംഖലകളാൽ ബദ്ധമായി തദ്വാരാ അനുഭവിക്കുന്ന അവശതകൾ അദ്ദേഹത്തിനു പൂർവ്വാധികം ബോദ്ധ്യമായി. അതിൻെറ ലക്ഷ്യങ്ങൾ ലീലയിൽ തന്നെ അവിടവിടെയായി കാണ്മാനുണ്ട്. സ്വയംവരവും വിധവാ വിവാഹവും പ്രതിരോധിക്കപ്പെട്ടിരുന്ന വൈശ്യസമുദായത്തിലെ ഒരംഗമാണല്ലോ ലീല. "അഭിജന സങ്കടദേശചര്യ്യ" "ഗുരുജനഭയപഞ്ജരസ്ഥ" എന്നും മററും ചിലപ്രയോഗങ്ങൾ ആ കാവ്യത്തിൽ ആഗാമിയായ കവിയുടെ ജാതിചിന്തയുടെ മുന്നോടികളെന്നപോലെ കടന്നു വരുന്നുണ്ട്. മൂന്നാമത്തെ കാവ്യമായ 'പ്രരോദനം' പ്രൊഫസ്സർ രാജരാജവർമ്മകോയിത്തമ്പുരാൻെറ അകാലനിര്യ്യാണത്തെ ആസ്പദമാക്കി രചിച്ചിട്ടുള്ള അതിപ്രൗഢമായ ഒരു വിലാപ കൃതിയാകുന്നു. നാലാമത്തെ കൃതിയായ 'ചിന്താവിഷ്ടയായ സീത'യിലെ പ്രതിപാദ്യവസ്തു പ്രഖ്യാതമാണെങ്കിലും അതിലും ആശാൻ അനന്യതന്ത്രമായ ഒരു പ്രതിപാദന സമ്പ്രദായത്തെയാണ് അംഗീകരിച്ചുകാണുന്നത്. 1093-ാമാണ്ടിൽ ആശാൻ വിവാഹ ബന്ധത്തിലേർപ്പെട്ടു. 1097-ൽ വെയിത്സിലെ രാജകുമാരൻ ഇന്ത്യ സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തിൻെറ തൃക്കയ്യിൽനിന്നും 'പട്ടും വളയും' വാങ്ങാനുള്ള ഭാഗ്യവും ആശാനുണ്ടായി. ആശാനെ ഈ ദാനത്തിനു പാത്രമാക്കുന്ന വിഷയത്തിൽ എനിക്കും ഒരെളിയ കൈകാര്യകർതൃത്വം

ഉണ്ടായിരുന്നു എന്നുള്ള വസ്തുത പരക്കെ അറിവുള്ളതും അതു് ഞാൻ ഇന്നും അഭിമാനപൂർവ്വം സ്മരിക്കുന്നതും ആകുന്നു.

അതുകഴിഞ്ഞു ആശാൻ 1098–ൽ 'ദുരവസ്ഥയും' 'ചണ്ഡാലഭിക്ഷുകി'യും 1099–ൽ, ദേഹവിയോഗത്തിനു സ്വല്പം മുമ്പു മാത്രം 'കരുണ'യും എഴുതിത്തീർത്തു. 'ദുരവസ്ഥ' സാഹിത്യലോകത്തിൽ വളരെക്കാലം ഒച്ചപ്പാടുണ്ടാക്കിക്കൊണ്ടിരുന്ന ഒരു കൃതിയും ഇന്നും അതിൻെറ മാറെറാലിമുഴുവൻ ശമിച്ചിട്ടില്ലെന്നു വിചാരിക്കേണ്ടതുമാകുന്നു. മുഹമ്മദീയ സമുദായത്തെ, മാപ്പിളലഹളയെ നിമിത്തമാക്കിവച്ചുകൊണ്ടു് അധിക്ഷേപിക്കുകയാണു് അദ്ദേഹം ഈ കാവ്യത്തിൽചെയ്തതു് എന്നത്രേ ആദ്യത്തെ ദുഷ് പ്രവാദം. വാസ്തവം നോക്കുകയാണെങ്കിൽ അദ്ദേഹത്തിനു് അത്തരത്തിൽ ഒരു ഉദ്ദേശമേ ഉണ്ടായിരുന്നില്ലെന്നുള്ളതു് ഞാൻ ചണ്ഡാലഭിക്ഷുകി'യ്ക്കു് എഴുതിയ അവതാരികയിൽ മുക്തകണ്ഠമായി പ്രസ്താവിച്ചിട്ടുണ്ടു്. ഒരു സമുദായത്തെ അടച്ചു് ആക്ഷേപിക്കുക എന്നുള്ള നാരകീയ മനോവികാരം ഒരു മഹാകവിക്കും ഉണ്ടാവാനിടയില്ല. മൈത്രനാകുന്നു മഹാകവി. കേരളത്തിലെ മുഹമ്മദീയരിൽ ഭൂരിപക്ഷവും ഹിന്ദുമതത്തിലുള്ള ചില ദുരാചാരങ്ങൾ നിമിത്തം മുഹമ്മദീയമതത്തെ ശരണം പ്രാപിക്കേണ്ടിവന്ന ഹിന്ദുക്കൾ തന്നെയാണെന്നും അത്തരത്തിലുള്ള ആചാരങ്ങളെ പുലർത്തിക്കൊണ്ടുപോകുന്നതു നിമിത്തം ഹൈന്ദവസമുദായത്തിനു് എത്രമാത്രം ശൈഥില്യവും സങ്കടവും ഉണ്ടാകാമെന്നും കേരളീയരെ ശക്തിയുക്തമായി ഉൽബോധനം ചെയ്യണമെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിസന്ധി. ആ വസ്തുത അദ്ദേഹം തന്നെ വാച്യമായ രൂപത്തിൽ ഒരു കാവ്യത്തിൽ ഉപന്യസിച്ചിട്ടുമുണ്ടു്. ഒരുത്തമ ബ്രാഹ്മണ യുവതിയെ ഒരു പുലയൻ വിവാഹം ചെയ്യത്തക്കവണ്ണം ഇതിവൃത്തം നിർമ്മിച്ചു് വർണ്ണസങ്കരത്തെ അനുകൂലിച്ചു് തദ്വാരാ ബ്രാഹ്മണസമുദായത്തെ കവി അധിക്ഷേപിച്ചു എന്നാണു് രണ്ടാമത്തെ ദുഷ്പ്രവാദം. ഇതിനും അടിസ്ഥാനമില്ല. 'ദുരവസ്ഥ' ആമൂലാഗ്രം അവധാന പൂർവ്വമായും അമത്സരമായും വായിച്ചാൽ അതിൽ വർത്തിച്ചിരിക്കുന്ന പരിതസ്ഥിതികൾക്കു വിധേയയായ ഒരു ബ്രാഹ്മണ യുവതിക്കു് അത്തരത്തിലുള്ള ഒരനുരാഗം ജനിക്കുന്നതു് അസ്വാഭാവികമല്ലെന്നു് സഹൃദയന്മാർക്കു് നിരീക്ഷിക്കാൻ പ്രയാസമില്ല. 'ദുരവസ്ഥ' എന്നു കവി കാവ്യത്തിനു നല്കിയിരിക്കുന്ന പേർപോലും ഈ വിഷ

യത്തിൽ അത്ഥപുഷ്കലമാണു്. "മദ്വചനങ്ങൾക്കു മാർദ്ദവമില്ലെങ്കിലുദ്ദേശശുദ്ധിയാൽ മാപ്പുനൽകിൻ" എന്നു വ്യക്തമായി ഗ്രന്ഥാവസാനത്തിൽ യാഥാസ്ഥിതികന്മാരോടു് ക്ഷമാപണം ചെയ്തുവിരമിക്കുന്ന ഒരു മഹാകവിയുടെ സദുദ്ദേശത്തെപ്പററി സംശയിക്കുന്നതുപോലും മഹാപാപമാകുന്നു. "ഉദ്യാനപാലകരേ! ഭവാന്മാരുണന്നുദ്യമിപ്പിൻ! പുഷ്പകാലമായി," ഇത്യാദി ഭാഗങ്ങളിൽ എത്ര വിനീതമായ-എത്ര വ്യംഗ്യമസൃണമായ സ്വരത്തിലാണു് ആശാൻ മാമൂൽപ്രിയന്മാരെ ഈവക വിപുലങ്ങളായ വിഷയങ്ങളിൽ ഒന്നു കണ്ണോടിക്കുവാൻ ക്ഷണിക്കുന്നതെന്നുള്ളതും ഈ സന്ദർഭത്തിൽ പ്രത്യേകം സ്മരണീയമാണു്. വാസ്തവത്തിൽ ഏതു ഭൂതദയാവിഷ്ടനായ കേരളീയ കവിയ്ക്കും പുലയനും മനുഷ്യനാണെന്നു ബ്രാഹ്മണരിൽ ചിലരെ അറിയിക്കണമെന്നു് ആഗ്രഹമുണ്ടാകുന്നതു സഹജമാണു്. ആ ആഗ്രഹം ആശാനുമുണ്ടായാൽ അതെങ്ങനെയാണു് അപലപനീയമായി തീരുന്നതെന്നു മനസ്സിലാകുന്നില്ല. അതു് ഒരപരാധമാണെങ്കിൽ,

> "യഥാജാതജനാനന്തു
> ശരീരേ സർവ്വദേവതാഃ
> തിരോഭൂതതയാ നിത്യം
> വത്തന്തേ മുനിസത്തമാഃ
> അതശ്ചേദ്ഭോഗമോക്ഷാത്ഥീ
> ശരീരംദേവതാമയം
> സ്വകീയം പരകീയഞ്ച
> പൂജയേത്തു വിശേഷതഃ"

അതായതു് സംസ്ക്കാരഹീനന്മാരായ സാധുജനങ്ങളുടെ ശരീരത്തിലും എല്ലാ ദേവതകളും, അല്ലയോ മഹർഷി ശ്രേഷ്ഠന്മാരെ! ഒളിവിൽ വത്തിക്കുകതന്നെയാണു് ചെയ്യുന്നതു്; ഇതുകൊണ്ടു് ഭോഗത്തെയും മോക്ഷത്തെയും (അഭ്യുദയത്തെയും നിശ്രേയസത്തെയും) ഇച്ഛിക്കുന്ന ഏവനും തന്റെയും അന്യന്റെയും ശരീരത്തെ ദൈവതാമയമാണെന്നുള്ള ബോധത്തോടുകൂടിവിശേഷിച്ചു പൂജിക്കേണ്ടതാണു്, എന്നനുശാസിക്കുന്ന വേദാന്തരത്ന മഹോദധിയായ സൂതസംഹിത മുതലായ പ്രാമാണികങ്ങളായ ഹൈന്ദവമതഗ്രന്ഥങ്ങളുടെ നിമ്മാതാക്കളും ആ വിഷയത്തിൽ അപരാധികളാണു്.

'ചണ്ഡാലഭിക്ഷുകി'യും 'കരുണ'യും ബുദ്ധമതഗ്രന്ഥാന്തർഗ്ഗതങ്ങളായ ഇതിവൃത്തങ്ങളെ ഉപജീവിച്ചു രചിച്ചിട്ടുള്ള രണ്ടു കാവ്യങ്ങളാകുന്നു. ജാതി—അഥവാ ജനനമാത്രത്താൽ മനുഷ്യനുണ്ടാകുന്ന മിഥ്യാഭിമാനം എത്ര അർത്ഥശൂന്യമാണെന്ന് ആശാൻ ഭിക്ഷുകിയിൽ രൂക്ഷവും കർക്കശവുമായ ഭാഷയിൽ—എന്നാൽ രസോപപത്തികമായി നിരൂപണം ചെയ്തിട്ടുണ്ടു്. 'കരുണ' ആശാൻെറ കാവ്യങ്ങളിൽവച്ചു അത്യുൽകൃഷ്ടമാകുന്നു. അതിലധികം ആസ്വാദ്യമായ ഒരുകാവ്യം ഭാഷയിൽ വേറെയുണ്ടോ എന്നു് സംശയമാണു്. ഏതുകവിയുടെ കാവ്യങ്ങൾ ഒന്നിനൊന്നു് ഉത്തരോത്തരം സഹൃദയ സമ്മോദം നല്കാൻ പര്യാപ്തങ്ങളായിത്തീരുന്നുവോ ആ കവിയാകുന്നു ചരിതാർത്ഥൻ. വേഡ്സ്വർത്തിൻെറയും മററും പൂർവ്വകാലങ്ങളിലെ ചില കാവ്യങ്ങളെ അപേക്ഷിച്ചു് അനന്തരകാലങ്ങളിലെ കൃതികൾ അപാരങ്ങളാണെന്നുള്ള ഒരാക്ഷേപം ഇന്നും സർവ്വസമ്മതമാകുന്നു. സതതോത്ഥായിയായ ഒരു മഹാ കവിയായിരുന്നു ആശാൻ. അതുകൊണ്ടു് "മുമ്പന്തിപൂർവ്വജാംകീർത്തിംജാതാജാതാഗ്ഗുണാധികാം," എന്ന രീതിയിൽ അദ്ദേഹത്തിൻെറ കാവ്യങ്ങൾക്കു പ്രകാശിക്കുവാൻ ഇടവന്നു. 'ലീല' ലോകപ്രകൃതി പ്രദർശിപ്പിക്കുന്ന സഹതാപം; 'സീത' പ്രകൃതിയോടു ചെയ്യുന്ന അന്ത്യാമന്ത്രണം; ചാത്തൻെറ ചാളയും അതുകാണുമ്പോൾ കവിക്കുണ്ടാന്ന വികാരങ്ങളും; ആൽത്തറയും കിണറും; വേശ്യയുടെ ആദ്യത്തെ ചമഞ്ഞിരിപ്പു്; ഒട്ടുവിലവൾ ചെന്നുവീഴുന്നചുടുകാടു് ഇത്യാദി വർണ്ണ്യവസ്തുക്കൾ അദ്ദേഹം എത്ര തന്മയത്വത്തോടുകൂടിയും സഹൃദയഹൃദയാഹ്ലാദമാകുംവണ്ണവും വർണ്ണിക്കുന്നു. ഈ വർണ്ണനകൾ ഓരോന്നിലും അദ്ദേഹം പ്രദർശിപ്പിച്ചിരിക്കുന്ന അനന്യസുലഭമായ കവന കലാപാടവം ആരേയും ആശ്ചര്യാനന്ദസാഗരങ്ങളിൽ ആറാടിക്കുന്നതിനു് പര്യാപ്തമാണു്.

ആശാൻെറ കാവ്യങ്ങളിലെ രസത്തെപ്പററിയുള്ള ചർച്ച ഇന്നും നടന്നുകൊണ്ടുതന്നെയിരിക്കുന്നു. സംഭോഗ ശൃംഗാരത്തെ വിപ്രലംഭശൃംഗാരത്തിനും, വിപ്രലംഭശൃംഗാരത്തെ കരുണത്തിനും, കരുണത്തെ ശാന്തത്തിനും അധീനമാക്കിക്കൊണ്ടാകുന്നു അദ്ദേഹത്തിൻെറ കാവ്യങ്ങൾ സാമാന്യേന പുരോഗമനം ചെയ്യുന്നതു്. കേവലം പ്രരോചനാർത്ഥമായല്ലാതെ ലൗകികരീത്യാ സംഭോഗശൃംഗാരത്തെ അദ്ദേഹം സ്പർശിക്കുന്നതേ ഇല്ല. ശൃം

ഗാരവീരങ്ങളിൽ ഒന്നായിരിക്കണം അംഗിയായ രസമെന്നുള്ള ആലംകാരികന്മാരുടെ ഉത്സർഗ്ഗവിധിക്ക് അദ്ദേഹം വിധേയനല്ല. ശൃംഗാരം എന്ന ഒരു രസമേ വാസ്തവത്തിൽ ഉള്ളൂ എന്നു് ഭോജരാജവും 'കരുണാമൊരുരസംതാൻ' എന്നു ഭവഭൂതി മഹാകവിയും പ്രസ്താവിച്ചിട്ടുണ്ടു്. ഈ പരസ്പര വിരുദ്ധങ്ങളായ പ്രസ്താവനകളിൽനിന്നുതന്നെ കരുണത്തിനു രസപംക്തിയിലുള്ള മാന്യസ്ഥാനം എന്തെന്നു നമുക്കു മനസ്സിലാക്കാം. വാസ്തവത്തിൽ 'കരുണ'വും 'ശാന്ത'വും ആകുന്നു യഥാക്രമം രാമായണത്തിലും മഹാഭാരതത്തിലും നമ്മുടെ ആദികവികളായ വാൽമീകി മഹർഷിയും വ്യാസഭഗവാനും അംഗികളായി കല്പിച്ച രസങ്ങൾ എന്നുള്ള തത്വം അഭിനവ ഗുപ്താചാര്യർ അദ്ദേഹത്തിൻെറ ധ്വന്യാലോകാലോചനത്തിൽ വ്യവസ്ഥാപനം ചെയ്തിട്ടുണ്ടു്. ആ രണ്ടു രസങ്ങളിലും ശ്രീമന്നാരായണ ഗുരുസ്വാമികളുടെ മുഖ്യശിഷ്യനായ ഒരു പ്രകൃഷ്ടചിന്തകനു് അഭിനിവേശം ജനിക്കുന്നതു സ്വാഭാവികംതന്നെ. ദുഃഖപരീതമായ മനുഷ്യജീവിതത്തിൽ ഒന്നു നോക്കിയാൽ കരുണത്തിനല്ലാതെ സ്ഥാനമെവിടെ? ദുഃഖത്തിൽനിന്നു് മനുഷ്യൻ നിവൃത്തിനേടണമെങ്കിൽ ശാന്തമല്ലാതെ ഗതിയെന്തു്? ഇതാണു് ആശാൻെറ രസോപനിഷദ്രഹസ്യം. രതിസ്ഥായിയായ വിപ്രലംഭവും ശോകസ്ഥായിയായ കരുണവും ശമസ്ഥായിയായ ശാന്തവും ചേർന്നുള്ള ഒരു അഭൗമമായ രസയോഗമാണു് നാം ആശാൻെറ കൃതികളിൽ കാണുന്നതെന്നും സമഷ്ടിയായി പറയാം. അനുരാഗത്തെ അതിൻെറ പരിശുദ്ധമായ രൂപത്തിൽ ആവിഷ്കരിക്കുന്നതിനു 'ധ്രുവമിഹ മാംസനിബദ്ധമല്ല രാഗം' എന്ന തത്വത്തെ സമഞ്ജസമായി പ്രപഞ്ചനം ചെയ്യുന്നതിനു് അദ്ദേഹം അത്യധികം ശ്രദ്ധിച്ചിട്ടുണ്ടു്. മഹാകവി ശ്രീ ഹർഷൻ നൈഷധീയ ചരിതത്തിൽ ഈ വസ്തുത,

> ദേവാനയം നിഷധരാജരുചസ്ത്യജന്തീ
> രൂപാദരജ്യത നളേന വിദർഭസുഭ്രൂഃ;
> ജന്മാന്തരാധിഗതകർമ്മവിപാകജന്മാ—
> പോന്മീലതി കചന കസ്യചന നാനുരാഗഃ"

എന്ന പദ്യത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. "നളൻെറ രൂപം ധരിച്ച ഇന്ദ്രൻ, അഗ്നി, യമൻ, വരുണൻ ഈ ദേവന്മാരെ പരിത്യജിച്ച ദമയന്തി നിശ്ചയമായി നളൻെറ രൂപം കണ്ടല്ല അദ്ദേഹത്തിൽ അനുരാഗവതിയായിത്തീർന്നതു്. ജന്മാന്തരങ്ങളിലുള്ള

കർമ്മവിപാകം നിമിത്തമാണ് ഒരാൾക്ക മറെറാരാളിൽ അനുരാഗമുണ്ടാകുന്നതു്" എന്നുള്ള ഈ തത്വം ലോകം ഒരിക്കലും വിസ്മരിക്കരുതു്. 'ലീല'യുടെ അവസാനത്തിൽ ലീലയും മദനനും സിദ്ധരൂപധാരികളായി നർമ്മദയിൽനിന്നു പൊങ്ങി ലീലയുടെ സഖിയായ മാധവിയെ ആശ്വസിപ്പിക്കുന്ന,

"ആരും തോഴീ! ഉലകിൽ മറയുന്നില്ല,
 മാംസം വെടിഞ്ഞാൽ
തീരുന്നില്ലീ പ്രണയജഡിലം ദേഹി-
 തൻ ദേഹബന്ധം;
പോരും ഖേദം പ്രിയസഖി! ചിരം വാഴ്ക
 മാഴ്കാതെ; വീണ്ടും
ചേരും നാം കേൾ; വിരതഗതിയായില്ല
 സംസാരചക്രം"

എന്ന പദ്യത്തിൻെറ ഭാവസൗന്ദര്യം പ്രത്യേകം മനുഷ്യർക്ക് പര്യാലോചനാവിഷയമാകേണ്ടതാണ്. മൃതനെപ്പററി ജീവിതാശ തീരെ ഇല്ലാതെ വരുമ്പോൾ കരുണവും പുനഃസമാഗമഹേതുവായ പ്രത്യാശയുമുള്ളപ്പോൾ വിപ്രലംഭശൃംഗാരവുമാണെന്ന് ആലങ്കാരികന്മാർ വ്യവച്ഛേദിക്കാറുമുണ്ട്. ഇവിടെ ആശാൻ കല്പിക്കുന്ന പുനഃസമാഗമം ആയുഷ്മികമാകുന്നു എന്നുള്ളതാണ് അതിൻെറ അഭൗമത്വം. അതു് സഹൃദയന് ഒരുതരത്തിൽ നോക്കിയാൽ അത്യന്തം ആസ്വാദ്യമാണെന്നും സമ്മതിക്കാതെ തരമില്ല. ആദ്ധ്യാത്മികമായ ശൃംഗാരമാകുന്നു വാസ്തവത്തിൽ ശാന്തരസം.

'കരുണ'യിലെ ചുടുകാടിൻെറ വർണ്ണനത്തെ ഡാൻെറിയുടെ 'ഡിവൈൻ കോമഡി' എന്ന സുപ്രസിദ്ധ പാശ്ചാത്യമഹാകാവ്യത്തിലെ ചില വർണ്ണനങ്ങളുമായിപ്പോലും തുലനം ചെയ്യാവുന്നതാണ്. ആശാൻെറ ഉപമ, അർത്ഥാന്തരന്യാസം, ദൃഷ്ടാന്തം ഇത്യാദി അലങ്കാരങ്ങൾക്കുള്ള നവ്യതയും സാമഞ്ജസ്യവും ഒന്നുവേറെതന്നെയാകുന്നു.

"വാചസ്പതി സഹസ്രാണാം
സഹസ്രൈരപിയത്നതഃ
നിബദ്ധാപിക്ഷയം നൈതി
പ്രകൃതിർ ജഗതാമിമ."

അതായതു് എത്രയോ സഹസ്രാന്നസഹസ്രം മഹാകവികൾ പ്രബന്ധങ്ങൾ നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിലും ഇന്നും അനു

ഗ്രഹീതനായ ഒരു കവിക്കു നൂതനമായ വർണ്ണ്യവസ്തുക്കൾ നൂതനമായ രീതിയിൽ വർണ്ണിക്കത്തക്കവണ്ണം എത്രവേണമെങ്കിലും കാണുമെന്നുള്ള ധ്വനികാരൻെറ മതത്തിനു് ആശാൻെറ കവിതകൾ സാക്ഷ്യംവഹിക്കുന്നു.

ദിവംഗതനായ നമ്മുടെ മഹാകവി പക്ഷേ മുക്തിപദത്തെ ത്തന്നെ പ്രാപിച്ചിരിക്കാം. സംഗീതസാഹിത്യ രഹസ്യവേദികളുടെ മാഹാത്മ്യം അത്രമാത്രമുണ്ടു്. സംഗീതജ്ഞന്മാരെപ്പററി യാജ്ഞവല്ക്യസ്മൃതിയിൽ,

"വീണാവാദനതത്വജ്ഞഃ
ശ്രുതിജാതിവിശാരദഃ
താളജ്ഞശ്ചാ പ്രയാസേന
മോക്ഷമാർഗ്ഗം നിയച്ഛതി."

എന്നു പ്രസ്താവിച്ചുകാണുന്നതു ശബ്ദബ്രഹ്മത്തിൽ നിഷ്ണാതന്മാരായവക്കും സംബന്ധിക്കുന്നതാണെന്നു് ഇതരഗ്രന്ഥങ്ങളിൽ നിന്നു വെളിവാകുന്നുണ്ടു്. അഥവാ പരോപകാരപരനായ അദ്ദേഹം സമുദായം, സംസ്ഥാനം, സാഹിത്യം ഇവയെ സേവിച്ചു് അതിൽ അലംഭാവത്തെ പ്രാപിച്ചതായി വിചാരിക്കുവാനും മാർഗ്ഗമില്ല. സാഹിത്യവിഷയകമായെന്നപോലെ സമുദായസംബന്ധമായും രാഷ്ട്രീയമായുമുള്ള അദ്ദേഹത്തിൻെറ സദ്വ്യവസായത്തെപ്പററി എനിക്കു പലപ്പോഴും നേരിട്ടറിയുന്നതിനും നിരതിശയമായി അഭിനന്ദിക്കുന്നതിനും സാധിച്ചിട്ടുണ്ടു്. അദ്ദേഹം പ്രജാസഭയിലും നിയമസഭയിലും സമുദായത്തെയും രാജ്യത്തെയും അഭിമുഖീകരിച്ചുചെയ്ത പ്രവൃത്തി ഒട്ടു മിക്കവാറും ഞാൻ ഗവർമ്മെൻറു സെക്രട്ടറിയും നിയമസഭാ സിക്രട്ടറിയുമായി ജോലി നോക്കിയിരുന്ന കാലത്താകയാൽ എനിക്കും ഈ സംഗതിയേപ്പററി ഉത്തരവാദിത്വത്തോടുകൂടി പ്രസ്താവിക്കാൻ ധാരാളം അർഹതയുണ്ടു്. ഗവർമ്മെണ്ടിനും, പൊതുജനങ്ങൾക്കും, കൊട്ടാരത്തിനും, കുടിലിനും, സമുദായത്തിനും, വ്യക്തിക്കും ഒന്നുപോലെ ഇണങ്ങിയ ഒരു ലോകസേവകനായിരുന്ന എൻെറ സ്നേഹിതൻ. അദ്ദേഹം 'കരുണ'യുടെ ഉപസംഹാരത്തിൽ ഉപഗുപ്തനോടു്,

"നമസ്കാരമുപഗുപ്ത! വരികഭവാൻ നിർവ്വാണ–
നിമഗ്നനാകാതെ വീണ്ടും ലോകസേവയ്ക്കായ്;
പതിതകാരുണികാരാം ഭവാദൃശസുതന്മാരെ–
ക്ഷിതിദേവിക്കിന്നു വേണമധികംപേരെ."

എന്നു ചെയ്തിട്ടുള്ള ആ അവ്യാജസുഭഗമായ അഭ്യർത്ഥന അദ്ദേഹത്തിനും പററുന്നതാണു്. പൂർവ്വജന്മകൃതമായ സംസ്കാര വിശേഷത്താൽ അത്രമാത്രം ശീലഗുണത്തോടും വൃത്തസമ്പന്നതയോടും സരസ്വതീ പ്രസാദത്തോടുംകൂടി ജനിച്ചു്, ശേഷിച്ച കർമ്മഫലങ്ങൾ ഭുജിച്ചു് ഐഹികരംഗത്തിൽനിന്നു് അന്തർദ്ധാനംചെയ്ത നമ്മുടെ ആശാൻ ഇനിയും ലോകാനുജിഘൃക്ഷ നിമിത്തം പുനർജ്ജന്മം വരിച്ചു് കേരളത്തേയും കൈരളിയേയും സമാശ്വസിപ്പിക്കും; സന്തോഷിപ്പിക്കും; സംശയമില്ല. അതുവരെ നമുക്കു് അദ്ദേഹത്തിന്റെ ഈ പ്രതികൃതി ഒരു മഹനീയമായ മാർഗ്ഗജ്യോതിസ്സായി പരിലസിപ്പിക്കുമാറാകട്ടെ; ഏതദ്വാരാ അദ്ദേഹത്തിന്റെ പാവനങ്ങളായ ആദർശങ്ങൾ നമ്മുടെ ഹൃദയങ്ങളിൽ രൂഢമൂലകങ്ങളായി നമ്മെ കർത്തവ്യാനുഷ്ഠാനത്തിൽ അധൃഷ്യന്മാരും കർമ്മകുശലതയിൽ അദ്വിതീയന്മാരുമാക്കിത്തീർക്കട്ടെ!

ബാല്യത്തിൽത്തന്നെ, ഭാഷാപോഷണൗത്സുക്യമെന്നു പറഞ്ഞാൽ പോരാ, ഭാഷാപോഷണവൈയഗ്ര്യമെന്നുപറഞ്ഞാൽ പോരാ, ഭാഷാപോഷണാഗ്രഹ ഭ്രാന്തുതന്നെ എന്നെ ബാധിച്ചിരിക്കുന്നു. കൈരളിയുടെ ഉന്നമനത്തിനു ഞാനെന്തെങ്കിലും ചെയ്യണമെന്നു ദൃഢമായി നിശ്ചയിക്കുകയും കാലാന്തരത്തിൽ എന്നെക്കൊണ്ടു ചിലതെല്ലാം ചെയ്യാൻ കഴിയുമെന്നു വിശ്വസിക്കുകയും ചെയ്തു. ആ ലക്ഷ്യപ്രാപ്തിക്കായിരുന്നു. പിന്നീടുള്ള എന്റെ പ്രധാന ഉദ്യമം.........കാമമയനാകുന്നു പുരുഷൻ അവൻ യാതൊന്നിനുവേണ്ടി കാമിക്കുന്നുവോ, അതിനായി അധ്യവസായം ചെയ്യുകയും അധ്യവസായമനുസരിച്ചു പ്രവർത്തിക്കുകയും പ്രവൃത്തിയനുസരിച്ചു ഫലം നേടുകയും ചെയ്യുന്നു. എന്റെ കാമം ഭാഷാപോഷണമായിരുന്നു, ആണു്, ആജീവനാന്തം ആയിരിക്കുകയും ചെയ്യും.

—മഹാകവി ഉള്ളൂർ.

# ആ ചുടലക്കളം

മഹാകവി ഉള്ളൂർ

—മഹാകവിയുടെ അവസാനത്തെ കവിത. രോഗശയ്യയിൽ കിടന്നുകൊണ്ടെഴുതിയതു്; 1948 ഫെബ്രുവരി 22-ാം തീയതിയിലെ 'മാതൃഭൂമി വീക്കിലി'യുടെ ഉള്ളൂർപ്പതിപ്പിൽ ഈ കവിത ആദ്യമായി പ്രസിദ്ധീകരിച്ചു.

I

അന്ധകാരത്തിൻ വായിൽ വീണുപോയല്ലോ ലോകം
ഹന്ത! നാമത്രയ്ക്കുമേൽ ശപ്തരോ സഖാക്കളേ!
പോയല്ലോ നമുക്കുള്ള പൂതമാം പുരാപുണ്യ—
മായല്ലോ നാമിമ്മട്ടു നിസ്സ്വരാ, യനാഥരായ്.
കരഞ്ഞാൽ ഫലമെന്ത്? കൺമിഴിപ്പതിൻമുമ്പു
മറഞ്ഞുവല്ലോ നമ്മെക്കൈവെടിഞ്ഞസ്മൽ ഗുരു.
ഉയിരുണ്ടെന്നേയുള്ളൂ ശവങ്ങളായീ നമ്മൾ;
ഉടലുണ്ടെന്നേയുള്ളൂ പട്ടടപ്പാഴ്ച്ചാമ്പലായ്,
അവനിക്കെന്തുണ്ടിനി വരുവാനത്യാഹിത—
മെവിടെക്കഴുകിയാൽ മായുമീ മാറാപ്പങ്കം?

II

രാഷ്ട്രീയോൽബോധനത്തിൽ, വിജ്ഞാനപ്രദാനത്തി—
ലീശ്വര സപര്യയിൽ, സർവസത്ത്വാദരത്തിൽ,
സൂക്ഷ്മദൃഗ് വ്യാപാരത്തിൽ, സൂനൃതോക്തിയിൽ, തുല്യ—
മീക്ഷയിൽ, ശശ്വദ്ധർമ്മസ്ഥാപന വൈയഗ്ര്യത്തിൽ,
ശാന്തിയിൽ, സൗഭ്രാത്രത്തിൽ, ത്യാഗത്തിൽ, തപസ്സിൽ നാം
ഗാന്ധിജിയ്ക്കൊപ്പം ചൊൽവാനന്യനെ കണ്ടിട്ടോ?
ആ സ്സിദ്ധൻ, വയോവൃദ്ധൻ, ജീർണ്ണാംഗൻ സ്വരാജ്യത്തെ—
യീർച്ചവാളിനാൽ രണ്ടുതുണ്ടായ് നാം പിളർക്കവേ.
അക്കാഴ്ചകണ്ടുണ്ടായ യാതനയ്ക്കടിപ്പെട്ടു
നിഷ്ക്രിയയായ് കർത്തവ്യതാമൂഢനായ്, നിർവിണ്ണനായ്.

"അകത്തു കടപ്പോരെന്താണെന്നു ശോധിക്കട്ടെ:
പകച്ചുകൊത്തും പാമ്പു പച്ചിലയിലും തങ്ങാം."
"പാടില്ല സർമാർ, പോരും ദൈവത്തിനെന്നാ,ലാർക്കു
കേടുററാരെൻ ജീവിതം നീട്ടാം? ഞാൻ തൽപാണിസ്ഥൻ"

III

എമ്മട്ടിൽ നിൽക്കും വാനിലന്തിയാകന്യ നേര—
മെമ്മട്ടിൽ കർമ്മസാക്ഷി മുന്നോട്ടുകാൽ വെച്ചിടും?
ഇടവും തന്മെയ്മെല്ലെപ്പൗത്രിമാർ താങ്ങിത്താങ്ങി
നടപ്പൂ തൻ പ്രാർത്ഥനായോഗത്തിലെത്താൻ ഗുരു.
ഞൊടികൊണ്ടപ്പോളയോ, പാഞ്ഞിടുന്നല്ലോ മൂന്നു
വെടിയാ മഹാത്മാവിൻ നെഞ്ഞത്തും വയററത്തും.
അങ്ങുവന്നതുപിന്നെക്കൊള്ളുന്നുവല്ലോ കേറി—
ഞങ്ങൾ തൻ ഹൃദയത്തിൽ, വിശ്വത്തിൻ സർവസ്വത്തിൽ.
രണ്ടുവാക്കല്ലാതെന്നു,മോതില, "ഹാ റാം! ഹാ റാം!"
ഹന്ത! നീയിത്രയ്ക്കുമേൽ ക്രൂരയോ വർഗ്ഗീയതേ!

IV

ദാരിദ്ര്യം ശമിപ്പിക്കാൻ നഗ്നനായ് ജീവിക്കുന്നു:
സമ്പത്തുവർദ്ധിപ്പിക്കാൻ ചക്കയിൽ നൂൽനൂൽക്കുന്നു,
ഊതിയാൽപ്പറക്കുന്നോര,സ്ഥിക്കൂടം കൊണ്ടാക്കു—
മൂഹിപ്പാനാവാത്തതാം കാര്യങ്ങൾ സാധിക്കുന്നു.
എവിടെക്കാണും നമ്മളിതുമട്ടൊത്തമാം
ഭുവനോദ്ധൃതിയ്ക്കുള്ള പൂജ്യമാം നിത്യധാരം?
എവിടെക്കേൾക്കും നമ്മളിമ്മട്ടിലഭൗമമാം
വിവിധ തത്വരത്നഭൂഷണം പ്രഭാഷണം?
ലോകസംഗ്രഹത്തിനായ് ജനിച്ച ജീവന്മുക്തൻ
ശോകമോഹാർണ്ണവങ്ങൾ കടന്ന ജിതേന്ദ്രിയൻ,
നിത്യത്തെ നേരിൽകണ്ട നിർമ്മമൻ, നിഷ്കൽമഷൻ.
ശത്രുവേപ്പോലും മിത്രമാക്കിടും തപോരാശി.
ശാപപങ്ങളെക്കൂടി മാൻകിടാങ്ങളായ് മാററാൻ
വൈഭവം വായ്ക്കും വ്യക്തവൈശിഷ്ട്യൻ, യതീശ്വരൻ,
സത്യമാം പടവാളു,മഹിംസപ്പോർച്ചട്ടയും
ദുഷ്ടതാജയത്തിനായ് കൈക്കൊള്ളും മഹാരഥൻ.
ആയുധം സ്പർശിക്കാതെ യാംഗ്ലേയസിംഹത്തിനെ—
യാഴിയിൽപ്പിന്നോട്ടേയ്ക്കു പായിച്ചോരമോഘാസ്ത്രൻ;
ഭുവിലിന്നെവിടെയും സർവഥാ സർവോൽകൃഷ്ട—
നേവക്കുമെപ്പോഴുമെന്നെല്ലാരും പുകഴ്ത്തുവോൻ
ഹിന്ദുവും മുസൽമാനും കൃസ്ത്യനുമെല്ലാംതന്നെ—
യൊന്നായ്ത്താൻ നിനയ്ക്കുവോൻ, ചൊല്ലുവോൻ, പ്രവർത്തിപ്പോൻ—

കണ്ടിട്ടില്ലൊരുത്തനെ യദ്ദിവ്യൻ പാപിഷ്ഠനെ—
കേട്ടിട്ടില്ലൊരിക്കലും ഭീതിയെന്നൊരുശബ്ദം.
ഇരുന്നാലതുകൊള്ളാമിറന്നാലതും കൊള്ളാം;
പരക്കായ് ജീവിക്കണം, മല്ലെങ്കിൽ മരിക്കണം.
ആ മഹാൻ കൂടെക്കൂടെയാഹാരം കഴിക്കാതെ—
യാതിഥ്യം വാങ്ങിപ്പോകാൻ വിളിക്കും കൃതാന്തനെ;
കണ്ണീരിൽ സ്നാനംചെയ്തു കാണുമ്പോൾക്കഴൽക്കൂപ്പി—
പ്പിന്നാക്കം പേടിച്ചോടും ഭീഷണൻ പ്രാണാന്തകൻ.

V

നമ്മൾതൻ നവോൽപന്ന സ്വാതന്ത്ര്യജനകനെ
നന്മതാൻ മനുഷ്യനായ് ജനിച്ചോരമരനെ,
ആർഷഭൂവണിഞ്ഞീടുമാദർശരത്നത്തിനെ,—
യാക്കും തൻ ജന്മത്തിനു ധന്യത്വം വളർപ്പോനെ,
ഭാരതീയനാമൊരാ,ളഭ്യസ്തവിദ്യൻ, ഹാ! ഹാ!
കാരിരുമ്പുണ്ടകൊണ്ടു തീർന്നല്ലോ ഗതാസുവായ്.
അവനെപ്പേരെന്തോതി വിളിച്ചീടേണ്ടു നമ്മ—
ളവമാനത്താൽ മുഖം നമ്മൾക്കു കുനിപ്പോനേ?
അരുതത്തരം ചിന്ത, യരുൾചെയ്തിട്ടുണ്ടസ്മൽ
ഗുരു "നന്മയാൽവേണം തിന്മയെക്കാൽക്കീഴാക്കാൻ."
സോക്രട്ടീസിനെക്കൊൽവാൻ ഗരളം കുടിപ്പിച്ചു;
യേശുവിൻ ശരീരത്തെ കുരിശിൽത്തറച്ചു നാം,
കൃഷ്ണൻ തൻപാദത്തിനെ ക്രൂരമൂർത്തമ്പാൽ കീറി;
കൃത്സ്നമാം വർഗ്ഗഭ്രാന്തേ! നീയിപ്പോളിതുംചെയ്തു.
അത്യന്തം കൃതഘ്നങ്ങൾ നീചങ്ങൾ ബീഭത്സങ്ങൾ.

VI

ആ മഹോപദേശകൻ പട്ടടത്തീയിൽകത്തി
വ്യോമത്തിൽനിന്നും കൃപാരശ്മികൾ ചൊരിഞ്ഞീടും.
അശ്മശാനത്തിൽനിന്നു ഭക്തന്മാർ സമർപ്പിയ്ക്കും
ഭസ്മത്താൽ പൂർവ്വാധികം പൂതയാം ഗംഗാനദി.
അസ്ഥലത്തുനിന്നോരോ വീട്ടിലും പ്രസാദമായ്
സൂക്ഷിക്കപ്പെടുന്നൊരു ശുദ്ധമാം ചെമ്മൺകളി—
മാണിക്യക്കെടാവിളക്കായിടും പുമർത്ഥങ്ങൾ
മനുഷ്യർക്കെല്ലാനാളും നിധിയായ് രക്ഷിക്കുവാൻ.
ഈ ക്കൊടും പരസ്പരദ്വേഷമാം പിശാചിനെ—
യാക്കുഴിയ്ക്കകം നമ്മളാഴത്തിൽ ത്താഴ്ത്തീടാവൂ!
നവമാം സഹോദര്യസന്താനവൃക്ഷത്തിനെ
യിവിടെ വളർത്താവൂ നമ്മുടെ ബാഷ്പാംബുവാൽ!
ജീവിതക്കാററിൽപ്പാതിയുയർന്ന ധർമ്മക്ഷേത്രം
ജീവരക്തത്താൽ പൂർണ്ണമാക്കട്ടെ ജഗൽക്കാരു;
ആവശ്യപ്പെടാമതിന്നവിടെയ്ക്കു ദേഹത്തിൻ
പാവനാംഗത്തിൽപ്പെട്ടും ചാരവുമെല്ലും നീരും.

# നളിനി

## നിത്യചൈതന്യയതി

(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

ആശാനിലെ മനഃശ്ശാസ്ത്രജ്ഞൻ നിരീക്ഷണപടുവായി തുടരുന്നു:

ഞെട്ടിയൊന്നഥ കുഴങ്ങിനിന്നു പി–
ന്നൊട്ടു സംഭ്രമമിയന്നു പാഞ്ഞവൾ
രീട്ടമായ് യതിയെ നോക്കി, യാഴിയേ
മുട്ടി നിന്നണമുറിഞ്ഞ വാരിപോൽ

പാഞ്ഞുചെല്ലുന്നു. സൂക്ഷിച്ചുനോക്കി മനസ്സിൽ തെററു പററിയിട്ടില്ലെന്നു ഉറപ്പാക്കുന്നു. പിന്നെ എല്ലാ നിയന്ത്രണവും വിട്ടുപോകുന്നു. ആ പഠനം അസ്സലായിട്ടുണ്ട്. ശരീരത്തിനുണ്ടാകുന്ന ഞെട്ടൽ, മനസ്സുകുഴയുമ്പോൾ ശരീരത്തിനുണ്ടാകുന്ന തളർച്ച, സംഭ്രമത്തിന്റെ സ്വഭാവം, ഇതെല്ലാം ആദ്യമായി ശാസ്ത്രനിരൂപണത്തിനു വിധേയമാക്കിയതു ഒരു ഡാനിഷ് ഫിസിയോളജിസ്റ്റായ ഡാ: സി. ലാംഗേയാണ്. അപ്രതീക്ഷിതമായി ഉണ്ടാകുന്ന ആശ്ചര്യം, ഭയം, ദുഃഖം ഇതെല്ലാം മസ്തിഷ്കത്തിലുണ്ടാക്കുന്ന താല്ക്കാലികമായ സ്തംഭനം കാരണം രക്തചംക്രമണത്തിലും ശ്വാസപ്രശ്വാസത്തിലും വന്നുകൂടുന്ന താളംതെററൽ ബാഹ്യമായ പെരുമാററത്തെ എങ്ങിനെ ബാധിക്കുന്നുവെന്നു അദ്ദേഹം വിവരിക്കുന്നു. എന്നാൽ വില്യം ജെയിംസിന്റെ അഭിപ്രായത്തിൽ മനുഷ്യന്റെ വൈകാരികതയെപ്പററിയുള്ള പഠനം ഇന്നുമെന്നും സമർത്ഥമായി നടത്തിയിട്ടുള്ളതു കവികളും, കഥാകൃത്തുകളും, നാടകകൃത്തുകളുമാണ്. ഫ്രോയിഡിനുശേഷം, മനുഷ്യന്റെ വ്യക്തിത്വം പൂർണ്ണമായി മനസ്സിലാക്കാൻ നമുക്കുലഭിക്കുന്ന ഏററവുംനല്ല ദർപ്പണം അവന്റെ വികാരമാണെന്നു എല്ലാ മനഃശ്ശാസ്ത്രജ്ഞന്മാരും കരുതിപ്പോരുന്നു. വൈകാരിക ബന്ധങ്ങളുടെ ഏററവുംനല്ല നിരൂപണം അവതരിപ്പിച്ചിട്ടുള്ളതു 'ഗെസാൾട്ട് സൈക്കോളജി'യിലാണെന്നു പറയാം.

'ഞാൻ' എന്ന ആശായത്തിന്റെ മേഖലയും 'അയാൾ' എന്ന ആശയത്തിന്റെ മേഖലയും വേർതിരിക്കപ്പെടുന്നതു പരിചയമില്ലായ്മ, ആശങ്ക, സന്ദേഹം ഭയം മുതലായ അതിർവരമ്പുകളാലാണ്. ആ മതിൽക്കെട്ടുകൾക്കു തുരങ്കം വെയ്ക്കുന്ന പ്രവണതകളാണ് പരിചയം, വിശ്വാസം, അസന്നിഗ്ദ്ധത, പ്രേമം എന്നിവ. ഒരേ സമയത്തുതന്നെ പരിചയവും പരിചയമില്ലായ്മയും അനുഭവിക്കേണ്ടിവരിക, വിശ്വസിക്കുകയും സന്ദേഹിക്കുകയും ചെയ്യുക, പ്രേമിക്കുകയും ഭയപ്പെടുകയും ചെയ്യുക എന്നതു ദുഷ്കരമാണ് 'നളിനി' ഇവിടെ ഈ വിപരീതഭാവങ്ങൾക്ക് ഇതാ പാത്രമായിരിക്കുന്നു. അതുകാരണം ശരീരം ഞെട്ടുന്നു അവയവങ്ങൾ കുഴയുന്നു, മനസ്സ സംഭ്രമിക്കുന്നു. 'ഞാനും' 'അയാളും' എന്ന വീക്ഷണം മാറി 'ഞങ്ങൾ' എന്ന അനുഭവം ഉണ്ടാകുന്നതും 'ഞാനും' 'നീയും' എന്ന ഭേദം ഉരുകിച്ചേർന്നു 'നമ്മൾ' എന്ന ഐക്യത അനുഭവപ്പെടുന്നതും സ്നേഹത്തിന്റെയും ധാരണയുടെയും മായികമായ ശക്തിയാലാണ്. സത്ഭാവത്തിന്റെ യാഥാർത്ഥ്യത വ്യക്തികളെ പിരിച്ചുനിർത്തുന്നു. ചിദ്രൂപത നാനത്വങ്ങളെ ഒററിവിന്റെ, അല്ലെങ്കിൽ ധാരണയുടെ അവിഭാജ്യതയിൽ വിലയിപ്പിക്കുന്നു. പ്രിയത എല്ലാ ദ്വൈതങ്ങളെയും നിരാകരിച്ചു ആത്മാവിന്റെ സ്വരൂപമായ ആനന്ദത്തിൽ ബോ

ധത്തെ നിമഞ്ജനംചെയ്യുന്നു. സന്ദേഹാവസ്ഥയാണ് ഇവിടെ പ്രതിപാദ്യം. മുമ്പിൽ നില്ക്കുന്നതു പ്രിയതമൻ. എന്നാൽ കാണപ്പെടുന്ന രൂപമാകട്ടെ, നിമ്മനനം അപരിചിതനെപ്പോലെ പെരുമാറുന്നവനുമായ ഒരു 'യതി'യുടേയും. ഇതു തമ്മിൽ പൊരുത്തപ്പെടുന്നില്ല. അതുകൊണ്ടു 'നളിനി' സന്ദേഹിക്കുന്നു. പ്രേമപ്രകർഷംകൊണ്ടു വിവശമായിരിക്കുന്ന കാമിനീഹൃദയം കൊതിക്കുന്നതു അവിചാരിതമായി കണ്ടെത്തിയ പ്രിയതമനെ വാരിപ്പുൽകുവാനാണ്. യോഗിനീവേഷം പൂണ്ടുനില്ക്കുന്ന തപസ്വിനി ഇനിയും 'യതിമര്യാദ' മറന്നുപോയിട്ടില്ല. അകലെമാറിനിന്നു വന്ദനം പറയുകയാണു വേണ്ടതു്. മനസ്സിതാ ഒരു യുദ്ധക്കളമായി. അതുകൊണ്ടാണ്, നളിനിയിൽ അർജ്ജുനന്റെ വിഷാദയോഗം ആവർത്തിക്കപ്പെടുന്നതായി കാണുന്നതു്.

നളിനീദിവാകരന്മാരുടെ മുൻപരിചയം വായനക്കാരനെ ഇനിയും ധരിപ്പിച്ചിട്ടില്ല. അതു കവി തന്റെ പണിപ്പുരയിൽ ഇപ്പോഴും ഗോപ്യമായി വച്ചിരിക്കുകയാണ്. തുറന്നുപറയാമെല്ലൊ. അവർ കാമുകരായിരുന്നു. പണ്ട് നളിനിക്ക്, നളിനിയേയും ദിവാകരനേയും ചേർത്തു 'ഞങ്ങൾ' എന്നു പറയാമായിരുന്ന ഒരു കാലമുണ്ടായിരുന്നു. അന്നു 'ഞാൻ' എന്നും 'അദ്ദേഹം' എന്നും ഉള്ള അതിർവരമ്പില്ലായിരുന്നു. ഇന്നത്തെ അവസ്ഥയിൽ ആ സ്വാതന്ത്ര്യം നഷ്ടപ്പെട്ടിരിക്കുകയാണ്. ദിവാകരൻ താപസനാണ്; യോഗിയാണ്; യതിവര്യനാണ്: തന്റെ ഉള്ളിലുള്ള ആശയം എന്തുതന്നെയായാലും പുറമെ, നളിനിയും തപസ്വിനിയാണ്. 'ഞാൻ' എന്നും 'അങ്ങ്' എന്നും ഉള്ള ഭാവങ്ങൾ അലിഞ്ഞുചേർന്നു 'നമ്മൾ' ആകാൻ പഴയപ്രേമം ഫലിക്കുന്നമട്ടില്ല. പുതിയ ഒരു ബന്ധം സ്ഥാപിച്ചേ്ടക്കണം. വേറെ ഗതിയില്ല. അടിപണിയുകതന്നെ. എത്രവലിയ യോഗീശ്വരന്റെയും പാദത്തിൽവീണു അഭയംതേടുന്നതു വിരോധിക്കാവുന്നതല്ല. അതുകൊണ്ടു വികാരവായ്പോടെ പറഞ്ഞൊപ്പിച്ചു,

"അമ്പിനിന്നു ഭഗവൻ, ഭവൽപദം
കമ്പിടുന്നഗതിയായ ദാസി ഞാൻ."

പറഞ്ഞുതീരുന്നതിനു മുമ്പുതന്നെ 'മൂർച്ഛമയഷ്ടി' പോലെ നളിനി ആ പാദത്തിൽ വീണുപോയി.

ആ മഹാനുഭാവനെ പ്രേമപൂർവ്വം ആലിംഗനം ചെയ്യുവാനോ, ചുംബിക്കുവാനോ ഒന്നും കഴിഞ്ഞില്ല. ശരീരത്തേയും ഇന്ദ്രിയങ്ങളേയും മരവിപ്പിച്ചുകൊണ്ടു നടക്കുന്ന ദിവാകരനു അവളുടെ സ്പർശനംകൊണ്ടു വലിയ വികാരവൈവശ്യമൊന്നും വരാനില്ല. എന്നാൽ പ്രണയപരവശയായ നളിനിക്കു അങ്ങനെയല്ല.

ഒററയായിട കരുങ്ങി വാച്ചതൻ
കററവാർ കുഴലു തൽപദങ്ങളിൽ
ഉററരാഗമൊടടിഞ്ഞുകാൺകയാൽ
മുററുമോർത്ത കൃതകൃത്യയെന്നവൾ.

അവളുടെ മുടി ആ പാദങ്ങളിൽ വീണുകിടന്നാൽമതി. അതുതന്നെ നളിനിയിൽ നിർവൃതിയുടെ ആലങ്കാരികപ്രസരം ഉണ്ടാക്കുവാൻ പോരുന്നതാണ്.

യോഗിക്കു ഭയം തോന്നി. ഉള്ളുകൊണ്ടു അനുഗ്രഹിച്ചു. എന്നിരുന്നാലും ദിവാകരനിലെ 'യതി' വിട്ടുവീഴ്ചയില്ലാത്തവനാണ്. ആ പെൺകുട്ടിയുടെ കരളലിയിക്കുന്ന ആ കിടപ്പിൽ ഉള്ളലിഞ്ഞു് അവിടെത്തന്നെ ദിവാകരൻ നില്ക്കുന്നതു

യതിക്കിഷ്ടമായില്ല. യതിമര്യാദ ഓർമ്മവരികയാൽ ദിവാകരൻ രണ്ടുചുവട് പിന്നിലേക്കുമാറി നിന്നു. അതിനുശേഷം ഹസ്തസംജ്ഞകൊണ്ട് എണീക്കുവാൻ നിർദ്ദേശിക്കുകയായി.

ആധുനിക മനശ്ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ ഓരോ വ്യക്തിയിലും ഒരു 'പിതാവും' ഒരു 'കുട്ടി'യും അവരുടെ മദ്ധ്യവർത്തിയായ ഒരു പ്രായപൂർത്തിയായവനുമുണ്ട്. അവരെ യഥാക്രമം 'പേരൻറ്' (Parent) ചൈൽഡ് (child) അഡൽററ് (adult) എന്നു വിളിച്ചുപോരുന്നു. അതിൽ 'ചൈൽഡ്' നൈസർഗ്ഗികമായ പ്രവണതകളെ സാക്ഷാത്കരിക്കാനായി സദാ ഉൽസുകനായി കഴിയുകയാണ്. അതു 'പേരൻറി'നു് ഒരിക്കലും സമ്മതമാവുകയില്ല. സമുദായത്തിൻെറ പൂർണ്ണമായ അംഗീകാരം ലഭിച്ചേക്കാവുന്ന പെരുമാററം മാത്രമേ പേരൻറ് അംഗീകരിക്കുകയുള്ളു. ദിവാകരനിലെ 'യതി' ഈ പേരൻറിൻെറ മൂർത്തീകരണമാണ്. "ഉർവ്വശിയെ പുനരനുഗ്രഹിച്ചതു" ദിവാകരനിലെ 'ചൈൽഡാ'ണു്. ഈ രണ്ടു പൊരുത്തമില്ലായ്മകളുടെ മദ്ധ്യേ കിടന്നുഴലുന്ന 'അഡൽററാ'ണു ദിവാകരൻ.

ദിവാകരൻെറ ചേതോവികാരം ആശാനു നല്ലതുപോലെ അറിയാം. വളരെക്കാലം 'ചിന്നസ്വാമി'യായി ജീവിച്ചിരുന്ന ആശാൻ വിവാഹിതനാകുന്നതുവരെ കറയററ ബ്രഹ്മചാരിയായിട്ടാണു സമുദായമദ്ധ്യത്തിൽ ബഹുമാനിക്കപ്പെട്ടിരുന്നതു്. അതുകൊണ്ട് ദിവാകരനിൽ ചിന്നസ്വാമിയുടെ താദാത്മ്യം ചില നിരൂപകന്മാർ കാണുന്നതു മനസ്സിലാക്കാവുന്നതാണ്. എന്നാൽ ഫ്രോയിഡ് 'ലീയനാർഡോ ഡാ വിഞ്ചി'യുടെ കലാമാതൃക 'മനോ—ലൈംഗികവിശ്ലേഷണ'ത്തിനു വിധേയമാക്കിയിരിക്കുന്നതിനെ അനുകരിച്ചുകൊണ്ട് കുമാരനാശാൻെറ കൃതികൾ നിരൂപണം ചെയ്യുവാൻ ചില മാന്യവ്യക്തികൾ ശ്രമിച്ചിരിക്കുന്നതിലേക്കു ഞങ്ങൾ വായനക്കാരുടെ ശ്രദ്ധ ആകർഷിക്കുകയുണ്ടായല്ലൊ. 'മാംസനിബദ്ധമല്ല രാഗം' എന്ന നിരൂപണത്തിൽ ദിവാകരനു് ലൈംഗികമായി മരവിപ്പുരോഗം ഉണ്ടായിരുന്നുവെന്നും അതു് ആശാൻെറ ലൈംഗികജീവിതത്തിലേക്കു വെളിച്ചം വീശുന്നതായി അതിൻെറ കർത്താവു് അവകാശപ്പെടുന്നതായും കാണപ്പെടുകയുണ്ടായി. ഇപ്രകാരമുള്ള നിരൂപണങ്ങൾ മഹാന്മാരുടെ സൽപേരിൽ കരി വാരിതേച്ച് അവരുടെ വില ഇടിച്ചുകാണിക്കുവാനുള്ള ശ്രമമാണെന്ന ആക്ഷേപത്തെ മുമ്പിൽ കണ്ടുകൊണ്ട് 'മനോ-ലൈംഗികവിശ്ലേഷണ'ത്തിൻെറ ഉപജ്ഞാതാവായ ഫ്രോയിഡ് നൽകുന്ന എതിർവാദം ഇവിടെ പകർത്തിക്കൊള്ളട്ടെ.

"മനോവിശകലനത്തെ സത്യാന്വേഷണത്തിൻെറ ഒരു മുഖ്യോപായമാക്കിക്കൊണ്ടു മനുഷ്യരുടെ പേലവമായ ആന്തരിക സത്തയെ പരിശോധിച്ചു ചെല്ലുമ്പോൾ സാധാരണക്കാരനു അപ്രിയമോ അറപ്പോ ഉണ്ടാക്കാവുന്ന വസ്തുതകൾ വെളിപ്പെട്ടുമെന്നുവരാം. അതു മഹാത്മാക്കളുടെ ചൈതന്യവത്തും ഉൽക്കൃഷ്ടവുമായ ജീവിതമാതൃകയെ മനഃപൂർവ്വം കരിപുരണ്ട അപകൃഷ്ടതയിലേക്കു വലിച്ചിഴക്കുവാൻ നടത്തുന്ന ശ്രമമായി ആക്ഷേപിച്ചേക്കാം. ധന്യാത്മാക്കളുടെ മഹനീയമായ ജീവിതത്തിൻേറയും സാധാരണക്കാരൻെറ അപൂർണ്ണതയുടേയും ഇടയിലുള്ള ആഴം ഈ മാതിരി പഠനംകൊണ്ടു ഒരിക്കലും നികത്തപ്പെടുന്നില്ല. എന്നിരുന്നാലും അന്വേഷണത്തിനു വിധേയമാക്കാവുന്ന ഏതു വിഷയം പരിശോധിച്ചുനോക്കുന്നതിനും വിഷയത്തിൻെറ മഹനീയത ഒരു വിലങ്ങുതടിയായിക്കൂടാ. എന്നു മാത്രമല്ല, ഉൽക്കൃഷ്ടവും അപകൃഷ്ടവും ആയ എല്ലാ പെരുമാററങ്ങളേയും സംജാതമാക്കുന്ന "ജീവഗതി" നിരൂപണവിഷയമായി എടുക്കുമ്പോൾ ഒരു വ്യക്തി

യും അന്വേഷണവിഷയമായ സത്യത്തേക്കാൾ വലിയവനായി നിരൂപകൻെറ ദൃഷ്ടിയിൽ കാണപ്പെടുവാൻ പാടില്ല" (Leanardo da Vinci P. 34: A Vintage book: 1947)

ഫ്രോയിഡിൻെറ ഈ അഭിപ്രായത്തോടു അധികമാരും വിയോജിക്കാനിടയില്ല. ഫ്രോയിഡിൻെറ കാൽപാടുകളെ പിൻപററി ഈ ലേഖകനും ആശാൻ കവിതകൾ ഒന്നു പരിശോധിച്ചു നോക്കാതിരുന്നില്ല അതു് അസുഖകരമായ പല നിഗമനങ്ങളിലേക്കും മനസ്സിനെ വലിച്ചിഴച്ചുകൊണ്ടുപോയി. ഒരു ചെറിയ ഉദാഹരണം പറയാം. ആശാൻെറ നായികമാരുടെ കന്യകാത്വം (Virginity) നഷ്ടപ്പെടുവാൻ പോകുന്നുവെന്നു കവിക്കു ബോദ്ധ്യമായിക്കഴിഞ്ഞാൽപിന്നെ നായികയെ വെച്ചുപൊറുപ്പിക്കുവാൻ ആശാൻ ഇഷ്ടപ്പെട്ടിരുന്നില്ല എന്നു എനിക്കുതോന്നി നളിനി, ലീല, വാസവദത്ത എന്നിവക്ക് മരണശിക്ഷതന്നെ കൊടുത്തു. മാതംഗിയെ ഭിക്ഷുണിയാക്കിവിട്ടു. സീതയെ അന്തർദ്ധാനം ചെയ്യിച്ചു. സാവിത്രിയെ വിളക്കണയ്ക്കുവാൻ അനുവദിച്ചെങ്കിലും പിന്നെ കഥ നീട്ടുവാൻ കവി കൂട്ടാക്കിയില്ല.

സന്യാസം ലക്ഷ്യമാക്കി ജീവിക്കുന്നവനു വന്നുചേരാവുന്ന ഏററവും വലിയ മോഹഭംഗം ദാമ്പത്യത്തിൽ കുടുങ്ങുക എന്നുള്ളതാണു്. അതിന്നായി പ്രകൃതി ഒരുക്കിവെയ്ക്കുന്ന കെണിയാണു് സംഭോഗം. അതിനോടു ഒത്തുതീർപ്പില്ലാത്ത ഒരു മനോഭാവം ചിന്നസ്വാമിയുടെ ഉള്ളിൽ ഒളിഞ്ഞു കിടന്നതിനാലാവാം തൻെറ നായികമാരോടു കവി ഇങ്ങനെ പെരുമാറിയതെന്നു ഞാൻ ശങ്കിക്കാതെയുമിരുന്നില്ല.

ഫ്രോയിഡിൻെറ ഈ കലാനിരൂപണ മാതൃകയെ യുങ്ങ് അസംഗതമാക്കി തള്ളിക്കളയുന്നു. യുങ്ങിൻെറ അഭിപ്രായം സംഗ്രഹിച്ചു ഇവിടെ ചേർക്കുന്നതു നന്നായിരിക്കുമെന്നു കരുതുന്നു:

## മനോ–ലൈംഗികവിശ്ലേഷണവും കാവ്യനിരൂപണവും

കവിയുടെ വ്യക്തിപരമായ ജീവിതത്തിൽ മറഞ്ഞുകിടക്കുന്നതായ ചില പ്രവണതകൾക്കു തൻെറ സർഗ്ഗപ്രക്രിയയുമായി എത്രമാത്രം ഉൽക്കടമായ സംബന്ധമുണ്ടെന്നു കണ്ടെത്തുവാൻ ഫ്രോയിഡിൻെറ സിദ്ധാന്തങ്ങൾ സാഹിത്യനിരൂപകന്മാരെ സഹായിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. ഒരു വസ്തുത നാം മറന്നുകൂടാ. ഫ്രോയിഡിൻെറ സിദ്ധാന്തം രോഗനിർണ്ണയത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ളതാണു്, കാവ്യനിരൂപണത്തിനായിട്ടുള്ളതല്ല. കലാസൃഷ്ടിയിലും കാവ്യരചനയിലും അടങ്ങിയിരിക്കുന്ന സർഗ്ഗാത്മകതയുടെ നേർക്കു മനോവിശ്ലേഷണപ്രക്രിയ തിരിച്ചുവിടുന്നതായാൽ നിരൂപകൻ തൻെറ ഉദ്ദേശ്യത്തിൽനിന്നും പാടേ വ്യതിചലിച്ചു കാടുകയറുകതന്നെ ചെയ്യും. തമ്മിലെല്ലാം അല്പമാത്രമായിട്ടെങ്കിലും ശൈശവലൈംഗികം (infantile Sexuality) സാമൂഹ്യവിരുദ്ധത (anti—Social Criminality) എന്നിവയൊക്കെ കണ്ടേക്കാം. കവികളും മനുഷ്യരായിരിക്കുകയാൽ അവരിലും ഇതെല്ലാം പല അനുപാതത്തിൽ ഉണ്ടായിരിക്കുവാനിടയുണ്ടു്. ഇതിൻെറയെല്ലാം ആവാസസ്ഥാനമായ 'അപബോധ'ത്തെ കണ്ടെത്തുവാൻ ഫ്രോയിഡിൻെറ മനോവിശ്ലേഷണ മാതൃക സഹായകംതന്നെ. എന്നാൽ കാവ്യസജ്ജനത്തിലും കലാസൃഷ്ടിയിലും അടങ്ങിയിരിക്കുന്ന കവിയുടേയോ കലാകാരൻെറയോ അന്ത:പ്രേരണ മനോജന്യമായ രോഗമല്ല. രോഗിയുടെ അപബോധത്തെ കണ്ടെത്തുവാനുള്ള ഒട്ടേറെ സൂചനകൾ സമ്പാദിച്ചിട്ടു്

ആ സൂചനകളെ ചേർത്തുവച്ചു രോഗിയുടെ വാസനകളേയും അവയെ മൂടിവെയ്ക്കാൻ രോഗി നടത്തിയിട്ടുള്ള അടവുകളേയും തന്ത്രങ്ങളേയും അനുമാനിച്ചെടുക്കുക എന്നുള്ളതാണു ഫ്രോയിഡിന്റെ മാർഗ്ഗം. എന്നാൽ ഈ മാർഗ്ഗം തെററു കൂടാതെ കൈകാര്യംചെയ്യാൻ ഫ്രോയിഡിനുപോലും കഴിഞ്ഞിട്ടില്ല. ഉദാഹരണത്തിനു ഫ്രോയിഡിന്റെ 'സിംബൽസ്' എടുക്കുക. അതൊന്നുംതന്നെ സിംബൽസല്ല. രോഗലക്ഷണങ്ങൾ മാത്രമാണ്. സിംബൽസിന്റെ ഒന്നാംതരം മാതൃക പ്ലാറേറായുടെ 'ഗുഹാവാസികൾ'ളും യേശുക്രിസ്തുവിന്റെ 'ദൈവരാജ്യവു'മാണ്.

ഫ്രോയിഡിന്റെ സിദ്ധാന്തപ്രകാരം 'ഗുഹ' അമ്മയുടെ ഗർഭപാത്രമാണെന്നു പറയണം. അങ്ങനെ നോക്കിയാൽ പ്ലാറേറാ 'ശൈശവലൈംഗിക'ത്തിന്റെ പിടിപാടിൽകിടന്നു ഉഴലുന്നതായി പറയേണ്ടിവരും. ഇതു് ഒരിക്കലും കാവ്യനിരൂപണമാവുകയില്ല. വ്യക്തിനിരൂപണമേ ആയിരിക്കുകയുള്ളു. കലയും കാവ്യവും രോഗങ്ങളല്ല. മനുഷ്യന്റെ ഉൽകൃഷ്ടമായ സർഗ്ഗസൃഷ്ടികളാണ്. ഒരു കവിയുടെ വ്യക്തിപരമായ അപബോധം (Personal unconscious) സമൂഹത്തിന്റെ ആകെത്തുകയായ അപബോധത്തോടു (Collective unconscious) ബന്ധപ്പെട്ടു കിടക്കുന്നു. സമൂഹത്തിന്റെ പരിവർത്തനവും വളർച്ചയും നിഴലിക്കുന്നതു വ്യക്തികളുടെ തത്വദർശനങ്ങളിൽക്കൂടിയും, കാവ്യവീക്ഷണങ്ങളിൽക്കൂടിയുമാണ്. പലപ്പോഴും സാമൂഹ്യ അപബോധത്തിന്റെ അന്തഃപ്രേരണയിൽനിന്നും വരുന്ന കാവ്യദർശനം കവിയെ ഒരു കരുവാക്കുന്നു. കവിതന്നെ തന്റെ കാവ്യസൃഷ്ടിയുടെ സാക്ഷിയായി മാറുന്നു. തന്റെ തൂലികയിലേക്കു ഒഴുകിവരുന്ന ആശയങ്ങളുടേയും വാക്കുകളുടേയും നിർഝരി കവിയുടെ മനസ്സു കണ്ടെത്തുവാൻ കഴിയാത്ത ഒരു അഗാധതോയത്തിൽനിന്നും ഉറവപൊട്ടിവരുന്നതാണെന്നു കവി അറിയുന്നുണ്ടു്. മനശ്ശാസ്ത്രജ്ഞന്മാർ ഈ അന്തഃപ്രേരണയെ "ഓട്ടോണമസ് കോംപ്ലക്സ്" (autonomous complex) എന്നു വിളിക്കുന്നു. ബോധത്തിന്റെ അധീനതലത്തിനുപുറമെ സ്വയംസിദ്ധമായ ഒരു ജീവിതം നയിക്കുന്ന "വ്യക്തത്വഖണ്ഡ"മാണു് യഥാർത്ഥ കവിയിലെ കാവ്യേന്ദ്രിയം. (It is a Split off portion of the Psyche, which leads a life of its own outside the heirarchy of Consciousness)

കാവ്യനിരൂപകന്മാർ, കാൾ ഗുസ്റ്റാഫ് യുങ്ങിന്റെ ഈ പഠനംകൂടി മനസ്സിലാക്കിയിരിക്കുന്നതു നന്നായിരിക്കും (സമഗ്രമായ പഠനത്തിനു സി. ജി. യുങ്ങിന്റെ സമ്പൂർണ്ണകൃതികൾ വാല്യം 15 നോക്കുക.)

പിന്നോക്കം മാറിനിന്നുകൊണ്ടു ഹംസസംജ്ഞ കാണിക്കുന്ന ദിവാകരരൂപം മനസ്സിൽ വെച്ചുകൊണ്ടു്.

സ്പഷ്ടമാജ്ഞയതിനാലെ പൊങ്ങിയും
നഷ്ടചേഷ്ടത കലർന്നു താങ്ങിയും
കഷ്ടമായവിടെ നിന്നെണീററുതേ
ദൃഷ്ടയത്ര ദയനീയയായവൾ.

എന്ന പദ്യം വായിക്കുമ്പോൾ കുമാരസംഭവത്തിലെ സമാനമായ രംഗമൊന്നു മനസ്സിൽ വരുന്നതു്,

"സ്ത്രീസന്നികർഷം പരിഹർത്തുമിച്ഛ-
ന്നന്തർദ്ദധേ ഭൂതപതിഃ സഭൂതഃ

(കുമാരസംഭവം 3-ാംസർഗ്ഗം. 74)

(ഭൂതപതിയായ ശിവൻ സ്ത്രീസാമീപ്യത്തെ കയ്യൊഴിപ്പാനുദ്ദേശിച്ചുകൊണ്ടു ഭൂതഗണങ്ങളോടുകൂടി അന്തർദ്ധാനംചെയ്തു.)

ആശാന്റെ ദിവാകരൻ കുറേക്കൂടി കാരുണ്യവാനായിട്ടാണു പെരുമാറുന്നത്. രണ്ടടി പിന്നാക്കം വെച്ചതേയുള്ളു. ഇനി കുമാരസംഭവം മൂന്നാം സർഗ്ഗം എഴുപത്തിയഞ്ചാം പദ്യവും അതിന്റെ പ്രക്ഷിപ്തശ്ലോകവുംകൂടി ചേർത്തുവെച്ചു വായിച്ചുനോക്കുക

ശൈലാത്മജാപി പിതുരുച്ഛിരസോഽഭിലാഷം
 വ്യർത്ഥം സമർത്ഥ്യ ലളിതം വപുരാത്മനശ്ച
സഖ്യോഃ സമക്ഷമിതി ചാധികജാതലജ്ജാ
 ശൂന്യാ ജഗാമ ഭവനാഭിമുഖീ കഥഞ്ചിൽ.
 കുമാരസംഭവം 3: 5

സപദി മുകുളിതാക്ഷീം രുദ്രസംരംഭഭീത്യാ
 ദുഹിതരമനുകമ്പ്യാ മദ്രിരാദായദോർഭ്യാം
സുരജ ഇവ ബിഭ്രൽ പദ്മിനീം ദന്തലഗ്നാം
 പ്രതിപഥഗതിരാസീദ്വേഗ ദീർഘീകൃതാംഗഃ
 (പ്രക്ഷിപ്തം.)

പർവ്വതപുത്രിയായ ഉമ ഉയററമറിയ അച്ഛന്റെ അഭിലാഷവും തന്റെ ലളിതമായ രൂപവും വ്യർത്ഥമായെന്നുറപ്പിച്ചു. നളിനിയുടെ മനോഗതം നമുക്കു ഊഹിക്കാവുന്നതാണു്. ബാല്യകാലത്തിലെ പരിചയവും, ദീർഘകാലത്തെ തപസ്സും വ്യർത്ഥമായി പോകുന്നതുപോലെയാണു കാണപ്പെടുന്നത്. പാർവതിക്കു ആ ദയനീയ നിമിഷത്തിൽ താൻ ശൂന്യയായി പോകുന്നതുപോലെ തോന്നുന്നു. നളിനിയെ നാം കാണുന്നതു്, "നഷ്ടചേഷ്ടതകലന്നു തങ്ങി"യതായിട്ടാണു്. കാളിദാസന്റെ പാർവതിയും ദയനീയയായിട്ടാണു കണപ്പെടുന്നതു്.

"ഭവനാഭിമുഖീ കഥഞ്ചിത് ജഗാമ" എന്നവരിയും
"പ്രതിപഥഗതിരാസീദ്വേഗ ദീർഘീകൃതാംഗഃ"

എന്ന വരിയും വായിക്കുമ്പോൾ നമ്മളിൽ ഉണ്ടാകുന്ന പ്രതീതിയാണു

"കഷ്ടമായവിടെ നിന്നെണീററവുതേ
ദൃഷ്ടയത്ര ദയനീയയായവൾ"

എന്ന വരികൾ നമ്മളിൽ ഉണ്ടാക്കുന്നതു്.

ഈ രംഗം നാം വിഭാവനചെയ്യേണ്ടതു ഒരു സംപൂർണ്ണ 'ഗസ്റ്റാൾട്ടു്' എന്ന നിലയിലാണു്. രസാനുഭൂതിയിൽ വേഗം ഉരുകിച്ചേരുവാൻ തയ്യാറായിരിക്കുന്ന കവിയുടെ ഹൃദയത്തിലേക്കു ആദ്യമായി നമ്മുടെ സഹൃദയത്വം ഒഴുകിച്ചെല്ലണം. അങ്ങനെ കവിയും സഹൃദയനും ഒന്നായി മാറിയതിനുശേഷം അപായമായ ആ മനോമുകുരത്തിൽ ഈ രംഗം പ്രതിഫലിച്ചുകാണണം. രണ്ടു മാതിരി സ്വാതന്ത്ര്യം കാംക്ഷിക്കുന്ന ഭാവശാലികളായ മിഥുനത്തിന്റെ ഏററെക്കുറെ ശോകമൂകവും നിസ്സഹായവുമായ വൈകാരിക വിരോധഗതികളാണു കവിക്കു ചിത്രീകരിക്കേണ്ടിയിരിക്കുന്നതു്. ശാന്തവും കരുണവുമായ പശ്ചാത്തലത്തിൽ അതീവ സൂക്ഷ്മമായി ശൃംഗാരത്തെ അവതരിപ്പിക്കണം. അണുവിട പാകപ്പിഴയുണ്ടായാൽ രംഗം ബീഭത്സമായിത്തീരും യോഗിയുടെ കാരുണ്യത്തിനു

ഇവിടെ യാതൊരു കുറവും വരുന്നില്ല. എന്നാൽ മനസ്സിൻെറ അടിത്തട്ടിൽ മായയുടെ നൃലാമാലയിൽ വീണ്ടും കുരുങ്ങിപ്പോകുമോ എന്നുള്ള ഭയവുമുണ്ട്. ശാരീരികമായ സമാഗമം കവി സാധിക്കുന്നുവെങ്കിലും മാനസികമായ പാരസ്പര്യം ഇനിയും കൊണ്ടുവന്നിട്ടില്ല. നളിനി ദിവാകരനെ അറിയുന്നുവെങ്കിലും ദിവാകരൻ നളിനിയെ തിരിച്ചറിയുന്നില്ല. നളിനിയുടെ മനസ്സിൽ അഹന്തയുടെ ചക്രവാളം തകർന്നു 'ഞാൻ' എന്ന ബോധത്തിനുപകരം 'നമ്മൾ' എന്ന ആശയം അലതല്ലുമ്പോൾ ദിവാകരൻെറ വ്യക്തിഗതമായ അഹന്ത കൂടുതൽ യാഥാതഥ്യതയുള്ളതായിതീരുന്നു. "സന്യാസിയായ ഞാൻ", "സന്യാസിനിയായ അവൾ" എന്നു രണ്ടു വ്യക്തിത്തങ്ങൾ പിരിഞ്ഞുതന്നെ നിൽക്കണമെന്നു ദിവാകരൻ നിശ്ചയിക്കുന്നു. ഇതു നളിനിയെ ഹതാശയാക്കുന്നു. ഒരേ സമയത്തുതന്നെ വൈകാരികമായ പാരസ്പര്യവും നിരാകരണവും കവിയും സഹൃദയനും പാത്രതാദാത്മ്യം കൊണ്ടു അനുഭവിക്കുകയെന്നതു മനസ്സിനെ തളർത്തുന്നതാണ്.

എല്ലാ പാരസ്പര്യങ്ങളിലും ഒരു ഉത്തമ—അധമ സാംഗത്യം വന്നുകൂടാറുണ്ട്. ഫ്രിററ്സ് പേൾ, അദ്ദേഹത്തിൻെറ "ഗെസ്റ്റാൾട്ട് തെറാപ്പി വെർബാററ്യം" (Gestalt therapy Verbatim) എന്ന പുസ്തകത്തിൽ ഉത്തമസ്ഥാനത്തു നില്ക്കുന്ന വ്യക്തിയുടെ മനോഭാവത്തെ "ടോപ്പ് ഡോഗ്" (Top dog) എന്നും 'അധമ' സ്ഥാനത്തു നിൽക്കുന്ന വ്യക്തിയുടെ മനോഭാവത്തെ 'അണ്ടർ ഡോഗ്' (Under dog) എന്നും വിശേഷിപ്പിക്കുന്നു. അവരുടെ പാരസ്പര്യം മനസ്സിലാക്കിയിരിക്കുന്നതു നല്ലതാണ്. 'ടോപ്പ് ഡോഗ്' എപ്പോഴും സത്യത്തിൻെറയും ധർമ്മത്തിൻെറയും വശത്താണ്. ശരിയെ ചെയ്യൂ. സർവജ്ഞനാണ്; ഉപദേശകനാണ്. നേതാവാണ്. അനുസരിപ്പിക്കുന്നവനാണ്. 'അണ്ടർ ഡോഗ്' കരയുന്ന കുട്ടിയാണ്. അയാൾക്ക് എല്ലാവരുടേയും സഹാനുഭൂതി വേണം. ഒഴിഞ്ഞുമാറലുകളും നുഴഞ്ഞുകയററവും, പററിക്കൂടലും, നിലത്തുകിടന്നു ഉരുണ്ടുകരച്ചിലും എല്ലാം അണ്ടർ ഡോഗിൻെറ അടവുകളാണ്. 'ടോപ്പ്ഡോഗ്' ശ്രമിക്കുന്നതു് 'അണ്ടർ ഡോഗിനെ' വരുതിയിൽ കൊണ്ടുവരുവാനാണ്. അണ്ടർഡോഗ് ശ്രമിക്കുന്നതു് കരഞ്ഞോ വിളിച്ചോ നിസ്സഹായത പ്രദർശിപ്പിച്ചോ 'ടോപ്പ്ഡോഗി'നെ തൻെറ ഹിതാനുവർത്തിയാക്കാനാണ്. പാരസ്പര്യത്തിൻെറ അടിസ്ഥാനം സ്നേഹമായാലും ഭക്തിയായാലും അന്യോന്യം സ്വാധീനപ്പെടുത്താനും ആധിപത്യം സ്ഥാപിക്കാനും നിരന്തരമായ ശ്രമം മറവിലിരുന്നു നടത്തുമെന്നുള്ളതിനു സംശയമില്ല. നളിനീദിവാകരന്മാരുടെ പാരസ്പര്യം ഇനിയും സ്ഥാപിക്കപ്പെട്ടിട്ടില്ല. ദിവാകരൻ അപരിചിതനായി നിൽക്കുന്നതേയുള്ളൂ. നളിനി പാരസ്പര്യം വ്യക്തമായി കാണുന്നു. തൻെറ സ്ഥാനം അധമശ്വാനൻേറതാണെന്നു സ്വയം തീരുമാനിച്ചുകഴിഞ്ഞു. ഇനി കരഞ്ഞും നിസ്സഹായത കാട്ടിയും അപരിചിതനായി നില്ക്കുന്ന പ്രിയതമൻെറ കാരുണ്യം സ്ഥാപിച്ചെടുക്കണം.

(തുടരും)

മലയാളഭാഷയ്ക്കുവേണ്ടി ഒരായുഷ്കാലം മുഴുവൻ വ്രതബുദ്ധ്യാ സേവനമനുഷ്ഠിച്ച ഉള്ളൂരെന്ന ആ വലിയ മനുഷ്യനോടു് കേരളം വേണ്ടത്ര കൃതജ്ഞത കാണിച്ചുവോ? ഇല്ലെന്നാണ് അദ്ദേഹത്തോടൊന്നിച്ചു പ്രവർത്തിച്ച മള്ളൂരിനെപ്പോലുള്ള വമ്പന്മാരുടെപോലും അഭിപ്രായം.

—പ്രൊ: മുണ്ടശ്ശേരി.

# ഒരു ബുദ്ധമതകഥ

## സുജാത

### മഹാകവി എൻ. കുമാരൻ ആശാൻ.

—എൻ. കെ. ആശാൻ എന്നു പേരുവെച്ച് 1085–കന്നി മാസത്തിൽ 'വിവേകോദയം' ആറാം പുസ്തകം ആറാം ലക്കത്തിൽ പ്രസിദ്ധീകരിച്ചതു്. 'ലൈററ് ഓഫ് ഏഷ്യ'എന്ന ഗ്രന്ഥത്തിൻെറ ഏഴാംസർഗ്ഗത്തിൽ ഉള്ളതാണു് ഈ കഥ. ആശാൻ 'ബുദ്ധചരിതം' 1091–ലാണു് എഴുതുന്നതു്; അതിനും ആറു കൊല്ലം മുമ്പാണു് 'സുജാത' പ്രസിദ്ധീകരിച്ചതു്. അപ്പോൾ 'ശ്രീബുദ്ധചരിതം' എഴുതുന്നതിന്നുള്ള പഠനം എത്രയോ കൊല്ലത്തിന്നുമുമ്പുതന്നെ തുടങ്ങി എന്നു് ഊഹിക്കാമെല്ലോ.

രണ്ടായിരത്തി അഞ്ഞൂറു കൊല്ലങ്ങൾക്കുമുമ്പു്, ബുദ്ധമുനി ജീവിച്ചിരുന്ന കാലത്തു്, ഉത്തര ഇന്ത്യയിൽ ഉരുവേല എന്ന വെളിംപ്രദേശത്തിനു സമീപം സ്വന്തം നാമത്താൽ ശ്രുതിപ്പെട്ടിരുന്ന ഒരു ഗ്രാമത്തിൽ സേനാനിയെന്നു പേരായി ധനികനും ധർമ്മിഷ്ഠനുമായ ഒരു ഗൃഹസ്ഥൻ സുഖമായി പാർത്തുവന്നിരുന്നു. ഈ ലേഖനത്തിൻെറ മുകളിൽ കാണുന്നതു് സുശീലയും, സുന്ദരിയുമായ, അദ്ദേഹത്തിൻെറ പത്നിയുടെ പേരാകുന്നു. ഒരു സ്വർണ്ണപ്പാത്രം നിറച്ചു താൻതന്നെ വച്ചുണ്ടാക്കീട്ടുള്ള അമൃതതുല്യമായ വഴിപാടു ഭക്തിപൂർവം തലയിൽ എടുത്തു, ഒരു കയ്യാൽ പിടിച്ചുകൊണ്ടും, പ്രസവിച്ചു ഏതാണ്ടു മൂന്നുമാസം തികഞ്ഞിരിക്കാവുന്ന അതികോമളാകാരനായ ഒരു ആൺകുട്ടിയെ മറേറക്കയ്യാൽ മാറോടു ചേർത്തു താങ്ങിക്കൊണ്ടും സുജാത സമീപമുള്ള ഒരു കോവിലിലേക്കു നടക്കുകയായിരുന്നു. കാവിന്നകത്തുള്ള വനദേവതയുടെ ആവാസമായ വൃക്ഷത്തിൻെറ ചുവടു അടിച്ചുതളിച്ചു വെടിപ്പാക്കാനും അലങ്കരിപ്പാനുമായി മുൻകൂട്ടി അയച്ചിരുന്ന ദാസിയായ രാധ, സംഭ്രമിച്ചു ഓടിവന്നുകൊണ്ടു സുജാതയോടു ഇങ്ങനെ പറഞ്ഞു:—

"സ്വാമിനീ! കണ്ടില്ലേ, ദേവൻ പ്രത്യക്ഷമായിത്തന്നെ തൻെറ സ്ഥലത്തതിയിരിക്കുന്നതു്! കാൽമുട്ടുകളിന്മേൽ കൈകൾ മടക്കിവെച്ചുംകൊണ്ടിതാ

ആ സ്വരൂപം അവിടെത്തന്നെ ഇരിക്കുന്നു. എന്തൊരു പ്രകാശമാണു് മുഖത്തിൽ കളിയാടുന്നതു്! എന്തൊരു ശാന്തതയും മാഹാത്മ്യവും ആണു കണ്ടാൽതോന്നുന്നതു്! ദൃഷ്ടികൾ എത്ര തേജസ്സുള്ളവയായിരിക്കുന്നു! ദേവന്മാരെ ഇങ്ങനെ കണ്ടുകൂടാൻ നിശ്ചയമായും വല്യ ഭാഗ്യമുണ്ടെങ്കിലേ സാധിക്കൂ."

സുജാത വിശ്വസിച്ചു അവൾ പരിഭ്രമത്താൽ അംഗങ്ങളിൽ വേപഥുവോടുകൂടി അദ്ദേഹത്തിന്റെ അടുക്കലേക്കു സാവധാനമായിച്ചെന്നു, പരിശുദ്ധമായ ആ പാദത്തിനു സമീപമുള്ള ഭൂമിയെ ചുംബിച്ചുകൊണ്ടു് തന്റെ മനോഹരമായ മുഖത്തെ താഴ്ത്തി നിന്നു പറഞ്ഞു: "ഇവിടെ അധിവസിക്കുന്ന നന്മകളുടെ മാതാവായ പരിശുദ്ധ സ്വരൂപമേ! അവിടുത്തെ ദാസിയായ ഇവളിൽ ദയ തോന്നി പ്രത്യക്ഷമായ നിന്തിരുവടി ഇവറ്റകളുടെ നിസ്സാരമായ ഈ വഴിപാടിനെ സ്വീകരിപ്പാൻ പ്രസാദിക്കുമോ? ഇതു് പുതുതായി മുറിച്ച ആനക്കൊമ്പുപോലെ വെളുത്ത പാൽ കാച്ചി ഉണ്ടാക്കിയ മഞ്ഞുപോലെ ധവളമായ തൈരുകൊണ്ടു അഭിനവമായി ചെയ്യപ്പെട്ടതാണു്."

എന്നിട്ടു് അവൾ അതിനെ ഒരു പൊൻകിണ്ണത്തിൽ ഒഴിച്ചുവെച്ചു. ഒരു സ്ഫടികക്കുപ്പിയിൽനിന്നു പനിനീർ എടുത്തു അദ്ദേഹത്തിന്റെ കയ്യിൽ വാർത്തു കൊടുത്തു ഒരക്ഷരംപോലും മിണ്ടാതെ അദ്ദേഹം വഴിപാടിനെ എടുത്തു ഭക്ഷിച്ചു. സുജാത ഭക്തിപൂർവ്വം അല്പം അകലെമാറി കൃതാർത്ഥതയോടുകൂടി അതിനെ നോക്കിക്കൊണ്ടുനിന്നു. ഈ ഭക്ഷണം ഒടുവിൽ അത്ഭുതകരമായ ഫലത്തെ ജനിപ്പിച്ചിട്ടുണ്ടു്. ഈ മഹാപുരുഷൻ ദാഹംകൊണ്ടും, വിശപ്പുകൊണ്ടും ക്ഷീണിച്ചു, വെയിലിൽ അലഞ്ഞുനടന്നു പരവശനായി, ആ കാവിന്റെ മദ്ധ്യത്തുള്ള വൃക്ഷത്തിന്റെ തണുത്തഛായയിൽ വിശ്രമിപ്പാൻ വന്നിരുന്ന ഒരു ഭിക്ഷുവായിരുന്നു. രാത്രിയിൽ ഉറങ്ങാതേയും, പകൽ മുഴുവൻ പട്ടിണിയായിരുന്നു കഷ്ടപ്പെട്ടും മങ്ങിമയങ്ങിയിരുന്ന അദ്ദേഹത്തിന്റെ ജീവിതസ്ഥിതി, ഒരു നിമിഷത്തിൽ സ്വപ്നമോ എന്നു തോന്നുംവണ്ണം അദ്ദേഹത്തെ വിട്ടുമാറി; ശരീരമെന്നപോലെ തന്നെ ചൈതന്യവും ആ രസമേറിയ ഭക്ഷണത്തെ ആസ്വദിച്ചോ എന്നുതോന്നുമാറു അദ്ദേഹത്തിന്റെ ആന്തരാത്മാവിൽ പുതിയ ഉന്മേഷങ്ങളുണ്ടായിത്തുടങ്ങി. അവധികാണാത്ത സൈകത മരുപ്രദേശത്തുകൂടി പറന്നുതളർന്നു യാദൃച്ഛയാ കണ്ടെത്തിയ ഒരു ജലപ്രവാഹത്തിൽ ഇറങ്ങി കഴുത്തിലും ചൂഡയിലുമുള്ള പൊടികളെ കഴുകിക്കളഞ്ഞു, തൂവലുകൾ ഇളക്കി ചിറകുകൾ വിതുർത്തു ആടിനില്ക്കുന്ന ഒരു പക്ഷിയെപ്പോലെ അദ്ദേഹത്തിന്റെ ആത്മാവു ആഹ്ലാദഭരിതമായി സുജാത അദ്ദേഹത്തെ പൂജിക്കുംതോറും പൂജിക്കുംതോറും അദ്ദേഹത്തിന്റെ ശരീരശോഭ ഉജ്ജ്വലിക്കുകയും മുഖകാന്തി അധികമധികം തിളങ്ങുകയും ചെയ്തു.

"അവിടുന്നു വാസ്തവമായും ദേവൻ തന്നെയോ? എന്റെ വഴിപാടു അവിടുത്തേക്കിഷ്ടമായോ?" എന്നു സുജാത വിനയപൂർവ്വം ചോദിച്ചു. "നിങ്ങൾ എനിക്കായിക്കൊണ്ടുവന്ന ഇതു് എന്തൊന്നാണു്?" എന്നു് ഭിക്ഷു ജിജ്ഞാസിച്ചു. സുജാത പറഞ്ഞു:

"ഹാ! പരിശുദ്ധസ്വരൂപമേ, ഞങ്ങളുടെ പശുക്കൂട്ടത്തിൽ നിന്നു കടിഞ്ഞൂൽ പ്രസവിച്ച നൂറു പശുക്കളുടെപാൽ ഞാൻതന്നെ കറന്നെടുത്തു അമ്പതു വെള്ളപ്പശുക്കളെകുടിപ്പിച്ചു; എന്നിട്ടവയുടേയും പാൽ അതുപോലെതന്നെ കറന്നു ഇരുപത്തി അഞ്ചു പശുക്കളെ കുടിപ്പിക്കുകയും അപ്രകാരം അവയുടേയും പാൽ കറന്നു പന്ത്രണ്ടു പശുക്കൾക്കു കൊടുക്കുകയും അവയിൽനിന്നും അങ്ങനെതന്നെ പാൽ കറന്നു അത്യുത്തമ ജാതിയിലുള്ള ആറു പശുക്കളെ കുടിപ്പിക്കയുംചെയ്തു. അവയുടെ പാൽ വെള്ളിപ്പാത്രങ്ങളിൽ കറന്നു ചന്ദനവും സുഗന്ധവ്യഞ്ജനങ്ങളും ചേർത്തു, നല്ല വി

ങ്ങുകളെ തിരിഞ്ഞു പുതിയ നിലത്തിൽ പ്രത്യേകം കൃഷിചെയ്തെടുത്ത നെല്ലിൽനിന്നു മുത്തുപോലുള്ള അരിമണികളെ തിരഞ്ഞെടുത്തു് അതിലിട്ടു ഞാൻതന്നെ ഭക്തിപൂർവം പാകം ചെയ്തുണ്ടാക്കീട്ടുള്ള ഒരു വഴിപാടാണിതു്. ഞാൻ ഇങ്ങനെ ചെയ്തതു് എന്തുകൊണ്ടെന്നാൽ, എനിക്കു ഒരാൺകുട്ടിയുടെ മാതാവാവാൻ ഭാഗ്യമുണ്ടാകുന്നപക്ഷം അതിന്റെ സന്തോഷസൂചകമായി അവിടത്തെ ആവാസമായ ഈ വൃക്ഷത്തിന്റെ ചുവട്ടിൽ ഇങ്ങനെ ഒരു വഴിപാടു കഴിപ്പാൻ ഞാൻ നേർന്നിട്ടുണ്ടായിരുന്നു. ഇപ്പോൾ എനിക്കു കുട്ടിയുണ്ടായി; എന്റെ ജീവിതം മുഴുവൻ ആനന്ദമായിത്തീരുകയും ചെയ്തു."

കുട്ടിയുടെ മുഖം മൂടിയിരുന്ന ചുവന്ന പട്ടിനെ പതുക്കെ എടുത്തു മാററീട്ടു്, അതിന്റെ ശിരസ്സിൽ ലോകാനുഗ്രഹകരങ്ങളായ കൈകളെ വെച്ചുകൊണ്ടു് മഹാനായ ഭിക്ഷു പറഞ്ഞു: "നിങ്ങളുടെ ആനന്ദരൂപനായ ഈ ശിശു ദീർഘായുസ്സായിരിക്കട്ടെ! ജീവിതത്തിന്റെ ക്ലേശഭാരം ഇവന്റെമേൽ ലഘുവായി പതിക്കട്ടെ! നിങ്ങൾ എനിക്കിപ്പോൾ ഉപകരിച്ചുവല്ലോ. ഞാൻ ദേവനല്ല. നിങ്ങളുടെ ഒരു സഹോദരനത്രേ. കുറേ മുമ്പു് ഒരു രാജാവായിരുന്നു. ഇപ്പോൾ ഒരു ഭിക്ഷു. ഈ ആറു നീണ്ട സംവത്സരക്കാലമായി രാപകലില്ലാതെ മനുഷ്യന്റെ അജ്ഞാനാന്ധകാരത്തെ അകററാനുള്ള പ്രകാശം എവിടെ സിദ്ധിക്കുമെന്നറിയാതെ തെണ്ടിനടന്നു ഞാൻ കഷ്ടപ്പെടുന്നു. ആ പ്രകാശം ഞാൻ കാണും. അതേ, ആ മാഹാത്മ്യമേറിയതും ആശ്വാസപ്രദവുമായ ആ പ്രകാശം ഉദിച്ചുതുടങ്ങീട്ടുണ്ടു്. എന്റെ ശരീരം വാടിപ്പോയിരുന്നു. ഹാ! സുന്ദരിയായ സഹോദരീ, നിങ്ങളുടെ പവിത്രമായ ആഹാരം എനിക്കു സ്വാസ്ഥ്യത്തെ നൽകി. അനേകജന്മങ്ങളെ കടന്നു പാപങ്ങൾ നശിച്ച ഉൽകൃഷ്ടവും സുഖാവഹവുമായ സ്ഥാനങ്ങളിലേക്കു ജീവിതംതന്നെ ചെന്നെത്തുന്നതുപോലെ അതു അനേകജീവിതങ്ങളെ പിന്തുടന്നു് എന്റെ ഈ ജീവിതത്തെ ത്വരിപ്പിപ്പാൻ വന്നതാണോ എന്നുതോന്നും. എന്നാൽ കേവലം ജീവിച്ചിരിക്കുക എന്നതു വേണ്ടിടത്തോളം ആനന്ദപ്രദമായ ഒരവസ്ഥയാണെന്നു നിങ്ങൾക്കു വാസ്തവമായും തോന്നുന്നുണ്ടോ? ജീവിതവും സ്നേഹവും പൂർത്തിയാകുന്നതാണോ?"

സുജാത— പൂജ്യപാദരേ! എന്റെ ഹൃദയം ചെറുതാണു്. വയലിനെ നനപ്പാൻപോലും മതിയാകാത്ത സ്വല്പമായ മഴ ഒരു ആമ്പൽപ്പൂവിന്റെ അകത്തെ പൂരിപ്പാൻ ധാരാളം മതിയാകുന്നതാണല്ലോ. എന്റെ ഭർത്താവിന്റെ സ്നേഹത്തിലും എന്റെ കുട്ടിയുടെ ഓമനപ്പുഞ്ചിരിയിലും എനിക്കു ജീവിതസൂര്യൻ തിളങ്ങി പ്രകാശിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ടു ഞങ്ങളുടെ ഗൃഹത്തിൽ എന്നും മനോഹരമായ വസന്തകാലംതന്നെ. ഗൃഹകൃത്യചിന്തകളാൽ പൂർണ്ണമായിട്ടു സന്തോഷത്തോടുകൂടിത്തന്നെ എന്റെ ദിവസങ്ങൾ കഴിഞ്ഞുകൂടുന്നു. ഞാൻ സൂര്യോദയത്തിൽ എഴുന്നേററു ദേവന്മാരെ സ്തോത്രം ചെയ്കയും, ധാന്യങ്ങളെ എടുത്തുകൊടുക്കുകയും, തുളസിച്ചെടികളെ നനയ്ക്കുകയും, അവയുടെ തടങ്ങളെ നന്നാക്കുകയും, ദാസികളെ അവരുടെ വേലകളിൽ നിയോഗിക്കുകയും ചെയ്യുന്നു. മദ്ധ്യാഹ്നമാകുമ്പോൾ ഭർത്താവു ഊണുകഴിഞ്ഞു എന്റെ മടിയിൽ തലവെച്ചുകൊണ്ടു വിശ്രമിക്കും. ഞാൻ മധുരമായ പാട്ടുകളെപ്പാടിയും, വിശറികൊണ്ടു മന്ദമായി വീശിയും അദ്ദേഹത്തെ ആശ്വസിപ്പിക്കും. അതുപോലെ രാത്രി അത്താഴത്തിനു കാലമാകുമ്പോൾ ഞാൻ അദ്ദേഹത്തിന്റെ അടുക്കൽനിന്നു ആഹാരങ്ങളെ വിളമ്പിക്കൊടുക്കും. അമ്പലത്തിൽപോയി തൊഴുതുവന്നു, സ്നേഹിതന്മാരുമായുള്ള സ്വൈരസല്ലാപങ്ങളും കഴിഞ്ഞശേഷം ആകാശത്തിൽ നക്ഷത്രദീപങ്ങൾ നല്ലവണ്ണം പ്രകാശിക്കുമ്പോൾ ഞങ്ങൾ ഉറങ്ങാൻപോകും. ഇത്ര ഭാഗ്യമുള്ള എന്റെ ജീവിതം എന്തുകൊണ്ടാനന്ദപ്രദമല്ല? വിശേഷിച്ചും എന്റെ ഭർത്താവിനുവേണ്ടി ഞാൻ

ഈ ആൺകുട്ടിയെ പ്രസവിച്ചിരിക്കുന്നു. ഇവന്റെ ഈ കുഞ്ഞിക്കൈകൾ വേണമെങ്കിൽ അദ്ദേഹത്തിന്റെ ആത്മാവിനെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുവാൻ മതിയാകുന്നതാണല്ലോ! എന്തുകൊണ്ടെന്നാൽ വഴിയാത്രക്കാർക്കായി ഛായാവൃക്ഷങ്ങൾ നട്ടുണ്ടാക്കുകയും ജനങ്ങളുടെ ഉപയോഗത്തിനായി കിണറുകുഴിപ്പിക്കുകയും, ഔരസനായ പുത്രനെ ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നവർക്കു മരണശേഷം സൽഗതിയുണ്ടെന്നു ശാസ്ത്രങ്ങളിൽ പറയുന്നു. ശാസ്ത്രോക്തങ്ങളെ ഞാൻ വണക്കത്തോടെ സ്വീകരിക്കുന്നു. എന്തുകൊണ്ടെന്നാൽ ദേവന്മാരുമായി സാക്ഷാൽ സംഭാഷണം ചെയ്തിട്ടുള്ളവരും, മന്ത്രദ്രഷ്ടാക്കളും, ധർമ്മത്തിന്റെയും, സമാധാനത്തിന്റെയും മാർഗ്ഗങ്ങളെ കണ്ടുപിടിച്ചവരുമായ പുരാതന മഹാന്മാരെക്കാൾ വിവേകം എനിക്കില്ല. മാത്രമല്ല, നല്ലതിൽനിന്നു നല്ലതും, ചീത്തയിൽനിന്നു ചീത്തയും ഉണ്ടാകുമെന്നും ഞാൻ വിശ്വസിക്കുന്നു. നിശ്ചയമായും ആർക്കും ഏതുകാലത്തും ഏതുദിക്കിലും അതു് അങ്ങിനെതന്നെ വരും. നല്ലവൃക്ഷങ്ങളുടെ ഫലങ്ങൾ മധുരമായും, വിഷവൃക്ഷങ്ങളുടെ ഫലങ്ങൾ കയ്പായുമിരിക്കുന്നതു നാം കാണുന്നില്ലയോ? അതെ, എന്നു തന്നെയല്ല, വിരോധം ശത്രുക്കളെയും, സ്നേഹം മിത്രങ്ങളേയും, ക്ഷമ സമാധാനത്തേയും ഉണ്ടാക്കുന്നതായും നമ്മുടെ ജീവിതകാലത്തിൽതന്നെ നാം കാണുന്നില്ലയോ? വിധിച്ച കാലം വരുമ്പോൾ നാം മരിക്കുന്നു. ഇപ്പോൾ എന്നപോലെതന്നെ നമുക്കു ഒരു “അപ്പോഴും’ ഉണ്ടായിരിക്കയില്ലയോ? ഭാഗ്യവശാൽ ‘ഇപ്പോഴ’ത്തെക്കാൾ ‘അപ്പോൾ’ അധികം നന്നായിരിപ്പാനാണെളുപ്പം. എന്തുകൊണ്ടെന്നാൽ ഒരു നെല്ലിൽനിന്നു മുളച്ച പച്ചത്തുവലുകൾ പോലുള്ള ഇലകളോടുകൂടി തഴച്ചു വരുന്ന നെൽച്ചെടി അമ്പതു നെൽമുത്തുകളെ ശിരസ്സിൽ ചൂഡാമണിപോലെ വഹിച്ചുകൊണ്ടു ശോഭിച്ചു നിൽക്കുന്നതു നാം കാണുന്നില്ലയോ? ഒരു ചമ്പകത്തിൽ വസന്തകാലത്തിൽ പൊട്ടിവരുന്ന കേവലമായ ഒരു അങ്കുരത്തിൽനിന്നു ചുവന്നും വെളുത്തും നക്ഷത്രങ്ങൾപോലെയുള്ള എത്രയോ പുഷ്പങ്ങൾ വിടർന്നുവരുന്നതും നാം കാണുന്നില്ലയോ? അല്ലയോ ഭഗവാൻ, ജീവിതത്തിൽ ദുഃഖങ്ങൾ ഉണ്ടെന്നും അവ സഹനശക്തിയെ സമൂലാഘാതം ധ്വംസിപ്പാൻ ശക്തിയുള്ളവയായിരിക്കുമെന്നുള്ള വസ്തുതയും ഞാൻ അറിയാത്തതല്ല. ഈ കുട്ടി ആദ്യം മരിച്ചുപോകയാണെങ്കിൽ എന്റെ ഹൃദയം തകർന്നുപോകുമെന്നു ഞാൻ വിചാരിക്കുന്നു—അതേ, മിക്കവാറും തകർന്നുപോകതന്നെ ചെയ്യും. ഇവൻ എന്റെ കൈയ്യിൽ മൃതനായിരിക്കുമ്പോഴും ഞാൻ ഭർത്താവിന്റെ ജീവിതകാലം മുഴുവൻ കാത്തിരിക്കേണ്ടവളാണല്ലോ. വിശ്വസ്തകളായ ഭാര്യമാർ ഏതു ലോകത്തിലും ആയുഷ്കാലംവരെ ഭർത്താവിനെ ശുശ്രൂഷിക്കയും, ഒടുവിൽ അനുപ്രയാണം ചെയ്കയും വേണം. പക്ഷേ എന്റെ ഭർത്താവായ ‘സേനാനി’ ആദ്യം കാലധർമ്മത്തെ പ്രാപിച്ചു എങ്കിൽ ഞാൻ ചിതാരോഹണം ചെയ്കയും, പ്രിയപ്പെട്ട അദ്ദേഹത്തിന്റെ ഉത്തമാംഗത്തെ പതിവുപോലെ മടിയിൽ വച്ചുകൊണ്ടു അഗ്നിയുടെ അതിതീക്ഷ്ണങ്ങളായ ജ്വാലകളേയും, ശ്വാസരോധകങ്ങളായ ധൂമങ്ങളേയും സസന്തോഷം സഹിച്ചു അദ്ദേഹത്തെ അനുയാനം ചെയ്യുകയുംചെയ്യും. എന്തുകൊണ്ടെന്നാൽ ഒരു സ്ത്രീയുടെ ഇപ്രകാരമുള്ള സ്നേഹം അവളെ പരലോകത്തിൽ അവളുടെ ഭർത്താവോടു യോജിപ്പിക്കുന്നതാണെന്നും, അവളുടെ തലയിൽ എത്ര മുടികളുണ്ടോ അത്രയും കോടിസംവത്സരം അവൾ ഭർത്താവോടുകൂടി സുഖവാസം ചെയ്യുണമെന്നും ശാസ്ത്രങ്ങളിൽ പറയുന്നു. അതുകൊണ്ടാണു് എനിക്കു ഭയമില്ലാത്തതു്. അല്ലയോ പരിശുദ്ധനായ സ്വാമി, അതുകൊണ്ടു് എന്റെ ജീവിതം മുഴുവൻ എനിക്കു സന്തോഷപൂർണ്ണമായിരിക്കുന്നു. എന്നാൽ ദുഃഖവും, ദാരിദ്ര്യവും ദുഷ്ടതയും അരിഷ്ടതയും നിറഞ്ഞ മററു ജീവികളുടെ സ്ഥിതിയേയും ഒരു പ്രകാരത്തിലും ഞാൻ ഓർക്കാതിരിക്കുന്നില്ല. അങ്ങനെയുള്ളവരുടെമേൽ ദേവന്മാർക്കു അനുകമ്പയുണ്ടാകട്ടെ! എനിക്കു നല്ലതെന്നു തോന്നുന്നതിനേ ആദര

വോടുകൂടി ഞാൻ ചെയ്വാൻ നോക്കുന്നു. ഏതു സംഭവ്യമോ അതു സംഭവിക്കേണമെന്നും, സംഭവിക്കതന്നെ ചെയ്യുമെന്നുമുള്ള വിശ്വാസത്തോടുകൂടി ധർമ്മത്തിന്നു കീഴടങ്ങി ഞാൻ ജീവിക്കുന്നു.

ഭിക്ഷു:— ഹാ! നിങ്ങൾ ഉപദേഷ്ടാക്കന്മാർക്കും ഉപദേശിക്കത്തക്ക യോഗ്യയായിരിക്കുന്നു നിങ്ങളുടെ കേവലമായ അറിവുകൊണ്ടു് നിങ്ങൾ സാക്ഷാൽ വിവേകത്തേക്കാൾ വിവേകമുള്ളവളായിത്തീർന്നിരിക്കുന്നു. നിങ്ങൾ ഇനി ഒന്നിനേയും അറിവാൻ ശ്രമിക്കാതെ തൃപ്തിപ്പെട്ടിരുന്നുകൊള്ളുക! ഇപ്പോൾതന്നെ നിങ്ങളുടെ ധർമ്മത്തിന്റേയും കൃത്യത്തിന്റേയും മാർഗ്ഗങ്ങളെ ഇപ്രകാരം നിങ്ങൾ അറിഞ്ഞിരിക്കുന്നുവല്ലോ! അതെ, മദ്ധ്യാഹ്ന സൂര്യന്റെ കിരണങ്ങളെ സഹിപ്പാൻ അശക്തങ്ങളായ കോമളവല്ലികൾ ഛായകളിൽതന്നെ മറഞ്ഞുനിന്നുകൊണ്ടു് ഒടുവിൽ പുഷ്പശേഖരിതങ്ങളായ ശിരസ്സുകളെ ആകാശത്തിലേക്കുന്നമിപ്പിക്കട്ടെ! അല്ലയോ മനസ്വിനീ! എന്നെ പൂജിച്ച നിങ്ങളെ ഞാൻ പൂജിക്കേണ്ടിയിരിക്കുന്നു. സ്നേഹത്താൽ പ്രേരിതമായി കൂട്ടിനെ നോക്കിപ്പറന്നുപോകുന്ന മാടപ്പിറാവിനെപ്പോലെ അറിയേണ്ടതിനെ അറിയാതെതന്നെ നിങ്ങൾ പഠിച്ചിരിക്കുന്നു. മനുഷ്യനു ആശാബന്ധത്തിന്നു എന്തുകൊണ്ടവകാശമുണ്ടെന്നും, ജീവിതയന്ത്രചക്രത്തിൽ എന്തുകൊണ്ടു നാം മനസ്സാലെ താങ്ങിനിൽക്കുന്നു എന്നുമുള്ള നിങ്ങളുടെ ദൃഷ്ടാന്തത്തിൽനിന്നു ഞാൻ വെളിവായി മനസ്സിലാക്കുന്നു: നിങ്ങൾക്കു സമാധാനം ഉണ്ടാകട്ടെ! നിങ്ങളുടെ ദിവസങ്ങൾ മുഴുവൻ സുഖപൂർണ്ണമായി കഴിഞ്ഞുകൂട്ടമാറാകട്ടെ! ഞാൻ എത്തേണ്ട ദിക്കിനെ നിങ്ങൾ കടന്നുകഴിഞ്ഞിരിക്കുന്നു. ആരെ നിങ്ങൾ ദേവനാണെന്നു വിചാരിച്ചുവോ ആ ഞാൻ നിങ്ങൾ കടന്നിരിക്കുന്ന ആ സമാധാനത്തിൽ എത്തുമാറു് എന്നെ അനുഗ്രഹിക്കേണമെന്നു നിങ്ങളോടു പ്രാർത്ഥിക്കുന്നു.

“അവിടുന്നു അതിൽ എത്തുമാറാകട്ടെ!” എന്നു തന്റെ നോട്ടത്തെ ശ്രദ്ധയോടെ കുട്ടിയുടെ മേൽ പതിപ്പിച്ചുകൊണ്ടു് സുജാത പറഞ്ഞു. ആ സമയം ആ ശിശു ഭിക്ഷുവിനെ ആരാണെന്നറിഞ്ഞു ബഹുമാനിക്കുകയാണോ എന്നു തോന്നുംവണ്ണം തന്റെ കൊച്ചു കൈകളെക്കൊണ്ടു അദ്ദേഹത്തെ എത്തിപ്പിടിച്ചിരിക്കയായിരുന്നു. പക്ഷേ, ശിശുക്കൾക്കു് നാം വിചാരിക്കുന്നതിനേക്കാൾ അധികം അറിവുണ്ടായിരിക്കാം.

എന്നാൽ അദ്ദേഹമാകട്ടെ, പരിശുദ്ധമായ ആ ആഹാരത്താൽ ശരീരബലം സിദ്ധിച്ചതുകൊണ്ടു അവിടെനിന്നെഴുന്നേറ്റു നടന്നു. ഇപ്പോൾ അദ്ദേഹം പോകുന്നതു് ഏതു പുണ്യഭൂമിയിൽവച്ചു് ലോകോപകാരാർത്ഥം ബുദ്ധമതത്തിന്നു ആസ്പദമായ പരമാർത്ഥജ്ഞാനം വെളിപ്പെട്ടുവോ, ‘ബോധിദ്രുമ’മെന്നു സാർത്ഥനാമത്തോടുകൂടിയ വിശ്രുതമായ ആ വടവൃക്ഷത്തിന്റെ ചുവട്ടിലേക്കുതന്നെയാകുന്നു. ആശ്ചര്യം, സ്നേഹം, അനുകമ്പ, ബഹുമാനം ഇവയാൽ പരതന്ത്രയായി നോക്കിനിന്നിരുന്ന സുജാതയുടെ ദൃഷ്ടിയിൽനിന്നു ഇപ്രകാരം മഹാനായ ആ ഭിക്ഷു മറഞ്ഞു. അദ്ദേഹം സാക്ഷാൽ ലോകഗുരുവായ ബുദ്ധമഹർഷിതന്നെയായിരുന്നു.

പൂജ്യയായ സുജാതേ! ഭവതിയേപ്പോലുള്ള സ്ത്രീരത്നങ്ങളുടെ ചരിത്രം ഇന്ത്യാമാതാവിന്റെ ഹൃദയത്തിന്നു ഏതു ദുരവസ്ഥയിലും ആശ്വാസപ്രദവും, ഹിന്ദുസമുദായത്തിന്നു അഭിമാനകരവുമാംവണ്ണം ലോകത്തിൽ സർവ്വോൽക്കർഷേണ വർത്തിക്കുമാറാകട്ടെ!

# വിചിത്രവിജയം

## —വിദ്വാൻ പി. എൻ. രാമചന്ദ്രപ്പണിക്കർ.

1940-മാർച്ച് 18-ാം തീയതിയിലെ
'നവജീവൻ' ആഴ്ചപ്പതിപ്പ്, പുസ്തകം 15
ലക്കം 12-ൽ എഴുതിയ പഠനം.

"ആശാന്റെ കാവ്യകലയുടെ ബാല്യദശയിലുള്ള ഒരു കൃതിയായി പ്രസ്തുത നാടകത്തെ സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു" എന്നാണു വിചിത്രവിജയത്തെപ്പററി തന്മുഖവുരയിൽ മിസ്സിസ്സ് ആശാൻ പറഞ്ഞിട്ടുള്ളതു്. ആശാൻ അവർകളുടെ ബാല്യത്തിലെ ഒരു കൃതിയാണു് ഈ നാടകമെങ്കിലും ഇതിൽ സഹൃദയന്മാക്ക് രസജനകമായ അനവധി ഭാഗങ്ങൾ അന്തർഭവിച്ചിട്ടുണ്ടെന്നു് നമുക്കു കാണാം.

"വിചിത്രവിജയം ഒരു സ്വതന്ത്ര നാടകമാണു്. അതിലെ കഥയെ ഏതാണ്ടു് ഇങ്ങനെ സംക്ഷേപിക്കാം:— കാശിരാജ്യത്തിലെ ബ്രഹ്മദത്ത മഹാരാജാവു അയൽരാജ്യങ്ങളെ കീഴടക്കിയ കൂട്ടത്തിൽ കോസലത്തേയും സ്വാധീനമാക്കി. തന്മൂലം ഭ്രഷ്ടനായ കോസലരാജാവു ദീർഘധീ, രാജ്ഞിയോടുകൂടി സന്യാസം സ്വീകരിച്ചു സഞ്ചരിക്കുന്നു. എന്നാൽ ബ്രഹ്മദത്തന്റെ നിർദ്ദേശപ്രകാരം ഭടന്മാർ ദീർഘധീയെ തേടിപ്പിടിച്ചു വധിക്കുന്നു. കദനാന്ധയായ രാജ്ഞി ഗംഗയിൽ ചാടി ആത്മഹത്യ ചെയ്യുന്നു. വധസമയത്തു, തന്നെ സമീപിച്ച പുത്രനോടു (ദീർഘബാഹുവിനോടു്)

സ്നേഹിക്കയുണ്ണീ! നീ, നിന്നെ
ദ്രോഹിക്കുന്ന ജനത്തെയും
ദ്രോഹം ദ്വേഷത്തെ നീക്കിടാ
സ്നേഹം നീക്കീടുമോർക്കനീ"

എന്ന തത്വം ദീർഘധീ ഉപദേശിച്ചിരുന്നു. ബാലനായ ദീർഘബാഹു, വളരെനാൾ ദേശാടനം ചെയ്തു പല വിദ്യകളും അഭ്യസിച്ചശേഷം കാശിരാജാവിന്റെ കൊട്ടാരത്തിൽ തന്നെ എത്തി പ്രച്ഛന്നവേഷനായി വസിക്കുന്നു. ബ്രഹ്മദത്തപുത്രിയായ പ്രേമലതയുടെ സംഗീതഗുരുവായി നിയമിക്കപ്പെട്ട ദീർഘബാഹുവിനു് കുമാരിയിൽ പ്രണയം ഉത്ഭവിക്കുന്നു. പ്രേമലതയ്ക്കും അജ്ഞാതചരിത്രനായ ഇദ്ദേഹത്തിൽ പ്രേമം ഉദിക്കയാണു് ഉണ്ടായതു്. അങ്ങനെയിരിക്കേ ഒരിക്കൽ ബ്രഹ്മദത്തൻ വേട്ടയ്ക്കുപോയപ്പോൾ വിശ്വസ്തനായ ദീർഘബാഹുവിനെക്കൂടി കൂട്ടിക്കൊണ്ടുപോയി വനത്തിൽ ഒരു സ്ഥലത്തു, അദ്ദേഹം ദീർഘബാഹുവിനെ അംഗരക്ഷകനാക്കി നിർത്തിയിട്ടു ഉറങ്ങുന്നു. ഈ അവസരം പ്രതികാരേച്ഛുവായ അയാൾ ബ്രഹ്മദത്തനെ വധിക്കാൻ വാളോങ്ങുന്നു. പെട്ടെന്നു പിതാവിന്റെ അ

ന്ത്യോപദേശം ഓർമ്മിച്ചതിനാൽ വാൾ താഴെവീഴുന്നു. അനന്തരം അയാൾ ആത്മഹത്യാസാഹസത്തിന് ഒരുമ്പെടുന്നു. തൽക്ഷണം ഉണർന്ന് മഹാരാജാവു ദീർഘബാഹുവിനെ തടയുന്നു. സകല വിവരങ്ങളും അറിഞ്ഞപ്പോൾ പശ്ചാത്താപപരിഭ്രമങ്ങളാൽ വിവശനായ രാജാവു നാട്ടിലേയ്ക്കു മടങ്ങി രാജ്യത്തേയും പ്രേമലതയേയും ദീർഘബാഹുവിൽ സമർപ്പിച്ചിട്ട സന്യാസിയായി സഞ്ചരിക്കുന്നു.

പ്രാചീനാചാര്യന്മാരാൽ നിർദ്ദിഷ്ടമായ നാടകശാസ്ത്രസിദ്ധാന്തങ്ങളെ വിചിത്രവിജയത്തിൽ പരിപൂർണ്ണമായി ആദരിച്ചുകാണുന്നില്ല. കാവ്യസരണിയിൽ ഉല്ലംഘനായും ഉൽപ്പതിഷ്ണുവായും പര്യടനം ചെയ്ത ആശാൻ അവർകൾ പ്രസ്തുത നിയമങ്ങൾക്കെല്ലാം വിധേയനാവുക എന്നുള്ളതു് സംഭാവ്യവുമല്ലല്ലോ. വധവിവാഹാദി ഭാവങ്ങൾ ശാസ്ത്രപ്രകാരം രംഗപ്രയോഗാനർഹവും ദുഃഖകരവുമായ പര്യവസാനം അനഭിലഷണീയവും തന്നെ. എന്നാൽ കഥാഗതിക്കു തന്മയത്വം വരുത്തി പ്രേക്ഷകരെ വിവിധ വികാരതരളിതന്മാരാക്കണമെന്നു വിചാരിക്കുന്ന കവികൾക്കു കർക്കശമായ നിയമശൃംഖലകളെ ഉല്ലംഘിക്കാതെ തരമില്ല. ഇന്നത്തെ ഗദ്യനാടകങ്ങൾ തന്നെ ശാസ്ത്രസിദ്ധാന്തങ്ങളെ സാകല്യേന അംഗീകരിക്കാത്തതിന്റെ കാരണവും ഇതുതന്നെയാണു്.

സാധാരണ നാടകകവികൾക്കു് നടീസൂത്രധാരന്മാരുടെ സംഭാഷണവ്യാജേന കാവ്യാരംഭത്തിൽ ആത്മപ്രശംസാപരമായ ഒരു പ്രസ്താവന പുറപ്പെടുവിക്കുക എന്നൊരു സമ്പ്രദായമുണ്ടു്.

“കൊച്ചുണ്ണിത്തമ്പുരാൻതൊട്ടഖില
കവികളും നന്നെ മാനിക്കകൊണ്ടും
മെച്ചംപൂണ്ടുള്ള ഭാഷാകൃതിയതിലതി
സാമർത്ഥ്യമുണ്ടാകകൊണ്ടും
അച്ഛനിന്നും കീർത്തിനേടിത്തെളിവൊടു
നടുവത്തുല്ലസിക്കുന്ന സാക്ഷാ—
ലച്ഛൻ നമ്പൂരിയെ കേട്ടവനിയിലറി—
യാതാരെടോ ചാരുശീലേ!”

എന്നു നടുവത്തച്ഛൻ നമ്പൂതിരിയും

“നരപതി കുഞ്ഞിക്കുട്ടൻ സരസ
ദ്രുതകവി കിരീടമണിയല്ലോ”

എന്നു കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാനും

“അച്ഛന്തസൽക്കവി സുവെണ്മണിയായിടുന്നോ—
രച്ഛന്നു വെണ്മണിമഹൻ മഹനീയശീലൻ
സ്വച്ഛന്ദമോർത്തു കൃതിചെയ്തഥ കാഴ്ചവച്ച
പ്രച്ഛന്നപാണ്ഡവമിതാണമൃതാണിതോർത്താൽ.”

എന്നു വെണ്മണി മഹൻനമ്പൂതിരിയും പറഞ്ഞിരിക്കുന്നതു് ഇതിനുദാഹരണങ്ങളാണു്. ആശാനവർകളാകട്ടെ, അനാശാസ്യവും ബാലിശവുമായ ഈ പന്ഥാവിനെ അംഗീകരിക്കാതെ “കുമാരനാശാൻ അവർകളാൽ പുത്തനായി നിർമ്മിക്കപ്പെട്ട വിചിത്രവിജയം നാടകത്തെ...... ” എന്നിങ്ങനെ പരിമിതമായി പ്രസ്താവിക്കുന്നതേയുള്ളു. എന്നുതന്നെയല്ല, ഗ്രന്ഥകർത്തൃമാഹാത്മ്യവർണ്ണന കേവലം നിരർത്ഥകമാണെന്നുകൂടി

"മതിമുഖി രസമാന്നാൽമതി
കൃതികൾക്കതുരാൻ പ്രസിദ്ധി ഗണിയാ നാം
മധുമധുരിക്കകിലേകിയ
മധുകരമേതെന്നുമേതുമലരെന്നും."

എന്ന പദ്യംമുഖേന അദ്ദേഹം സൂചിപ്പിക്കയും ചെയ്യുന്നുണ്ട്.

കഥാനായകനായ ദീർഘബാഹു ഒരു വിചിത്രമായ (അത്ഭുതകരം) വിജയത്തെ നേടുന്നതിനാൽ ഗ്രന്ഥനാമം അന്വർത്ഥം തന്നെ. സമരമാർഗ്ഗത്തെ അപേക്ഷിക്കാതെ "സ്നേഹിക്കയുണ്ണീ നീ നിന്നെ........." എന്നിത്യാദിയായ ഗുരൂപദേശത്തിന്റെ അംഗീകരണത്താലാണു ദീർഘബാഹു സകല വിജയങ്ങളും കരസ്ഥമാക്കുന്നത്. സ്നേഹഗായകനായ ആശാൻ തന്റെ ഇതരകാവ്യങ്ങളിലെന്നപോലെ വിചിത്ര വിജയത്തിലും സ്നേഹമാഹാത്മ്യപ്രകീർത്തനത്തിനു അത്യൗൽസുക്യം കാണിക്കുന്നുണ്ട്.

"സ്നേഹിക്കയുണ്ണീ! നീ നിന്നെ
ദ്രോഹിക്കുന്ന ജനത്തെയും
ദ്രോഹം ദ്വേഷത്തെ നീക്കിടാ
സ്നേഹം നീക്കീടുമോക്കനീ."

എന്നുള്ളതു് സകല മതക്കെട്ടുകളേയും കടന്നെത്തുന്ന ഒരു തത്വപീയൂഷം തന്നെയാണ്. ഈ അമൂല്യമായ ആദർശത്തെ ജനസമുദായത്തോടു ഉൽബോധിപ്പിക്കണമെന്നുള്ളതാണ് മഹാകവിയുടെ പ്രധാനലക്ഷ്യം.

"വന്മോഹതമസ്സതിലീ
ജന്മമഹായാത്രയതിനു പെരുവഴിയിൽ
പെൺമണി! ശുദ്ധസ്നേഹം
വെൺമയിൽ വീഴുന്ന കുളിർനിലാവല്ലോ."

എന്നു സ്നേഹമഹിമയെ ഒന്നുകൂടി ദൃഢപ്പെടുത്തി ആശാൻ ചിത്രീകരിക്കുന്നു.

കഥാപാത്രങ്ങളുടെ സൃഷ്ടിയിൽ കുമാരനാശാൻ അവർക്കു അസാമാന്യമായ മേന്മ സമ്പാദിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പാത്രങ്ങൾ എല്ലാംതന്നെ തന്മയത്വത്തിന്റെ മൂർത്തീകരണങ്ങളാണ്. ദീർഘബാഹുവിന്റെ പിതാവായ ദീർഘധിയെ—രാജ്യഭ്രഷ്ടനായതിന്റെശേഷം രാജ്ഞിയോടുകൂടി സന്യസിക്കുന്നതായിട്ടാണ് കവി പ്രവേശിപ്പിച്ചിരിക്കുന്നത്. ഇദ്ദേഹത്തിന്റെ പത്നീപ്രണയം വാചാമഗോചരംതന്നെ. തന്നിൽ ദുർവിധി വരുത്തിക്കൂട്ടുന്ന ദുരന്തരംഗങ്ങളെയെല്ലാം ആ വിശുദ്ധാത്മാവു അസാധാരണമായ സമാധാനത്തോടും ക്ഷമയോടുംകൂടി സഹിക്കുന്നു. വധസമയത്തു തന്നെ സമീപിച്ച പ്രതീകാരേച്ഛുവായ പുത്രനോടു "സ്നേഹിക്കയുണ്ണീ! നീ നിന്നെ......ദ്രോക്കുന്നീ" എന്ന ദിവ്യമന്ത്രമാണു ആ മനസ്വി ഉപദേശിക്കുന്നതു്. ഇപ്രകാരമുള്ള ഉപദേശം നിർമ്മമനും നിരഞ്ജനനും നിസ്തുല്യനും ആയ ഒരു മഹർഷിയിൽ നിന്നല്ലാതെ നിർഗ്ഗളിക്കുന്നതല്ലല്ലോ. രാജ്ഞി, പാതിവ്രത്യനിഷ്ഠയിൽ സീതാ ദമയന്തിമാരെപ്പോലെ തന്നെ പ്രശംസനീയയാണ്. ഭർത്താവിനെ കൂടാതെയുള്ള ഇഹലോകവാസത്തെ അവർ ഒരുനിമിഷത്തേക്കുപോലും അഭിലഷിക്കാതെ ഗംഗയിൽ ചാടി ആത്മഹത്യചെയ്യുന്നു.

സുഭഗനും സുന്ദരനുമായ ദീർഘബാഹു, സകലകലകളിലും വിദഗ്ദ്ധനായി പ്രച്ഛന്നവേഷത്തോടെ കാശി രാജധാനിയിൽ വസിക്കുകയും പ്രേമലതയിൽ

അനുരക്തനാവുകയും ചെയ്യുന്നു. ഇദ്ദേഹത്തിൻെറ പ്രേമം നിഷ്കളങ്കവും നിരുപമവും ആയിരുന്നു എന്നു പറയാം. വനത്തിൽവെച്ച്, നിദ്രാലുവായ ബ്രഹ്മദത്തനെ വധിക്കാൻ ഭാവിക്കുമ്പോൾ ദീർഘബാഹു ആ ഉദ്യമത്തിൽനിന്നും വിരമിക്കുന്നതു് പിതാവിൻെറ അന്ത്യോപദേശത്തേയും പ്രേമലതയോടുള്ള പ്രണയത്തേയും പുരസ്കരിച്ചാണു്. അവസാനത്തിൽ തനിക്കു സകലവിധമായ സൗഭാഗ്യങ്ങൾ സംസിദ്ധമായപ്പോഴും കുമാരിയുടെ പ്രേമത്തെ ലക്ഷ്യമാക്കിക്കൊണ്ടു്

"നരപതിപദമേലാം
നാടു കൈവന്നിടാം — ആ
തരളവിഭവമെന്നെബ്ബുധ—
ന്യനാക്കില്ലയാർക്കിൽ
വരതനു! തവഹൃത്താം—
ദിവ്യരത്നം ലഭിച്ചെൻ
കരമതിലുത നാലെൻ
തങ്കമേ! ഞാൻ കൃതാർത്ഥൻ."

എന്നിങ്ങനെയാണു ആ യുവാവു പറയുന്നതു്. അഹങ്കാരമോ ദുരഭിമാനമോ ഇദ്ദേഹത്തെ തീണ്ടിയിട്ടുപോലുമില്ല.

"പൃഥപീശൻ," 'പ്രജ'യെന്നു രണ്ടുവിധമില്ലോർത്താൽ പ്രകൃത്യാജനം" എന്നും

"തത്തൽ സ്ഥാനമതിൽ ഗുണാനുഗുണ—
മുൽക്കർഷം വിശേഷിച്ചുമേ
സ്വസ്ഥാനോദ്ധതനായിടാ പ്രപനഭി—
ജ്ഞൻ ഭൂരിഭാരാനതൻ".

എന്നുമാണു തൻെറ മതം. പിതൃഭക്തനായ ദീർഘബാഹു ഒരു ഉത്തമ മാതൃകാപാത്രം തന്നെ.

പ്രേമലത ഒരു സ്നേഹസ്വരൂപിണിയായിട്ടുതന്നെയാണു കാണപ്പെടുന്നതു്. ദീർഘധിയെ കൊല്ലുന്നതിനുള്ള പതു സംരംഭത്തെ കുമാരി സർവ്വശക്തിയും പ്രയോഗിച്ചു പ്രതിഷേധിക്കുന്നു. ആകയാൽ വിഷണ്ണനായ ബ്രഹ്മദത്തൻ പുത്രിയെ അറിയിക്കാതെയാണു വധം നടത്തുന്നതു്. പിതൃവിരഹഘട്ടങ്ങളെല്ലാം ഈ മുഗ്ദ്ധ മനസ്വിനി ശോകപാരവശ്യത്താൽ കഴിയുന്നതായി കാണാം. സർവ്വോപരി ദീർഘബാഹുവിൽ കന്യക തൻെറ അവിതഥമായ പ്രണയത്തെ ഹൃദയം തുറന്നു പകർന്നുകൊടുക്കുകയും ചെയ്തിട്ടുണ്ടു്. അപ്രകാരമുള്ള പ്രേമത്താൽ ദീർഘബാഹു ആകൃഷ്ടനായതിൽ അത്ഭുതത്തിനു അവകാശമില്ല.

"ലോഭസമ്മൂഢഹൃദയ"നായ ബ്രഹ്മദത്തനെക്കൊണ്ടു കഠോരകർമ്മം ചെയ്യിക്കുന്ന കവി, ഒടുവിൽ അദ്ദേഹത്തെ മാനസാന്തരപ്പെടുത്തി അനുതാപകരമായ അന്തശയത്തിനു സജ്ജനാക്കുന്നു. കാളിദാസൻെറ ദുഷ്യന്തനെപ്പോലെ ഈ രാജാവു പശ്ചാത്താപക്കൊടുംകടവിൽ കിടന്നു കഠിനമായി വലയുന്നുണ്ടു്. "താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ—താൻതാനനുഭവിച്ചീടുകെന്നേ വരൂ," എന്ന ലോകനിയമത്തെ ഇവിടെ കവി പ്രത്യക്ഷപ്പെടുത്തുന്നു. ഇതര കഥാപാത്രങ്ങളുടെ രചനയിലും ഇതുപോലെ മഹാകവിയുടെ ഔചിത്യദൃഷ്ടി സവിശേഷം പതിഞ്ഞിട്ടുണ്ടെന്നു സംക്ഷേപിച്ചു പറയാനേ ഇവിടെ നിവൃത്തിയുള്ളു.

വിചിത്രവിജയം നാടകം ഒരു അലങ്കാരക്കലവറയാണെന്നു പറയാവുന്നതാണു്. വിവക്ഷിതത്തിൻെറ പ്രതീതിക്കു വൈശദ്യം ഉണ്ടാക്കുന്നതിനു വേണ്ടി മാത്ര

മേ ആശാൻ അവർകൾ അലങ്കാരങ്ങളെ പ്രയോഗിക്കാറുള്ള അദ്ദേഹത്തിൻെറ അചുംബിതങ്ങളായ അലങ്കാരങ്ങളുടെ മേന്മയും പുതുമയും ഒന്നു വേറെതന്നെയാണു്. തൻെറ ധർമ്മപത്നിയെ, നീചന്മാരായ രാജകിങ്കരന്മാർ അസഹ്യപ്പെടുത്തുമ്പോൾ ദീർഘധീ

"മൽക്കാന്തയെ കയററി നീചർ
തൊടുന്നു! കണ്ടു
നില്ക്കുന്നു ഞാനിഹ നെടും
കഴയെന്നപോലെ."

എന്നും

"ഇല്ലൊരായുധവുമന്തരാ സ്വയം
വല്ലവാറുമതിരുന്നു കോപവും
അല്ലലും ശ്രമവുമാർന്നിടുന്നു ഞാൻ
പല്ലുപോയ ഫണിവയ്യനെന്നപോൽ."

എന്നുമാണു പറയുന്നതു്. തുടർന്നു്, രാജ്ഞിതന്നെ വിട്ടുപിരിയാതെ സന്താപാധികൃത്താൽ ആലിംഗനം ചെയ്യുമ്പോൾ അദ്ദേഹം നിരോധിക്കുന്നതിങ്ങനെയാണു്.

"സുക്ഷത്രിയേ! വിടുക, സാഹസ
മെന്തിനെന്നെ
രക്ഷിക്കയില്ല കലരും
ക്ഷതിയും സ്വയം നീ
തക്ഷവ്രജം ചുവടിളക്കി
വലിച്ചിടുന്ന
വൃക്ഷത്തിലാഞ്ഞു വലിയും
ലതപോലെ കാന്തേ!"

ദീർഘബാഹുവിൻെറ പേരിൽ പ്രേമലതയ്ക്കുള്ള രാഗം ആ കുമാരി വ്യക്തമാക്കിയിട്ടും സന്നിഗ്ദ്ധമനോരഥനായ ആ യുവാവു ചിന്തിക്കുന്നതു് എത്ര സ്വാഭാവികമായിരിക്കുന്നു എന്നു നോക്കുക:

"സന്ദേഹം തീർത്തവൾ സുഖമു-
ദിപ്പിച്ചു ഹസ്താർപ്പണത്താ-
ലെന്നാലും മേ ഹൃദയമഴലേ-
ന്തുന്നലം ചിന്തയാലേ
ഇന്ദുശ്രീതാൻ തടവിജഡമാ-
മെങ്കിലും പ്രത്യുഷസ്സിൽ
നന്നായുഷ്ണോദക മടിയിലേ-
ന്തുന്ന നീരാഴിപോലെ".

പശ്ചാത്താപശല്യത്താൽ രാജഭോഗവിരക്തനായ ബ്രഹ്മദത്തൻ സകലതും സന്ത്യജിച്ചു സന്യാസത്തിനു പോകുന്ന അവസരത്തിൽ പുത്രിയായ പ്രേമലത വിവശയായി മൂർഛിക്കുന്നു. തദവസ്ഥയെപ്പററി ദീർഘബാഹു പറയുന്ന ഉപമയുടെ സ്വാരസ്യം ഒന്നു വേറെതന്നെയാണു്.

"ഉടൻ പിതാവിട്ടഥ ഞാൻ തടുക്കിലും
കിടന്നു മാഴ്കുന്നിതു കോമളാംഗിയാൾ.
സ്ഫുടം നിലാവിൻ പ്രസരത്തിലും ജലം
വെടിഞ്ഞു വീണീടുമൊരാമ്പൽപോലിവൾ."

പ്രേമലതയുടെ അനുരാഗം അഭിലഷണീയമാണെങ്കിലും നീചനായ ബ്രഹ്മദത്തൻ (തൻപിതാവ്) വധ്യനാണെന്നുള്ളതിനെ,

"കസ്തൂരിയിൽ പ്രിയമിരിക്കിലുമായതേലു—
മത്യുഗ്രനാം മുതലയോക്കുക വദ്ധ്യനാശ്ശേ!''

എന്നിങ്ങനെയാണ് ദീർഘബാഹു സമർത്ഥിക്കുന്നത്. ഇപ്രകാരമുള്ള അലങ്കാര രത്നങ്ങളാണ് ആശാൻെറ സാഹിത്യഖനിയിൽനിന്നും നമുക്കു ലഭിക്കുന്നത്.

ഇതര കവികളുടെ കവിതകളിൽ നിന്നും ആശാൻ അവർകളുടെ കവിതയ്ക്കുള്ള സ്പഷ്ടദൃഷ്ടമായ വൈശിഷ്ട്യം, അതു തത്വഗർഭിതമാണെന്നുള്ളതാണ്. കഥാസംഭവഗതികളിൽനിന്നും പ്രാപഞ്ചിക തത്വങ്ങളെ സംഗ്രഹിച്ചു ആവിഷ്കരിക്കുന്നതിൽ ആശാൻ അവർകൾക്കുള്ള അഭിനിവേശം അപരിമേയമാണ്, നിലാവുള്ള രാത്രി "ഏററവൈരിക്കു മുമ്പുഴറി'' സഞ്ചരിക്കുന്ന ദീർഘധീ രാജ്ഞിയോടു പറയുന്നതാണു താഴെക്കുറിക്കുന്നഭാഗം.

"രാവിൽ പണ്ടതിരമ്യസൗധമതിൽ
നാം മഞ്ചത്തിൽ മന്ദസ്മിതം
തൂവിത്തൂവി രമിക്കുവാൻ പുതുനി—
ലാവെന്നും കൊതിച്ചീലയോ

ഈവണ്ണം കടുകാളരാത്രിയതുപോലേ—
കുന്നതിപ്പോൾ ഭയം;
ഭാവിപ്പാനരുതാക്കുമീ ഭുവനഭോഗ
ത്തിൻ വിവർത്തം പ്രിയേ!"

അനശയാഘാതത്താൽ പരിമർദ്ദിതനായ ബ്രഹ്മദത്തൻ രാജതത്വത്തിൻെറ ആപൽക്കരതയെ വെളിപ്പെടുത്തുന്നതു നോക്കുക:

"വില്ലാളിയെന്നി, വനമേ—
റിയ ഗോവിനേയും
കൊല്ലാൻ പരൻ ഗവയ—
മെന്നതി സാഹസത്താൽ,

ഇല്ലല്ലതിഷ്ടവിനൊ—
ഴിഞ്ഞരിപാതഭീതി,
യെല്ലാം നിനയ്ക്കുകിൽ
വിരക്തിവരും ജഗത്തിൽ."

വിചിത്രവിജയത്തിലെ അവസാന പദ്യത്തിൽ ഇങ്ങനെ കാണുന്നു: (ദീർഘബാഹു പ്രേമലതയോടു പറയുന്നു.)

"നീണ്ടീതം, പരിപൂർത്തിഭാഗ്യമതി—
നില്ലോർക്കിനു നാം ചേർന്നയേ
പുണ്യത്താൽ — അഥവാ പ്രിയേ!
വിധിരഹസ്യം കണ്ടതുണ്ടോ നരൻ?"

ഈ പല്ലവി ഭംഗ്യന്തരേണ ആശാൻ അവർകളുടെ കൃതികളിൽ എവിടെയും കാണാവുന്നതാണ്.

രസപരിപോഷണത്തിനു സഹായകമായ നിലയിൽ കഥാഗതിയെ നയിക്കുന്നതിൽ കുമാരനാശാൻ കാണിച്ചിട്ടുള്ള ഔചിത്യദൃഷ്ടി നിതരാം പ്രശംസനീയം തന്നെ. പ്രാണപ്രണയിനിക്കു അന്ത്യയാത്രപറഞ്ഞു സന്താപസിന്ധുവിൽക്കൂടി വധസ്ഥലത്തേക്കു യാത്രചെയ്യുന്ന ദീർഘധീയ്ക്കു, അവിടെയെത്തുന്നതിനുമുമ്പ് അംഗങ്ങളിൽ 'ധൃഷ്ടത്വം കലരും ധ്വഷാവലികടിച്ചു' 'നഗ്നനിതംബ'യായി ഗംഗയിൽക്കൂടി ഒഴുകിവരുന്ന രാജ്ഞീപ്രേതത്തിന്റെ ദർശനം ഉണ്ടാകുന്നു. ഇവിടെ കരുണരസം അതിന്റെ പരമകാഷ്ഠയിലെത്തിച്ചേരുന്നു.

ബ്രഹ്മദത്ത നിഗ്രഹത്തിനു എത്ര സമുചിതമായ പശ്ചാത്തലമാണു കലാരസികനായ കവി സൃഷ്ടിക്കുന്നതെന്നു പരിശോധിക്കുക. വനമദ്ധ്യത്തിലെത്തുമ്പോൾ ദീർഘബാഹുവൊഴികെയുള്ള പരിവാരങ്ങൾ, വഴിതെററിയതിനാൽ രാജാവിനെ വിട്ടുപിരിയുന്നു. സൂര്യൻ അസ്തമിച്ചു. രാത്രിയായി. നിശാചാരികളായ വ്യാധന്മാർപോലും നിദ്രാലുക്കളായി. ഈ അവസരത്തിൽ ബ്രഹ്മദത്തനും ദീർഘബാഹുവും മാത്രമാണു വനഗർഭത്തിൽ ശേഷിക്കുന്നതു്. രാജാവു ക്ഷീണാധിക്യത്താൽ ഉറങ്ങാൻ ഭാവിക്കുന്നു. അപ്പോൾ ഇതാ ഒരു ശാർദ്ദൂലത്തെ രംഗപ്രവേശം ചെയ്യിക്കുന്നു. ധീരനായ ദീർഘബാഹു അതിനെ തൽക്ഷണം നിഗ്രഹിക്കുന്നതിൽനിന്നു്. ആ യുവാവിന്റെ ധൈര്യാതിശയവും കൃത്യബോധവും ബ്രഹ്മദത്തനു നല്ലതുപോലെ ബോദ്ധ്യപ്പെടുന്നു. എന്തുപറയട്ടെ; ദീർബാഹുവിലുള്ള വിശ്വാസത്താൽ സ്വന്തം വാൾക്കൂടി അയാളെ ഏല്പിച്ചിട്ടു് "ഈ കാന്താരമതിങ്കലീ നിശയിലിന്നേവം നിരാലംബനായ് ഹാ കാശിശനീതാ ഭയങ്കരനാറങ്ങീടുന്നു ഗാഢം ശഠൻ!" ഹാ! പ്രതികാര പ്രവൎത്തനത്തിനു എത്ര അനുകൂലമായ അവസരം. പരിസരപ്രകൃതിയെന്നപോലെ ബ്രഹ്മദത്തൻതന്നെയും സ്വവധത്തെ സമ്മതിക്കുന്നു. ദീർബാഹു ശങ്കിക്കുന്നു.

"തന്നു കൃപാണം കൈയ്യതി—
ലെന്നല്ലടനേ കിടന്നുറങ്ങീ
പിന്നിശ്വാസരവത്താൽ
കൊന്നിടെന്നു കഥക്കയെല്ലിയീവൻ."

ഇത്ര അനന്യസുലഭമായ അവസരത്തെ അനവധി താൎക്കിക ചിന്തകൾക്കു ശേഷം—പ്രതികാര പ്രവൎത്തനത്തിനു പ്രയോജനപ്പെടുത്താതെ ദീർഘബാഹു പിതാവിന്റെ അന്ത്യോപദേശത്തെ സ്മരിച്ചു പിന്മാറുന്നു. ഇവിടെയാണു കഥാനായകനു വിചിത്രവിജയം സംഘടിക്കുന്നതു്.

വധകൎമ്മത്തിനു വാൾ തുടയ്ക്കാൻ ഇലകൾ അന്വേഷിക്കുന്ന കൂട്ടത്തിൽ ദീർഘബാഹു, പൂത്തുനിൽക്കുന്ന ഒരു കാട്ടുമുല്ലയെ കാണുന്നു. ഇതു് കവിയുടെ ഒരു പൊടിക്കയ്യാണു്. എന്തെന്നാൽ പ്രസ്തുത കുന്ദവല്ലിയുടെ ദർശനത്താൽ സ്മേരമുഖിയായ പ്രിയയെ ഓൎത്തതിനാലാണു് ആ യുവാവിന്റെ അന്തരംഗം ചിന്താശതങ്ങളാൽ അസ്വസ്ഥമാകുന്നതു്.

ഇങ്ങനെ പരിശോധിച്ചു നോക്കിയാൽ മഹാകവിയുടെ സാഹിത്യവൈചക്ഷണ്യവും തത്വപ്രതിപാദനൗൻമുഖ്യവും മനോധൎമ്മ പ്രകടനവും കലാചാതുര്യവും ഈ നാടകത്തിൽ സാർവത്രികമായി കാണാവുന്നതാണു്. വിചിത്രവിജയത്തിൽ അന്തർഭവിച്ചിട്ടുള്ള അതിമഹത്തായ ആദർശതത്വത്താൽ ആകൃഷ്ടനായതുകൊണ്ടാണു് ഈ ആസ്വാദന ലേഖനത്തിനു ഞാൻ ആരംഭിച്ചതു്. ഇപ്പോൾ തന്നെ ദീർഘമായിപ്പോയ ഈ ഉപന്യാസത്തെ ഇവിടെ ഉപസംഹരിച്ചുകൊള്ളുന്നു.

---

(17–ാം പേജിൽനിന്നും തുടർച്ച)

അനുഗ്രഹം; ഷേക്സ്പിയർ, മിൽട്ടൺ, ബൈറൺ, ഷെല്ലി, കീററ്സ്, ടെനിസൻ, ബ്രൗണിംഗ് തുടങ്ങിയുള്ള ആംഗലകാവ്യകാരന്മാരുടെയും ബഹുശാഖയായ ആംഗല സാഹിത്യത്തിൽ പ്രവർത്തിച്ചിട്ടുള്ള മററനേകം മഹാന്മാരുടേയും ഗ്രന്ഥങ്ങൾ പ്രദാനം ചെയ്ത പ്രചോദനം; ഔവയാർ, തിരുവള്ളവർ, കമ്പർ, ആദിയായ ദ്രാവിഡ സാഹിത്യ നിധികളുടെ ചിന്താസന്താനങ്ങളുമായുള്ള ആഭിമുഖ്യം; രാമചരിതം തൊട്ടു സമാനകാലംവരെ മലയാളത്തിലുണ്ടായിട്ടുള്ള കൃതികളെല്ലാം തേടിപിടിച്ചു പഠിച്ചതിൽ സിദ്ധിച്ച കേരളഭാഷാ പാണ്ഡിത്യം; ഇവ ഓരോന്നും അദ്ദേഹത്തിന്റെ സാഹിത്യചിന്തകളെ ചില ഭാവങ്ങളിൽ സ്വാതന്ത്ര്യത്തിലേയ്ക്കും മററുചില അംശങ്ങളിൽ പാരതന്ത്ര്യത്തിലേക്കും നയിച്ചു. നൈഷധകാവ്യകർത്താവായ ശ്രീഹർഷനെപ്പോലെ കൃത്രിമജടിലമായ കാവ്യസമ്പ്രദായം അദ്ദേഹത്തെ ഒരു കാലത്ത് അധികം ആകർഷിച്ചിരുന്നു. ഭവഭൂതിയുടെ "പ്രൗഢോദാരഗഭീരചാരുവചസ്സ്" ആയിരുന്നു അദ്ദേഹത്തിന് ആദ്യന്തം മാതൃകയെന്നുതോന്നും. വ്യാസന്റെയും വാല്മീകിയുടേയും ലോകോത്തര വിചാരങ്ങളായിരുന്നു അദ്ദേഹത്തിന്റെ അന്തസ്സത്വത്തിനു രൂപം നല്കിയതുതന്നെയും. ആംഗലകവിപുംഗവന്മാരുടെ ചിന്താസ്വാതന്ത്ര്യവും അതുപോലെതന്നെ അദ്ദേഹത്തിന്റെ ഹൃദയത്തിൽ സമ്പൂർണ്ണമായി പ്രതിഫലിച്ചു. ദ്രാവിഡകവികളും മലയാള കവികളും അദ്ദേഹത്തിനു ആശയങ്ങളും മാതൃകകളും വിഷയങ്ങളും ദാനം ചെയ്തു. ഇത്തരം പ്രേരണകൾ എല്ലാ സാഹിത്യകാരന്മാർക്കും സാമാന്യമായി കാണുമല്ലോ എന്നാണെങ്കിൽ ഉള്ളൂരിനെന്നപോലെ ഇവയുടെ സമ്പൂർണ്ണ പ്രയോജനം കിട്ടിയവർ ചുരുക്കമായിരിക്കുമെന്നുള്ളതുകൊണ്ടാണ് ഈ സംഗതി എടുത്തുപറയുന്നത്. വിഭിന്ന പ്രേരണകൾക്കും വിവിധാദർശങ്ങൾക്കും വിധേയനായി കാവ്യപ്രവർത്തനം ചെയ്തതുകൊണ്ട് അദ്ദേഹത്തിന്റെ കവനങ്ങൾക്കു അതിനൊത്ത വിഭിന്ന സ്വഭാവവും വന്നിട്ടുണ്ട്. അവയെല്ലാം ഒന്നുപോലെ ഹൃദ്യങ്ങളാണെന്ന് അവകാശപ്പെടാവുന്നതല്ല. എങ്കിലും അവയെല്ലാം മലയാളകാവ്യസാഹിത്യത്തിനു ചില പ്രത്യേക സ്വഭാവങ്ങൾ നല്കിയിട്ടുണ്ട്. അവയുടെ മൂല്യം അനിഷേധ്യവുമാണ്. ഉമാകേരളം, കർണ്ണഭൂഷണം, ഭക്തിദീപിക, ചിത്രശാല, വിദുരഭിക്ഷ, മംഗളമഞ്ജരി, മുതലായ കൃതികൾ ഓരോന്നായെടുത്തു പരിശോധിച്ചാൽ ഈ അംശം വിശദമാകും.

ഉമാകേരളം സംസ്കൃത നിയമമനുസരിച്ചുള്ള ഒരു മഹാകാവ്യമാണ്. എങ്കിലും അകത്തോട്ടു കടന്നുനോക്കിയാൽ കഥയിലും, ഘടനയിലും പുതിയ ഭാവങ്ങൾ നിറഞ്ഞ മഹത്തായ ഒരു കലാസൃഷ്ടിയാണ് ആ കാവ്യമെന്നു വ്യക്തമാകും. കാവ്യരൂപത്തിലുള്ള ഒരു മഹാഖ്യായികയുടെ വൈശിഷ്ട്യംകൂടി അതിൽ കലർന്നിട്ടുണ്ട്. കർണ്ണഭൂഷണമോ? ഒരു പുരാണകഥ ആധുനികർക്കു അത്യന്തം രുചികരമായ രീതിയിൽ ആശയപ്രൗഢിയോടുകൂടി അവതരിപ്പിച്ചിരിക്കയാണ് അതിൽ. "അക്കർണ്ണനും—അതേകർണ്ണൻ, അമോഘം തന്റെ കുണ്ഡലം അറുത്തർത്ഥിക്കരുളിയോരവനീ ഹരിചന്ദനം!!" മഹാഭാരതത്തിലെ സാമ്യമില്ലാത്ത ആ മഹാരഥന്റെ ദാനവീര്യോൽക്കർഷം ചിന്താവിഭൂതിയോടുകൂടി പ്രകീർത്തനം ചെയ്യുന്ന ഈ കാവ്യം മലയാള കവിതാദേവിയുടെ കർണ്ണഭൂഷണമായി വിളങ്ങുന്നു. ഇതിൽനിന്ന് എത്ര വിഭിന്നസ്വഭാവമുള്ള കൃതിയാണ് 'ഭക്തിദീപിക' അഥവാ 'ചാത്തന്റെ സദ്ഗതി'? കോരിവാരി അലങ്കാരങ്ങൾ അണിഞ്ഞുകൊണ്ടുള്ള പുറപ്പാടാണ് അതിലും കാണുന്നത്. ശബ്ദപ്രൗഢിയിലുള്ള ശക്തി കാണണമെങ്കിൽ മംഗളമഞ്ജരിയിലോട്ടു കടന്നാൽ മതി. അന്നു തിരുവിതാംകൂർ വാണിരുന്ന ശ്രീമൂലംതിരുനാൾ മഹാരാജാവിന്റെ ഷഷ്ടിപൂർത്തി പ്രശസ്തിയാണ്

അതു്. അങ്ങനെ രാജപ്രശസ്തി മാത്രമാണെങ്കിലും രചനാപ്രൗഢികൊണ്ടു അതും ഒരു പ്രകൃഷ്ട സാഹിത്യകൃതിയായി ശോഭിക്കുന്നു.

നോക്കുക:—

ശൈലാലിപ്രായമെന്നും മിഴിയുമകമലർ—
ക്കാമ്പുമൊന്നാം പുമർത്ഥ—
പ്പാലാഴിപ്പള്ളിവെള്ളത്തിരകളിൽവിഹരി—
പ്പോരു ശുഭ്രാരുകീർത്തി
നീലാംഭോദാഭ നീലാധവ പദകമലാ—
ലംബി ഭൂപാലമാലാ—
ലീലാലങ്കാരമസ്മൽപ്രിയ ദൃഢമവനീ—
ശാർവ്വരീ പാർവ്വണേന്ദു,—

എന്നപോലെയുള്ള ശബ്ദപ്രവാഹം പുനംനമ്പൂരി തുടങ്ങിയുള്ളവരുടെ പദപ്രൗഢിയേയും കവിഞ്ഞുപോകുന്നതാണു്.

'ചിത്രശാല'യുടെ സ്ഥിതി ഇതിൽനിന്നു തീരെ വ്യത്യസ്തമാണു്. സ്വദേശാഭിമാനവും സംസ്കാരവീര്യവുമാണു് അതിൽ വിജയ കാഹളധ്വനി മുഴക്കുന്നതു്. മിസ്മേയോ എന്ന അമേരിക്കൻവെള്ളക്കാരി ഭാരതമാതാവിനെ അപഹസിച്ചതിന്റെ പ്രത്യുത്തരമായിട്ടാണു് ഒരു ഭാരതീയകവി എന്ന നിലയ്ക്കു് ഉള്ളൂർ ഈ കൃതി നിർമ്മിച്ചതു്. ഭാരത മഹിമയെപ്പററി ഇത്ര ഉജ്ജ്വലവും ഹൃദയസ്പർശകവുമായ മറെറാരു കൃതി നമുക്കു കിട്ടിയിട്ടില്ല. പ്രാചീനാദർശ സുരഭിലമാണു അതു്; ആധുനിക മനോഗതിക്കു വിരുദ്ധവുമല്ല.

ആശാന്റെ 'കരുണ'യോടും വള്ളത്തോളിന്റെ 'മഗ്ദലനമറിയം' എന്ന ഖണ്ഡകാവ്യത്തോടും സാമ്യപ്പെടുത്തി വ്യവഹരിക്കാറുള്ള കൃതിയാണു് പിങ്ഗല. മൂന്നുകൃതികളും വേശ്യകൾക്കു വരുന്ന പരിവർത്തനം വിഷയമാക്കിയുള്ളതാണു്. ആശാൻ ബുദ്ധമതത്തിൽ നിന്നും, വള്ളത്തോൾ ക്രിസ്തുമതത്തിൽനിന്നും കഥ സ്വീകരിച്ചപ്പോൾ ഉള്ളൂർ ഹൈന്ദവപുരാണത്തിൽ നിന്നുതന്നെയാണു് വിഷയം കൈക്കൊണ്ടതു്. ഭാരതീയ മോക്ഷസിദ്ധാന്തങ്ങളുടെ വിജയവിലാസമായിട്ടും കൂടി 'പിങ്ഗല' ബഹുമാനം അർഹിക്കുന്നു.

തരംഗിണി, താരഹാരം, മണിമഞ്ജുഷ, കല്പശാഖി മുതലായ ലഘുകാവ്യസമാഹാരങ്ങൾ അദ്ദേഹത്തിന്റെ ഏററവും വിലപ്പെട്ട കവിതാരത്നങ്ങൾ ഉൾക്കൊള്ളുന്ന കനകപേടകങ്ങളാണു്. ആംഗല മാതൃകയനുസരിച്ചുള്ള കാല്പനിക ലഘുകവിതാ പ്രസ്ഥാനം മലയാളത്തിൽ സംക്രമിച്ചു തുടങ്ങുന്ന കാലമായിരുന്നു അതു്. ആശാനും വള്ളത്തോളും ഉള്ളൂരും ആയിരുന്നു ആ പ്രസ്ഥാനത്തിലെ നായകന്മാർ, സംസ്കൃത പാരമ്പര്യത്തിൽ കവിതാ മണ്ഡലത്തിൽ പ്രവേശിച്ച കവിത്രയം നൂതന മാർഗത്തിലേക്കു തിരിഞ്ഞതോടു കൂടി മലയാള സാഹിത്യത്തിൽ അത്ഭുത ശോഭാപൂർണ്ണമായ ഒരു വസന്ത വിലാസം കണ്ടുതുടങ്ങി. ആശാന്റെ വീണപൂവു് സാഹിത്യമണ്ഡലത്തിൽ വലുതായ ഒരു പ്രകമ്പനംതന്നെ സൃഷ്ടിച്ചു. ഭാവപ്രധാനവും ഭാവനാസുരഭിലവുമായ ഒരു കവനവിലാസമാണു് അതിൽ ആവിഷ്കരിച്ചതു്. അതിന്റെ പ്രകൃഷ്ട പ്രേരണയും വിജയപ്രഭയും കവനമണ്ഡലത്തിൽ സാർവ്വത്രികമായി അനുഭവപ്പെട്ടു. അങ്ങനെ സമാരംഭിച്ച വസന്തോത്സവത്തിൽ കവിത്രയം സാധിച്ച ഭാഷാസമാരാധനംകൊണ്ടു നമുക്കു കൈവന്ന നിത്യസമ്പത്തുക്കളുടെ കൂട്ടത്തിലാണു ഉള്ളൂരിന്റെ

ലഘുകാവ്യവിഭവങ്ങളും ഗണനാവിഷയമാകുന്നതു്. ഈ കാല്പനിക പ്രസ്ഥാനത്തിൽ കവിത്രയം കാവ്യചക്രവാളസീമയെത്തന്നെ വളരെയേറെ വികസിപ്പിച്ചതായി സാഹിത്യ ചരിത്രകാരൻ ബഹുമാനാദരങ്ങളോടെ രേഖപ്പെടുത്തണം. അതിൽ ഉള്ളൂരിന്റെ സംഭാവന നിത്യാദരണീയമായി പരിലസിക്കുന്നു. വിഷയവൈവിധ്യത്തിൽ, ആശയസമ്പത്തിൽ, അലങ്കാരധാടിയിൽ, ആദർശോൽകർഷത്തിൽ, സാംസ്കാരിക മൂല്യത്തിൽ, ജീവിതവീക്ഷണത്തിൽ എന്തെന്തു് ഉൽക്കഷമാണു് ആ മഹാൻ മലയാളകവിതയ്ക്കു നല്കിയതെന്നുള്ളതു് ദീർഘപഠനമർഹിക്കുന്ന വിഷയമാണു്.

ഉള്ളൂരിന്റെ ലഘുകൃതികളിൽ പെട്ട പ്രേമസംഗീതത്തെപ്പററി മുകളിൽ സൂചിപ്പിച്ചുകഴിഞ്ഞു. അതു കവിലോകത്തിന്റെ പ്രപഞ്ചസ്നേഹ സന്ദേശമായി വിശ്വസാഹിത്യത്തിൽ പ്രതിഷ്ഠ നേടും. ഗുണോൽക്കർഷംകൊണ്ടു് അതിന്റെ സാഹോദര്യം വഹിക്കുന്ന ഒട്ടേറെ ലഘുകൃതികൾ നമ്മെ അഭിരമിപ്പിക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ സമാഹാരങ്ങളിൽ. തുമ്പപ്പൂവു്, ബാലാങ്കുരം, സുഖം സുഖം, സൗഭ്രാത്രഗാനം, വിദുരഭിക്ഷ മുതലായവയെല്ലാം ഇവിടെ പരിഗണിക്കാൻ എളുപ്പമല്ല. എന്തെന്തു വൈവിധ്യമാണു് അവയിൽ പ്രത്യക്ഷപ്പെടുന്നതെന്നു വിസ്മയം കൂടാതെ പരിഗണിക്കാൻ പ്രയാസമാണു്. ദ്രാവിഡവൃത്തങ്ങളുടേയും സംസ്കൃതവൃത്തങ്ങളുടെയും യഥേച്ഛമായ പ്രയോഗം; പ്രൗഢമണിപ്രവാളമാർഗ്ഗത്തിലെന്നപോലെ പച്ച മലയാളപ്രസ്ഥാനത്തിലുമുള്ള സ്വച്ഛന്ദഗതി; പുരാണവിഷയങ്ങളെപ്പോലെ ചരിത്രാദി കഥകളുടെയും സ്വീകരണം; പ്രാചീന സംസ്കാരത്തിലെന്നപോലെ ആധുനിക പരിഷ്കാരത്തിലും തികഞ്ഞ ആദരവു്; കവിത ആനന്ദോപായമാകുന്നതോടൊപ്പം ജീവിതോൽക്കർഷ സോപാനവുമാകണമെന്ന നിഷ്ഠ; ദേശീയാഭിമാനത്തിനൊപ്പം സാർവ്വലൗകികപ്രേമം; ഇങ്ങനെ വിഭിന്ന ഗുണപുഷ്കലമാണു് ഉദാത്ത ചിന്താനിർഭരമായ ആ കവിതകൾ, ചുരുക്കത്തിൽ പറഞ്ഞാൽ ആശയവിഭവംകൊണ്ടും രചനാ വൈശിഷ്ട്യംകൊണ്ടും അതിമഹത്തായ ഒരു കലാസമ്പത്താണു് വിഭിന്ന മാതൃകകളിലുള്ള കവിതകളിൽ അദ്ദേഹം ഭാഷാദേവിക്കു സമർപ്പിച്ചിട്ടുള്ളതു്. അവയിൽ ചിലടത്തു കലാപരമായ മിനുക്കുപണികൾക്കു സാദ്ധ്യതയുണ്ടായിരിക്കാമെങ്കിലും, പൊതുവേ പറയുമ്പോൾ അവയ്ക്കുള്ള രചനാസൗന്ദര്യം പ്രശംസാർഹമാണെന്നു തീർത്തുപറയാം.

ഉള്ളൂരിന്റെ കവിതാസംഭാവനകൾ അദ്ദേഹത്തിനു നമ്മുടെ സാഹിത്യത്തിൽ അത്യുന്നത പ്രതിഷ്ഠ നേടിക്കൊടുക്കുന്നവയാണു്. എന്നാൽ അവ അദ്ദേഹത്തിന്റെ വിപുലമായ ഭാഷാസേവനത്തിന്റെ ഒരു ഭാഗം മാത്രമായിരുന്നു എന്നു് ഓർമ്മിക്കുമ്പോഴാണു് നമ്മുടെ ബഹുമാനാദരങ്ങൾ അതിരുകവിയുന്നതു്. ചരിത്രഗവേഷണത്തിലും പ്രാചീന ഗ്രന്ഥപ്രകാശനത്തിലും ആ മഹാൻ സാധിച്ച സേവനങ്ങൾ അദ്ദേഹത്തെ ഏകാന്തോജ്ജ്വലമായ ഒരു യശോമണ്ഡലത്തിലേക്കു് ഉയർത്തുന്നു. പ്രാചീന മലയാളമാതൃകകൾ (രാമചരിതം, രാമകഥപ്പാട്ടു്), മദ്ധ്യമലയാള മാതൃകകൾ (നിരണം ഭഗവത്ഗീത, ശിവരാത്രി മാഹാത്മ്യം), ഗിരിജാകല്യാണം, ഉതവാക്യം മുതലായ എത്രയെത്ര വിശിഷ്ടസമ്പത്തുക്കളാണു് ഗവേഷണംകൊണ്ടു് ആ മഹാൻ കണ്ടെടുത്തു വെളിച്ചത്തുകൊണ്ടുവന്നതു്! സംസ്കൃതസാഹിത്യം, മലയാളസാഹിത്യം, കേരളചരിത്രം തുടങ്ങി എത്രയേറെ വിഷയങ്ങളാണു് അദ്ദേഹത്തിന്റെ പഠനങ്ങൾകൊണ്ടു പ്രകാശം നേടിയതു്! അത്തരം വിഷയങ്ങളെപ്പററി പലപ്പോഴായി രചിച്ച പ്രബന്ധങ്ങളാണു് വിജ്ഞാനദീപിക (നാലുഭാഗം) യിൽ സമാഹരിച്ചിട്ടുള്ളതു്. അതുപോലെ എത്രയെത്ര കൃതികളെയാണു ഗവേഷണമൂല്യമുള്ള അവതാരികകൾകൊണ്ടു് അദ്ദേഹം സമുദ്ധരിച്ചതു്. ഇത്തരം പഠനങ്ങളുടെ പരമസാഫല്യമായിരുന്നു—അമ്പതോളം സംവത്സര

കാലത്തെ ഗവേഷണ തപസ്യയുടെ പരിണതഫലമായിരുന്നു അഞ്ചു വാല്യങ്ങളിലുള്ള കേരളസാഹിത്യചരിത്രം. കേരളീയരുടെ സാഹിത്യസമ്പത്തുക്കളെ—തമിഴ് സംസ്കൃതം ഉൾപ്പെടെയുള്ള കലാസൃഷ്ടികളെ നീതിനിഷ്ഠമായും അത്യന്തഹൃദ്യമായും നിരീക്ഷണം നടത്തുന്ന പ്രാമാണിക ഗ്രന്ഥം. അതു നമ്മുടെ സാഹിത്യത്തിന്റെ നിത്യാഭിമാനസ്തംഭമായി സമുല്ലസിക്കും. ഈ സാഹിത്യചരിത്രവും അംബ എന്ന ഗദ്യനാടകം മുതലായ കൃതികളും അനശ്വര ഗദ്യസമ്രാട്ടെന്ന യശസ്സും അദ്ദേഹത്തിനു കൈവരുത്തിയിട്ടുണ്ട്.

വിസ്തൃതവും അഗാധവുമായ പാണ്ഡിത്യം, അവഗാഢമായ ഭാഷാഭിമാനം, നിസ്സീമമായ സംസ്കാരപ്രതിപത്തി എന്നു തുടങ്ങിയുള്ള ശക്തികൾ ജന്മസിദ്ധമായ സാഹിത്യ വൈഭവത്തോടു സമ്മേളിച്ചു രൂപംകൊണ്ട സാരസ്വത മഹാപ്രവാഹമായിരുന്നു ഉള്ളൂർ മഹാകവിയിൽനിന്നു നമുക്കു സിദ്ധിച്ച സാഹിത്യം. ആർഷസംസ്കാരംപോലെ ആംഗലദ്രാവിഡ സാഹിത്യങ്ങളും തത്ത്വവിജ്ഞാനത്തിനൊപ്പം ചരിത്രബോധവും പ്രഭാപൂർണ്ണമാക്കിയ ഒരു ഹൃദയത്തിന്റെ മഹിമ അദ്ദേഹത്തിന്റെ കൃതികളിൽ തിളങ്ങിക്കാണാം. മഹാകാവ്യാദി രചനയിലും മററും പാരമ്പര്യ പ്രസ്ഥാനങ്ങളിലേക്കുള്ള പ്രവണതയാണ് അദ്ദേഹം പ്രകടിപ്പിക്കുന്നതെങ്കിലും, ആശയസമ്പത്തിലും പ്രതിപാദനരീതിയിലും അദ്ദേഹത്തിന്റെ സ്വാതന്ത്ര്യഭാവനാവിലാസം അത്യുച്ചത്തിൽ പാറിപ്പറക്കുന്നതും കാണാം. ശബ്ദപ്രൗഢിയിലും അർത്ഥ ചമൽകൃതിയിലും ഉജ്ജ്വലകാന്തി കലർന്നതാണ് അദ്ദേഹത്തിന്റെ കവിതയെങ്കിലും അലങ്കാരപ്രയോഗത്തിലും മററും അതിൽ അങ്ങിങ്ങുകടന്നുകൂടിയിട്ടുള്ള ചില ന്യൂനതകൾ നിരൂപകന്മാരെ ചൊടിപ്പിക്കുന്നുണ്ട്. എന്നാൽ മൊത്തത്തിലുള്ള ഗുണദോഷ ചിന്തയിൽ വിഗണിക്കാവുന്ന ആഭാവങ്ങൾ മാററിയാലും അവശേഷിക്കുന്നഭാഗം അദ്ദേഹത്തെ അനശ്വരകവീശ്വരനാക്കാൻ പര്യാപ്തമാണ്. കവിതയിൽനിന്നു ഗദ്യത്തിലോട്ടു കടന്നാൽ, മററു കവികൾക്കെന്നല്ലാ ഗദ്യസാഹിത്യ മഹാരഥന്മാർക്കുപോലും അസൂയാവഹമായ സ്ഥാനമാണ് അദ്ദേഹത്തിനു സിദ്ധിച്ചിട്ടുള്ളതു. മുമ്പു സൂചിപ്പിച്ചതുപോലെ ഈ നേട്ടങ്ങളെല്ലാം കൃത്യഭാരമുള്ള ഉദ്യോഗങ്ങൾ വഹിച്ചുകൊണ്ടായിരുന്നു ഉണ്ടാക്കിയതെന്നു് ഓർമ്മിക്കുമ്പോൾ ആ മഹാനോടുള്ള ബഹുമാനാദരവുകൾ അതിരില്ലാതെ വർദ്ധിക്കുകയുംചെയ്യും.

മഹാകവിയുടെ എളിയ സഹപ്രവർത്തകനായി ഉദ്യോഗജീവിതാരംഭത്തിൽ ഈ ലേഖകനു കഴിയാൻ സാധിച്ചതിലുള്ള ധന്യത അനുസ്മരിച്ചുകൊണ്ട് ആ മഹാന് സ്മരണാഞ്ജലി അർപ്പിച്ചുകൊള്ളട്ടെ. അദ്ദേഹം അടുത്തൂൺപററി ഉദ്യോഗത്തിൽനിന്നും വിരമിച്ച് സ്വകാര്യജീവിതത്തിൽ കഴിഞ്ഞപ്പോഴായിരുന്നു ഗവണ്മെൻറിൽനിന്നു് അദ്ദേഹത്തെ തിരുവനന്തപുരം സെൻട്രൽ റെക്കാർഡ് ആഫീസിന്റെ ഓണററി ഡയറക്ടരായി നിയമിച്ചതു്. (കൊ. വ. 1113–1117), ഈ ലേഖകനെ കോളേജിൽനിന്നു് സെക്രട്ടറിയററിലെ ഒരു സൂപ്രണ്ടാക്കി റെക്കാർഡ് ആഫീസിൽ ജോലിക്കു നിയോഗിക്കയും ചെയ്തു. അവിടത്തെ ആഫീസ് ജോലിക്കു പുറമേ തിരുവിതാംകൂർ സ്റ്റേററു് മാനുവൽ നവീകരണത്തിനു ചുമതലപ്പെട്ടിരുന്ന സദസ്യതിലകൻ ടി. കെ. വേലുപ്പിള്ള അവർകളെ സഹായിക്കാനും ഈ ലേഖകനെ ഗവണ്മെൻറിൽനിന്നു നിയോഗിച്ചിരുന്നു. അതിലേക്കു പ്രാചീന രേഖാപഠനത്തിനു വിപുലമായ പരിപാടി കൈക്കൊള്ളേണ്ടിവന്നു. അന്നു് റെക്കാർഡ് ആഫീസിൽനിന്നും പത്മനാഭസ്വാമിക്ഷേത്രം ഗ്രന്ഥപ്പുരയിൽനിന്നും മററും അനേകം ലക്ഷം രേഖകൾ വലിയ ഒരു സ്റ്റാഫിന്റെ സാഹായ്യത്തോടെ പരിശോധിച്ചു ചരിത്രവസ്തുതകൾ ശേഖരിച്ചുകൊടുത്ത സംഗതി സദസ്യതിലകൻ സ്റ്റേററ് മാനുവൽ രണ്ടാം വാല്യത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. അന്നത്തെ രേഖാ

ഗവേഷണപരിപാടിയിൽ മഹാകവി ഉള്ളൂർ മാർഗ്ഗനിർദ്ദേശം നൽകിയും ദൈനംദിന പുരോഗതി നിരീക്ഷിച്ചും സജീവമായി പങ്കെടുത്തതു് ഈ ലേഖകനു് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ അനുഗ്രഹമായിരുന്നു. അന്നു കണ്ടെടുത്ത പ്രധാന ചരിത്രരേഖകൾ സദസ്യതിലകൻ സ്റ്റേററ്മാനുവൽ രണ്ടാം വാല്യത്തിൽ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ളതുപോലെ, തിരഞ്ഞെടുത്ത മതിലകം (ശ്രീപത്മനാഭസ്വാമി ക്ഷേത്രം വക) മുഖ്യരേഖകൾ ഇംഗ്ലീഷിൽ നോട്ടോടുകൂടി മഹാകവി ഹുസൂർ സെൻട്രൽ റെക്കാർഡ് സീരീസ് 3-ാം നമ്പരായും പ്രകാശിപ്പിച്ചിട്ടുണ്ടു്. ഈ പ്രാചീന രേഖകൾ ചരിത്രരചനയിലെന്നപോലെ മലയാളമഹാനിഘണ്ടു നിർമ്മിതിയിലും അമൂല്യസാമഗ്രികളായി പ്രയോജനപ്പെട്ട വസ്തുത ഓർമ്മിക്കുമ്പോൾ രണ്ടു മഹാന്മാരെപ്പററിയുള്ള കൃതജ്ഞത ഈ ലേഖകൻെറ ഹൃദയത്തിൽ കവിഞ്ഞുതുളുമ്പുകയാണു്—സദസ്യതിലകനെപ്പററിയും മഹാകവി ഉള്ളൂരിനെപ്പററിയും. അങ്ങനെ ചരിത്രരേഖാപഠനം നടത്തിയ അക്കാലത്തായിരുന്നു മഹാകവി കേരളസാഹിത്യചരിത്രം പൂർത്തിയാക്കാൻ യത്നിച്ചുകൊണ്ടിരുന്നതും. അതിനാൽ ആ മഹാഗ്രന്ഥനിർമ്മിതിയുടെ പൂർത്തീകരണം മഹാകവി സാധിച്ചതു നേരിട്ടു മനസ്സിലാക്കാൻ കഴിഞ്ഞതിലുള്ള ധന്യതയും ഈ ലേഖകനു് സിദ്ധിച്ചു. അതിനാൽ മലയാളഭാഷാസാഹിത്യത്തിലെ മഹാമേരുപ്രഭാവനായ ആ മഹാനു സ്മരണാഞ്ജലി അർപ്പിക്കുന്നതു് പരിപാവനമായ ഒരു പുണ്യകൃത്യം സാധിക്കുന്ന ചാരിതാർത്ഥ്യത്തോടെയാണു്.

ആ മഹാൻെറ യശസ്സ് മലയാളസാഹിത്യത്തിൻെറ ഭാഗ്യപ്രഭയായി എന്നേക്കും നിലകൊള്ളും. അതു് ഉയരുന്ന തലമുറകൾക്കു് ഉത്തേജനവും നൽകിക്കൊണ്ടിരിക്കും.


## ദിവ്യകോകിലം പരസ്യനിരക്കു്

| | |
|---|---|
| കവർ 4-ാംപേജ്ജ് | രൂ. 400-00 |
| കവർ 2-ം, 3-ം പേജ്ജുകൾ | രൂ. 300-00 |
| സിംഗിൾപേജ്ജ് | രൂ. 200-00 |
| അരപേജ്ജ് | രൂ. 100-00 |

മാനേജർ
ദിവ്യകോകിലം
പുന്നത്തല
കൊല്ലം-12

# രാഷ്ട്രഭവൻ

## കാളിദാസകലാകേന്ദ്രത്തിൻെറ പുതിയ നാടകം

### ആഗസ്റ്റ് 17-ാംതീയതി (ചിങ്ങം ഒന്നു്)
### കൊല്ലം വിമലഹൃദയാ
### ആഡിറ്റോറിയത്തിൽവച്ച് ഉൽഘാടനം.

നാടകരചനയും—സംവിധാനവും

കെ. ടി. മുഹമ്മദ്

ഗാനങ്ങൾ:
ഒ. എൻ. വി. കുറുപ്പ്

സംഗീതം:
അർജ്ജുനൻ

ബുക്കിംഗിനു്:
**ഒ. മാധവൻ**
സെക്രട്ടറി
കാളിദാസകലാകേന്ദ്രം
കൊല്ലം.
ഫോൺ: 2497

# ലീല

## ജി. രാമൻ മേനോൻ എം. ഏ. ബി. എൽ.

'അദ്ധ്യാപകൻ' മാസികയുടെ 1090 ചിങ്ങത്തിലെ ഒന്നാം പുസ്തകം 10-ാം ലക്കത്തിൽ പ്രസിദ്ധീകരിച്ചതു്.

കൊല്ലം ശ്രീകൃഷ്ണവിലാസം പ്രസ്സിൽനിന്നും ആയിരുന്നു 'അദ്ധ്യാപകൻ' മാസിക പ്രസിദ്ധീകരിച്ചിരുന്നതു്.

'നളിനി' എന്ന കാവ്യത്തിന്റെ കർത്താവായ മിസ്റ്റർ കുമാരനാശാൻ എഴുതീട്ടുള്ള ഒരു പുതിയ കാവ്യമാണിതു്. മുഖവുരയിൽ കവിതന്നെ പറഞ്ഞിട്ടുള്ളതുപോലെ 'ലീല'യിലെ നായികാനായകന്മാർ ആത്മീയവളർച്ചയിൽ 'നളിനി'യിലെ നായികാനായകന്മാരെക്കാൾ കുറെ താണ പടിയിലാണു് നിൽക്കുന്നതു്. എന്നാൽ 'ലീല'യുടെ കഥ, സാധാരണ ജീവിതത്തോടു 'നളിനി'യുടേതിനേക്കാൾ അധികം ബന്ധമുള്ളതായിരിക്കുന്നതിനാൽ, അതു സാധാരണ വായനക്കാർക്കു അധികം രസപ്രദമായിരുന്നേക്കാം. ഈ കാവ്യത്തിലും മി. കുമാരനാശാന്റെ നിസ്സർഗ്ഗസുന്ദരമായ ആശയവിലാസവും വിശുദ്ധമായ രസജ്ഞതയും ആദരണീയമായ ഭാഷാരീതിയും വിളങ്ങുന്നുണ്ടു്. ലോകത്തിൽ പലതരം ആളുകൾ ഉള്ളതിൽ ഒരു തരത്തിലുള്ള നായികാനായകന്മാരെയാണു് ഇതിൽ വിവരിച്ചിരിക്കുന്നതു്. 'ലീല'യെപ്പോലെ ഒരു പുരുഷനോടു പ്രേമമുള്ളപ്പോൾ, അച്ഛന്റെയോ മറ്റോ ഏർപ്പാടു പ്രകാരം വേറൊരു പുരുഷനെ വിവാഹംചെയ്യുന്ന സ്ത്രീകൾ നമ്മുടെയിടയിൽ ധാരാളമുണ്ടു്. എന്നാൽ ലീലയെപ്പോലെ പഴയ പ്രണയത്തെ ജീവാവസാനം വരെ വച്ചുകൊണ്ടിരിക്കുകയും അതുമൂലം ജീവിതമുപേക്ഷിക്കുകയും ചെയ്യുന്നവർ ചുരുക്കംതന്നെ. തന്റെ പ്രേമഭാജനമായ സ്ത്രീയെ വേറൊരാൾ വിവാഹം ചെയ്താൽ ഒരുമാതിരി ഭ്രാന്തുകാണിക്കുന്നവർ ധാരാളമുണ്ടു്; എന്നാൽ, മദനനെപ്പോലെ, ആ പ്രണയം നിമിത്തം വ്യാകുലതയും ലോകവിരക്തിയും വർദ്ധിച്ചു കഥാവശേഷരാകുന്നവർ ചുരുക്കമാണു്.

മദനനും ലീലയും ആത്മാഭിവൃദ്ധിയിൽ പ്രത്യേകമായ ഒരു ഘട്ടത്തിലെത്തിയവരാണു്. അവർ കേവലം താണതരക്കാരല്ല. അവർ പരിതഃസ്ഥിതികൾക്കു കേവലം അടിമപ്പെട്ടു് ഉൽകൃഷ്ട വിചാരങ്ങളെ ത്യജിക്കുന്നില്ല. എന്നാൽ, അവർക്കു് ആരംഭത്തിൽ, പരിതഃസ്ഥിതികളോടു മല്ലിട്ടുനിന്നു സ്വേച്ഛയനുസരിച്ചു പ്രവർത്തിക്കാൻ വേണ്ട കരുത്തുണ്ടായിട്ടില്ല. ഈ സ്ഥിതിയിലാണു് പരിതാപകരമായ സംഭവങ്ങൾ ഉണ്ടാകുന്നതു്. ലോകത്തിൽ ലീലയുടെ കഥപോലുള്ള ദുഃഖപര്യവസായികളായ സംഭവങ്ങൾ ഉണ്ടാകുന്നതു് നന്മയും മനോദൌർബല്യവും

ഒന്നിച്ചുകൂട്ടമ്പോഴാണ്. ഇവർ സാധാരണക്കാരായ ഒരു സ്ത്രീയും പുരുഷനമായിരുന്നുവെങ്കിൽ, ലീല മദനന്റെ കാര്യവും മദനൻ ലീലയുടെ കാര്യവും എളുപ്പത്തിൽ മറന്നു് അവരവരുടെ സ്ഥിതിയിൽ പുതിയ ബന്ധങ്ങൾക്കു വഴിപ്പെട്ടു ഒരുവിധം സുഖമായി കാലം കഴിച്ചേനെ. നളിനിയേയും ദിവാകരനേയും പോലെ, ലീലാമദനന്മാർ നന്മക്കനുസരിച്ച മനക്കരുത്തുള്ളവരായിരുന്നുവെങ്കിൽ ലീല വേറൊരു ഭർത്താവിനെ സ്വീകരിക്കാൻ ഇടയാകില്ലായിരുന്നു. ഇത്തരക്കാർക്കാണ് ദുഃഖം അധികം ഉള്ളതു്. എന്നാൽ ഈമാതിരി ദുഃഖം മനുഷ്യാത്മാവിന്റെ അഭിവൃദ്ധിയുടെ ഒരു ഘട്ടത്തിൽ അനിവാര്യമാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു —

"കരുതുവതിഹ ചെയ്യവയ്യ; ചെയ്യാൻ
വരുതിലഭിച്ചതിൽ നിന്നിടാ വിചാരം;
പരമഹിതമറിഞ്ഞുകൂട; യായു-
സ്ഥിരതയുമി,—ല്ലതിനിന്ദ്യമീനരത്വം."

ഉയന്നതരത്തിലുള്ള ജ്ഞാനവും അതുനിമിത്തമുള്ള മനശക്തിയും ലഭിച്ചിട്ടില്ലാത്തവരും എന്നാൽ, മയസ്സിനു ഒരുവിധം നന്മയുള്ളവരും ആയ മനുഷ്യജീവികൾക്കു പലപ്പോഴും ലീലയുടെ മേൽ വിവരിച്ച വാക്കുകളിൽ സൂചിപ്പിച്ച വിധത്തിലുള്ള അനുഭവമുണ്ടാകും. 'പരമഹിതമറിയുമ്പോൾ' ഈ ദുഃഖം താനേ നീങ്ങിപ്പോകുന്നു, പിന്നെ മനുഷ്യൻ പരിതഃസ്ഥിതികളുടെ അടിമയായിരിക്കുന്നില്ല. എന്തുവന്നാലും തന്റെ നിഷ്ഠകളും ശാന്തിയും ഇളകാതാകുന്നു.

ഈ സ്ഥിതിയിലെത്തിയിട്ടില്ലാത്തവക്കു് ആശ്വാസത്തിനുള്ള മാർഗ്ഗം താഴെ പ്പറയുന്നതുതന്നെ. ഇതു മരണാനന്തരം ലീലയും മദനനുംകൂടെ ലീലയുടെ വിശ്വസ്തയും പ്രിയയുമായ തോഴിയോടു പറയുന്നതായിട്ടാണു സങ്കല്പിച്ചിരിക്കുന്നതു്.

"ആരും തോഴീ, യുലകിൽ മറയു-
ന്നില്ല; മാംസംവെടിഞ്ഞാൽ
തീരുന്നില്ലീ പ്രണയജടിലം
ദേഹിതൻദേഹബന്ധം;
പോരും ഖേദം; പ്രിയസഖി, ചിരം
വാഴ്ക മാഴ്കാതെ; വീണ്ടും
ചേരും നാം കേൾ;—വിരതഗതിയാ-
യില്ല സംസാരചക്രം"

ലീലയും മദനനും ഇഹലോകത്തിൽ അനുഭവിച്ച വലുതായ പരിതാപം വ്യർത്ഥമല്ലെന്നും, അതുനിമിത്തം അവരുടെ ജ്ഞാനം കുറേ ഉയന്നസ്ഥിതിയിൽ എത്തിയിരിക്കുന്നു എന്നും ഈ ശ്ലോകത്തിൽനിന്നും മനസ്സിലാക്കാം. ഈ മാതിരി ജ്ഞാനത്തിന്റെ ഫലം ലീലയുടെ സഖിയായ മാധവിയുടെ ശാന്തവും പുണ്യപ്രദവുമായ അനന്തര ജീവിതത്തിലും കാണുന്നുണ്ടു്.

"ശേഷംനാരം സ്വയമാസഖീരമണനെ-
ത്തേടുന്നൊരന്നാന്ന തൻ-
വേഷം സാർത്ഥകമാകുമാറുടനെ താൻ
കൈക്കൊണ്ടു ചീരാംബരം
ദോഷസ്പർശമെഴാത്തതാം വ്രതമെട്ടു-
ത്തന്യാർത്ഥമായ്, ജീവിതം
തോഷംപൂണ്ടു നയിച്ചു, ലൗകികസുഖം
തുച്ഛം, കൊതിച്ചീലവൾ"

ആകെപ്പാടെ നോക്കുമ്പോൾ ഈ സഖി ആത്മശക്തിയിൽ ലീലാമദനന്മാരെക്കാൾ ഒട്ടും താഴെയല്ല.

ദുഃഖത്തിൻെറ ഫലമായ് മനുഷ്യക്ക് ആത്മശക്തിയിൽ അഭിവൃദ്ധിയുണ്ടാകുന്നുവെന്നുള്ളതിന് ലീല നല്ല ഉദാഹരണമാണു്.

"ഗുരുജനവചനം, കുലക്രമം
തരുണികൾ തന്നുടെയസ്വതന്ത്രത
കരുതിയിവ, മറച്ചു കാമിതം,
കരുമന പൂണ്ടിവൾ കാട്ടി ലൗകികം."

ചെറുപ്പകാലത്ത് തൻെറ പ്രണയത്തിനു വിപരീതമായ വിവാഹത്തിനു് ഇങ്ങനെയൊക്കെ വിചാരിച്ചു വഴിപ്പെട്ട് അത്യന്തമായ ദുഃഖത്തിൽപെട്ടു വലഞ്ഞ ലീല കുറേക്കാലം കഴിഞ്ഞതിൽ പിന്നെ, ഭർത്താവിൻെറ മരണാനന്തരം സ്വാതന്ത്ര്യയാകുകയും, പ്രിയതമനായ മദനൻെറ കഷ്ടാവസ്ഥയെക്കുറിച്ചു അറിയുകയും ചെയ്യപ്പോൾ കാണിക്കുന്ന സൂക്ഷ്മജ്ഞാനവും ധൈര്യവും നോക്കുക! മദനനെ അന്വേഷിച്ചുപോകുന്നതു് അനുചിതമാണെന്നും, മദനൻെറ ചൈതന്യക്കുറവിനേയും വൈരൂപ്യത്തേയും ഓക്കുമ്പോൾ അവൻ ലീലയ്ക്കു ചേരുന്ന ഭർത്താവല്ലെന്നും സഖി പറയുമ്പോൾ, ലീല പറയുന്ന ഉത്തരം കേൾക്കേണ്ടതുതന്നെ:

"വിഹിതാ വിഹിതങ്ങ,ളോർത്തയേ
മഹിതം സ്നേഹമഹോ! മറക്കൊലാ;
ഇഹധർമ്മരഹസ്യമന്തരാ
നിഹിതം,.നിത്യവിഭിന്നമാം നയം.

"അറിയും ജനനീതിസീമയെ—
ത്തിറമായ് കാക്കുമപൂർണ്ണരാഗികൾ;
നിറയും രതി, ലോകസംഗ്രഹം
കുറിയാക്കാ, സഖി, ക്രൂസലാന്നിടാ.

"സുപരീക്ഷിതമിപ്പൊഴെന്മന—
സ്സുപശങ്കം സഖി, മുമ്പിതേലുകിൽ,
ത്രപവിട്ടിവൾ ചെയ്യുമായിരു—
ന്നപരോക്ഷം പ്രിയഹസ്തപീഡനം.

"ഉടലോക്കുക ബാഹ്യമായതിൽ
തടവും ലോകമതീവ ബാഹ്യമാം;
സ്ഫുടസൗഹൃദമാന്തരാത്മികം
വെടിയുന്നെങ്ങിനെ തോഴി! ദേഹികൾ?

"അലമിന്നതിഭീതി,യെന്മന—
സ്സലയാ; ഞാനിവയൊന്നുമോർത്തിടാ
കുലനീതിയെ, മാംസകഞ്ചുകം
വിലവയ്ക്കാത്തവർ പേടിയാ സഖീ.

"മരണം ഭയസീമ,യെന്നയേ
കരുതും ജീവികളങ്ങനാരതം
വിരഹാർത്തയിവൾക്കഹോ! ഭയ
ങ്കരമായ്തീർന്നു ധരിക്ക ജീവിതം.

"പുനരെന്തുരചെയ്‌വു പോകനാം
നിനയായ്കുത്തൽ; നടക്കനാം ദ്രുതം
മനതാരരുളുന്നു—കാന്തനാ—
വനഭാഗം സഖി വിട്ടുപോയിടാ."

തൻെറ പരിശുദ്ധ പ്രണയത്തെക്കുറിച്ച്, തൻെറ ഹിതത്തെ അനാവർത്തിക്കുന്നതിൽ തന്നെ തല്പരനായ അച്ഛനെ അറിയിക്കാത്ത ഭീരുവും മുഗ്ദ്ധയുമായ ബാലിക എവിടെ? ബുദ്ധിശൂന്യമായ ലോകനടപ്പിനേയും, ലോകരുടെ ആക്ഷേപത്തിനേയും നിസ്സാരമായി വിചാരിച്ച തൻെറ മനസ്സാക്ഷിയെ പിന്തുടരുന്ന പ്രൗഢസ്ത്രീ എവിടെ? വിശുദ്ധമായ പ്രണയവും, അതു കാരണമായി ലീല അനുഭവിച്ച ദുഃഖവുമാണ് അവളെ ഉയർത്തിയതു്. വിരഹദുഃഖം കൊണ്ടു ഐഹിക ജീവിതത്തിൽ മദനനു ചൈതന്യക്കുറവുണ്ടായെങ്കിലും, അയാൾക്കും ഈ കാരണത്താൽ മഹത്തായ അഭിവൃദ്ധിയുണ്ടായെന്നു മരണാനന്തരമുള്ള സ്ഥിതിയെക്കുറിച്ചുള്ള സൂചനയിൽനിന്നു് അനുമാനിക്കാം. ലീലയുടെ സഖിയായ മാധവിയുടെ കാര്യവും ഇങ്ങനെതന്നെ. ഈ കാവ്യത്തിലെ പ്രധാന തത്വം ഇതാണെന്നു തോന്നുന്നു. നല്ല കാര്യങ്ങൾ മൂലമുണ്ടാകുന്ന ദുഃഖം കേവലം ദോഷകരമല്ല, അതു് ആത്മാഭിവൃദ്ധിക്കു് ചില സന്ദർഭങ്ങളിൽ അത്യാവശ്യമാണു്.

ചിരവിരഹാനന്തരം, ലീലയും മദനനും തമ്മിൽ കണ്ടിട്ടു് കുറച്ചുനേരം കൃതാർത്ഥരായി നിന്നശേഷം, മദനൻ പെട്ടെന്നു് ഓടിപ്പൊയ്ക്കളയുന്നതിൻെറ കാരണം എന്താണെന്നു് കുറച്ചാലോചിക്കാനുണ്ടു്.

"പ്രിയതകരകവിഞ്ഞുപാർത്തു വീണ്ടും
പ്രിയയുടെ മോഹനമോഹനം മുഖാബ്ജം
സ്വയമലിവൊടുമൊന്നവൻ മുകർന്നാൻ
ഭയമുളവായതുപോലെ ഹാ! വെടിഞ്ഞാൻ."

തൽക്കാലത്തേക്കു് ഒന്നു തെളിഞ്ഞ മനസ്സ് വീണ്ടും ഭ്രാന്തമാകയാലാണു് മദനൻ ഓടിയതെന്നുമാത്രം പറഞ്ഞാൽ മതിയോ എന്നു സംശയമാണു്. "ഭയമുളവായതുപോലെ ഹാ! വെടിഞ്ഞാൻ" എന്നാണു് പറഞ്ഞിരിക്കുന്നതു്. ഈ സന്ദർഭത്തിൽ മദനനു ഭയം തോന്നാൻ കാരണമുണ്ടു്. തൽക്കാലം കുറച്ചു് ആലോചനാശക്തി അയാൾക്കു് ഉണ്ടായി എന്നുതന്നെ വിചാരിക്കണം. ലീലയുടെ ഭർത്താവു മരിച്ചു എന്നും മററുമുള്ള കഥകൾ മദനൻ അറിഞ്ഞിട്ടില്ല. ഈ സ്ഥിതിക്കു് താൻ പരസ്ത്രീയോടു് അവിഹിതമായ വിധത്തിൽ വർത്തിച്ചുവെന്നുള്ള ധർമ്മഭ്രംശഭയം മദനൻെറ മനസ്സിൽ ഉദിച്ചിരിക്കാം. അയാളുടെ മനസ്സിൻെറ അപ്പോഴത്തെ ദുർബ്ബലാവസ്ഥയിൽ, ഈ ഭയം കാരണമായി അയാൾ ഓടിയതാണെന്നു വിചാരിക്കാൻ കാരണമുണ്ടു്. മനസ്സ് സ്വസ്ഥമായിരിക്കയായിരുന്നെങ്കിൽ, ലീലയുടെ കഥയെല്ലാം മനസ്സിലാക്കിയതിൻെറ ശേഷമേ അയാൾ അവളുടെ പ്രേമചേഷ്ടകൾക്കു വശപ്പെടുമായിരുന്നുള്ളു. അയാളുടെ മനസ്സിൻെറ ദുർബ്ബലസ്ഥിതിയിൽ, ലീലയെ കണ്ടപ്പോൾ പൂർവ്വപ്രേമം മാത്രം ആദ്യം മനസ്സിൽ ഉദിച്ചു. അതനുസരിച്ചുള്ള ചേഷ്ടകൾ ചെയ്തു. പിന്നെ, ഇടയിലുണ്ടായ വിരഹകാരണം അവ്യക്തമായി അയാളുടെ മനസ്സിൽ ഉദിച്ചപ്പോഴാണു് അയാൾക്കു ധർമ്മഭ്രംശഭയമുണ്ടായതു്. മനശ്ശക്തിക്കു് ഊനം തട്ടാതിരുന്നുവെങ്കിൽ, ലീലയുടെ ഇപ്പോഴത്തെ പ്രവൃത്തിയെ ന്യായീകരിക്കത്തക്കവണ്ണം വല്ല സംഭവവുമുണ്ടായിട്ടുണ്ടെന്നു് ഊഹിക്കുമായിരുന്നു കാര്യം ചോദിച്ചു മനസ്സിലാക്കുകയും ചെ

ട്ടേനേ. ഈ ഊഹം ഉണ്ടാകാതിരുന്നതിനാലാണ്, അയാൾ നിരാശനായി ഓടിപ്പോയി നദിയിൽ ചാടിയതെന്നു തോന്നുന്നു.

ആകപ്പാടെ, ഈ കാവ്യം മിസ്റ്റർ കുമാരനാശാൻെറ പ്രസിദ്ധിയെ വദ്ധിപ്പിക്കുമെന്നുള്ളതിനു സംശയമില്ല. മനുഷ്യജീവിതത്തിലെ അസാധാരണ സംഭവങ്ങളാണ് 'നളിനി'യിലും 'ലീല'യിലും പ്രധാനമായി നിൽക്കുന്നതു്. ഈ കാലത്തെ സാധാരണ സംഭവങ്ങളെയും അവയിലന്തർഭവിക്കുന്ന സാഹിത്യരസത്തേയും പ്രധാനമായി വിവരിക്കുന്ന ചില കാവ്യങ്ങൾകൂടെ ഈ കവി എഴുതിക്കണ്ടാൽ കൊള്ളാമെന്നു ഞാൻ താല്പര്യപ്പെടുന്നു. ഇങ്ങനെ പറഞ്ഞതുകൊണ്ടു് ഇപ്പോൾ എഴുതീട്ടുള്ള കാവ്യങ്ങൾക്കു നമ്മുടെ സാധാരണ ജീവിതത്തോടു് സംബന്ധമില്ലെന്നു് എനിക്കു് അഭിപ്രായമുള്ളതായി ആരും വിചാരിക്കരുതെന്നു് അപേക്ഷിക്കുന്നു. ഈ കാവ്യങ്ങളിലെ മിക്ക ആശയങ്ങളും സന്ദർഭങ്ങളും സാധാരണ ജീവിതത്തോടു് ഉററ സംബന്ധമുള്ളവയാണ്. എങ്കിലും ഈ കാലത്തെ സാധാരണ ജീവിതത്തിലെ സംഭവങ്ങളെ കുറിച്ച് സാഹിത്യരസത്തെ പ്രദാനംചെയ്യുന്ന ഘട്ടങ്ങൾ ഇവയിൽ കുറവാണ്. ഇപ്രകാരമുള്ള ചില കാവ്യങ്ങൾകൂടി മിസ്റ്റർ കുമാരനാശാൻ എഴുതിയാൽ കൊള്ളാമെന്നാണ് എൻെറ താല്പര്യം.

.........സംസ്കൃതത്തിൽ കാണായ സാംസ്കാരികമൂല്യങ്ങളും കാവ്യശൈലിയും കല്പനാവൈചിത്ര്യങ്ങളും ശബ്ദസമ്പത്തുമെല്ലാം കഴിയുന്നിടത്തോളം പകർന്നേടുത്തു് മലയാളഭാഷയേയും മലയാളസാഹിത്യത്തെയും പോഷിപ്പിക്കുക എന്നുള്ളതായിരുന്നു കവിയെന്ന നിലയിൽ പൊതുവേ ഉള്ളൂരിൻെറ ലക്ഷ്യം

—പ്രൊ: മുണ്ടശ്ശേരി.


## ദിവ്യകോകിലം (ത്രൈമാസികം) വരിസംഖ

| | |
|---|---|
| ഒററപ്രതി | രൂ. 3–00 |
| ഒരു കൊല്ലം | രൂ. 12–00 |
| രണ്ടു കൊല്ലം | രൂ. 20–00 |
| ആജീവനാന്ത വരിസംഖ്യ | രൂ. 100–00 |

# *ജാതിവ്യത്യാസത്തിന്റെനേൎക്കു് തൂലിക പടവാളാക്കിപ്പയററിയ ആദ്യത്തെ മഹാകവി.

## വിദ്വാൻ സി. എസ്സ്. നായർ

ആധുനിക കേരളീയ കവികളിൽ ആദ്യമായി ജാതിവ്യത്യാസ ദോഷങ്ങളേയും അനാചാര ദുരിതാനുഭവങ്ങളേയും ആധാരമാക്കി കവിത ചെയ്തുതുടങ്ങിയിട്ടുള്ളതു് മഹാകവി കുമാരനാശാനാണെന്നാണു് എന്റെ അറിവു്. ഉയൎന്ന ജാതിക്കാർ എന്നഭിമാനിക്കുന്ന വൎഗ്ഗക്കാർ, പരമ്പരാ പ്രാപ്തങ്ങളായിട്ടുള്ള അനാചാരങ്ങളാകുന്ന ആയുധങ്ങളുടെ സഹായംകൊണ്ടു് താഴ്ന്നജാതിക്കാർ എന്നു പറയപ്പെട്ടുവരുന്ന സമുദായക്കാരുടെ മനുഷ്യാവകാശങ്ങളേയും, പൌരാധികാരങ്ങളേയും അപഹരിച്ചെടുത്തു് അനുഭവിച്ചുകൊണ്ടിരിക്കുന്നതു സംബന്ധിച്ചു് ആ താഴ്ന്ന ജാതിക്കാരുടെ ഇടയിൽ ഉജ്ജ്വലിച്ചു തുടങ്ങിയിട്ടുള്ള പ്രക്ഷോഭണത്തിന്റെ പ്രതിധ്വനി പ്രഥമമായി മി. കുമാരനാശാന്റെ കവിതകളിൽക്കൂടിയാണു് നമ്മുടെ കൎണ്ണപഥത്തിലേക്കു കടന്നുവന്നിട്ടുള്ളതു്. "എന്തിനു് ഭാരതധരേ! കരയുന്നു?..." എന്നാദിയായ ആശാന്റെ കവിതകൾ, ഭാരതമാതാവിനെ അത്യധികം പീഡിപ്പിച്ചുകൊണ്ടിരിക്കുന്ന, മൂലോപാധിയിൽനിന്നു തെററിയിട്ടുള്ള ജാതിഭേദങ്ങളുടെ നേരെ കവിയായ അദ്ദേഹത്തിനുണ്ടായിട്ടുള്ള വെറുപ്പിനെ പ്രകടീകരിക്കുകയും ആ ജാതിഭേദങ്ങളെ നിർമ്മൂലനം ചെയ്യുന്ന വിഷയത്തിലേക്കു് സ്വരാജ്യസ്നേഹികളായ മഹാജനങ്ങളുടെയെല്ലാം ശ്രദ്ധയെ ആകർഷിക്കുകയും ചെയ്യുന്നതിനു പുറമെ, ജാതി പ്രയുക്തമായ ദോഷങ്ങളെ അധികം അനുഭവിക്കുന്നവരായ ജനസമുദായങ്ങൾക്കു തത്സംബന്ധമായുണ്ടായിട്ടുള്ള അസ്വാസ്ഥതയെ പ്രതിധ്വനിപ്പിക്കുകയും ചെയ്യുന്നുണ്ടു്. ശ്രീമാൻ കുമാരനാശാൻ അവർകൾ അടുത്തകാലത്തു് എഴുതിയിട്ടുള്ളതായ 'ചണ്ഡാലഭിക്ഷുകി' മുതലായ ചില ഖണ്ഡകൃതികളിൽ, കവിക്കു് ദുഷിച്ച ജാത്യാചാരാദികളുടെ നേരെയുള്ള ചേതോവൃത്തിയും, കവിയുടെ പരിതഃസ്ഥിതികളിൽ അവ സംബന്ധിച്ചുണ്ടായിട്ടുള്ള പ്രക്ഷോഭണങ്ങളും കുറേ കൂടി പ്രതിഫലിച്ചു കാണുന്നു— "മുമ്പോട്ടു കാലം കടന്നുപോയീടാതെ, മുമ്പെ സ്മൃതികളാൽ കോട്ടകെട്ടി" എന്നാദിയായ "ദുരവസ്ഥയിലെ" ഗാഥകളെ ഒന്നു പരിശോധിച്ചു നോക്കുക: കേരളത്തിലെ ജാതിസിദ്ധാന്തികൾ ലോകത്തിൽ വിചിത്രങ്ങളായ പരിവൎത്തനങ്ങൾ ഉണ്ടാക്കിക്കൊണ്ടു മുന്നോട്ടു കുതിച്ചുപോയ കാലത്തെ, സ്വന്തം രാജ്യത്തേക്കു കടന്നുവരാനാകാത്ത വിധത്തിൽ ജാതി

---

* വിദ്വാൻ സി. എസ്സ്. നായർ അവർകൾ എഴുതിയ 'ജാതിപ്രഭാവം' എന്ന ലേഖനത്തിലെ ഒരു ഭാഗം.

ഭേദാസ്ഥിവാരത്തിന്മേൽ അനാചാരക്കോട്ട കെട്ടിയുറപ്പിച്ചിരിക്കുന്നു എന്നർത്ഥമായ "മുന്നോട്ടു കാലം കടന്നുപോയിടാതെ" എന്നാദിയായ വരികൾ സൂക്ഷ്മദൃക്കുകളായ ജനങ്ങളുടെ മുന്നിൽ ജാതിപ്പിശാചിന്റെ ഘോരമായ ഒരു ചിത്രമാണ് വരച്ചു കാണിച്ചുകൊടുത്തിരിക്കുന്നത്. അജയ്യമായ കാലപ്രവാഹശക്തിക്കു കൂടിയും അടിച്ചുനീക്കിക്കളയുവാൻ കഴിയാത്തവിധത്തിൽ അത്യുഗ്ര അധൃഷ്യമായ ഒരു ജാത്യാചാരക്കോട്ടയാണ് കേരളത്തിൽ കെട്ടിയുറപ്പിക്കപ്പെട്ടിരിക്കുന്നതെന്നും, ലോകത്തിന്റെ ഓരോ ഭാഗത്തും ആ കാലശക്തി അത്ഭുതകരങ്ങളായ അനേകം മാററങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിലും, കേരളത്തിൽ അതിന്നു പറയത്തക്ക പരിവർത്തനമൊന്നും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ലെന്നും, തന്നിമിത്തം കേരളം അന്യരാജ്യങ്ങളുടെ പിന്നിൽ ഇങ്ങേ അററത്താണ് സ്ഥിതിചെയ്യുന്നത് എന്നും, ജാതിക്കോട്ടയുടെ കെട്ട് തകർത്തുകളഞ്ഞില്ലെങ്കിൽ അടുത്ത കാലത്തെങ്ങും ഈ നാട്ടിൽ ശോഭനമായ ഒരു നില ഉണ്ടാകുന്നതല്ലെന്നും ഉള്ളതു കേട്ടാൽ നടുങ്ങുന്ന ആ വസ്തുതയല്ലേ മഹാകവി നമ്മോടു വിളിച്ചുപറയുന്നത്? കേരളത്തിലെ ജാത്യാചാരക്കോട്ട, കാലത്തെ മുന്നോട്ടു കടന്നുപോവാൻ അനുവദിക്കുന്നില്ല എന്നുള്ളതിന്റെ സത്യസ്ഥിതി അറിയണമെങ്കിൽ ഒരു ഇരുപത്തഞ്ചുകൊല്ലങ്ങൾക്കുള്ളിൽ കേരളത്തിലും അന്യരാജ്യങ്ങളിലും ഉണ്ടായിട്ടുള്ള മാററങ്ങളെ തമ്മിലൊന്നു താരതമ്യപ്പെടുത്തിനോക്കിയാൽ മതി. ഈ ഘട്ടത്തകാലത്ത്, ഇന്ത്യയുടെ ഇതരഭാഗങ്ങളിൽ സാമുദായികങ്ങളും ദേശീയങ്ങളുമായ എന്തെല്ലാം പരിഷ്കാരങ്ങളും പരിവർത്തനങ്ങളും എത്ര സത്വരമായ ക്രമത്തിൽ ഉണ്ടായിട്ടുണ്ടെന്നു നോക്കുക. ഏതാനും ചില മാസംകൊണ്ടു ഇന്ത്യാരാജ്യത്തിൽ മുഴുവൻ അദ്വൈതമത പതാക പറപ്പിക്കുവാൻ നിഷ്പ്രയാസം സാധിച്ച ശ്രീശങ്കരാചാര്യപൂജ്യപാദങ്ങളുടെ ജന്മഭൂമിയാണെന്നു പറഞ്ഞുപോരുന്ന നമ്മുടെ ഈ മലയാളക്കരയിൽ അതേ സമയത്ത് പറയത്തക്ക എന്തെങ്കിലും ഒരു പരിവർത്തനം ഉണ്ടായിട്ടുണ്ടോ? പണ്ടത്തെ ജാതിക്കെട്ടിന്നു പിരിമുറുക്കം കുറച്ചു കുറവായിട്ടുള്ള കേരളത്തിന്റെ ദക്ഷിണഭാഗത്തൊഴിച്ച് മറെറല്ലാ ഭാഗങ്ങളിലും 'ഐത്തപ്പിശാച്' ഇപ്പോഴും അതിന്റെ രൂക്ഷാട്ടഹാസത്തോടും നഗ്നവേഷത്തോടുംകൂടി നൃത്തമാടുന്നില്ലയോ? ഏകദേശം രണ്ടു വ്യാഴവട്ടങ്ങൾക്കുമുമ്പ് മഹാത്മാവായ സ്വാമി വിവേകാനന്ദൻ ഏതൊരു പൈശാചിക ഭ്രാന്താചാരം കണ്ടിട്ട് കേരളത്തെ 'ഭ്രാന്തശാല' എന്നു വിളിച്ചുവോ, അതേ പൈശാചിക ഭ്രാന്താചാരംതന്നെ ഇന്നും ഇവിടെ ദുർല്ലഭം ചില നഗരവീഥികളിലൊഴിച്ചു മറെറല്ലാ പ്രദേശങ്ങളിലും മഹാഘോരവേഷത്തിൽ നൃത്താടുന്നില്ലയോ?

---

# *കുമാരനാശാൻെറ കവിത

ശ്രീമാൻ കൊല്ലൂർ
എൻ. ചന്ദ്രശേഖരപിള്ള അവർകൾ, ബി. ഏ.

"അവ്യയനാമീശൻെറയാരാമരത്നം തന്നി
ലവ്യാജകുതൂഹലം പാടി സഞ്ചരിക്കുന്ന
ദിവ്യകോകിലമേ നിൻപൊൻകണ്ഠനാളം തൂവും
ഭവ്യകാകളീ പരിപാടികൾ ജയിക്കുന്നു."

കുമാരനാശാനും അദ്ദേഹത്തിൻെറ കൃതികളും എന്നു പേരോടുകൂടി ആശാൻെറ കാവ്യങ്ങളെപ്പററിയുള്ള ഒരു നിരൂപണഗ്രന്ഥം രചിക്കണമെന്നുള്ള മനോരാജ്യത്തിൽ ഞാൻ അധിവസിച്ചുതുടങ്ങിയിട്ടു കാലം കുറച്ചധികമായി. ഇങ്ങിനെയുള്ള ഒരാശയുക്കു വശംവദനായ ലേഖനകർത്താവിനു് ആശാൻെറ കാവ്യസന്തതികളുടെ എണ്ണവും അഭിലഷണീയമായ വിധത്തിൽ ക്രമപ്രവൃദ്ധമായിക്കൊണ്ടിരുന്നതു് അത്യന്തം ആനന്ദപ്രദമായിരുന്നു. എന്നാൽ,

"ഹാ സുഖങ്ങൾ വെറും ജാലം, ആരറിവൂ നിയതിതൻ
ത്രാസുപൊങ്ങുന്നതും താനേ താണുപോവതും,"

എന്നു് ആ കവിശ്രേഷ്ഠൻ പാടിയിട്ടുള്ളതുപോലെ ഹതവിധി അദ്ദേഹത്തെ പ്രാപഞ്ചികതിരശ്ശീലയ്ക്കുള്ളിൽ പൊടുന്നനെ തിരോഭൂതനാക്കിയിരിക്കുന്നു. കവിതാദേവി താലോലിച്ചു പോററിവന്ന ഈ ദിവ്യസുതൻെറ അകാലനിര്യാണംകൊണ്ടു "കഷ്ടം കൈരളി കണ്ണുപൂട്ടി വിളറിക്കാൽ നീട്ടി നിശ്ചേഷ്ടയായു്" തീർന്നിരിക്കുന്നു. ഇപ്പോൾ. കൈരളിയോടു "വത്സേ! കൈരളിയാശ്വസിക്ക! വിധിസങ്കല്പത്തെ മാനിക്ക!" എന്നു സാന്ത്വനവചനങ്ങൾ ചൊല്ലി മാതൃശുശ്രൂഷ ചെയ്‌വാൻ യഥാർത്ഥമായ കവിഹൃദയത്തോടുകൂടി ഇനി ആരാണുള്ളതു്? ആശാൻെറ വിലാപഗാനം അദ്ദേഹം തന്നെ രചിച്ചു നമുക്കു നല്കിയിരിക്കുന്നു.

"ആഹാ നിഷ്ഠുരരാത്രിയമ്മഹിതനെ—
ത്തിന്നാനു സിദ്ധിച്ചൊര—
ദ്ദേഹായാമമൊടൊന്നു രണ്ടു പുരുഷാ—
യുസ്സൊന്നു നീളാഞ്ഞു നീ?
സ്നേഹാർത്തക്കു സുഖം വളർത്തുമതുനീ—
ചെയ്കില്ല, വേണ്ടാസ്വയം
മോഹാന്ധതമിയന്നു ഞങ്ങൾ, പകലും
രാവാണു ഞങ്ങൾക്കിനി"

---

* വിവേകോദയം. പുസ്തകം 18, 1099 മിഥുനം കർക്കടകം ലക്കം 2 & 3

എന്നിങ്ങനെയുള്ള വിലാപത്തിന്റെ സൂക്ഷ്മഭാവം ആശാന്റെ അകാലദേഹവിയോഗം മൂലം നമുക്ക് നല്ലതിൽവണ്ണം മനസ്സിലാക്കാൻ കഴിയുന്നു.

ഈ മഹാകവിയുടെ അകാലനിര്യാണം കൊണ്ടു ഭാഷാദേവിക്കു സംഭവിച്ചിരിക്കുന്ന അപരിഹാര്യമായ നഷ്ടത്തിന്റെ യഥാർത്ഥസ്വഭാവം കിഞ്ചിജ്ഞന്മാരായ നമുക്കിപ്പോൾ പൂർണ്ണമായി ഗ്രഹിക്കാൻ കഴിയുമെന്നു തോന്നുന്നില്ല. ഇങ്ങിനെയുള്ള ഒരു മഹാനുഭാവൻ—ഒരു കവിഹൃദയതല്ലജം—എല്ലാ തലമുറകളിലും ഉണ്ടായി എന്നു വരുന്നതല്ല. ഒരു നൂറ്റാണ്ടിലൊരിക്കൽ, അഥവാ അനവധി ശതവർഷങ്ങൾ കൂടുമ്പോൾ ഒരിക്കൽമാത്രം ഇങ്ങിനെയുള്ള ഒരു കവിഗന്ധർവ്വൻ ഉണ്ടായി എന്നു വന്നേയ്ക്കാം. കൈരളിയമ്മയുടെ ഉത്തമപുത്ര പഞ്ചകജ്യോതിസ്സുകൾ, ചെറുശ്ശേരി, എഴുത്തച്ഛൻ, നമ്പ്യാർ, സി വി രാമൻപിള്ള, കുമാരനാശാൻ ഇവരാണെന്നറിയുമ്പോൾ ആശാന്റെ മരണംകൊണ്ട് ഭാഷാലോകത്തിനുളവായിരിക്കുന്ന ഭീമമായ നഷ്ടത്തിന്റെ ഏതാണ്ടൊരു ഛായ നമ്മുടെയുള്ളിൽ പതിയുമെന്നു തോന്നുന്നു. ഭാഷാലോകത്തിൽ ഇരുപതാം നൂറ്റാണ്ടിലുണ്ടായ എഴുത്തച്ഛൻ (അച്ഛൻ = ആശാൻ) ആണ് കുമാരനാശാനെന്നു സൂക്ഷ്മഗ്രാഹികൾ മനസ്സിലാക്കിയിട്ടു കാലം ഒട്ടധികം കഴിഞ്ഞിരിക്കുന്നു. കുമാരനാശാന്റെ കാവ്യമധുരിമ പരിഷ്കൃതലോകക്കൊട്ടാകെ അറിയാൻ അവസരമുണ്ടാക്കിക്കൊടുത്തിരുന്നു എങ്കിൽ അദ്ദേഹം ഇന്നു രവീന്ദ്രനാഥനെപ്പോലെ ലോകവന്ദ്യനായ ഒരു കവികോകിലമായി പ്രശോഭിക്കുമായിരുന്നു. ലോക കവീന്ദ്രരൊക്കെ ചേന്ന് ഒരു കവിസമാജം കവിലോകത്തു സ്ഥാപിക്കുമ്പോൾ അദ്ധ്യക്ഷനായ വാത്മീകിയുടേയും ഉപാദ്ധ്യക്ഷനായ കാളിദാസന്റേയും സ്നേഹാദരങ്ങൾക്കു പാത്രമായ കുമാരനാശാന് ഷെല്ലി, ഷെയ്ക്സ്പീയർ, ബ്രൗണിങ്ങ് ആദിയായ ഒട്ടധികം അംഗങ്ങളടങ്ങിയ കൂട്ടകാര്യദർശിമാരുടെയിടയിൽ ജ്യേഷ്ഠഭ്രാതാവായ എഴുത്തച്ഛനോടൊരുമിച്ചു ഒരു സ്ഥാനം ലഭിക്കുകതന്നെ ചെയ്യും.

ഇങ്ങിനെയുള്ള ഒരു കവീന്ദ്രന്റെ അതിഗഹനമായ കവിഹൃദയത്തിൽ മുഴുകി ആനന്ദാനുഭൂതിയാൽ പക്ഷെ സംഗതി വന്നാലും, ശാസ്ത്രദൃഷ്ട്യാ ആ ആനന്ദരസായനത്തെ അപഗ്രഥനം ചെയ്യാൻ തുടങ്ങുന്നതു് ആപല്ക്കരവും, മിക്കവാറും അപജയോന്മുഖവുമാണ്. ഇങ്ങിനെ വിഷമസങ്കലിതമെങ്കിലും, ആശാന്റെ കവിതയുടെ ഹൃദയസ്പർശലബ്ധിക്കായിക്കൊണ്ടാണ് ഞാൻ ഈ ചെറിയ ലേഖനത്തിൽ ഉദ്യമിക്കുന്നതു്. അതിനാൽ അദ്ദേഹത്തിന്റെ ഓരോ കൃതിയേയും പററി പ്രത്യേകം പ്രതിപാദിക്കുന്നതിന് ഞാനിവിടെ ഒരുമ്പെടുന്നില്ല. പക്ഷെ അദ്ദേഹത്തിന്റെ ചില കൃതികളുടെ—മാസികകളിൽ പരസ്യം ചെയ്തിട്ടുള്ള പല ചെറു കൃതികളുടേയും പേരുകൾകൂടി പറഞ്ഞില്ലെന്നു വരാം. പ്രിയ വായനക്കാരെ! ഐഹികക്ലേശങ്ങൾ വിസ്മരിച്ച്, ഒരു ചെറിയ മനോരാജ്യം സൃഷ്ടിച്ച്, അതിനുള്ളിൽ പ്രവേശിച്ച്, വിശ്രമലോലുപന്മാരായി, പരിശുദ്ധഹൃദയരായി എന്നെ തൽക്കാലം അനുഗമിക്കുവിൻ! എങ്കിൽ നമുക്കൊരുമിച്ച് ആശാന്റെ കവിഹൃദയാമൃതം ആസ്വദിക്കാൻ കഴിഞ്ഞെന്നു വന്നേയ്ക്കാം.

ആശാൻ മലയാളത്തിലെ ഒരു സ്വതന്ത്ര കവിയാണ്. അദ്ദേഹത്തിന്റെ കൃതികളെ പ്രഥമകൃതികൾ, മദ്ധ്യകൃതികൾ, അന്ത്യകൃതികൾ എന്നു മൂന്നു ഗണങ്ങളായി ഏതാണ്ട് വിഭജിക്കാം. വീണപൂവ്, നളിനി, ലീല ഇവ പ്രഥമ കൃതികളും; സീത, പ്രരോദനം, ബാലരാമായണം ഇവ മദ്ധ്യകൃതികളും; ശ്രീബുദ്ധൻ, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ ഇവ അന്ത്യകൃതികളുമായിട്ടാണ് നാം വിചാരിക്കേണ്ടതു്. ഇങ്ങിനെ മൂന്നു കാലഘട്ടങ്ങളെ അടിസ്ഥാനമാക്കി വിഭജിച്ചിരിക്കുന്ന മൂന്നുതരം കൃതികളിലും നിസ്തുല്യമായ സംസ്കൃതസാഹിത്യം ആശാ

ന് പ്രചോദനം ചെയ്യുന്നതായി നമുക്കു കാണാം. എന്നാൽ ഒന്നാമത്തെ കാലഘട്ടത്തിൽ ആശാൻ ബംഗാളി സാഹിത്യവനിതയെ അനുകരിച്ചുകൊണ്ട് വിശിഷ്ട മുഗ്ദ്ധഗാനങ്ങൾ ചെയ്യുന്നു. രണ്ടാമത്തെ ദശയിൽ സംസ്കൃതവും ഇംഗ്ലീഷും ഒരുപോലെ ആശാനു മാർഗ്ഗദർശികളായിരിക്കുന്നു. ബാലരാമായണവും സീതയും വിമർശചിത്തനായ ഒരു സംസ്കൃതാരാധകന്റെ കവിതാപൂർണ്ണമായ മനോജ്ഞഹൃദയത്തിൽനിന്നും പ്രവഹിക്കുന്നു. പ്രരോദനം ഷെല്ലിയുടെ "അഡോണേ" എന്ന കൃതിയെ ചുവരാക്കിവച്ചുകൊണ്ട് "സുനിതക്ഷണപ്രഭകൾ'' എന്നോണം ദുഃഖപൂർണ്ണമായ ഒരു ദിവ്യഹൃദയത്തിൽനിന്നും പാഞ്ഞൊഴുകുന്നു. ശ്രീബുദ്ധൻ, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ ഇവയിൽ ബുദ്ധമതസാഹിത്യരസാസ്വാദകനായ കുമാരകവിഹൃദയം നാം ദർശിക്കുന്നു.

ആശാന്റെ കവിതയുടെ ഹൃദയം സ്നേഹമൊന്നുമാത്രമാണ്. അദ്ദേഹത്തിന്റെ വിവിധ കൃതികൾ വായിക്കുമ്പോൾ അവ ഓരോന്നിലും പ്രത്യേകം പ്രത്യേകം ആദർശങ്ങൾ കവിക്കുണ്ടായിരുന്നു എന്നു തോന്നിപ്പോകുമെങ്കിലും, ഇങ്ങിനെ പ്രഥമദൃഷ്ടിയിൽ ദൃശ്യമാകുന്ന വിവിധങ്ങളായ ആദർശങ്ങളുടെ ഹൃദയാന്തർഭാഗത്തു പ്രവേശിക്കുമ്പോൾ അവിടെ ശ്രീകോവിലിനുള്ളിൽ സാർവ്വത്രികമായി സ്നേഹദീപം, ചിലപ്പോൾ ശാന്തകോമളമായും ചിലപ്പോൾ വാതവേഗത്താൽ ഉഗ്രതീക്ഷ്ണതയോടുകൂടി ചാഞ്ചാടിയും മററുചിലപ്പോൾ ജഡിമാവേററ് നിശബ്ദമായി മന്ദോഷ്ണത്തോടുകൂടി പരിലസിക്കുന്നതായും നമുക്കു കാണാറാകും. ഇങ്ങനെ രവീന്ദ്രനാഥനു തുല്യം സ്നേഹാരാധകനായി "ശുദ്ധഹൃദയാബ്ജം അലിഞ്ഞു പാടിയ" മലയാളകവീന്ദ്രൻ കുമാരനാശാനല്ലാതെ മററാരുമല്ല.

> "വ്യതിയാനത്താൽ വരും വിപ്ലവം നീക്കി ലോക—
> സ്ഥിതി പാലിക്കേണ്ടതാ സ്നേഹഗാനങ്ങളല്ലോ."

എന്ന പരമരഹസ്യം ആശാൻ നല്ലതിൻവണ്ണം മനസ്സിലാക്കി കൃതികളിൽ പ്രകാശിപ്പിച്ചു. "സ്നേഹമാണഖിലസാരമൂഴിയിൽ'' എന്നു നളിനിയിലും, "ഒന്നല്ലി നാം അയി സഹോദരരല്ലി! പൂവേ, ഒന്നല്ലികയ്യിഹ രചിച്ചതു നമ്മെയെല്ലാം'' എന്നു വീണപൂവിലും, "അലിവാന്നു കിടന്നൊരാടുപോൽ—മുല നൽകുന്നിതു കുട്ടികൾക്കിവൾ'' എന്നു സിംഹപ്രസവത്തിലും, "അമ്പാലലിഞ്ഞൊഴുകിടും സുധയോടിടഞ്ഞ നിൻ പാട്ട്'' എന്നു കുയിലിലും,

> "പ്രണയശിഖയിൽ വെന്തിടുന്നിതാത്മാ;
> വണയുക തെന്നലണഞ്ഞു ചെമ്പകത്തിൽ;
> ഘൃണതടവുകയെന്റെയോമനേ, പോ—
> ന്നണയുക, നിൻപ്രിയ, "ലീല" ഞാൻ വലഞ്ഞു.''

എന്നു ലീലയും,

> "ഉദയാസ്തമയങ്ങളെന്നിയെൻ
> ഹൃദയാകാശമതിങ്കലെപ്പൊഴും
> കതിർവീശി വിളങ്ങിനിന്ന വെൺ
> മതിതാനും സ്മൃതി ദർപ്പണത്തിലായ്."

എന്നു സീതയിലും,

> "എത്രപെരുമാക്കൾ, ശങ്കരാചാര്യന്മാർ,
> എത്രയോ കഞ്ചന്മാർ, തുഞ്ചന്മാരും
> ക്രൂരയാം ജാതിയാൽ നൂനമലസിപ്പോയ്
> കേരളമാതാവേ! നിൻ വയററിൽ"

എന്നു ദുരവസ്ഥയിലും,

"നെല്ലിൻചുവട്ടിൽ മുളയ്ക്കും—കാട്ടു
പുല്ലല്ല സാധു പുലയൻ,
ശങ്കവേണ്ടൊന്നായ് പുലർന്നാൽ—അതും
പൊങ്കതിർ പൂണും ചെടിതാൻ"

എന്നു ഭിക്ഷുകിയിലും,

"ആ മഹാന്റെ കണ്ണിൽനിന്നു ചാമ്പലിലൊരശ്രുകണം
ആമലകീഫലംപോലെയടൻവീണു്"

എന്നു കരുണയിലും,

"സ്പഷ്ടം മാനുഷ ഗർവമൊക്കെ ഇവിടെ
പ്പുക്കസ്തമിക്കുന്നതി—
ങ്ങിഷ്ടന്മാർ പിരിയുന്നു, ഹാ ഇവിടമാണ—
ദ്ധ്യാത്മവിദ്യാലയം"

എന്നു പ്രരോദനത്തിലും കാണുന്ന ഭാഗങ്ങൾ മുൻ പ്രസ്താവിച്ച ആശാന്റെ ത്രിവിധങ്ങളായ സ്നേഹപ്രവാഹത്തിനു് ഉത്തമ ലക്ഷ്യങ്ങളാകുന്നു. നളിനിയിലും, ചിന്താവിഷ്ടയായ സീതയിലും സത്വഗുണപ്രധാനവും ശാന്തകോമളവുമായ അനുരാഗ പരിപൂർണ്ണതയും, ലീലയിൽ രജോഗുണപ്രധാനമായ അനുരാഗാഗ്നിയുടെ ശിഖയും, ദുരവസ്ഥയിലും കരുണയിലും ജഡിമാവേററു് മന്ദോഷ്ണമായിത്തീർന്ന അനുരാഗത്തിന്റെ തീഷ്ണതയും നമുക്കനുഭവപ്പെടുന്നു. ചുരുക്കത്തിൽ ആശാൻ വിളക്കി എടുക്കുന്ന കഥകളുടേയും സന്ദർഭങ്ങളുടേയും സ്വരൂപവും സ്വഭാവവും രണ്ടും സ്നേഹദീപ പ്രകാശത്തിനു അത്യന്തം അനുയോജ്യമായിരിക്കുന്നു. ലേഖന വിസ്തരഭയത്താൽ വേണ്ടതുപോലെ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള പ്രതിപാദനരീതി സ്വീകരിക്കാൻ നിവൃത്തിയില്ലാതാണിരിക്കുന്നതു്. ഏതായാലും ആശാന്റെ കവിതയുടെ ജീവനാഡി സ്നേഹം ആണെന്നു പറയുന്നതിൽ രണ്ടു പക്ഷമുണ്ടാകാൻ തരമില്ലതന്നെ.

ആശാൻ മലയാളത്തിലെ ഒരു സ്വതന്ത്രകവിയാണെന്നു പറഞ്ഞുവല്ലോ. അദ്ദേഹം ഭാഷയിൽ ഒരു പുതിയ പ്രസ്ഥാനസ്ഥാപകനാണു്. ബയറൻ, ഷെല്ലി, കീററ്സ് എന്നീ ആംഗ്ലേയ മഹാകവികളെപ്പോലെ യാഥാസ്ഥിക കാവ്യരചനാ പദ്ധതി പരിത്യജിച്ചു്, നവീനസരണികളിൽക്കൂടി സഞ്ചരിച്ച ഉല്പതിഷ്ണുവായ ഒരു കവീന്ദ്രനാണു് കുമാരനാശാൻ. പ്രഫസർ രാജരാജവർമ്മ അഭിപ്രായപ്പെട്ടിട്ടുള്ളതുപോലെ ആമ്പലും, അമ്പിളിയും വണ്ടും, തണ്ടാരും, പാദാദികേശവർണ്ണനയും, കേശാദിപാദ വർണ്ണനയും—ശാസ്ത്രമനുസരിച്ചുള്ള മഹാകാവ്യലക്ഷണ സമ്പാദനോന്മത്തതയും ഉപേക്ഷിച്ചു് കവികൾക്കു് ഈശ്വരദത്തമായ ആത്മസ്വാതന്ത്ര്യം കൈക്കൊണ്ടു് "കണ്ടത്തിൻമ്മേലൊരു വിശുദ്ധിയെ വെന്നെഴുന്ന കണ്ഠത്വമററ പരിഭാസുരഹൽസരോജം" പ്രദർശിപ്പിച്ച ഒരു കവിവര്യനാണു് കുമാരനാശാൻ എന്നു സാഹിത്യ പ്രണയികൾക്കു നല്ലവണ്ണം അറിയാം.

മനസ്സിന്റെ സൂക്ഷ്മസ്വഭാവം പ്രദർശിപ്പിക്കുന്ന രീതിയാണു് ആശാൻ സ്വീകരിച്ച പദ്ധതി. ബാഹ്യവർണ്ണനകൾകൊണ്ടു് അദ്ദേഹം തൃപ്തി അടയാറില്ല. താൻ സൃഷ്ടിക്കുന്ന പാത്രങ്ങളെ പല സന്ദർഭങ്ങളിലും പ്രവേശിപ്പിച്ചു് അവയുടെ മനസ്സിൽ സ്വഭാവത്തെയും സ്ഥിതിഭേദങ്ങളേയും പ്രത്യക്ഷപ്പെടുത്തി ഏദയ പ്രദർശനമാണു് ആശാൻ സാധാരണ ചെയ്യുന്നതു്.

"ചാഞ്ഞുലഞ്ഞ ചെറുദേവദാരുവി
ന്നാഞ്ഞ ശാഖകളടിക്കു, ചിന്തയാൽ,
ക്കാഞ്ഞു കാമ്യ ഉമനോരഥങ്ങളാൽ—
മാഴ്കുന്നു, തൻ നിലമറന്നു നിന്നവൾ."

എന്നു നളിനിയിലും,

"രവിപോയി മറഞ്ഞതും, സ്വയം—
ഭുവനം ചന്ദ്രികയാൽ നിറഞ്ഞതും,
അവനീശ്വരിയോർത്തതില്ല, പോ—
ന്നവിടത്താൻ തനിയേയിരിപ്പതും."

എന്നു സീതയിലും കാണുന്ന ശ്ലോകദ്വയങ്ങൾ ആശാൻെറ ഹൃദയ പ്രദർശന രീതി വൈചിത്ര്യത്തിനു ഉത്തമോദാഹരണങ്ങളാണ്. അതിസൗകുമാര്യവങ്ങളായ നവീനാശയങ്ങളെ ഹൃദയ പ്രദർശനപരവും, അപഗ്രഥനോൻമുഖവും ആയ രീതിയിൽ ജീവിതായോധനതത്വത്തെ സാഹിത്യദർപ്പണത്തിൽ പ്രതിഫലിപ്പിച്ചു കാട്ടിത്തന്ന ഭാഷാ കവി ഗന്ധർവൻ കുമാരനാശാൻ മാത്രമാണ്.

"എൻെറയേകധനമങ്ങു, ജീവന—
ങ്ങെൻെറ ഭോഗമതുമെൻെറ മോക്ഷവും,
എൻെറയീശ! ദൃഢമീപദാംബുജ -
ത്തിൻെറസീമ; ഇതുപോകിലില്ലഞാൻ"

ഈ ശ്ലോകം മുൻപുദ്ധരിച്ച രണ്ടു ശ്ലോകങ്ങളോടു ചേർത്തു ഹൃദയപ്രദർശന പരവും അപഗ്രഥനോന്മുഖവുമായ നവീന പ്രതിപാദനരീതിയുടെ മാതൃകകളായി വിചാരിക്കാം. ഈ വിഷയത്തിൽ ആശാൻ 'ബ്രൗണിംഗ്' എന്ന ആംഗ്ലേയ കവിക്കു തുല്യനായിത്തീരുന്നു. ആശയഗാംഭീര്യം ചിന്താശുദ്ധിയുടെ ഗഹനത സ്വകീയത ഇവയും തന്മൂലം ഉണ്ടാകുന്ന അസ്പഷ്ടതയും ദുർഗ്രാഹ്യതയും പലപ്പോഴും രണ്ടുപേർക്കും തുല്യമായിക്കാണുന്നു. എന്നാൽ നമ്മുടെ ഭാഗ്യംകൊണ്ടു ആശാൻെറ കവിതയിൽ ബ്രൗണിംഗിൻെറ സഹജമായ പരുപരുപ്പും ശബ്ദരൂക്ഷതയും വന്നു സംഭവിച്ചിട്ടില്ല.

സന്മാർഗ്ഗോപദേശം ചെയ്യാൻ ആശാൻ അതിനിപുണനായ ഒരു കവിയാണ്. സന്ദർഭശുദ്ധികൊണ്ടു ആശാൻെറ സന്മാർഗ്ഗോപദേശങ്ങൾ ഒരിക്കലും വിരസങ്ങളായിത്തീരുന്നില്ല. ആശാൻെറ ചില പ്രഭാഷണങ്ങൾ ഭാഷയിൽ സാധാരണ വ്യവഹാരത്തിനുപയോഗപ്പെടുത്തി പഴഞ്ചൊല്ലുകളുടെ സ്ഥാനം പിടിക്കും. "ക്രൂരവുകാരെയൊരുമിപ്പിപ്പൂ കുടുംബാധികൾ", "കുലവധൂടികൾക്കെഴുന്നന്തരംഗ ഗതിയാരറിഞ്ഞുതാൻ", "മിഷ്ടമെങ്ങിനെയൊരാൾക്കതേവരു", "രമ്യഭ്രഭാഗഭംഗികൾഹരിക്കുമാരെയും", ദുർജ്ജനത്തിൻവാമൂട്ടവാൻപണി", "മൃതിയിലുംമഹിളമാർ മറക്കാമാനം", എന്നിങ്ങനെ അനവധിപ്രഭാഷണങ്ങൾ പഴഞ്ചൊല്ലുകളായിത്തീരാൻ അർഹങ്ങളാണ്.

അതിഗഹന തത്വരഹസ്യങ്ങളെ കവിതയാക്കി ഉപദേശിക്കാൻ ആശാൻെറ സാമർത്ഥ്യം ഒന്നു പ്രത്യേകം തന്നെ.

"സ്വന്തകർമ്മവശരായ്ത്തിരിഞ്ഞിടു—
ന്നന്തമററ ബഹുജീവകോടികൾ,
അന്തരാളഗതിതന്നിലൊന്നൊടൊ—
ന്നന്തരാപെടുമണുക്കളാണു നാം."

അഗാധമായ തത്വരഹസ്യം കവിഹൃദയത്തിൽ തട്ടി വന്നപ്പോൾ എത്ര മൃദുനാജ്ഞമായിരിക്കുന്നു. ചിലപ്പോൾ സന്മാർഗ്ഗോപദേശം ചെയ്യുന്നതു് ഒരു താർക്കികന്റെ നിലയിലായിരിക്കും.

"പഴകിയ തരുവല്ലി മാററിടാം
പുഴയൊഴുക്കും വഴി വേറെയാക്കിടാം
കഴിയുമിവ, മനസ്വിമാർ മന–
സ്സൊഴിവതശക്യമൊരാളിലൂന്നിയാൽ"

മററു ചിലപ്പോൾ ഉപദേശങ്ങൾ ഫലിതരൂപത്തിൽ കർശനങ്ങളായ ആക്ഷേപധാരാവാഹികളായി പ്രയോഗിക്കും.

"മടയരില്ലലോകത്തിൽ മറയുരയ്ക്കാത്തതായി,
പട്ടുപാട്ടൊന്നു പാടാത്ത കഴുതയില്ല."
"—പ്രേമമേ! നിൻപേരുകേട്ടാൽ പേടിയാം വഴിപിഴച്ച
കാമകിങ്കരർ ചെയ്യുന്ന കട്ടംകൈകകളാൽ."

ഇവിടെ സന്മാർഗ്ഗോപദേശഗായകൻ എന്ന നിലയിൽ ആശാൻ 'വേഡ്സ് വത്ത്' എന്ന ആംഗ്ലേയ കവിയെ അതിശയിക്കുന്നു.

മഹാകാവ്യങ്ങൾ ഋഷിച്ച സംസ്കൃതത്തോതനുസരിച്ചു് നിർമ്മിച്ചു് സാഹിത്യപ്രണയികളെ വിഷമിപ്പിക്കാനുള്ള ഹൃദയകാഠിന്യം ഈശ്വരാനുഗ്രഹംകൊണ്ടു കുമാരനാശാനുണ്ടായിരുന്നില്ല. അദ്ദേഹം മലയാളത്തിലെ ഖണ്ഡകൃതി പ്രസ്ഥാനപ്രതിഷ്ഠാപകനാണു്. ഈ പ്രസ്ഥാനത്തിലും അദ്ദേഹം സ്വീകരിച്ചരീതി സർവപ്രകാരത്തിലും മലയാളികൾക്കു നവമായ ഒന്നുതന്നെ ആയിരുന്നു. സത്വഗുണകാംക്ഷികളും ശാന്തിപ്രധാനന്മാരുമായ ഭാരതീയർക്കു സാധാരണ കഥ അവസാനിക്കുന്നതു "പട്ടാഭിഷേകമട്ടിൽ" ആയിരിക്കണം. ഉത്തരരാമചരിതത്തിലെന്നപോലെ കഥാ സ്വരൂപവും ഇതിവൃത്തരീതിയും നോക്കുമ്പോൾ അശ്രുഭാന്തമായി അവസാനിക്കേണ്ട കഥകളേക്കൂടി സാധാരണ നമ്മുടെ കവികൾ ശുഭാന്തങ്ങളായിട്ടാണു് അവസാനിപ്പിക്കാറു പതിവു്. ഇക്കാര്യത്തിലും കുമാരനാശാൻ ഉല്ലംഘിതിഷ്ണുവായിരുന്നു. അദ്ദേഹം ജീവിതചിത്രത്തിന്റെ നിണമണിഞ്ഞുള്ള പാർശ്വത്തെ രജോഗുണാവലംബിയായി നിന്നു കൊണ്ടു് സധൈര്യം വീക്ഷിച്ചു. സാഹിത്യ കലാവിദഗ്ദ്ധനായ അദ്ദേഹം അതിസരസങ്ങളായ അനവധി അശ്രുഭാന്ത കാവ്യ സന്തതികൾ കൈരളിക്കു പ്രദാനം ചെയ്തു. അവസാന കൃതിയായ "കരുണ" അതിദയനീയമായ കരുണരസത്തെ പരിപോഷിപ്പിക്കുന്ന തീവ്രശക്തിയേററു ചിലപ്പോൾ അനുഭാവ പരവശതയാൽ രക്തം തിളച്ചു പതഞ്ഞു ഹൃദയത്തിന്നു് വല്ലാത്ത പരികമ്പം ഉണ്ടാക്കിത്തീർക്കുന്നു. ഇത്ര കരുണാപൂരിതമായ ഒരു ഖണ്ഡകാവ്യം മലയാളത്തിൽ നാളതുവരെ ഉണ്ടായിട്ടില്ല. അർത്ഥനിഷ്കൃഷ്ട, ആശാനുള്ളതുപോലെ മലയാളകവികളിൽ മററാർക്കും തന്നെയില്ല എത്രയും പരിമിതമായ പദാവലികൾ കൊണ്ടു് അത്യഗാധമായ ആശയവിശേഷങ്ങളെ പ്രസ്ഫുടീകരിക്കുന്ന കാര്യത്തിൽ ആശാൻ പലപ്പോഴും കാളിദാസൻ, ഭർത്തൃഹരി മുതലായവരുടെ സമീപത്തെത്തി നില്ക്കുന്നു. ദുർല്ലഭം ചില ഇടങ്ങളിൽ മാത്രമേ ആശാൻ പ്രാസവേട്ടക്കാരനായി അർത്ഥം, കവിത ഇവയെ പൂർണ്ണമായി വിസ്മരിക്കുന്നെ ഉള്ളൂ. ശബ്ദഭംഗി ആശാന്റെ കവിതയിൽ കുറവായിപ്പോയി എന്നു് ആർക്കും തോന്നുന്നതല്ല ദ്വിതീയാക്ഷരപ്രാസം, അന്ത്യപ്രാസം, ആംഗ്ലേയപ്രാസം മുതലായ ശബ്ദാലങ്കാരങ്ങൾ ആശാൻ കോരിവാരി വിളമ്പുന്ന

തിനാൽ അദ്ദേഹത്തിന്റെ കവിതയുടെ ശബ്ദമാധുര്യം അത്യന്തം ഹൃദ്യമായിരിക്കുന്നു. അർത്ഥദൃഷ്ടിയോടുകൂടി വായിക്കുമ്പോൾ സംസ്കൃത വൃത്തങ്ങളിൽ എഴുതിട്ടുള്ള ആശാന്റെ കവിതയ്ക്കു ചിലപ്പോഴൊക്കെ നിസ്സർഗ്ഗമായ ധാരാവാഹിത്വം മതിയാകാതെ വന്നു എന്നു വന്നേക്കാം. എന്നാൽ യമകപ്രാസഭ്രാന്തനാകാതെ ആശാൻ സാഹിത്യജീവിതം നയിച്ചതു് ഭാഷാസാഹിത്യത്തിനു വലിയൊരനുഗ്രഹമായിത്തീർന്നു. ആശാന്റെ ചില ശ്ലോകങ്ങളുടെ സന്ദർഭോചിതമായ ശബ്ദസ്വഭാവം മനസ്സിലാക്കാതെ വായിച്ചാൽ കവിതാരസം നിശ്ശേഷം നഷ്ടമായിപ്പോകും.

"കാട്ടിലിങ്ങൊരു മഹാനുഭാവതൻ—
കൂട്ടിലായ്ഭവതി—ഭാഗ്യമായി!—ഞാൻ
പോട്ടെ,—ശാന്തി!—വിധിയോഗമിന്നിയും
കൂട്ടിയാകിലഥ കാൺകയാം ശുഭേ!"

എന്ന ശ്ലോകത്തിന്റെ വിരാമചിഹ്നങ്ങളുടെ അർത്ഥം മനസ്സിലാക്കി, 'ഭാഗ്യമായി, ഞാൻ പോട്ടെ, ശാന്തി, ശുഭേ എന്നീ പദങ്ങളെ പ്രത്യേകിച്ചും സന്ദർഭോചിതമായി സ്വരം താഴ്ത്തി അല്പമൊന്നിഴച്ചു വായിച്ചില്ലെങ്കിൽ കാവ്യരസം പ്രത്യക്ഷമാകുമെന്നു തോന്നുന്നില്ല. അർത്ഥത്തിനും രസത്തിനും സന്ദർഭത്തിനും ഒരുപോലെ യോജിച്ചിട്ടുള്ള അതിമധുരമായ ശബ്ദഭംഗി ആശാന്റെ കവിതകളിൽ കാണുന്നതുപോലെ മലയാളത്തിനു ഇക്കാലത്തുണ്ടായിട്ടുള്ള മററു കവിതകളിൽ കാണാൻ സാധിക്കുമെന്നു തോന്നുന്നില്ല.

"ചലദലകാഞ്ചലയായ്ചാപലമിതരുതെന്നു
തലവിലങ്ങനെയാട്ടിതിരസ്കരിച്ചു."
"കരപററിനിന്നുവീണ്ടും കണ്ണുങ്ങിത്തൻ കളത്തിലെ—
ക്കരയന്നപ്പിടപോലെ നടന്നുപോയി."

"പ്രാണനായക! ഭവാന്റെകൂടവേ
കേണുപോം ഹൃദയനീതയായയേ ാ!
പ്രാണനെന്നെ വെടിയുന്നിതെ ജലം
താണുപോം ചിറയെ മത്സ്യമെന്നപോൽ."

"അഞ്ചിതമായ് വളമിന്നുമിടങ്കര—
പ്പിഞ്ചുലതകൊണ്ടു ചുററിച്ചേർത്തും."

"തങ്കവളകൾ കിലുങ്ങുന്നിതച്ചെറു—
മങ്കമാർക്കോമനക്കൈത്തണ്ടു രണ്ടിലും
കിങ്കിണി തുങ്ങുന്ന കാഞ്ചനനൂപുരം,
പൊങ്കഴൽകാമ്പിണ പൂണുന്നു ഭംഗിയിൽ."

മേലുദ്ധരിച്ചിരിക്കുന്ന കവിതാശകലങ്ങളിലെ അർത്ഥം സന്ദർഭം ഇവയെ അടിസ്ഥാനപ്പെടുത്തി പ്രകാശിക്കുന്ന ശബ്ദഭംഗിയെപ്പററി അഭിപ്രായം തട്ടിമൂളിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ഇവിടെ ആശാന്റെ പദസ്വാധീനതയെപ്പററി അല്പം ചിന്തിക്കേണ്ടിയിരിക്കുന്നു നളിനിയിൽ ആശയപുഷ്ടിയെ അനുസരിച്ചുള്ള പദാധിരാജത്വം കവിക്കു സിദ്ധിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. സാമുദായിക പ്രവൃത്തികളിൽ ബദ്ധ

കങ്കണനായിരുന്നതുകൊണ്ടു്, പക്ഷെ ആശാന്‍ അക്കാലത്തു വേണ്ടിടത്തോളം സമയം സാഹിത്യദേവിയെ ഉപാസിക്കുന്നതിനു് ചിലവാക്കാന്‍ കഴിയാത്തതുകൊണ്ടായിരിക്കാം ആശയഗഹനതയ്ക്കു തുല്യമായ പദസ്വാധീനം അല്പം കുറഞ്ഞിരിക്കുന്നതായി വായനക്കാര്‍ക്കു തോന്നുന്നതു്.

"സ്നേഹമാണഖില സാരമൂഴിയില്‍,
സ്നേഹസാരമിഹ സത്യമേകമാം,
മോഹനം ഭുവനസംഗമം, ഇങ്ങതിന്‍
സ്നേഹമൂലമമലേ! വെടിഞ്ഞു ഞാന്‍."

എന്നുള്ള സുപ്രസിദ്ധ ശ്ലോകത്തില്‍ക്കൂടിയും മേല്‍ പ്രസ്താവിച്ച ന്യൂനത ഇല്ലാതില്ല. ഈ വസ്തുത ആശാനുതന്നെ ബോദ്ധ്യമുണ്ടായിരുന്നതുകൊണ്ടായിരിക്കാം "ദ്വിതീയാക്ഷരപ്രാസ നിര്‍ബ്ബന്ധത്തിന്റെയോ മറ്റോ സന്താനമായി വല്ല അസ്വാരസ്യമോ അര്‍ത്ഥഗ്രഹവിളംബമോ വല്ല ദിക്കിലും വന്നിട്ടുള്ളതായി" രാജരാജവര്‍മ്മയ്ക്കു തോന്നുന്നുണ്ടെങ്കില്‍ ആ ന്യൂനത "ഞാന്‍ സമ്മതിക്കുന്നു" എന്നു് ആശാന്‍തന്നെ ഏറ്റുസമ്മതിച്ചതു്. ലീലയില്‍ ആശാന്റെ പദാധിരാജത്വം ഏതാണ്ടു പൂര്‍ണ്ണമായി തീര്‍ന്നിരിക്കുന്നതായി നമുക്കനുഭവപ്പെടുന്നു. എന്നാല്‍ അര്‍ത്ഥഗ്രഹവിളംബം ചിലയിടങ്ങളില്‍ ലീലയിലും കാണാനുണ്ടു്. പ്രരോദനത്തില്‍ തൃപ്തികരമാംവണ്ണം പരിപൂര്‍ണ്ണതയെ പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു. എന്നാല്‍ ശോകഗര്‍ഭവും തത്വചിന്താബഹുലവുമായ പ്രരോദനം അതിന്റെ വിഷയകാഠിന്യവും രീതിഗൗരവവുംകൊണ്ടു് സാമാന്യവായനക്കാര്‍ക്കു് ഗ്രഹിക്കുവാന്‍ പ്രയാസമായിരിക്കുന്നു എന്നേയുള്ളു. സീതയില്‍ ആശാന്റെ കവിത ശരല്‍ക്കാലത്തിലെ മനോഹരമായ പൂര്‍ണ്ണചന്ദ്രനെപ്പോലെ മധുരകോമളമായി പ്രശോഭിക്കുന്നു. ആശാന്റെ ഹൃദയത്തില്‍ ഇപ്പോള്‍ ലളിതമധുരമായ കവിതാദേവി സ്ഥിരവാസമുറപ്പിച്ചിരിക്കുന്നു. ആശാന്റെ ഭാഷാകാഠിന്യം മങ്ങിമറയുന്നു. 'ചിരപരിചയം കൊണ്ടുറച്ചുപോയ അദ്ദേഹത്തിന്റെ കഠിന ശൈലീരൂപം പകന്നു്' ഇപ്പോള്‍ സാധാരണ ലളിതമായും പലപ്പോഴും കോമളമായും ഒഴുകിവിലസുന്നു. ആശയശുദ്ധിയും, മനോധര്‍മ്മവും, സങ്കല്പസരളതയും അനുപമമായ രീതിയില്‍ എങ്ങും ചിന്നിമിന്നിത്തുടങ്ങുന്നു. സീതയില്‍ അത്യുല്‍കൃഷ്ടമായ കാവ്യകലപോലും കാവ്യാമൃതത്തിരയ്ക്കുള്ളില്‍ ആണ്ടടിഞ്ഞുകിടക്കുന്നതിനാല്‍ അതു പ്രായേണ നമ്മുടെ ദൃഷ്ടിക്കു വിഷയമാകുന്നതുതന്നെ ശ്രമസാദ്ധ്യമാണു്. എന്തിനേറെപ്പറയുന്നു, സീത മലയാളത്തിലെ രാജ്ഞിയായും എന്നെന്നേക്കും പ്രശോഭിക്കും.

"ഇനിയാത്ര പറഞ്ഞിടട്ടെ! ഹാ,
ദിനസാമ്രാജ്യപതേ! ദിവസ്പതേ!
അനിയന്ത്രിതദീപ്തിയാം കതിര്‍—
കനകാസ്ത്രാവൃതനാം ഭവാനു ഞാന്‍."

'അനിയന്ത്രിത ദീപ്തിയാം' കനകാസ്ത്രാവൃതമായ സീതയില്‍ മേല്‍ ഉദ്ധരിച്ച ശ്ലോകം ഒരു മാതൃകയായി സ്വീകരിച്ചു് വിചിന്തനംചെയ്യുമ്പോള്‍ ഈ മധുരവും ദിവ്യവുമായുള്ള കൃതിയെപ്പററി സ്ഥലച്ചുരുക്കത്താല്‍ ഞാന്‍ ചെയ്ത ഉപരിപ്ലവമായ വിമര്‍ശനം അത്യന്തം സൂക്ഷ്മമാണെന്നു വായനക്കാര്‍ക്കു മനസ്സിലാകും. ഇങ്ങനെ സംസ്കൃതവൃത്തങ്ങളാകുന്ന കഠിനശിക്ഷാശാലയില്‍ ചിരകാലം അഭ്യസിച്ചു് അത്ഭുതകരമായ വിജയം ലഭിച്ച ആശാന്‍ മധുരകോമളങ്ങളായ മലയാള വൃത്തങ്ങളില്‍ പ്രവേശിച്ചപ്പോള്‍ സീമാവിഹീനമായ ആകാശത്തു സ്വേച്ഛാനുസാരം ചിറകടിച്ചു പറന്നുകളിക്കുന്ന പക്ഷിരാജനെപ്പോലെ, ആശാന്‍ ഗീതത്തി

നൊത്തു വിശിഷ്ടനൃത്തം ചെയ്തു ആനന്ദലഹരി അടയുന്നു. എന്നാൽ അവസാന കൃതിയായ കരുണയിൽ ഉപയോഗിച്ചിരിക്കുന്ന വഞ്ചിപ്പാട്ട് പ്രസ്തുത കാവ്യരസത്തിനു ഒട്ടും യോജിച്ചതല്ല. വഞ്ചിപ്പാട്ട് വീരരസോദ്ദീപനവും സൈനികവും ആയ ഒരു ഭാഷാകാവ്യശയ്യയാണ്. ഹൃദയദ്രവകരമായ തീവ്ര കരുണാരസം പ്രകാശിപ്പിക്കാൻ വഞ്ചിപ്പാട്ട് ഉചിതമായ ഒരു വൃത്തമല്ലെന്നു കരുണ സശ്രദ്ധം വായിക്കുന്ന സഹൃദയർക്കു മനസ്സിലാകും.

ഖണ്ഡകൃതികളിൽ വലിയൊരു ഇതിവൃത്തഘടനയ്ക്കു ആവശ്യവും സൗകര്യവുമില്ല. എന്നാൽ ആശാന്റെ ഖണ്ഡകാവ്യങ്ങളുടെ ഇതിവൃത്തങ്ങൾ ചൂർണ്ണകാരീതി (simple) യിലാണെങ്കിലും അവ അതിമനോഹരങ്ങളായിരിക്കുന്നു. ഇതിവൃത്തത്തിനു സാഹിത്യകലയെ വിസ്മരിച്ചമാതിരിയിലുള്ള വികൃതദൈർഘ്യം നൽകാൻ ആശാൻ ഒരിക്കലും ശ്രദ്ധിച്ചിട്ടില്ല. ആശാന്റെ ചില കഥകൾ തുടങ്ങുന്നരീതി തന്നെ മലയാളത്തിൽ ഒരു പുതിയ മാർഗ്ഗമായിട്ടാണു് നാം വിചാരിക്കേണ്ടതു്. നളിനിയും ലീലയും ഏതാണ്ടു് കഥാമദ്ധ്യത്തിൽവച്ചാണു് ആരംഭിക്കുന്നതു്. ഈ രീതി നമ്മുടെ ശ്രദ്ധയെ ഹഠാൽ ആകർഷിക്കുന്നു. ധാത്രീകഥാരീതി സഹൃദയന്മാരെ രസിപ്പിക്കാനെഴുതുന്ന ഖണ്ഡകൃതികളിൽ അനുകരിക്കുന്നതു് അത്ര ആദരണീയമല്ല. ഈ രണ്ടു കൃതികളുടേയും, പ്രത്യേകിച്ചും ലീലയുടെ കഥ ബംഗാളി സാഹിത്യത്തിൽനിന്നും ആശാനു ലഭിച്ചിട്ടുള്ളവയാണു്. കാളിദാസൻ, ഷെക്സ്പീയർ മുതലായ മഹാകവികളെപ്പോലെ ആശാനും ലബ്ധകഥകളെ കവി സ്വാതന്ത്ര്യമുപയോഗിച്ചു സ്വകീയമാക്കിത്തീർത്തിട്ടാണു് ഇതിവൃത്തരചന ചെയ്യുന്നതു്. ചണ്ഡാലഭിക്ഷുകി, കരുണ ഇവരണ്ടും ബുദ്ധമതകഥകളാണല്ലോ. ദുരവസ്ഥയുടെ കഥ ആശാന്റെ കല്പനാശക്തിയുടെ ഒരു ചെറിയ മധുരഫലമാണു്. ഓരോരോ വിചിത്രമായ സന്ദർഭങ്ങൾ സൃഷ്ടിച്ചു് അത്ഭുതചിത്തഗതിക്കാരായ പാത്രങ്ങളെ പ്രവേശിപ്പിച്ചു് അവരെക്കൊണ്ടു് ശ്രദ്ധാകർഷണങ്ങളായ ഓരോ സംഗതികളെപ്പററി സംസാരിപ്പിക്കുന്നതും, അർത്ഥപൂർണ്ണമായ ഓരോ പ്രവൃത്തികൾ ചെയ്യിപ്പിക്കുന്നതും വായിക്കുമ്പോൾ രസാസ്വാദ്യലഹരിയിൽ സഹൃദയർ തൽകർത്താവിനെതന്നെ തൽക്കാലം വിസ്മരിച്ചു് ആനന്ദതുന്ദിലന്മാരായി ഭവിക്കുന്നു.

"ഉച്ചയായ് തണലിലാഞ്ഞു പുസ്തകം
വെച്ചുമല്ലികയറുത്തിരുന്നതും,
മെച്ചമായ് ചെറുമാലകെട്ടിയെൻ—
കൊച്ചു വാർമുടിയിലങ്ങണിഞ്ഞതും."

എന്നുള്ള നളിനിയുടെ ഹൃദയാവർജ്ജകങ്ങളായ സ്മരണകൾ വായിച്ചു് എന്തെന്നില്ലാത്ത കാവ്യനിർവൃതി അനുഭവിക്കുന്ന വായനക്കാർ, ദിവാകരന്റെ 'ഞാൻ പോട്ടെ, ശാന്തി, വിധിയോഗമിന്നിയും കൂട്ടിയാകിലഥ കാൺകയാം ശുഭേ!' എന്നുള്ള അഭിലഷണീയമായ മൊഴികൾ കേൾക്കുമ്പോൾ ശ്വാസോച്ഛ്വാസഗതിയേക്കൂടി അത്യന്തം മന്ദീഭവിപ്പിച്ചു്, അനന്തരകഥാ വിപര്യയമറിവാൻ കുതൂഹലചിത്തരായി ഭവിക്കുന്നു. ഇങ്ങനെ ആശാന്റെ ഇതിവൃത്തസൃഷ്ടി സർവത്ര ശ്രദ്ധാകർഷകവും സാഹിത്യകലാ മാതൃകയുമായിരിക്കുന്നു.

ഖണ്ഡകാവ്യങ്ങളിൽ പാത്രരചനാവിഷയത്തിൽ ആഖ്യായികകൾ, നാടകങ്ങൾ ഇവയിലുള്ളതുപോലുള്ള അപരിമിതമായ സൗകര്യസ്വാതന്ത്ര്യങ്ങൾ ഇല്ലെന്നു നമുക്കറിയാം. നളിനി, ലീല, സാവിത്രി, വാസവദത്ത, ദിവാകരൻ, മദനൻ മുതലായവർ പാത്രസൃഷ്ടികലയ്ക്കു അലങ്കാരഭൂതന്മാർ തന്നെ. മദനനെന്ന ലീലാകാമുകനെ കവി, സങ്കല്പലോക പ്രാന്തത്തിൽ ചുററിത്തിരിക്കുന്നു.

മദനനിതി പുഷ്പന്നമാധുരീ—
സദനമതായ സഖാ ഗുണാത്തരൻ
സമനനികടത്തി, യുണ്ടൊരാൾ,
ഹൃദയമവന്നാൾ നല്കി മുന്നമേ".

എന്നിങ്ങനെയുള്ള ഏതാനും ദൃഢരേഖകൾകൊണ്ട് സങ്കല്പരാജ്യനിവാസിയായ മദനൻ രക്താസ്ഥിമജ്ജകൾ പൂണ്ട മാംസളശരീരനായി നമുക്ക പ്രത്യക്ഷനാകുന്നു. പ്രിയജന ദൃഷ്ടപ്രാപചിന്തയാൽ അനുരാഗചിത്തനായി, വനാന്തര പ്രാപ്തനായി,

"മൃഗപക്ഷികളോട വേഴ്ചയായ്,
ഭൂവിൽ പ്രേതസമം നടക്കയാം;
അകലത്തിലുമാളുകാൺകിലാ—
വികലാത്മാ വെടിയുന്നിതസ്ഥലം"

എന്നീ വിധം മനുഷ്യദർശന വിമുഖനായി,

"തനിയേയഴൽ പൂണ്ട,—തോന്നിടും
കനിവാക്കും—കൃശ ശുഷ്കഗാത്രനായ്,
വനവഹ്നി തകർത്ത ശൈലമൊ—
ത്തനവദ്യാകൃതി യസ്ഥിമാനീവൻ."

എന്ന മട്ടിൽ ഭ്രാന്തചിത്തനായി ഉഴന്നലയുന്ന മദനന്റെ പാത്രസൃഷ്ടി എത്ര വിശദവും മനോഹരവുമായിരിക്കുന്നു. ഗുണാത്തമനും, മധുരീസദനനുമായ മദനൻ എവിടെ? കൃശശുഷ്കഗാത്രനായി, അസ്ഥിമാനായി പ്രേതസമം നടക്കുന്ന മദനൻ എവിടെ? ഇങ്ങനെ മനുഷ്യ ജീവിതത്തിലെ സുഖഭൂയിഷ്ഠവും ദുഃഖഭൂയിഷ്ഠവുമായ രണ്ടന്ത്യസ്ഥിതിയേയും മദനൻ പ്രാപിച്ച രീതിയേയും ജീവചക്രഭ്രമണത്തിന്റെ ധ്വമ്പിച്ച വിപത്തിന്റെ ഹേതുക്കളും ഏതാനും ദൃഢസൂചനകൾകൊണ്ട് സാധിച്ചിരിക്കുന്ന കവിയുടെ ചിത്രരചനാവൈഭവം നമ്മെ അത്ഭുതാനന്ദ ചിത്തന്മാരാക്കിത്തീർക്കുന്നു. കഥാകല്പനയും, ഇതിവൃത്തസൃഷ്ടികളും, പാത്രരചനയും ഇത്ര സമർത്ഥനായ കവികോകിലത്തിന്റെ ഹൃദയപ്രവാഹമദ്ധ്യേ കൈരളിക്ക് ഏതാനും അനർഘങ്ങളായ നാടകകാവ്യസന്തതികൾ ലഭിക്കാത്തതു മികച്ച നിർഭാഗ്യത്തിന്റെ തികവെന്നല്ലാതെ ഇനി നമുക്കെന്തു പറയാം?

ജീവിതതത്വത്തെ കാവ്യദൃഷ്ട്യാ ആശാൻ പ്രതിപാദിച്ചിട്ടുള്ളതുപോലെ മലയാളത്തിൽ മറെറാരു കവി പ്രതിപാദിച്ചിട്ടുണ്ടോ? തത്വശാസ്ത്രജ്ഞന്മാരായ മതാചാര്യന്മാർ ജീവിതതത്വത്തെ പ്രതിപാദിക്കുന്ന രീതി സാധാരണ ജനങ്ങൾക്ക ദുർഗ്രാഹ്യവും അരുചിപ്രദവും ആയിരിക്കും. കവിത സരസയായ കാന്തയെപ്പോലെയാണല്ലോ ധർമ്മോപദേശം ചെയ്യുന്നതു്. ജീവിതതത്വം അടിസ്ഥാനപ്പെടുത്തി കാവ്യദൃഷ്ട്യാ ആശാൻ ചെയ്യുന്ന ആദ്ധ്യാത്മ ചർച്ചകൾ അത്യന്തം രമണീയങ്ങളായിരിക്കുന്നു. ചുടലക്കളമാണു് ആശാൻ നമുക്ക ചൂണ്ടിക്കാണിച്ചുതരുന്ന അദ്ധ്യാത്മവിദ്യാലയം.

"കഷ്ടം സ്ഥാനവലിപ്പമോ പ്രഭുതയോ സജ്ജാതിയോ വംശമോ—
ദൃഷ്ടശ്രീതനുധാടിയോ ചെറുതുമിങ്ങോരില്ല ഘോരാനലൻ,
സ്പഷ്ടം മാനുഷഗർവമൊക്കെയിവിടെപ്പൂക്കസ്തമിക്കുന്നതി—
ങ്ങിഷ്ടന്മാർ പിരിയുന്നു; ഹാ— ഇവിടമാണദ്ധ്യാത്മവിദ്യാലയം."

മനുഷ്യരുടെ അഹംകാരം എത്ര അർത്ഥശൂന്യവും, മൗഢ്യജനകവുമാണെന്നു ആശാൻ ഇവിടെ നമുക്കുപദേശിക്കുന്നു. പരസ്പരാത്മസ്നേഹമുള്ളവർ മരണപാശത്താൽ വേർപിരിയേണ്ടിവരുമ്പോൾ,

"ആരും തോഴീയുലകിൽ മറയുന്നില്ല; മാംസം വെടിഞ്ഞാൽ,
തീരുന്നില്ലീ, പ്രണയജടിലം ദേഹിതൻ ദേഹബന്ധം;
പോരും ഖേദം; പ്രിയസഖി ചിരം വാഴ്ക മാഴ്കാതെ, വീണ്ടും-
ചേരും നാം കേൾ; വിരതഗതിയായില്ല സംസാരചക്രം"

എന്നു സംസാരചക്രത്തിന്റെ ആവർത്തന ഭ്രമണത്തെപ്പററി ഉപദേശിച്ച് ആശാൻ നമ്മെ സമാധാനയുക്തരാക്കുന്നു. ആചരിച്ചിട്ടുള്ള ഘോരഘോരാചാരങ്ങളാൽ മരണഗ്രസ്ഥയായ വാസവദത്ത ഭയവിഹ്വലയായിത്തീരുമ്പോൾ "ചിരകാലമഷ്ടമാർഗ്ഗ ചാരിയാമബ്ഭഗവാന്റെ – പരിശുദ്ധപാദപത്മം തുടച്ച കൈയാൽ" ഉപഗുപ്തൻ അവളെ കൃപാപൂർണ്ണനായിത്തലോടി, "സത്യമോർക്കുകിൽ സംസാരയന്ത്രയിൽ പാപത്തിൽ കഴൽ കുത്തിടാതെ കടന്നവർ കാണുകില്ലെടോ," എന്നിങ്ങനെ പറഞ്ഞാശ്വസിപ്പിക്കുന്നു. സംസാരബന്ധം, ഈശ്വരകൃപയാലെ തന്മഹാമോഹനിദ്രയുണരുന്ന നാൾവരെയുണ്ടായിരിക്കുമെന്നുള്ള അതിഗഹനമായ വേദാന്തരഹസ്യം ദിവാകരൻ നളിനിയോടരുളിച്ചെയ്യുന്നു "ചിത്തമാം വലിയ വൈരി കീഴമർന്നത്തൽ തീർന്ന യമിതന്നെ ഭാഗ്യവാൻ." എന്ന യഥാർത്ഥമായ ഭാഗ്യസമ്പത്തിന്റെ ചിത്രസ്ഥിതി ആശാൻ നമുക്കുപദേശിക്കുന്നു. നമ്പൂതിരികന്യ—സാവിത്രി, പുലയനെ വിവാഹം ചെയ്തു 'വിധിക്കു കീഴടങ്ങി' സുഖമായിത്താമസിക്കുന്നു. ചണ്ഡാലകന്യക ആത്മജ്ഞാനപ്രബുദ്ധയായി ഉത്തമഭിക്ഷുണിയായി ജീവിക്കുന്നു. ദുരവസ്ഥയും ചണ്ഡാലഭിക്ഷുകിയും ഒരു ഞെട്ടിലുള്ള രണ്ട് ആമോദകരങ്ങളായ പുഷ്പതല്ലജങ്ങളാണ്. യോഗിനിയായ നളിനി ജീവിതസർവ്വസ്വമായ ദിവാകരസ്പർശനമേററ് അലൗകികമായ അത്യത്ഭുതാത്മാനുഭൂതിയടയുന്നു. തീവ്രാനുരാഗപരവശയായ ലീല, പ്രേതസമാനനായിത്തീർന്നിരിക്കുന്ന പ്രാണേശ്വരനായ മദനനൊരുമിച്ച് നദീപ്രവാഹത്തിൽ മുങ്ങിമറയുന്നു. ഇങ്ങനെ വിധിയെന്ന "ദുസ്തരൗഘ:—യാം നദിയെയെതിർത്തൊരു ജന്തു നീന്തുമോ?" എന്നുള്ള കർമ്മതത്വവാദാർത്ഥരഹസ്യം ആശാൻ കാവ്യരസത്തോടുകൂടി സഹൃദയരുടെ ഹൃദയത്തിൽ അവരറിയാതെ ദൃഢമായുറപ്പിക്കുന്നു. 'സ്വന്തകർമ്മവശരായ്' ത്തിരിഞ്ഞിടു—ന്നന്തമററ ബഹുജീവകോടികളുടെ ജീവിതയാത്രയിലെ സുഖദുഃഖങ്ങളെയും സ്ഥിതിഭേദങ്ങളെയും ആശാൻ എത്ര കമനീയമായി അദ്ദേഹത്തിന്റെ കൃതികളിൽ നിഴലിച്ചുകാണിച്ചുതരുന്നു. ഇങ്ങനെ ജീവിതം സുഖദുഃഖ പരിപൂർണ്ണമായിരിക്കുന്നു. സാഹിത്യം ജീവിതദർപ്പണവുമാണ്. അതിനാൽ സുഖപരിപൂർണ്ണം എന്നപോലെതന്നെ ദുഃഖപരിപൂർണ്ണതയെപ്പററി പ്രതിഫലിപ്പിച്ചില്ലെങ്കിൽ സാഹിത്യം അപൂർണ്ണമായിരിക്കുകയേയുള്ളു. കൃതികളൊക്കെ ശുഭാന്തങ്ങളായി രചിച്ചാൽ സാഹിത്യത്തിനു പരിപൂർണ്ണത തീരെ മതിയാവാതാകും. അതുകൊണ്ടാണ് ജീവിതതത്വഗ്രാഹിയും, കാവ്യസ്വഭാവജ്ഞനുമായ ആശാൻ അശുഭാന്തകൃതികളെ ഒട്ടധികം മലയാളത്തിനു പ്രദാനം ചെയ്തത്. ആശാന്റെ പ്രയത്നം കൊണ്ടാണ് ജീവിതദർപ്പണമെന്ന തോതുവെച്ചു നോക്കുമ്പോൾ മലയാളസാഹിത്യത്തിന് പൂർണ്ണിമ സിദ്ധിച്ചത്. അശുഭാന്തകാവ്യരചനയ്ക്കു മലയാളികളുടെയിടയിൽ, കഥകളി കർത്താക്കന്മാരെ ഒഴിച്ചാൽ, ആശാനാണ് ഗുരുസ്ഥാനം കൊടുക്കേണ്ടത്.

പ്രകൃതിയെ പ്രതിഫലിപ്പിച്ച് ജീവിതവിമർശം ചെയ്യുന്ന ഒരു കലയാണല്ലോ സാഹിത്യം. ജീവിതവിമർശം കവിതയിൽ സാധിക്കാൻ ആശാന്റെ സാമർത്ഥ്യം അഭ്യസൂയാജനകം തന്നെ. മനുഷ്യജീവിതത്തിന്റെ ശക്തിചക്രം സ്ത്രീപുരുഷന്മാർക്കു പരസ്പരമുള്ള ശുദ്ധാനുരാഗബന്ധമാണെന്നുള്ളതിന് എതിർവാദമില്ല. മനുഷ്യജീവിതചരിത്രത്തിന്റെ ഭൂരിഭാഗവും അനുരാഗവർണ്ണനത്തിന്റെ പ്രഭാവംകൊണ്ട് ചിലപ്പോൾ ദിവ്യപ്രഭാവയുക്തവും, ചിലപ്പോൾ മന്ദകാന്തിയു

ക്തവും, മററു ചിലപ്പോൾ അന്ധകാരനിബിഡവും ആയിരിക്കുന്നു. അനുരാഗത്തിന്റെ അവർണ്ണനീയങ്ങളും നാനാമുഖങ്ങളുമായ സ്ഥിതിഗതികളെ ആശാനെപ്പോലെ സി. വി. രാമൻപിള്ളയൊഴികെ മറെറാരു മലയാളകവിയും വർണ്ണിച്ചിട്ടുള്ളതായി എനിക്കറിവില്ല. പൂർവവിപ്രലംഭം, സംഭോഗം, ഉത്തരവിപ്രലംഭം എന്നിങ്ങനെയുള്ള ത്രിവിധങ്ങളായ അനുരാഗദശകളെ കാളിദാസൻ അതിമനോഹരമായി അദ്ദേഹത്തിന്റെ കൃതികളിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ. അതുപോലെ പൂർവവിപ്രലംഭശൃംഗാരം ലീലയിലും നളിനിയിലും അതിമനോജ്ഞമായി വർണ്ണിച്ചിരിക്കുന്നു. എന്നാൽ പ്രൊ: രാജരാജവർമ്മ അഭിപ്രായപ്പെട്ടിട്ടുള്ളതുപോലെ സൂക്ഷ്മമായി നോക്കുമ്പോൾ നളിനിയിലും ലീലയിലുമുള്ള അനുരാഗപ്രവാഹത്തിന്റെ നിർവഹണം രമണീയമായ സംഭോഗശൃംഗാരത്തിന്റെ ഉത്തമകാഷ്ഠയിൽ തന്നെ പര്യവസാനിക്കുന്നതായി കാണാം. "ശൃംഗാര"മെന്നു പറഞ്ഞുവരുന്ന ഭാവത്തിൽ ഏതു ദശവരെ സഹൃദയർക്ക് ആസ്വാദ്യത കൂടിക്കൂടി വരുന്നുവോ ആ ദശയിലാണ് ഇവയിലെ നായികമാരുടെ ഭാവം നിലനിറുത്തിയിരിക്കുന്നത്.

"പരവശയിവളപ്രഗത്ഭയാം നാൾ
വിരസത ചേർത്തതിൽ വെയ്ക്കൊലാ വിരോധം
വരികയനുഭവിക്ക, കയ്പുപോയി
പ്പരിണതമാം ഫലമിപ്പൊഴോമനേ, നീ"

സംഭോഗശൃംഗാരത്തിന്റെ പ്രഥമ ഭാവങ്ങൾ ആശാൻ ശ്രീബുദ്ധചരിതം നാലാം കാണ്ഡത്തിൽ അതിവിദഗ്ദ്ധതയോടുകൂടി പ്രകാശിപ്പിച്ചിരിക്കുന്നു. മേഘദൂതിൽ കാളിദാസൻ ഉത്തര വിപ്രലംഭശൃംഗാരത്തിന്റെ പരമകാഷ്ഠയെ ചേതോമോഹനമായി വർണ്ണിച്ചിരിക്കുന്നു. ഈ വിധം ഉത്തരവിപ്രലംഭശൃംഗാരത്തെ പ്രതിപാദിക്കാൻ ആശാനു തക്ക അവസരം ലഭിച്ചിട്ടില്ല. എങ്കിലും ചിന്താവിഷ്ടയായ സീതയിൽ ഉത്തര വിപ്രലംഭശൃംഗാരത്തിന്റെ സത്വഗുണാവലംബിയായ ശാന്തസ്വഭാവത്തെ ആശാൻ എത്ര മനോജ്ഞമായി വർണ്ണിച്ചിരിക്കുന്നു.

"മുനിചെയ്ത മനോജ്ഞകാവ്യമ—
മ്മനുവംശാധിപനിന്നു കേട്ടിടൻ
അനുതാപമിയന്നിരിക്കണം
തനയന്മാരെ അറിഞ്ഞിരിക്കണം."

ഈ ശ്ലോകം യഥാർത്ഥത്തിൽ ഉത്തരവിപ്രലംഭശൃംഗാരത്തിന്റെ ശാന്തിപരമായ പരമകാഷ്ഠതന്നെയെന്നുള്ളതിനു സംശയമില്ല നളിനിയിൽ സത്വഗുണപ്രധാനന്മാരുടെ സ്നേഹപ്രഭാപൂരത്തെ നാം ദർശിക്കുന്നു. എന്നാൽ ലീലയിൽ രജോഗുണഭൂതമായ അനുരാഗധാരിക ഉജ്ജ്വലിച്ചൊഴുകി സത്വഗുണപ്രാന്തത്തിലെത്തി മുങ്ങിമറയുന്നു. ഉരവസ്ഥയിൽ സാധാരണ ലോകരുടെയിടയിലുള്ള അനുരാഗത്തിന്റെ, കവിഹൃദയദീപ്തവും മാതൃകാസ്ഥാനാർഹവും ആയ ഒരു ചിത്രം നാം കാണുന്നു. ചാത്തന്റെ പ്രേമഹൃദം അവ്യക്തവും യഥാർത്ഥമായ ദേവീഭക്തിക്കു തുല്യവും ആകുന്നു. അനുരാഗത്തിന്റെ വിസ്മയജനകമായ ഭ്രമണങ്ങൾ നാം ലീലയിൽ കാണുന്നു. മദനനിൽ അനുരാഗപരവശയായ ലീലയെ 'സമാധാന വംശനായ' വർത്തകപുത്രനു വിവാഹം ചെയ്തുകൊടുക്കുന്നു. അനന്തരം,

"ഘടന, പതിവിലാസി ചെയ്തിലും,
പിടമൃഗനേത്ര കൃപാർദ്രയാകിലും
സ്ഫുടമകമലിയാതെ മേവിനാൾ
തടശിലപോലെതരംഗലീലയിൽ"

അഹോ! അനുരാഗത്തിന്റെ വിഷമസ്വഭാവം എത്ര ഭംഗിയായി ഇവിടെ പ്രത്യക്ഷപ്പെടുന്നു. അനുരാഗത്തിന്റെ ഔത്യത്ഭുതകരമായ വിഷമസ്ഥിതികൾ 'യുവജനഹൃദയം സ്വതന്ത്രമാ—ണവരുടെ കാമ്യ പരിഗ്രഹേച്ഛയിൽ' എന്നു പാടിയതുകൊണ്ടുമാത്രം വിശദമാകുന്നില്ലെന്നു ആശാനുതന്നെയറിയാം. അതിനാൽ കരുണയിൽ കാണുന്ന വാസവദത്ത, ധനമാഹാത്മ്യയായി ശരീരവിക്രയം ചെയ്യുന്ന ഒരു ഗണികയാണ് എന്നാൽ കലാചാരമായി ഗണികാത്വം അനുഷ്ഠിച്ചുപോന്ന വാസവദത്തയുടെ ഹൃദയാന്തർഭാഗത്തു അത്യഗാധവും അതിപാവനവുമായ അനുരാഗത്തിന്റെ വലിയൊരുറവ സ്ഥിതിചെയ്യുന്നതായി നാം കാണുന്നു. ഈ നിർമ്മലപ്രേമം ഉപഗുപ്തന്റെമേൽ അവൾ വർഷിച്ചു. ഈ പരിശുദ്ധമായ അനുരാഗത്തിന്റെ ഫലമായിട്ടാണ് അവൾക്കു നിർവാണലബ്ധിയുണ്ടായതു്. നമ്പൂരികന്യകയുടെ ചിരകാലാചാരസ്ഥാപിതമായ ജാതിയെപ്പററിയുള്ള അർത്ഥശൂന്യമായ ദുരഭിമാനം മാറി, കാലസ്ഥിതിക്കനുരൂപമായ മനോഭാവമുണ്ടായി നിഷ്കളങ്കപ്രേമഹൃദം വഹിക്കുന്ന പുലയയുവാവിന്റെ സേവ, ശുശ്രൂഷ, ഭക്തി മുതലായ വിശിഷ്ടഗുണങ്ങളെക്കണ്ടു അപഹൃതചിത്തയായി, അവനിൽ അനുരാഗവശയായി; അവനെ പ്രാണവല്ലഭനായി സ്വീകരിച്ചു് ജീവിതയാത്ര വിജയപ്രദമാക്കിച്ചെയ്യുന്നു.

"താണുകിടക്കും സഹജരെപ്പൊക്കുവാൻ
താണതാണെങ്കിൽ ഞാൻ ധന്യയായി"

എന്നിങ്ങനെ ഭൂതശുശ്രൂഷാനിരതയായ സാവിത്രി ആശംസിക്കുന്നു. ഇങ്ങനെ അനുരാഗത്തിന്റെ വിഷമഗതികളെയും അതിന്റെ വിവിധ സ്വരൂപങ്ങളെയും ആശാൻ ഹൃദയാകർഷകമായ രീതിയിൽ വർണ്ണിച്ചിരിക്കുന്നു.

ഇത്ര വിശിഷ്ടാശയനായ ആശാന്റെ വർണ്ണനാചാതുര്യത്തെപ്പററി കുറഞ്ഞൊന്നു ചിന്തിക്കേണ്ടതു് അത്യാവശ്യമായിരിക്കുന്നു. വർണ്ണനകളെ ബാഹ്യം, ആന്തരം, ബാഹ്യാന്തരസങ്കലിതം എന്നു മൂന്നുവിധമായി പ്രതിപാദനസൗകര്യത്തിനുവേണ്ടി നമുക്കിവിടെ തരംതിരിക്കാം. വെറും അംഗസൗന്ദര്യത്തേയും വസ്ത്രാഭരണരീതികളെയും അടിസ്ഥാനമാക്കിച്ചെയ്യുന്ന വർണ്ണനയാണ് ബാഹ്യം എന്ന വിഭാഗത്തിൽ പെടുന്നതു്. ബാഹ്യവർണ്ണനയ്ക്കു സൂക്ഷ്മതയിൽ ആശാൻ മററു കവികൾക്കു് ഒരാശാൻ തന്നെയാണ്. സീതയെ ഉടജാന്തവാടിയിൽക്കൊണ്ടു സ്ഥാപിതിചെയ്യിക്കുന്ന വർണ്ണനയ്ക്കു് എന്തൊരുപുതുമ! എന്തൊരുശാന്തത! കരുണയിൽ ചെട്ടിയാർ കയറിവരുന്ന രംഗം വായിച്ചുനോക്കുവിൻ! വാസവദത്തയെ കവി, ഗൃഹാന്തർഭാഗത്തു ആസന്നസ്ഥയാക്കിയിരിക്കുന്ന ഭാഗം മനോദൃഷ്ടിക്കു വിഷയമാക്കുവിൻ! കരുണയിൽ കാണുന്ന ലോകത്തിന്റെ പരമാവധിയായ ചുടുകാട് എത്ര അത്ഭുതസ്ഥാനകം! എത്ര ഭയങ്കരം! ചണ്ഡാലകന്യക വെള്ളം കോരാൻ വരുന്ന വരവ് എത്ര മധുരരസസംപൂർണ്ണം!

"അപ്പൊഴുതങ്ങൊരു പെൺകൊടിയാൾ ചെറു—
ചെപ്പുക്കുടമൊന്നരയ്ക്കുമേലിൽ,
അഞ്ചിതമായ് വളമിനുമിടങ്കര—
പ്പിഞ്ചുലതകൊണ്ടുചുററിച്ചേർത്തും,
വീത്തും വലങ്കരവല്ലിയിൽ പാളയും,
പാശവും ലീലയായ് തൂക്കിക്കൊണ്ടും
ചെററുകുനിഞ്ഞു വലംചാഞ്ഞ പൂമേനി
ചുററിമറച്ച ചെംകാന്തിതേടും,

പൂഞ്ചേലതൻതലപാർശ്വത്തിൽപ്പാറിച്ചും
ചാഞ്ചാടിവയ്ക്കുമടിത്തളിരിൽ
ലോലപ്പൂംപാദസരത്തിലെകിങ്കിണീ-
ജാലംകലുങ്ങിമുഴങ്ങുമാറും.

മന്ദമടുത്തുള്ളൊരാരരിൽനിന്നോമലാൾ
വന്നണയുന്നു, വഴിക്കിണറ്റിൽ."

ഇതിനേക്കാളും മനോഹരമായ ഒരു ബാഹ്യവർണ്ണന ഏതു സാഹിത്യത്തിൽ എവിടെ കാണാൻ കഴിയും.

ആശാന്റെ പാത്രങ്ങൾക്ക് ഓരോ അവസ്ഥയിലുമുണ്ടാകുന്ന മാനസിക സ്ഥിതിവിശേഷങ്ങളുടെ പരിപൂർണ്ണചിത്രം അദ്ദേഹം സഹൃദയർക്കു പ്രത്യക്ഷപ്പെടുത്തിക്കൊടുക്കുന്നു. ഈ രീതിയാണ് ആന്തരവർണ്ണന.

"ഉദയാസ്തമയങ്ങളെന്നിയെൻ-
ഹൃദയാകാശമതിങ്കലെപ്പൊഴും
കതിർവീശി വിളങ്ങിനിന്ന വെൺ-
മതിതാനും സ്മൃതി ദർപ്പണത്തിലായ് "

ഇവിടെ സീതാദേവിയുടെ ഹൃദയസ്ഥിതി നമ്മുടെ മനോദർപ്പണത്തിൽ സ്പഷ്ടമായി നിഴലിക്കുന്നു.

"വന്യഭൂമിയിൽ വഹിച്ച പൂമണം
ധന്യനായഹഹ! വന്നണഞ്ഞു നീ,
തെന്നലേ! തഴുവുകിന്നു, ശങ്കവേ-
ണ്ടെന്നെ! ഞാൻ മലിനമേനിയല്ലെടോ"

എന്നും

"വരിക ഹൃദയനാഥ വൈകി കാണ്മാൻ,
തിരുവടി മൗലിയിൽ വെയ്ക്കുവെൻ മഹാത്മൻ!
തരിക ചിരവിയുക്ത ദർശനം നീ!
കരുണ വഹിക്കുക ദാസി ഞാൻ ദയാലോ!"

എന്നുമുള്ള ശ്ലോകങ്ങളിൽ തീവ്രാനുരാഗഭരമായ നായികകളുടെ ഹൃദയചിത്രരചന എത്ര സരസമായ തന്മയത്വത്തോടുകൂടി കവി സാധിച്ചിരിക്കുന്നു.

ഏതാനും ഊർജ്ജസ്വലവും, ദൃഢങ്ങളുമായ വാഗ്രേഖകൾകൊണ്ടു ഗഹനമായ മാനസികാവസ്ഥയേയും, ശരീരലാവണ്യ പ്രകർഷത്തേയും ഒരുമിച്ചു ചേർത്തുകൊണ്ടുള്ള സാഹിത്യ ചിത്രനിർമ്മിതിയെയാണ് ഞാൻ ബാഹ്യാന്തര സങ്കലിത വർണ്ണന എന്നു നാമകരണം ചെയ്തതു്. ഇതാണ് പരമോൽകൃഷ്ടമായ വർണ്ണനാരീതി. കവിയും ചിത്രകാരനും കൊത്തുപണിക്കാരനും ഈ ബാഹ്യാന്തര സങ്കലിതവർണ്ണനയിൽ അഹമഹമികയാ മത്സരിച്ചാക്കുന്നു.

"കൊണ്ടൽവേണിയൊരു രണ്ടുനാലടി നടന്ന-
തില്ലതിനു മുമ്പു താൻ,
കൊണ്ടു ദർഭമുന കാലിലെന്നു വെറുതെ ന-
ടിച്ചു നിലകൊണ്ടുതേ,
കണ്ഠവും ബത! തിരിച്ചുനോക്കിയവൾ വല്ക-
ലാഞ്ചലമിലച്ചിലിൽ-
കൊണ്ടുടക്കിയൊരു മട്ടുകാട്ടി വിടുവിച്ചി-
ടുന്നു കപടത്തോടേ."

എന്നിങ്ങനെ നാം കാണുന്ന കാളിദാസൻെറ ശകുന്തളയുടെയും, നമ്മുടെ കൗശലശാലയിൽ പ്രശോഭിക്കുന്ന രവിവർമ്മയുടെ വർണ്ണനനിർമ്മിതമായ ശകുന്തളയുടെയും വദനസരസിജം കുറഞ്ഞൊരു പക്ഷം ഒരരമണിക്കൂർനേരം ഏകാഗ്രതയോടു കൂടി സൂക്ഷിച്ചുനോക്കുവിൻ! അപ്പോൾ ബാഹ്യമായ രമണീയമായ അകൃത്രിമ രൂപ സൗന്ദര്യധോരണികളിലായി മുങ്ങിത്തെളിഞ്ഞു പ്രകാശിക്കുന്ന സുരസുമ വാഹിയായ ഹൃദയത്തിൻെറ സൗകുമാര്യം നമുക്കു കാണാൻ കഴിയും. ഇതുകൊണ്ടാണു് ബാഹ്യാന്തര സങ്കലിത വർണ്ണനയുടെ അന്യദുർല്ലഭമായ ഔൽകൃഷ്ട്യം നാം സമ്മതിച്ചുകൊടുക്കുന്നതു്. ഇത്തരം വർണ്ണനകൾ ചെയ്വാൻ ആശാൻ അതീവ വിദഗ്ദ്ധനായിരുന്നു

"ഹാ! കൃശാതരുതലത്തിലിന്ദുവിന്നകരശ്മി—
യതുപോലെയാരിവൾ?
മാഴ്കിടുന്നു, ഭയതോന്നും' എന്നു മിഞ്ഞേകയാ—
മവളെ നോക്കിനാൻ യമി;"

നളിനിയുടെ നിസ്സീമ രൂപസൗന്ദര്യവും, അവളുടെ സ്നേഹഭരമായ ഹൃദയസ്ഥിതിയും ഈ ചെറിയ ശ്ലോകത്തിൽ എത്ര ഭംഗിയായി പ്രതിഫലിപ്പിച്ചിരിക്കുന്നു

"പുടം വരണ്ടുപററിയ പോള പണിപ്പെട്ടു ചെററു
വിടത്തും കണ്ണിലവൻെറ കാന്തി വീഴവേ,
അവൾതൻ പാണ്ഡുമുഖത്തിലന്തി വിണ്ണിലെന്നപോലെ—
യെവിടുന്നോ ചാടിയെത്തീ രക്തരേഖകൾ!
മരവിച്ച മർമ്മസന്ധിനിരയരക്ഷണമന്തഃ
ക്കരണം വേദനവിട്ടു നില്ക്കവേ തനിച്ചീ,
സ്മരിക്കുന്നു പൂർവ്വരാഗ, മവനെ നോക്കിക്കണ്ണാൽ താൻ
ചിരിക്കയും കരകയും ചെയ്യുന്നു പാവം!—"

അംഗച്ഛേദം ചെയ്തു

"രുധിരാക്തമായി വില്പാനിറക്കിയിട്ട കുങ്കമ—
പ്പൊതിപോലെ കിടക്കുന്നു പുതച്ചുമൂടി—"

ഇങ്ങനെയുള്ള അവസ്ഥയെ പൂണ്ടിരിക്കുന്ന വാസവദത്തയുടെ വികൃത ശരീരവും, അവളുടെ ഹൃദയത്തിൽ 'കാമനീയ കായകാന്തി കലരുന്ന' ഉപഗുപ്ത ദർശനം കൊണ്ടുണ്ടാകുന്ന അനുരാഗ പാരവശ്യവും, അപ്പോഴത്തെ അതിദയനീയമായ അവസ്ഥാന്തരമോർത്തുള്ള ദുഃസ്സഹദുഃഖവും എത്രമാത്രം സ്പഷ്ടമായി ചിത്രം മുഖേന കവി നമുക്കു കാണിച്ചുതരുന്നു. ഇമ്മാതിരിയുള്ള ത്രിവിധങ്ങളായ വർണ്ണനകൾ കൂടാതെ ആശാൻെറ ചില ചില്ലറപ്പൊടിക്കൈ പ്രയോഗങ്ങൾ അത്യന്തം രമണീയങ്ങളായിരിക്കുന്നു. ചാത്തൻെറ 'ശില്പിതന്ത്രം എത്തിനോക്കീട്ടില്ലാത്ത' പുല്ല മാടത്തിൻെറ മൺചുവരിൽ,

"കോണും മൂഴകളും തീർത്തിട്ടില്ലായതിൽ—
ക്കാണുന്നു കൈവിരൽപ്പാട്ടുപോലും,"

എന്നും, പേരാൽ മരത്തിൻെറ വേരുകളുടെമേൽ വഴിപോക്കർ വന്നിരുന്നു്,

"ഭാസിക്കുന്നുണ്ടു തൊലിതേഞ്ഞ വൻ വേരാമാസനം
പാന്ഥോചിതമായേറെ"

എന്നും, ആനന്ദനെന്ന ബുദ്ധമത സന്യാസിയെ കൊടുംവെയിലത്തു്,

"ദക്ഷിണഹസ്തത്തിലേറും വിശറിപ്പൊൻ
പക്ഷമിളക്കയൊട്ടൊട്ടുവീശി
ഉററമരത്തണലെത്തുന്നു ഭിക്ഷുവൊ-
രൊററച്ചിറകേലും ദേവൻപോൽ"

എന്നും, ചുടുകാട്ടിൽ, "തലയിൽ തീകാളും ചുടലഭൂതംകണക്കേ ചലിച്ചുനില്ക്കുന്ന" അരയാലിൻെറ വർണ്ണനയിൽ,

"ഇടങ്ങിയ മാളങ്ങളിലിഴയുഞ്ഞവും പാമ്പുകൾപോൽ
വിടവുതോറും പിണഞ്ഞവേരുകളോട്ടും"

എന്നുമൊക്കെയുള്ള ചെറുവർണ്ണനകൾ നക്ഷത്രതുല്യം മിന്നിത്തിളങ്ങുന്നു.

ആശാൻെറ പ്രകൃതിവർണ്ണനയെപ്പററി ഏതാണ്ടു ചിലതുകൂടി പറഞ്ഞുകൊള്ളട്ടെ. സാധാരണ സാഹിത്യ വ്യവഹാരങ്ങളിൽ പ്രകൃതിയും മനുഷ്യരും എന്നു രണ്ടു ഭിന്ന വ്യക്തികളായി തരംതിരിക്കയാണു ചെയ്യുന്നതു്. ഇത്തരമുള്ള പ്രതിപാദന രീതിയിൽ മനുഷ്യർ തന്നെ പ്രകൃതിയുടെ ഒരംശം മാത്രമാണ് എന്നുള്ള പരമതത്വം സാഹിത്യ വിമർശകന്മാർ ഏതാണ്ടു വിസ്മരിക്കുന്നതായി തോന്നിപ്പോകും. പ്രകൃതിയെ ചിലപ്പോൾ നാം ബാഹ്യവസ്തുവായും ആത്മസ്വരൂപാംശവസ്തുവായും ദർശിക്കുന്നു. ആശാൻ പ്രകൃതി മാതാവിൻെറ ഒരോമന സന്താനമാണ്. മാതാവിൻെറ ഹൃദയപീയൂഷം അനുഭവിച്ചാനന്ദിച്ചുകൊണ്ടു് "ദിവ്യഭൂഭാഗഭംഗികൾ ഹരിക്കുമാറെയും" പ്രന്ന് ആശാൻ ദിവ്യഗീതം മുഴക്കി രസിക്കുന്നു. ബാഹ്യവസ്തു എന്നുള്ള നിലയിൽ ആശാൻെറ പ്രകൃതിവർണ്ണന ദീപ്തങ്ങളായിരിക്കുന്നു:

"ഭൂരിജന്തുളവനങ്ങൾ, പൂത്തെഴും
ഭൂരുഹങ്ങൾ നിറയുന്നകാട്ടുകൾ,
ദൂരദർശനകൃശങ്ങൾ, കണ്ടുതേ
ചാരുചിത്രപടഭംഗിപോലവൻ"

ദൂരെക്കാണുന്ന വനശോഭയുടെ ഈ ചിത്രം എത്ര ഭംഗിയായിരിക്കുന്നു. ചെറിയ തോതിൽ ആശാൻ ചെയ്യുന്ന സൂര്യോദയാസ്തമയ വർണ്ണനകൾ കവിതാദേവി രത്നാഭരണമായി അണിഞ്ഞാനന്ദലഹരിയുടയുന്നു.

"അകലുന്നു, തമസ്സടിവാനിൽ വർണ്ണത്തികവേലും
പട്ടുകൊടികൾ പൊങ്ങുന്നു;
സകലലോകബാന്ധവൻ കൃപാകരൻ പകലിൻ-
നായകൻ എഴുന്നെള്ളിടുന്നു."

എന്ന സൂര്യോദയവർണ്ണനയും,

"പടിഞ്ഞാറു ചാഞ്ഞുസൂര്യൻ പരിരമ്യമായ് മഞ്ഞയും
കട്ടംചുവപ്പും കലർന്ന തരുക്കളൂടെ,
രാജൽക്കരകേസരങ്ങൾ വീശിടുന്നു, ദൂരത്തൊരു
രാജമല്ലിമരം പൂത്തു വിലസുംപോലെ."

എന്ന അസ്തമനവർണ്ണനയും,

"ചിന്നുന്ന വെൺകരീർ തുവിയൊരന്തിയിൽ
കന്നായ ഉന്തിങ്കൾ പൊങ്ങിനിന്നു-
പശ്ചിമദിക്കിന്റെ നെററിയിൽ മാലേയ
ക്കൊച്ചുതിലകത്തിൻ കീറുപോലെ"

എന്നുള്ള ചന്ദ്രോദയവർണ്ണനയും ഭാഷാലോകനഭോമണ്ഡലത്തിന് നൽകുന്ന തേജഃപുഞ്ജങ്ങൾ തന്നെ.

എന്നാൽ ആശാൻ പ്രകൃതിമാതാവിന്റെ ഹൃദയവുമായി ദിവ്യസംഭാഷണം നടത്തുമ്പോൾ, മനുഷ്യർ പ്രകൃതി എന്നുള്ള വ്യത്യാസം വിസ്മരിച്ച് സമദർശിയായി ഭവിക്കുന്നു. അങ്ങനെയുള്ള അവസ്ഥകളത്,

"പ്രണയനിഭൃതചിത്തമങ്ങനങ്ങാതിണകളെ നോക്കി
മൃഗങ്ങളൊക്കെ നിന്നു,
ഗണമൊട്ടു പതഗങ്ങൾ പാത ചാടി ക്ഷണമറിയാതെ
യിരുന്നു ശാഖിതോറും."

"ചടുല ലതകളാടിടാതെ വാണ്ടോ-
വിടപികൾമേലനമൂർച്ഛയാർന്നു നിന്നു,
അടവിയധികമൗനമാർന്നു, മേളം
ഝടുതി നിറുത്തിയ രംഗഭൂവുപോലെ."

ഈ പദ്യങ്ങളിൽ നാം കാണുന്നതുപോലെ മൃഗപക്ഷിവൃക്ഷലോകങ്ങൾ മനുഷ്യലോകത്തിന്റെ സുഖദുഃഖങ്ങളിൽ അനുഭാവമുള്ള ഭാഗഭാക്കുകളായി ഭവിക്കുന്നു. അദ്ധ്യാത്മചിന്താവിഷ്ടനായി ആശാൻ പിന്നെയും ഒരു പടികൂടെ കടന്നു, സകല ചരാചരങ്ങളെയും അഭിന്നമായിക്കണ്ടു ആത്മതത്വദർശനം ലഭിച്ച് ഗീതങ്ങൾ പൊഴിക്കുന്നു,

"മുക്കാലും പുകയായി ഞങ്ങൾ ചെളിയായൊട്ടൊട്ടു പുൽക്കൂട്ടമാ-
യുൽക്കാചഞ്ചലമായ ജീവിതമതിങ്ങോരോന്നു മാറുംവഴി,
ഇക്കാണും നറുതുമ്പയും മുല്ലയാമിപ്പൊപ്പടപ്പുല്ലുമാ
നിൽക്കാതുള്ളൊരവസ്ഥകണ്ടു ചെറുപൂങ്കൊത്താൽ ചിരിക്കുന്നതാം."

ഇങ്ങനെ ആശാൻ പ്രകൃതിയുമായി ഹൃദയസംഭാഷണം ചെയ്തു മാതാവിന്റെ ആത്മജ്യോതിസ്സിൽ ലയിക്കുന്നു.

ആശാന്റെ അന്ത്യകൃതികളിൽ തൽകർത്താവിന്റെ അതിരുകവിഞ്ഞ സമസൃഷ്ടിസ്നേഹവും സാമുദായികങ്ങളായ അഭിപ്രായങ്ങളും പ്രത്യക്ഷപ്പെടുന്നു.

"എത്രയോ ദൂരം വഴിതെററിനില്ക്കുന്നുണ്ടൊരേഴ-
ച്ചെറുമൻ പോയ്തൊപ്പിയിട്ടാൽ
ചിത്രമവനെത്തിച്ചാരത്തിരുന്നിടാം, ചെററും
പേടിക്കേണ്ട നമ്പൂരാരെ"

എന്നീ പാഠങ്ങളിൽ അദ്ദേഹത്തിനു അധഃകൃതവർഗ്ഗക്കാരോടുള്ള എന്തെന്നില്ലാത്ത അനുഭാവത്തെ ഉഗ്രതരം ദ്യോതിപ്പിക്കുന്ന അധഃകൃതവർഗ്ഗക്കാരനുഭവിച്ചുപിടയുന്ന ദുസ്സഹസങ്കടം ഒരു വെറും സൂക്ഷ്മഗ്രാഹി എന്നുള്ള ഉദാസീനനില അതിലംഘിച്ച് അതിന്റെ ഭോക്താവ് എന്ന സ്ഥിതിയിൽ ജീവിക്കേണ്ടിവന്നതി

നാൽ തീണ്ടൽ തൊടീൽ മുതലായ പൈശാചികാചാരങ്ങളെപ്പററി ഗീതഘോഷം മുഴക്കുമ്പോൾ ആശാൻെറ ഹൃദയം തന്നെ പൊട്ടി പ്രവഹിക്കുന്നതായി നമുക്കനുഭവപ്പെടുന്നു:

"വല്ലിതന്നഗ്രത്തിൽനിന്നോ—ദ്വിജൻ
ചൊല്ലുക മേഘത്തിൽ നിന്നോ,
യാഗാഗ്നിപോലെ ശമിതൻ—ഖണ്ഡ
യോഗത്തിൽനിന്നോ ജനിപ്പൂ?"

"...ഇന്നലെ ചെയ്തോരബദ്ധം—മൂഢ—
ർക്കിന്നത്തെയാചാരമാവാം,
നാളത്തെ ശാസ്ത്രമതാവാം—അതിൽ
മൂളായ്ക സമ്മതം രാജൻ."

".. ജന്തുക്കളൊക്കെയീവണ്ണം—ശ്രീമൻ,
ഹന്ത സഹജരെന്നല്ല,
ചിന്തിക്കിലൊന്നായ് വരുന്നു—പിന്നെ
ന്തന്തരം മർത്യർക്കുതമ്മിൽ?"

ആശാൻ ഉത്തമനായ സ്വാതന്ത്ര്യോപാസകൻ കൂടിയായിരുന്നു.

"നിൻ (സ്വാതന്ത്ര്യം) തിരുവാഴ്ത്തുജയിക്കട്ടെ! പീഡയിൽ
പിൻതിരിയാത്ത തലമുറകൾ,
സന്തതം ഘോഷിച്ചു മാറെറാലിക്കൊള്ളട്ടെ!
നിൻതിരുനാമം ഭുവനമെങ്ങും
ഓരുന്നു ഞങ്ങൾ പിതാവേ നിൻ കൺമുന
ക്കൂരത്തുതേന്മഴ ചാറുമെന്നും
ക്രൂരതതന്നുടെ നേരേയതുതന്നെ
ഘോരമിടിത്തീയായ് മാറുമെന്നും,
ചട്ടററ നിൻകരവാളിൻ ചലൽപ്രഭ
തട്ടുമാറാക ഞങ്ങൾക്കു കണ്ണിൽ
വെട്ടിമുറിക്കുക കാൽച്ചങ്ങല വിഭോ!
പൊട്ടിച്ചെറികയീ കൈവിലങ്ങും."

ഇങ്ങനെ ജീവനാഡി തുടിച്ചുകൊണ്ടുള്ള സ്വാതന്ത്ര്യാരാധന ചെയ്യുന്ന ഹൃദയപ്രവാഹം മറെറങ്ങും കാണ്മാൻ എനിക്കു സംഗതിയായിട്ടില്ല. സമുദായഘടനയെ സംബന്ധിച്ചിടത്തോളം ആശാൻെറ അഭിപ്രായം രവീന്ദ്രനാഥൻേറതുപോലെതന്നെയായിരുന്നു. യഥാർത്ഥമായ രാഷ്ട്രഭക്തിയും സാമുദായികമായ പൊതുബന്ധത്തിൽ ദൃഢസ്നേഹ വിശ്വാസാദരങ്ങളും ഉണ്ടാകണമെങ്കിൽ ജാതിമതഭേദമെന്യേ ജനങ്ങളുടെയിടയിൽ പരസ്പര രക്തസങ്കലനം ഉണ്ടായേ കഴിവുവരൂഎന്നു രണ്ടു കവികളും വിശ്വസിക്കുന്നു. രാഷ്ട്രസമുദായബന്ധം വാഗ്ധോരണിയിൽ മുഴങ്ങിയാൽ പോരാ, രക്തനാഡികളിൽക്കൂടി നിർബാധം പ്രവഹിക്കേണ്ടതാണെന്ന് ഈ കവികോകിലങ്ങൾ രണ്ടാളും സർവ്വാത്മനാ അഭിപ്രായപ്പെടുന്നു.

ആശാൻെറ കാവ്യതല്ലജം (Masterpiece) ഏതാണെന്നു തീർത്തുപറയാൻ നിവൃത്തിയില്ലാതാണിരിക്കുന്നത്. വീണപൂവുമായി ആശാൻ ഭാഷാലോകത്തു പ്രത്യക്ഷനായി. ഈ കവിത അത്യുത്തമമായ ഒരു കാവ്യകുസുമമാണ്. ആശാൻ കൃതികൾ ഒന്നും പിന്നീടു രചിക്കുകയുണ്ടായില്ല എങ്കിലും, ഭാഷാലോകത്തു

ആശാന്റെ കീർത്തി വീണപൂവ് ചിരപ്രതിഷ്ഠ ചെയ്യുമായിരുന്നു. ആശാന്റെ കൃതികൾ ഓരോന്നും സാധാരണ പരസ്പരം രൂപവ്യത്യാസങ്ങൾ സ്വീകരിച്ച ഭിന്നങ്ങളായ കാവ്യസരണികളിൽ കൂടി യഥേഷ്ടം സഞ്ചരിക്കുന്നതിനാൽ കവിയുടെ കാവ്യതല്ലജം ഏതെന്നുള്ള ചിന്തയ്ക്കു അവ പ്രായേണ വശംവദങ്ങളാകുന്നില്ല. ഒരു കാര്യം എടുത്തു പറയേണ്ടിയിരിക്കുന്നു. ഒരുത്തമ കവിയ്ക്കു യോജിക്കാത്ത ഒരു കൃതിയും ആശാൻ എഴുതി പ്രസിദ്ധം ചെയ്തിട്ടില്ലെന്നു തീർത്തും പറയാവുന്നതാണ്. സാമാന്യയോഗ്യതയില്ലാത്ത ഒരൊററ ശ്ലോകം കൂടി ആശാന്റെ വകയായി ദിവാകരസ്പർശം ചെയ്തിട്ടുണ്ടെന്നു തോന്നുന്നില്ല. ഈ വസ്തുത ആശാന്റെ കീർത്തി ധാവള്യത്തിന്റെ മഹിമയെ സുരഭിലമാക്കിത്തീർക്കുന്നു. അച്ചടിച്ച പ്രസിദ്ധം ചെയ്യാത്ത ആശാന്റെ ബാല്യകൃതികളും മററപൂർണ്ണ കൃതികളും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിക്കാണാൻ അടുത്തകാലത്തു ഭാഗ്യമുണ്ടാകുമെന്നു നമുക്കാശിക്കാം. ഇതിവൃത്തരചന, കഥാചാതുരി, പാത്രസൃഷ്ടിവൈഭവം, ആശയശുദ്ധി, ഭാഷാസൗകുമാര്യം, കാവ്യരസ സാരള്യങ്ങൾ ഇവയൊക്കെ ഒരുമിച്ചുചേർത്തു ചിന്തിക്കുമ്പോൾ "ലീല"യല്ലെ ആശാന്റെ കാവ്യതല്ലജമായി കരുതേണ്ടതെന്നു് സംശയം ജനിച്ചുപോകുന്നു.

ഇത്ര ഉത്തമനായ ഒരു കവികോകിലമാണ് കൈരളിക്കു ഇന്നു നഷ്ടമായിരിക്കുന്നത്. ഈ ഭയങ്കരനഷ്ടത്തിന്റെ സൂക്ഷ്മസ്വഭാവം പക്ഷെ നമുക്കിപ്പോൾ മനസ്സിലായില്ലെന്നുവരാം. "പോയീ! കൈരളീതൻ പ്രശസ്ത തനയൻ," എന്നല്ലാതെ എനിക്കൊന്നും പറയാൻ തോന്നുന്നില്ല. ആശാന്റെ കവിതയെപ്പററി അല്പജ്ഞരായ നമുക്കെന്തു പറയാൻ കഴിയും? അദ്ദേഹത്തിന്റെ കവിതയെ ഞാനൊന്നു വർണ്ണിക്കട്ടെയോ?

"ജളകർണ്ണത്തിൽ പോലുമസ്സുധാ ലഹരികൾ
കുളുർമയാർന്നു പുകിൽസ്സിരകൾ ചലിപ്പിച്ചു
പുളകമുണ്ടാക്കുന്നു, ദ്രവിപ്പിക്കുന്നു ചിത്തം
ദളിത നിദ്രമാത്മതർപ്പണം ചെയ്തീടുന്നു.
അതിശാന്തമെന്നാലും ശക്തമാമതിൻ ധ്വനി
സതതം ചൂഴ്ന്ന കാററിൽത്തിരികൾ തല്ലിത്തല്ലി
ക്ഷിതിഗോളത്തെജ്ജഗദീശ രാജ്യത്തിലേയ്ക്കു
കുതികൊള്ളിക്കും നവ്യ ചലനമുണ്ടാക്കുന്നു.
പൊന്നൊളിവീശിച്ചലിക്കുന്ന നക്ഷത്രങ്ങളാം
ഉന്നിദ്രപുഷ്പങ്ങൾ തന്നിടയിൽ പറന്നെങ്ങും
ചിന്നും പൊൻപൊടി പററീത്തിളങ്ങും നിൻ ദിവ്യാംഗ
സന്നിധാനം താൻ കണ്ണിനാനന്ദം ചൊരിയുന്നു.
ഏതു ദിക്കെന്നാകിലുമേതു ബീജമാകിലു–
മേതു വർണ്ണമായാലും മൈത്രിയാൽ പുഷ്പങ്ങളെ
ഭേദമെന്നിയേ തലോടുന്ന പൊൻകരമേലും
ജ്യോതിസ്സേ, ജയിക്ക നീ! ജയിക്ക! നിന്റെ ഗാനം"

# * ചണ്ഡാലഭിക്ഷുകി

## എ. ബാലകൃഷ്ണപിള്ള.

വ്യക്തിപരമായ അനുഭവങ്ങളിൽനിന്നു് ഉടലെടുക്കുന്ന കാവ്യമാണു് ഉത്തമമെന്നുള്ള പുതിയതല്ലാത്തവാദം ഞാൻ 'മണിനാദം', 'സ്പന്ദിക്കുന്ന അസ്ഥിമാടം', 'കടത്തുവഞ്ചി' എന്നീ കവിതാസമാഹാരങ്ങളുടെ അവതാരികകളിൽ പുറപ്പെടുവിച്ചിരുന്നല്ലോ. പുതിയതല്ലെന്നതിനുകാരണം മഹാകവികളിൽ ചിലർതന്നെ തങ്ങളുടെ അനുഭവങ്ങളിൽ നിന്നു് ഇതു ഞാൻ പറയുന്നതിനുമുമ്പു് ചൂണ്ടിക്കാണിച്ചിരുന്നതാണു്. ഉദാഹരണമായി മഹാകവി ഇബ്സൻ പറഞ്ഞിട്ടുള്ളതു് നോക്കുക:— "ഒരു മനുഷ്യൻ തന്റെ കലയിൽ തുടന്നു് സൃഷ്ടിനടത്തണമെങ്കിൽ അയാൾക്കു് നൈസർഗ്ഗികമായ പ്രതിഭയ്ക്കുപുറമേ, തന്റെ ജീവിതം നിറഞ്ഞു തുളുമ്പുന്നതും, അതിനു വികാരപരമായ ഒരു ലാക്കുനൽകുന്നതുമായ വികാരാത്മകങ്ങളായ അനുഭവങ്ങളും സങ്കടങ്ങളും കൂടി ഉണ്ടായേ മതിയാവൂ. ഇവ ഉണ്ടായിട്ടില്ലെങ്കിൽ, അയാൾ സൃഷ്ടിനടത്താതെ കേവലം പുസ്തകങ്ങൾ രചിക്കുക മാത്രമേ ചെയ്യുകയുള്ളു." ഇത്തരം അനുഭവജന്യ കവിത മിക്കകേരളീയ 'മഹാകവി'കളിലും കണ്ടിട്ടില്ലാത്തതു നിമിത്തം നമ്മുടെ നിരൂപക വീരരിൽ പലരും എന്റെ വാദത്തെ എതൃത്തു് അതിനു പ്രചാരം വർദ്ധിപ്പിക്കുകയുണ്ടായി. വ്യക്തിപരവും സാമുദായികവുമായ ഇന്നത്തെ ജീവിതത്തെ സ്പർശിക്കുന്ന ഇത്തരം കൃതികളായ "ദുരവസ്ഥ", 'ചണ്ഡാലഭിക്ഷുകി' എന്നിവ രചിച്ചതു നിമിത്തം മഹാകവി കുമാരനാശാൻ അധഃപതിച്ചുപോയി എന്നു് നമ്മുടെ സർവകലാശാലകളെ ഇന്നു് അലങ്കരിക്കുന്ന പല സാഹിത്യ പ്രൊഫസ്സർമാരും തട്ടിമൂളിക്കുകയും ചെയ്തിരുന്നു. ആസന്ന മരണങ്ങളായ ആശയങ്ങൾക്കു് കിടന്നു ചാവാനുള്ള ആസ്പത്രികളായി ഇന്നത്തെ സർവകലാശാലകൾ കലാശിച്ചിട്ടുണ്ടെന്നു് അബർഡീൻ സർവകലാശാലയിലെ പ്രൊഫസ്സർ ഹോഗ്ബൻ അഭിപ്രായപ്പെട്ടിരുന്നതു് അറിഞ്ഞിട്ടുള്ളവർ ഇവരുടെ ഈ വീക്ഷണകോടികണ്ടു് അത്ഭുതപ്പെടുന്നതല്ല. ഇന്നത്തെ ജീവിതത്തെ ആസ്പദിച്ചുള്ള "ദി വേസ്റ്റ്ലാൻഡ്" മുതലായ പരാജയ (റിയലിസ്റ്റ്) പ്രസ്ഥാന കവിതകൾ രചിച്ചിരുന്ന ഇംഗ്ലീഷ് മഹാകവി ടി. എസ്സ്. എലിയട്ടിനു് ഇയ്യാണ്ടിൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനം കിട്ടിയ വസ്തുതയും ഇവിടെ ശ്രദ്ധേയമാണു്.

എന്റെ പ്രസ്തുത വാദത്തെ ആസ്പദിച്ചു്, മഹാകവി കുമാരനാശാന്റെ കൃതികളിൽ വെച്ചു് ഉത്തമങ്ങളായവ 1098-ലും, 1099-ലുമായി അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ ശുദ്ധപുരോഗമന (വീരപുരോഗമന) പ്രസ്ഥാന കൃതിയായ "ചണ്ഡാലഭിക്ഷുകി"യും, റൊമാൻറിക്ക് ഹ്യൂമനിസ്റ്റ് പ്രസ്ഥാന കൃതിയായ 'കരുണ'യുമാണെന്നുള്ള എന്റെ അഭിപ്രായം സംക്ഷേപിച്ചു രേഖപ്പെടുത്തുവാനാണു ഞാൻ ഈ ലേഖനമെഴുതുന്നതു്. ആശാൻ ഏതുതരം ആദർശമനുഷ്യനാകുവാൻ

---

* 1950 ജനുവരി 1-ാം തീയതി ശാരദാ ബുക്കുഡിപ്പോക്കാർ പ്രസിദ്ധീകരിച്ച 'ആശാൻ സ്മാരകഗ്രന്ഥ'ത്തിൽ എഴുതിയതു്.

ആഗ്രഹിച്ചിരുന്നുവോ, അത്തരംഒരാളിന്റെ പ്രതിരൂപമാണു് 'കരുണ'യിലെ ഉപഗുപ്തനും 'ചണ്ഡാലഭിക്ഷുകി'യുടെ നായികയും. കല വാസ്തവികലോകത്തിന്റെ സർഗ്ഗപരമായ അനുകരണമാണെന്നുള്ളതു് ആശാൻ ഈ രണ്ടു കൃതികളിലും ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇത്തരം വ്യക്ത്യാനുഭവകൃതികളെ രണ്ടു തരത്തിൽ രചിക്കാം—ഇമോഷനൽകണ്ടെൻറിനു് (വ്യക്തിസ്പർശിയായ ഭാഗത്തിനു്) പ്രാമുഖ്യം കൊടുത്തും, സോഷ്യൽ കണ്ടെൻറിനു് (പരിതഃസ്ഥിതിക്കു്) പ്രാമുഖ്യം കൊടുത്തും. ഒരു വ്യക്തിശൂന്യത്തിലല്ലല്ലോ നിവസിക്കുന്നതു്. തന്നിമിത്തം വ്യക്ത്യാനുഭവങ്ങളെ രൂപവൽക്കരിക്കുന്നതിൽ പരിതഃസ്ഥിതിക്കും അതിപ്രധാനമായ ഒരു പങ്കുണ്ടായിരിക്കും. ഇപ്രകാരമുള്ള സോഷ്യൽ കണ്ടെൻറു് 'കരുണ'യിലുള്ളതിൽ വളരെ അധികം സിംബോളിക് രൂപത്തിൽ 'ചണ്ഡാലഭിക്ഷുകി'യിൽ കാണാം. അതുകൊണ്ടു് ആശാന്റെ സകല കൃതികളിലും വച്ചു് ഉത്തമമായിട്ടുള്ളതു് 'ചണ്ഡാലഭിക്ഷുകി'യാണെന്നാണു് എന്റെ അഭിപ്രായം.

ആശാന്റെ വാസ്തവിക ലോകസ്പർശികളായ രണ്ടു് വീര പുരോഗമന സാഹിത്യപ്രസ്ഥാന കൃതികൾ 'ദുരവസ്ഥ'യും 'ചണ്ഡാലഭിക്ഷുകി'യുമാണല്ലോ. രണ്ടും ശ്രേഷ്ഠകാവ്യങ്ങളാണു്. ഇൻഡ്യൻ യൂണിയൻ ഒരു ലൗകിക (സെക്കുലർ) സ്റ്റേറ്റാണെന്നുള്ള പണ്ഡിത നെഹ്രുവിന്റെ സ്വപ്നം നടപ്പിൽ വരണമെങ്കിൽ, ആശാൻ 'ദുരവസ്ഥ'യിലും, മറ്റൊരു ഗദ്യ മഹാകവിയായ വൈക്കം മുഹമ്മദ് ബഷീർ തന്റെ ഒരു കഥയിലും നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗം സാർവത്രികമാകുന്നതിനു് ഇന്നുള്ള സകല പ്രതിബന്ധങ്ങളും യൂണിയൻ ഗവണ്മെൻറു് നിഷ്കരുണം തട്ടിത്തകർക്കണം. വിവിധ ജാതിക്കാരും മതക്കാരും തമ്മിലുള്ള വിവാഹമാണു് ഈ മാർഗ്ഗം. 'ദുരവസ്ഥ'യും 'ചണ്ഡാലഭിക്ഷുകി'യും ശ്രേഷ്ഠകൃതികളാണെങ്കിലും ഇവയിൽ ശ്രേഷ്ഠത ഏറിയിരിക്കുന്നതു് 'ചണ്ഡാലഭിക്ഷുകി'ക്കാണു്. 'ദുരവസ്ഥ'യിലെ സങ്കുചിതമായ ഹിന്ദുവീക്ഷണകോടിയല്ല, പിന്നെയോ, 'ചണ്ഡാല' എന്ന പദം കേവലം ഒരു സിംബൾ മാത്രമായിട്ടുള്ള നാനാജാതിമതസ്ഥരടങ്ങിയ തൊഴിലാളിവർഗ്ഗത്തിന്റെ വീക്ഷണകോടിയാണു് 'ചണ്ഡാലഭിക്ഷുകി'യിലുള്ളതു്. ഗൗതമബുദ്ധന്റെ പ്രസംഗംകേട്ടു് കോസലനൃപനായ പ്രസേനജിത്തു് അതനുസരിച്ചു പ്രവർത്തിക്കുന്നു. ഇതു തിരുവിതാംകൂറിനു് അവരുടെ സുപ്രസിദ്ധമായ ക്ഷേത്രപ്രവേശനവിളംബരം പുറപ്പെടുവിക്കുന്നതിനു് ഒരു പ്രേരകമായിത്തീർന്നിരിക്കണം. ഇതുപോലെ തൊഴിലാളിവർഗ്ഗത്തിന്റെ സകല അവശതകളുടെ പരിഹാരത്തിനും ഗവർമ്മേണ്ടു നിയമം സൃഷ്ടിക്കണമെന്നുള്ള ഒരു ധ്വനിയും 'ചണ്ഡാലഭിക്ഷുകി'യിലുണ്ടു്. പിന്നെയും, മാപ്പിള ലഹളയുടെ മൗലികമായ സാമ്പത്തികകാരണവും, മാപ്പിളത്തൊഴിലാളികളും ഹിന്ദുതൊഴിലാളികളായ തീണ്ടൽ വർഗ്ഗക്കാരോടൊപ്പം മുതലാളികളിൽനിന്നു സങ്കടമനുഭവിച്ചിരുന്നു എന്നുള്ള വസ്തുതയും, ആശാൻ 'ദുരവസ്ഥ'യിൽ ബലപ്പെടുത്തിക്കാണിച്ചിട്ടില്ല. കൂടാതെ, സ്വയാനുഭവം സിംബോളിക് രൂപത്തിൽ 'ചണ്ഡാലഭിക്ഷുകി'ക്കു നൽകുന്ന മേന്മ 'ദുരവസ്ഥ'യ്ക്കില്ല. അല്പനേരം പടവെട്ടിയ മാപ്പിളത്തൊഴിലാളികളുടെ വീര്യത്തിനു് തുല്യമോ, അധികമോ ആയ വീര്യം തന്റെ പ്രണയത്തെ മനുഷ്യവർഗ്ഗത്തിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന ബൗദ്ധസംഘത്തിനായി ഒരു ആയുഷ്കാലത്തിന്റെ നേരം മുഴുവൻ ബലികഴിച്ച 'ചണ്ഡാലഭിക്ഷുകി'യുടെ നായിക പ്രകടിപ്പിക്കുന്നുമുണ്ടു്.

'ചണ്ഡാലഭിക്ഷുകി'യുടെ മേന്മയ്ക്കുള്ള മറ്റൊരു കാരണം അതിൽ പല പഴയ ജനകീയ ശീലുകൾ (ഫോക്കു് ട്യൂൺസ്) കവി ഉൾക്കൊള്ളിച്ചിട്ടുള്ളതാണു്. മംഗളോദയം മാസികയുടെ ചങ്ങമ്പുഴ വിശേഷാൽപ്പതിപ്പിലും, മറ്റൊരു ലക്കം മംഗളോദയത്തിൽ ഞാൻ എഴുതിയിരുന്ന ശ്രീ ഇട്ടേരി ഗോവിന്ദൻനായരുടെ

‘പണിമുടക്കം’ എന്ന ഖണ്ഡകാവ്യത്തിന്റെ നിരൂപണത്തിലും, ഈ ജനകീയശീലുകളുടെ പ്രാധാന്യം ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു. തന്നിമിത്തം ഇന്നു് ആവിർഭവിച്ചിരിക്കുന്ന കലികാലത്തിന്റെ വികാരതീക്ഷ്ണത സമ്പൂർണ്ണമായി ആവിഷ്ക്കരിക്കാൻ മണ്ണിന്റെ മണമുള്ള ജനകീയശീലുകൾ മാത്രമേ പര്യാപ്തമാകുകയുള്ളു എന്നുമാത്രം ഇവിടെ പറയുന്നു.

കലാശില്പത്തെ സംബന്ധിച്ചും “ചണ്ഡാലഭിക്ഷുകി” ആശാന്റെ ഇതരശ്രേഷ്ഠകവിതകളുടെ പിന്നിൽ നില്ക്കുന്നില്ല. വാസ്തവികലോകത്തിന്റെ സർഗ്ഗപരമായ അനുകരണമാണു് കലയെന്നും, കലയിലെ യാഥാർത്ഥ്യത്തിനു് ഒരുവിധത്തിൽ വാസ്തവിക ലോകത്തോടും, മറെറാരുവിധത്തിൽ അതിൽനിന്നു ഭിന്നമായതും അന്തഃകരണത്തിന്റെ നിയമങ്ങളാൽ ഭരിക്കപ്പെടുന്ന ഒരു മായാലോകത്തോടും സാദൃശ്യമുണ്ടായിരിക്കുമെന്നും കോഡ്‌വെൽ സ്ഥാപിച്ചിട്ടുണ്ടല്ലോ. ഒരു സമുദായജീവിയായ മനുഷ്യന്റെ അന്തഃകരണത്തെ രൂപവൽക്കരിക്കുന്നതിൽ പാരമ്പര്യത്തെക്കാൾ അധികം പരിതഃസ്ഥിതിക്കു ശക്തിയുണ്ടു്. ഈ പരിതഃസ്ഥിതിയാണു് സാഹിത്യകൃതിയിലെ സോഷ്യൽ കണ്ടന്റു്. വാസ്തവികലോകത്തിൽനിന്നു പ്രസ്തുത മായാലോകത്തിലേയ്ക്കു്, തെരഞ്ഞെടുപ്പു്, അതിശയോക്തി മുതലായവ അടങ്ങിയ സാങ്കേതികമാർഗ്ഗം മുഖേനയാണു് കവി കടക്കുന്നതു്. വാസ്തവികലോകത്തിൽനിന്നു മായാലോകത്തിലേയ്ക്കുള്ള ഈ ചാട്ടത്തിനു് ‘ഡിസ്റ്റോർഷൻ’ (വക്രീകരണം) എന്നു ചിത്രകലാനിരൂപകർ പേരിട്ടിട്ടുണ്ടു്. ഈ ഡിസ്റ്റോർഷൻ ഏറിപ്പോയാൽ, തൽഫലമായ കൃതി അലങ്കാരത്തിനായിട്ടല്ലാതെ മറെറാന്നിനും കൊള്ളരുതാത്തതായിത്തീരും. ഇതുനിമിത്തമാണു് ‘ഫാറവും’ (ശില്പവും) കണ്ടന്റും (വിഷയവും) തമ്മിലുണ്ടായിരിക്കേണ്ട ബന്ധം ജർമ്മനിക്കാരനായ ആലങ്കാരികൻ ഹൗസൻസ്റ്റെയിൻ തന്റെ “വർക്കു് ഓഫ് ആർട്ടു് ആന്റു് സൊസൈററി” എന്ന കൃതിയിൽ ചുവടെ ചേർക്കുന്ന പ്രകാരം വിവരിച്ചിട്ടുള്ളതു്:— “കല അതിന്റെ കാലത്തിന്റെ പോക്കിനാലാണു് (സെയിററു ഗെയിററു്) എന്നും രൂപവല്ക്കരിക്കപ്പെടുന്നതു്. ഫാറത്തിനു എത്രയധികം ആദ്ധ്യാത്മിക ബന്ധമുണ്ടെന്നു വാദിച്ചാലും ശരി, അതിനു വാസ്തവത്തിൽ ആദ്ധ്യാത്മികമായ സ്വാതന്ത്ര്യമേ ഇല്ല. ജീവിതം എന്നു പറയുന്ന ഒരു നിശ്ചിത കണ്ടന്റിന്റെ ഏററവും ഉന്നതമായ ഐഡിയോളജി (സാമുദായികബോധം) ആണു് ഫാറം എന്നുപറയാം.

ഫാറത്തിനു് “സ്റ്റൈയിൽ” എന്നു പേരിട്ടു് അതു കാലത്തിന്റെ ഗതിയനുസരിച്ചു് മാറിക്കൊണ്ടിരിക്കുമെന്നു മാക്സ്ഡെറി എന്ന കലാനിരൂപകൻ പറഞ്ഞിട്ടുള്ളതും നോക്കുക:— “സ്റ്റൈൽ എന്നതു് ഏറെക്കുറെ ഒരു ക്ലിപ്തകാലത്തെ ഏറെക്കുറെ സ്വയംപര്യാപ്തതയുള്ള ഒരു സമുദായത്തിന്റെ ജീവസ്പർശിയായ (വൈററൽ) വികാരമാണു്.” “ഈ വീക്ഷണകോടി കൊണ്ടു നോക്കിയാൽ, കൊട്ടും യാഥാസ്ഥിതികരിൽ മാനസികപരിവർത്തനം വരുത്തുവാൻ ഒരു മാനം നോക്കിയല്ലാത്ത ഗൗതമബുദ്ധൻ ഐഡിയലിസം മറയത്തെറിഞ്ഞു് പച്ചപ്പരമാർത്ഥം ധരിപ്പിക്കുന്ന “ചണ്ഡാലഭിക്ഷുകി”യിലെ ദീർഘപ്രസംഗം അതിന്റെ കലാശില്പിക്കു ലേശവും കേടുവരുത്തുന്നില്ലെന്നു കാണുവാൻ കഴിയും.

അവസാനമായി, ഒരു ഉത്തമകാവ്യത്തിനുവേണ്ട ആത്മാർത്ഥതയും വളരെ അധികമായി ‘ചണ്ഡാലഭിക്ഷുകി’യിലുണ്ടു്. രണ്ടുവിധത്തിലാണു് ഇതിനു ആത്മാർത്ഥതയുള്ളതു്. ഒന്നാമതായി, സവർണ്ണരുടേയും, സാഹിത്യമുതലാളിമാരുടേയും ആട്ടും തുപ്പുമേററും, അസൂയകൊണ്ടു വലഞ്ഞും, നരകയാതന അനുഭവിക്കുന്ന തന്റേടമുള്ള ഒരു അവർണ്ണന്റെയും പ്രതിഭയുള്ള ഒരു സാഹിത്യത്തൊഴിലാളി

യുടേയും ആത്മാർത്ഥമായ സിംബോളിക്ക് പ്രതിഷേധമാണു നാം ഇതിൽ കാണുന്നതു്. രണ്ടാമതായി കവിയുടെ വ്യക്തിപരമായ മതചായ്‌വ്—ഇതിൽ പ്രത്യക്ഷമായി കാണാം. കൊല്ലത്തുവച്ചു നടന്ന ഒരു എസ്സ്. എൻ. ഡി. പി. യോഗസമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചപ്പോൾ, ആശാൻ 'മിതവാദി' പത്രാധിപർ ശ്രീ. സി. കൃഷ്ണന്റെ ബുദ്ധമതപ്രസ്ഥാനത്തിനും മത പരിവർത്തനപ്രസ്ഥാനത്തിനും എതിരായി ചില അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിരുന്നതും, ഇവയെ 'മിതവാദി'യിൽ എതിർത്തിരുന്നതിനെ ഖണ്ഡിച്ച് ആശാൻ എഴുതിയ മറുപടി അദ്ദേഹത്തിന്റെ മരണാനന്തരം ശ്രീ. മൂക്കോത്തു കുമാരന്റെ അവതാരികയോടു കൂടി ഒരു ബുക്കായി "മതപരിവർത്തന രസവാദം" എന്നപേരിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും ആയ സംഗതികൾ ഞാൻ വിസ്മരിക്കുന്നില്ല. ഈ മറുപടി കാണുന്നതിനുമുമ്പ് ആശാന്റെ കൃതികളിൽനിന്നു് എനിക്കു തോന്നിയിട്ടുള്ളതു് പരിതഃസ്ഥിതി അനുവദിച്ചിരുന്നുവെങ്കിൽ, കേവലം ഒരു വ്യക്തി എന്ന നിലയിൽ ആശാൻ ഗൗതമബുദ്ധന്റെ ആദിഹീനയാനമതം സ്വീകരിക്കുമായിരുന്നു എന്നാണു്. 'മതപരിവർത്തന രസവാദം' കണ്ടതിനുശേഷവും എന്റെ പ്രസ്തുത അഭിപ്രായം പഴയപടി നിലനില്ക്കുകയാണു ചെയ്യുന്നതു്. നിഷ്പക്ഷമായി പഠിക്കുന്നവർക്കും ഇതേ തോന്നുകയുള്ളൂ.

ചിന്താശീലനായ—വികാരശീലനല്ലാത്ത—ഒരു മനുഷ്യൻ മതങ്ങളെപ്പററി വ്യക്തിയെ മുൻനിർത്തി ചിന്തിക്കുമ്പോൾ, അയാളെ ഏററവും അധികം ആകർഷിക്കുന്നതു് ആദിഹീനയാനമതവും, സമുദായത്തെ മുൻനിർത്തി ചിന്തിക്കുമ്പോൾ അയാളെ ഏററവും ആകർഷിക്കുന്നതു് ഇസ്ലാംമതവും ആയിരിക്കും. കാര്യകാരണബന്ധത്തിനെ (കാസേഷൻ) സംബന്ധിച്ച ആധുനികലോകത്തിനുള്ള വീക്ഷണകോടിയായ "ലാ ഓഫ് സഫിഷ്യൻറ് റീസൺ" എന്നു പാശ്ചാത്യതത്വശാസ്ത്രജ്ഞൻ പേരിട്ടിട്ടുള്ളതു് അതിന്റെ "പ്രതീത്യ-സമുത്പാദ"സിദ്ധാന്തത്തിൽ (law of dependent originations) ഉൾക്കൊണ്ടിരിക്കുന്നതും പ്രാചീനയവനചിന്തകൻ, ഹെറാക്ലിററസ്സിന്റെയും ആധുനിക പാശ്ചാത്യചിന്തകൻ ബർഗ്സന്റെയും പരിവർത്തനവാദം (neither Being nor non-Being is the truth, but only Becoming എന്നു് ഇംഗ്ലീഷിൽ വിവരിക്കാവുന്നതു്) അതിന്റെ "ക്ഷണികവാദ"ത്തിൽ അടങ്ങിയിരിക്കുന്നതും ആണു് ആദിഹീനയാനമതത്തിന്റെ ആകർഷകത്വത്തിനു കാരണം. പ്രസ്തുത വ്യക്തിവീക്ഷണകോടിയും സമുദായവീക്ഷണകോടിയും കൂട്ടിഘടിപ്പിച്ച് ഈ ചിന്താശീലൻ ചിന്തിക്കുന്നു എന്നു വിചാരിക്കുക. അപ്പോൾ അയാൾക്കു് ഈ മതങ്ങൾ രണ്ടിലുംവച്ച് ആദിഹീനയാനമതം അധികം ആകർഷകമായി തോന്നും. ഇതിലെ 'പരാത്മസമത'; "പരാത്മപരിവർത്തനം" ആദിയായ സിദ്ധാന്തങ്ങൾ ഇതിനു കുറേ സമുദായ വീക്ഷണകോടിയുമുണ്ടെന്നു സൂചിപ്പിക്കുന്നുണ്ടു്."

മുകളിൽ വിവരിച്ച ഇരു വീക്ഷണകോടികളേയും കൂട്ടിഘടിപ്പിച്ച് ചിന്തിക്കുന്ന ഒരു ചിന്തകനാണു് ആശാൻ. ഇതാണു് അദ്ദേഹത്തിന്റെ ആദിഹീനയാനമതചായ്‌വിനു കാരണം. ആശാൻ ബുദ്ധമതപ്രസ്ഥാനത്തെ പ്രസ്തുത അദ്ധ്യക്ഷപ്രസംഗത്തിലും മറുപടിയിലും എതിർത്തതു് കേവലം ഒരു വ്യക്തിയെന്ന നിലയിലല്ല, പിന്നെയോ, ഹിന്ദുമതപരിഷ്കരണത്തിനും സമുദായോന്നമനത്തിനും മാത്രം ശ്രമിക്കണമെന്നുദ്ദേശമുള്ള എസ്സ്. എൻ. ഡി. പി. യോഗത്തിലെ അച്ചടക്കബോധമുള്ള ഒരു അംഗവും, അതിന്റെ പ്രധാന പ്രവർത്തകരിൽ ഒരാളും എന്ന നിലയിൽ മാത്രമാണുതാനും.

# *ആശാന്റെ കാവ്യശൈലി

## എൻ. ഗോപാലപിള്ള.

ആശയഗതിയിലും ശൈലിയിലും അന്തഃപ്രകൃതിയിലും ആകൃതിയിലും ഇതര ഭിന്നവും നൂതനവുമായ ഒരു സുഷമാവിശേഷമാണ് ആശാന്റെ കാവ്യങ്ങളിൽ നാം കാണുന്നത്. ആ പുതുമ പഴകുംതോറും പുതുമയേറിയ മധുരിമയാൽ നമ്മെ രസിപ്പിക്കുന്നു. അത് സ്വാദനവേളയിൽ പെട്ടെന്നുയൎന്നു വീണ്ടും സ്വാദിക്കുമ്പോൾ മങ്ങിമറയുന്ന മാധുൎയ്യമല്ല. പ്രതിക്ഷണ വികസ്വരമായ ഒരു രുചിരതയാണ്. ഈ കലാ വൈഭവം ആശാന്റെ കൃതികളിൽ അനുക്രമമായി പരിപാകം എത്തുന്നതു സൂക്ഷ്മപരിശോധനയിൽ നമുക്കു കാണാൻ കഴിയും.

ആശാന്റെ കാവ്യലക്ഷ്മിയുടെ അന്തഃസൗന്ദൎയ്യത്തെപ്പററി ആക്ഷേപമുള്ള സഹൃദയന്മാർ അധികം ഉണ്ടെന്നു തോന്നുന്നില്ല. എന്നാലും അദ്ദേഹത്തിന്റെ രചനയുടെ വികലതകളെപ്പററി ആരംഭകാലത്ത് അപവദിച്ചവർ വളരെയുണ്ട്. ഇന്നും ആ അപവാദം അശേഷം അസ്തമിച്ചിട്ടുണ്ടെന്നുപറയാൻ വയ്യ. ചില സഹൃദയരുടെ പൗരാഭാഗ്യമോ അതോ കവിവാണികളേയും തരുണികളേയും പാററി ഏതെങ്കിലും വിധത്തിൽ ദുഷ്പ്രവാദം പരത്താനുള്ള പ്രാകൃത വാസനയോ ഈ വ്യവസായത്തിനു ഹേതുവാകണമെന്നില്ല. ഇന്നലെവരെ കണ്ടതിൽ നിന്നും ഭിന്നമായ ഒരു രീതി ഇന്നു കണ്ടെത്തിയാൽ സാധാരണമായി അതിനെ സംശയദൃഷ്ടിയോടും നിരുപണബുദ്ധിയോടുംകൂടി വീക്ഷിക്കുക സഹജമാണല്ലോ.

ആശാന്റെ ആദരാൎഹമായ ആദ്യ കൃതിയെ — വീണപൂവിനെ —പ്പററി പ്രതികൂല വിമൎശങ്ങൾ ഏറെ ഉണ്ടായിട്ടില്ല. അതിന്റെ ആകൃതിയും അന്തസ്സാരവും ആകൎഷകമായിത്തന്നെ അനുഭവപ്പെട്ടു. പുതുമയാണെങ്കിൽ അതിലും ഉണ്ടായിരുന്നു. ഏതോ ഒരു വ്യതിയാനം അവിടെയും ദൃശ്യമായിരുന്നു. പക്ഷേ ആ പുതുമ പഴമയിൽ പൊതിഞ്ഞിരുന്നു. ആ വ്യതിയാനം അത്രയ്ക്കു ദൃശ്യമാനമായിരുന്നില്ല.

> "ആഹാ! രചിച്ചു ചെറുലൂതകളാശു നിന്റെ
> ദേഹത്തിനേകി ചരമാവരണം ദുകൂലം
> സ്നേഹാൎദ്രയായുടനുഷസ്സുമണിഞ്ഞു നിന്മേൽ
> നീഹാരശീകരമനോഹരമന്ത്യഹാരം."

എന്നരീതിയിൽ പോകുന്ന രചനാ വിശേഷത്തെ അതിശയിക്കാൻ ഒരു പ്രാചീന ശൈലിയുടെ സൗമ്യഗരിമയ്ക്കും സാധ്യമല്ലല്ലോ. അന്യാപദേശ രീതിയിലുള്ള ആശയഗതിയും അപരിചിതമായിരുന്നില്ല. അങ്ങനെ ആ കവിത സാഹിത്യ സരസ്സിൽ ചെറുതായൊന്നു ഓളം ഇളക്കുകയേ ചെയ്തുള്ളു. ആ കവിതയിലും കാണാമായിരുന്നു പുതിയ ഒരു ശൈലിയുടെ അങ്കുരം.

---

* 1950 ജനുവരി 11-ാം തീയതി 'ശാരദാ ബുക്കുഡിപ്പോ'ക്കാർ പ്രസിദ്ധീകരിച്ച 'ആശാൻ സ്മാരക ഗ്രന്ഥ'ത്തിൽ എഴുതിയതു്.

സാധിച്ചു വേഗമഥവാ നിജ ജന്മകൃത്യം
ഖേധിപ്പൂർ പോട്ടിഹ സദാ നിശിപാന്ഥപാദം
ബാധിച്ച രൂക്ഷശിലവാഴ്‌വതിൽനിന്നുമേഷ—
ജ്യോതിസ്സതൻ ക്ഷണികജീവിതമല്ലികാമ്യം?”

എന്ന പദ്യത്തിന്റെ ചട്ടക്കൂട്ടിൽ അടിച്ചൊതുക്കിയിരിക്കുന്ന ആശയം ഏതാണ്ടൊന്നു ഞെരുങ്ങുന്നുണ്ടെന്ന ഒരു പ്രതീതി കേവലം മിഥ്യയാണെന്നു പറഞ്ഞുകൂടാ.

നളിനിയുടെ ആവിർഭാവമാണ് വിമർശകരെ ഇളക്കിവിട്ടത്. ആകെക്കൂടി നോക്കിയാൽ ഇത്ര അത്യന്തസുന്ദരമായ കവിതാശൈലി അന്നുവരെ വളരെ വിരളമായിരുന്നുവെന്നു സമ്മതിക്കണം. എന്നാലും യാഥാസ്ഥിതികന്മാരായ നിരൂപകന്മാരെ ചൊടിപ്പിക്കുവാനെന്നു തോന്നുംവിധം കാവ്യാരംഭത്തിൽതന്നെ ചില കടുത്ത പ്രയോഗങ്ങൾ നടത്തി. ആദ്യത്തെ പദ്യത്തിൽ ആംഗല ഭാഷയെ അനുകരിച്ചെന്നു തോന്നും വിധം 'ഏറെയായ്‌കൊല്ലം' എന്നൊരു ഗർഭവാക്യവും രണ്ടാം പദ്യത്തിൽ ഒരു ദൂരാന്വയവും ഒരു ശബ്ദത്തിന്റെ അംഗവിച്ഛേദവും ഒരുമിച്ചു നിർവഹിച്ചു.

“ഓതി നീണ്ടജടയും നഖങ്ങളും
ഭൂതിയും ചിരതപസ്വിയെന്നതും
ദ്യോതമാനമുടൽ നഗ്നമൊട്ടുശീ-
താതപാദികളവൻ ജയിച്ചതും.”

ഈ സാഹസം കണ്ട് അടങ്ങിയിരിക്കാൻ ഒക്കുകയില്ലെന്ന് നിരൂപകർ ശഠിച്ചു. തന്റെ ഉച്ഛൃംഖലതയിലേക്ക് ആളുകളെ ഹഠാദ് ആകർഷിക്കാനുള്ള പ്രയോഗമായിരുന്നില്ലേ ഇതെന്നുപോലും സംശയിച്ചു പോകാം.

“ഭൂരിജന്തുഗമനങ്ങൾ പൂത്തെഴും
ഭൂരുഹങ്ങൾ നിറയുന്ന കാടുകൾ
ദൂരദർശനകൃശങ്ങൾ കണ്ടതേ
ചാരുചിത്രപടഭംഗിപോലവൻ”

“ധീരനായ യതിനോക്കിതന്വിതൻ
ഭൂരിബാഷ്പപരിപാടലംമുഖം
പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
ധാരയാർന്ന പനിനീർസുമോപമം.”

എന്നീ മട്ടിൽ അകൃത്രിമ കോമളമായ കവിതാശൈലി സ്വായത്തമാക്കിയിരുന്ന ആ കവിവര്യന്റെ കലാസിദ്ധിയുടെ ആദിമുകുളങ്ങൾ ആണല്ലോ നാം ഇവിടെ കാണുന്നത്.

ഇതേ ശൈലിയുടെ അസുലഭമായ സുരഭിലതതന്നെയാണ് 'ലീല'യിലും ആസ്വാദ്യമാകുന്നത്.

“ഭിദുരമഹഹ പൂർവ്വവിസ്മൃതിക്കീ—
മൃദുതരവായുതരംഗരംഗലോലം
ഹൃതഹൃദയമഹോ വരുന്നുതോഴീ
ഹിതകരമീവഴി ഹേമപുഷ്പഗന്ധം.”

എന്ന പദ്യത്തിലെ രചനാസൗകുമാര്യം നോക്കുക.

ഈ ആദ്യകാലകൃതികളിൽ എല്ലാം സർവംഗീണമായ ഒരു സംസ്കൃതസർഗ്ഗവാസന തെളിഞ്ഞുവിളങ്ങുന്നതു കാണാം. സംസ്കൃതപദഘടനയിലും സംസ്കൃതവൃത്തസ്വീകാരത്തിലും പ്രകടമായ അഭിരുചി ഇവിടെ പ്രത്യക്ഷമാകുന്നുണ്ട്. ലീലയിൽ ഒടുവിൽ എത്തുമ്പോഴേയ്ക്കും മെല്ലെ മെല്ലെ മലയാളത്തിന്റെ മനോജ്ഞതയ്ക്കു കവിഹൃദയം വശംവദമാകുന്നതു കാണുവാൻ കഴിയും.

"കുയിലിണയിലലിഞ്ഞു പാടിടുന്നൂ
മയിലിത തൻ പിടയോടുമാടിടുന്നൂ
പ്രിയയെയനുനയിച്ചിടുന്നു സിംഹം
പ്രിയതമ, നീയണയാഞ്ഞു ഞാൻ വലഞ്ഞു."

എന്നും,

"ഉടൽ വിളറി മുഷിഞ്ഞ വസ്ത്രലേശം
തടവുമവൻ ബഹളതരലക്ഷ്യനായി,
ഉടനെ വലിയ കാട്ടിൽ വന്മഴക്കാ-
റിടയിലിളം പിറപോലെ ലീനനായി."

എന്നും തുടർന്നുപോകുന്ന രീതി മലയാളപദങ്ങളുടെ മനോഹാരിതയിൽ കവി ക്രമേണ ലീനനാകുന്നുവെന്നു തെളിയിക്കുന്നു.

സംസ്കൃതവൃത്തം വിട്ട് ദ്രാവിഡവൃത്തത്തിലേയ്ക്കുള്ള സംക്രമണം തുടങ്ങുന്നതാണ് അടുത്ത ഘട്ടം. ആ നവരംഗത്തിന്റെ നാന്ദിയാണ് ശ്രീബുദ്ധചരിതം കിളിപ്പാട്ട്.

"മാവിൻതോട്ടത്തിലൊന്നിൽനിന്നു മറ്റൊന്നിൽ മോദം
താവുന്ന മഞ്ഞക്കിളി പറന്നു മിന്നൽപോലെ;
ചെമ്പുകൊട്ടിപോൽ പച്ചപ്പടർപ്പാമുലപററി
ചെമ്പോത്തു വാണു ശബ്ദംമുഴക്കി മടിയെന്യേ;
പറന്നിതീച്ചതിന്നും പക്ഷികൾ നീലച്ചോപ്പു
നിറംപൂണ്ടെഴും പൂമ്പാററകളെയോടിച്ചെങ്ങും
തറയിൽ വിരണ്ടോടിയണ്ണാക്കണ്ണന്മാർ; തീററി
ചിറകുവിതിർത്താഞ്ഞു പെറുക്കീ മൈനാക്കിളി;
കുരുവിക്കൂട്ടം ചിലച്ചിരുന്നു മുരിങ്ങച്ചെടിമേൽ
കരുതികുളത്തിന്മേൽ പറന്നു മീൻ കൊത്തികൾ
നടന്നു പൊത്തുകളോടാഞ്ഞാഞ്ഞു കുളക്കോഴി;
നടുവിണ്ണിന്മേൽ ചുററിത്തിരിഞ്ഞു പരുന്തുകൾ."

എന്നിങ്ങനെയുള്ള വർണ്ണനയിൽ മോദം, ശബ്ദം, പക്ഷി, നീലം എന്നു നാലു സംസ്കൃതശബ്ദങ്ങളേ പ്രയോഗിച്ചിട്ടുള്ളു എന്നു് ഓർക്കുമ്പോൾ എന്തൊരു പരിവർത്തനമാണ് ആശാന്റെ ശൈലിയിൽ വന്നുകൂടിയതെന്ന് സ്പഷ്ടമാകും. പക്ഷേ, ഇതു മനപ്പൂർവ്വവും കൃത്രിമവുമായ ഒരു പച്ചമലയാളപ്രേമം കൊണ്ടു കാട്ടുന്ന ഗോഷ്ടിയല്ലെന്നും തീർച്ചയാണ്.

സ്വാഭാവികവും സരസവുമായ ഒരു മലയാളശൈലിയിലേക്കുള്ള മന്ദയാനമാണ് ഇവിടെ കാണുന്നതു്.

അന്തർല്ലീനവും അശാന്തവുമായ സംസ്കൃതവാസന ആശാന്റെ അന്തരംഗത്തിൽ വീണ്ടും തലയുയർത്തുന്നതുകാണാം. പ്രരോദനത്തിൽ വീണ്ടും ഉത്തുംഗമായ ആശയഗതിക്ക് അനുകൂലമെന്നതുപോലെ ഉദ്ധതമായ ശാർദ്ദൂലവിക്രീഡിതവും ഉദാത്തമായ ശബ്ദരചനയും പ്രൗഢമായി പ്രകാശിക്കുന്നു.

"ഊഹാഭ്യാസ നിശാതചാരുധിഷണേ—
യുന്മേഷസമ്മൃഷ്ടസം—
മോഹാന്ധ്യപ്രതിഭേ, മുഹുർദ്ധ്യുതകലാ—
പ്രസ്താരയാം ധാരണേ."

എന്നുള്ള രണ്ടു വരികളിൽ 'ആം' എന്ന് ഒരു മലയാളപദമേ കടന്നുകൂടീട്ടുള്ളു. അത്രയ്ക്കു വീണ്ടും ആശാനെ ബാധിക്കുന്നുണ്ട് സംസ്കൃതത്തിന്റെ വശീകരണവൈഭവം.

സ്ഥൂലദ്രാവിഡമട്ടുവിട്ടുനിയമ—
സ്വച്ഛാംഗിയായോമന
ക്കോലം 'സംസ്കൃത'മോടിയാൽ വികൃതമാ
ക്കീടാതെ ചേതോഹരി"

എന്ന് ആ കാവ്യത്തിൽ ആശാൻതന്നെ വർണ്ണിക്കുന്ന മാനസികഭാവങ്ങളെ മലയാളിയുടെ ഹൃദയത്തിൽ ചുഴന്നിറങ്ങുംവിധം ആവിഷ്കരിക്കാൻ മലയാളവാക്കുകൾക്കുള്ള കഴിവു മറ്റൊരു ഭാഷയിലെ വാക്കുകൾക്കും ഉണ്ടാകയില്ലല്ലോ. അഗാധങ്ങളോ അത്യുന്നതങ്ങളോ ആയ ചിന്തകളെ പ്രകാശിപ്പിക്കാൻ ചിരാർജ്ജിതമായ ഒരു ശക്തിവിശേഷം സംസ്കൃതപദങ്ങൾക്ക് ഉണ്ട്. ഓരോരോ ഉദ്ദേശ്യത്തിനും പ്രയോജനത്തിനും അനുരൂപമായവിധം വശ്യവചസ്സുകളായ കവികളുടെ കൃതികളിൽ

"പരവയിൽ തിരകൾ നേരുടനുടൻ
തെന്നലാവിന പദങ്ങൾവന്നു തിങ്ങിനിയതം"

നിലകൊള്ളുകയാണ്.

പദങ്ങൾ എല്ലാം—സംസ്കൃതവും മലയാളവും—യഥോചിതം വന്നു നിരന്നുകൊള്ളും. അങ്ങനെയുള്ള ഒരു സമരഞ്ജനസ്വാരസ്യം—അകൃത്രിമരമണീയമായ പദവിന്യാസരസികത 'ചിന്താവിഷ്ടയായ സീത'യുടെ ഉൽക്കർഷത്തിനു മാറ്റുകൂട്ടുന്നുണ്ട്. ഉള്ളിൽ ഒതുക്കിയാൽ ഒതുങ്ങാത്ത ആശയങ്ങളുടെ നിറവുകൊണ്ടു ഞെരിയുന്ന വാക്കുകൾ ആ ദുർവഹമായ ഭാരം അയത്നമായെന്നോണം വഹിച്ചുള്ള ശീലംകൊണ്ട് താരതമ്യേന അനായാസത പ്രദർശിപ്പിച്ച് അണിനിരക്കുന്നത് ആ കൃതിയിൽ എവിടെയും കാണാം.

"പുരികം പുഴുപോൽ പിടഞ്ഞകം—
ഞെരിയും തൻതലതാങ്ങി കൈകളാൽ
പിരിവാനരുതാഞ്ഞു കണ്ണുനീർ
ചൊരിയും ലക്ഷ്മണനെസ്മരിച്ചു ഞാൻ."

എന്നു വർണ്ണിതമായ ലക്ഷ്മണന്റെ സ്ഥിതിതന്നെയാണ് സാമാന്യേന 'സീത'യിലെ കാവ്യശൈലിയുടേതും.

"നളിനങ്ങളുലുത്തുനീന്തിയും
കുളിരലും കയമാന്നുമുങ്ങിയും
പുളിനങ്ങളിലെന്നൊടോടിയും
കളിയാട്ടം പ്രിയനന്നു കട്ടിപോൽ."

എന്ന രീതിയിലുള്ള രചന കാണുമ്പോൾ എത്രകണ്ടു് ആശാനെ അടിവണങ്ങിയാണു് കവിതാദേവി കഴിയുന്നതെന്നു ബോദ്ധ്യമാകും. ഈ കൃതിയിലും സംസ്കൃതത്തിന്റെ നിസർഗ്ഗസുഭഗത ആശാനെ ആകർഷിക്കുന്നതുകാണാം.

"സുസിതാംബരനായി, വൃദ്ധനായ്
ബിസിനീതന്തു മരീചികശനായ്
ലസിതസ്മിതനായ ചന്ദ്രികാ—
ഭസിതസ്നാത, മൃഗാങ്ക, കൈതൊഴാം."

എന്ന മനോഹരപദ്യത്തിൽ എത്രയുണ്ടു മലയാള പദം?

'സീത'യിലെപ്പോലെ ഇത്ര ആദർശനിർഭരവും ആപാദരമണീയവുമായ ശൈലി മലയാളത്തിൽ മറെറാരു കവിതയിലും കാണുന്നില്ലെന്നു സഹൃദയന്മാർ സമ്മതിക്കും.

സംസ്കൃതത്തോടുള്ള വേഴ്ച സീതയിൽ ചരിതാത്ഥമായി പരിണമിക്കുന്നുണ്ടു്. അനന്തരകൃതികളിൽ ദ്രാവിഡവൃത്തങ്ങളേ പ്രയുക്തങ്ങളാകുന്നുള്ളു. പക്ഷേ അവ ആശാന്റെ മൂശയിൽ നവസൃഷ്ടി പ്രാപിച്ച പ്രാചീനവൃത്തങ്ങളാണു്. ദുരവസ്ഥയിൽ നമുക്കാസ്വാദ്യമാകുന്നതു ചെറുശ്ശേരിയുടെ തേച്ചുമിനുക്കിയ കൃഷ്ണഗാഥാ വൃത്തമല്ല. സ്വതന്ത്രനും ഉച്ഛൃംഖലനുമായ ഒരു കവിയുടെ നിയന്ത്രണോല്ലംഘിയായ വികാരത്തിന്റെ ഛന്ദഃസ്വരൂപമാണു്. മുമ്മൂന്നു വർണ്ണമായി മുറയ്ക്കു മിക്കവാറും മുറിയുന്ന ഗാഥയുടെ സാധാരണ ഗതിയല്ല ദുരവസ്ഥയിൽ.

ഒട്ടുകിഴക്കായോരില്ലിക്കൂട്ടം തെന്നൽ
തട്ടിവടക്കോട്ടു ചാഞ്ഞുനിൽപൂ."

എന്ന ഗദ്യസഹജമായ ആർജവത്തോടുകൂടി ആ കവിത പ്രവഹിക്കുന്നു. പദരഞ്ജനത്തിൽ പ്രത്യേകമായ ഒരു ദൃഷ്ടി കവി പ്രകടിപ്പിക്കുന്നില്ല. മിനുക്കുപണികൾക്കു കാത്തുനില്ക്കാതെ കുതിച്ചുപായുകയാണു്. ആ സംരംഭത്തിന്റെ താളത്തിനു തുള്ളിക്കൊള്ളണം കാവ്യകല. അത്രയ്ക്കു് ആത്മപ്രത്യയം ആശാനിൽ ആവിർഭവിച്ചിട്ടുണ്ടു്.

'ചണ്ഡാലഭിക്ഷുകി'യിൽ എത്തുമ്പോഴേയ്ക്കും വീണ്ടും ഈ ആരംഭസംരംഭം ശാന്തമാകുന്നുണ്ടു്. പരിചരണ പരിചിതയായ പ്രണയിനിയെപ്പോലെ കാവ്യകല വശംവദയായിത്തീരുന്നു. ശാന്തസുന്ദരമായ ഉഷസിന്റെ സുഷമ ആ ശൈലിയിൽ പ്രത്യക്ഷമാകുന്നു.

"പുറവേലിതൻ പടർപ്പിന്മേലപ്പോൾ
ചെറുവണ്ണാത്തിപ്പുള്ളണന്നുപാടി
തളിർവിടന്നുള്ളമരംതലോടി—
ക്കുളിർവായുവൂതികിഴക്കുനിന്നും
പ്രവിരളതാരയാം പൂവ്വിടിക്കിൻ—
കവിളുംവിളറിത്തുടങ്ങിമെല്ലെ."

പരിപക്വമായ കാവ്യകലാകൗശലം പരമകോടിയിൽ എത്തിനിൽക്കുന്നതു കരുണയിൽ കാണാം. കാവ്യദേവതയുടെ കാൽചിലമ്പുകിലുങ്ങുന്ന കളകളം കരുണയിൽകേൾക്കാം; രസാനുഗുണമായ ശബ്ദഘടനയുടെ മാധുര്യം നുകരാം ആ സർവാംഗീണമായ സൗന്ദര്യത്തിൻെറ ഉള്ളിൽ അടികാണാത്ത അഗാധത അനുഭവപ്പെടും.

"പരംപിന്നെയുഴന്നെങ്ങുംമിഴികളൊന്നുഴിഞ്ഞങ്ങാ
ത്ധരയിലവൾ ജീവിച്ചശുദ്ധിതേടീട്ടും
ക്ഷണത്തിൽചെന്നുഞെരുങ്ങിപ്രപഞ്ചം നിന്നഹോ ഹിമ—
കണത്തിൽ ബിംബിച്ചുകാണും കാനനംപോലെ."

എന്നു പോകുന്ന വരികൾ ആദ്ധ്യാത്മികമായ അനുഭൂതിയിൽ വിളഞ്ഞുവികസിച്ച കലാ കുശലതയ്ക്കേ വിരചിക്കാൻ കഴിയൂ.

ഉദ്ദീപ്തമായ അന്തഃസൗന്ദര്യത്തിനുചേർന്ന അകൃത്രിമമായ ബാഹ്യശോഭ ഇത്രത്തോളം ഒത്തിണങ്ങിയ കവിതകൾ മലയാളഭാഷയിൽ വിരളമാണ്. പക്ഷേ,

"യദ്ധ്യായൂനാം തദപത് പരമരമണീയാപി തരുണീ
കുമാരാണാമന്തഃ കരണഹരണം നൈവകുരുതേ."

# ദിവ്യകോകിലം വരിസംഖ്യ

| | |
|---|---|
| ഒററപ്രതി | രൂ. 3–00 |
| ഒരു കൊല്ലം | രൂ. 12–00 |
| രണ്ടു കൊല്ലം | രൂ. 20–00 |

# ഒരു മുഖവുര

മഹാകവി കുമാരനാശാന്റെ 'ശാങ്കര ശതക'ത്തിന്റെ ആദ്യ പതിപ്പിന് പ്രസാധകൻ പി. ഭരതൻ എഴുതിയതാണ് ഈ മുഖവുര. ഇതു് അതേപടി കൊടുക്കുകയാണ്. അച്ചടിച്ച ആണ്ടും മാസവും പുസ്തകത്തിലില്ല.

ഈ പുസ്തകം രാ—രാ—ശ്രീ. കുമാരനാശാൻ അവർകൾ അരുവിപ്പുറം സന്യാസിമഠത്തിൽ ചേർന്നു പഠിച്ചുവന്ന കാലമായ 1069-ൽ എഴുതിയതാണ്. അദ്ദേഹത്തിന്റെ പാണ്ഡിത്യം ജനങ്ങളെ കാണിക്കണമെന്നോ, മറ്റു അതുപോലുള്ള വല്ല അഹങ്കാരജന്യമായ ഉദ്ദേശ്യങ്ങളെ പ്രകടിപ്പിക്കണമെന്നോ ഈ കവി ഉദ്ദേശിച്ചിട്ടില്ലെന്നും ചെറുപ്രായത്തിലെ തുറവിയായി ഇറങ്ങിയ തനിക്കുണ്ടായ അനേക മനോവൃത്തികളേയും തന്നിമിത്തം ഉണ്ടാകുന്ന വികാരങ്ങളേയും അടക്കുന്നതിനും, പരമാർത്ഥദർശനം ഉണ്ടാകുന്നതിനും ഇടയാകാൻവേണ്ടി അതാതു സമയങ്ങളിൽ എഴുതി സമാധാനമടഞ്ഞതാണെന്നും, അദ്ദേഹത്തോടു അടുത്ത പരിചയക്കാരനായ എനിക്കു പൂർണ്ണവിശ്വാസമാണ്. ഇതിനകത്തുള്ള അബദ്ധങ്ങളെ തിരുത്തുന്നതായാൽ വല്ല ഭേദഗതിയും വന്നുപോകുമെന്നും അങ്ങിനെ വന്നുപോയാൽ ഇതിന്റെ പരമാർത്ഥം തെറ്റിപ്പോകുന്നതു മാത്രമല്ലാ ഈ ബാലകവിയുടെ അതാതുകാലത്തെ കവിതാരീതിയും മറ്റും പ്രത്യേകിച്ചു നോക്കുന്നവരുടെ ഇച്ഛക്കു ഭംഗം വരുമെന്നും വിചാരിച്ചു അങ്ങിനെ ചെയ്യുന്നില്ലാ.

എന്നു പ്രസിദ്ധകൻ,

പി. ഭരതൻ

# ആശാന്റെ ഗ്രന്ഥനിരൂപണങ്ങൾ

## * സാഹിത്യസാഹ്യം

മഹാമഹിമശ്രീ എ. ആർ. രാജരാജവർമ്മ എം. ഏ., എം. ആർ. ഏ. എസ്സ്. കോയിത്തമ്പുരാൻ തിരുമനസ്സിലെ കൃതിയായ പ്രസ്തുത പുസ്തകത്തിന്റെ ഒരു പ്രതി പ്രകടനാധികൃതരായ ബി. വി. ബുക്കഡിപ്പോക്കാർ അയച്ചുതന്നതു് സശ്രദ്ധം വായിച്ചുനോക്കി. മലയാള സാഹിത്യത്തിൽ പദ്യകൃതികളുടെ ഗുണദോഷ ചിന്തനയ്ക്കു മാർഗ്ഗദർശിയും പ്രമാണവുമായ "ഭാഷാഭൂഷണം" രചിച്ച പണ്ഡിതാഗ്രേസരൻ ഗദ്യകൃതികളെ തോന്ന്യാസമായി നടക്കാൻ വിട്ടയയ്ക്കുമെന്നു വല്ലവർക്കും തോന്നിയിരുന്നു എങ്കിൽ ആ തോന്നൽ ഇപ്പോൾ അസ്ഥാനത്തിലായി. നമ്മുടെ ഭാഷയെ ആപാദചൂഡം പരിഷ്കരിപ്പാൻ അവതരിച്ച ഈ മഹാത്മാവു് പാണിനീയവും, ഭാഷാഭൂഷണവും കൊണ്ടുതന്നെ തൃപ്തിപ്പെട്ടില്ല. അതിന്റെ ഫലവും കേരളസാഹിത്യത്തിന്റെ ശേഷിച്ച ഭാഗ്യവുമാണു് ഈ "സാഹിത്യസാഹ്യം". ഇതിൽ സാഹിത്യത്തിന്റെ ലക്ഷണം, സ്വരൂപം, വിഭാഗം ഇവയെ അടിസ്ഥാനമാക്കിയുള്ള നിരൂപണംകൊണ്ടു പൂർവ്വഭാഗം, കൃതികളെപ്പററി നമുക്കുവേണ്ട അറിവിനെ ഉപദേശിക്കുന്നു. ഉത്തരഭാഗം (കൃതിപ്രണയനം) വിവിധ ദൃഷ്ടാന്തങ്ങളെ കാണിച്ചു എല്ലാ വിധത്തിലുമുള്ള സൽകൃതികളെ ചമയ്ക്കുന്നതിനും നമ്മെ ശക്തരാക്കുന്നു. പദ്യ കൃതികളെക്കാൾ ഒരു സാഹിത്യത്തിന്റെ അഭിവൃദ്ധിക്കു സ്വാഭാവികമായി അധികമാവശ്യമായിരിക്കുന്നതു ഗദ്യകൃതികളാണു്. അതുകൊണ്ടു് ഗദ്യകൃതികളെപ്പററി ഇപ്രകാരമുള്ള ഒരു അനുശാസനം എത്ര ആവശ്യമായിരിക്കുന്നു എന്നു് പറയേണ്ടതില്ല. ഇന്നുവരെ പറയത്തക്ക ഒരു നിയമവും തോതുമനുസരിക്കാതെ യഥേഷ്ടം സഞ്ചരിച്ചു കുഴപ്പമുണ്ടാക്കുന്ന മലയാള ഗദ്യസാഹിത്യത്തെ ഏററവും ആശാസ്യമായ ഒരു നിലയിൽ കൊണ്ടുവരുന്നതിനു നിശ്ചയമായും ഈ സാഹിത്യസാഹ്യം പര്യാപ്തമാണെന്നു പറവാൻ ഞങ്ങൾ മടിക്കുന്നില്ല. കേവലം വിദ്യാർത്ഥികൾക്കുമാത്രമല്ല, ഇതിൽ അടങ്ങിയ പലേ ഭാഗങ്ങളും വിദ്വാന്മാർക്കുതന്നെയും, ഉത്തമ സാഹിത്യനിർമ്മാണത്തിൽ വളരെ സഹായിക്കുന്നു. അന്യസാഹിത്യങ്ങളിലുള്ള നൈപുണ്യത്താൽ മാതൃഭാഷാ സാഹിത്യത്തെപ്പററി ഒന്നും പഠിക്കേണ്ടതില്ലെന്നു സാവജ്ഞമായി വിചാരിക്കുന്ന വിദ്വാന്മാർ ഈ ഗ്രന്ഥത്തെ ഒന്നു വായിച്ചുനോക്കുന്നതു് നിശ്ചയമായും അവർക്കും ഭാഷയ്ക്കും ഗുണകരമായിരിക്കും. ഇതിന്റെ നിർമ്മാണത്തിൽ ഗ്രന്ഥകർത്താവു് ചെയ്തിരിക്കുന്ന ശ്രമം ആശ്ചര്യജനകമായിരിക്കുന്നു. അതിനായി അവിടത്തെ നേർക്കുള്ള കൃതജ്ഞതയെ പ്രദർശിപ്പിക്കാൻ വേണ്ട വാക്കുകൾ മലയാള ശബ്ദകോശത്തിലില്ല. പ്രസിദ്ധനായ അപ്പൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു് ഇതിൽ ഒരു അവതാരിക എഴുതിച്ചേർത്തിട്ടുണ്ടു്. മംഗളോദയം കമ്പിനിവക കേരളകല്പദ്രുമം പ്രസ്സിൽ ഭംഗിയായി അച്ചടിച്ചു കെട്ടിയിട്ടുള്ളതും ഡെമ്മി എട്ടു വലിപ്പത്തിൽ 212 ഭാഗങ്ങൾ അടങ്ങിയിരിക്കുന്നതുമായ ഈ അപൂർവ്വഗ്രന്ഥത്തിനു് ഒരുറുപ്പിക വിലവെച്ചിരിക്കുന്നതു വായനക്കാർക്കു് കേവലം ഒരു അനുഗ്രഹമാണെന്നുവേണം പറവാൻ. ബി. വി. ബുക്കഡിപ്പോവിൽ എഴുതിയാൽ പുസ്തകം കിട്ടും.

---

* 1087 വൃശ്ചികം-ധനു വിവേകോദയം 8-ാം പുസ്തകം 8-ം, 9-ം ലക്കത്തിൽ എഴുതിയതു്.

# * ലഘുപാണിനീയം

പാണിനീയവ്യാകരണ ചരിത്രത്തിൽ ഒരു പുതിയ കാലഘട്ടത്തെ ഉണ്ടാക്കുന്ന ഈ പുസ്തകം ഞങ്ങൾ നല്ലവണ്ണം വായിച്ചുനോക്കി. ഇതിൽ ഗ്രന്ഥകർത്താവു് ചെയ്തിരിക്കുന്ന ശ്രമത്തെപ്പററി അഭിനന്ദിപ്പാൻ വിദ്വാന്മാരാൽ മാത്രമേ സാധിക്കൂ. സംസ്കൃത വിദ്യാർത്ഥിലോകത്തെ സഹായിപ്പാനായി അടുത്ത ഭൂതകാലങ്ങളിൽ വിദ്വാന്മാർ ചെയ്തിട്ടുള്ള ഒരു ശ്രമവും ഇതിനോടു കിടനില്ക്കുന്നതല്ലാ. ഈ മഹോപകാരത്തിനുവേണ്ടി ഗ്രന്ഥകർത്താവിനു എത്രതന്നെ നന്ദി പറഞ്ഞാലും അധികമായിപ്പോകയില്ലാ. എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ഗ്രന്ഥകർത്താവു്) തിരുമനസ്സുകൊണ്ടു് വയ്യാകരണന്മാരുടെ ഇടയിൽ ഇന്നുവഹിക്കുന്ന അത്യുന്നതമായ സ്ഥാനം തന്നെ ഈ ഗ്രന്ഥത്തിന്റെ ആദരണീയതയെപ്പററി ഉറപ്പുപറവാൻ മതിയാകുന്നതാണു്. ലഘുപാണിനീയം ദുർബോധവും നീരസവുമായ സംസ്കൃത ശബ്ദശാസ്ത്രത്തെ സുഗമവും സരസവുമാക്കി ചെയ്തിരിക്കുന്നു. ഭട്ടോജിദീക്ഷിതരുടെ സിദ്ധാന്തകൗമുദി വഴിയായി പാണിനീയത്തിൽ പ്രവേശിപ്പാൻ ശ്രമിക്കേണ്ടിവന്ന ചെറുപ്പകാലത്തെ, ഈ ലഘുപാണിനീയം വായിക്കുമ്പോൾ ശപിപ്പാൻ തോന്നുന്നു എന്നു പറവാൻ ഞങ്ങൾക്കു അശേഷം മടിയില്ലാ. പാണിനീയ സൂത്രങ്ങളെ യഥാക്രമമായി വിവരിക്കുന്ന "കാശിക" മുതലായ ഗ്രന്ഥങ്ങൾവഴിയായി ശബ്ദങ്ങളുടെ രൂപനിഷ്പത്തി കണ്ടുപിടിക്കുന്നതു വിഷമമായിരുന്നു. രൂപസിദ്ധിയെ മുൻനിർത്തി പുറപ്പെട്ട "സിദ്ധാന്തകൗമുദി" മുതലായ ഗ്രന്ഥങ്ങൾ മുഖേന സൂത്രങ്ങളുടെ യഥോക്തമായ അർത്ഥങ്ങളേയും, പ്രകരണം, അധികാരം, അനുവൃത്തി ഇവയുടെ സമ്പൂർണ്ണമായ സ്വഭാവത്തേയും ഉള്ളതുപോലെ അറിഞ്ഞു പാണിനീയത്തിൽ പണ്ഡിതയോഗ്യമായ പരിചയം സമ്പാദിക്കുന്നതും പ്രയാസമായിരുന്നു. ഈ രണ്ടു കഷ്ടതകളേയും ലഘുപാണിനീയം തീർത്തിരിക്കുന്നു. ഈ മഹാകൃത്യം ലഘുപാണിനീയകർത്താവിനായി നീക്കിവെച്ചിരുന്നതാണോ എന്നു തോന്നും. അവിടുത്തേക്കു ഇതിൽനിന്നു സിദ്ധിക്കുന്ന സുകൃതവും യശസ്സും അനശ്വരമായിരിക്കും. ലഘുപാണിനീയം, സിദ്ധാന്തകൗമുദിയുടെ 'സ്ഥാനി'ത്തു നിശ്ചയമായും 'ആദേശം' ആയിത്തീരുന്നതും ഒരു വ്യാകരണ പാഠ്യപുസ്തകത്തിന്റെ നിലയിൽ അചിരേണ സാർവത്രികമായ പ്രസിദ്ധിയേയും പ്രചാരത്തേയും ലഭിക്കുന്നതുമാണെന്നുള്ളതിൽ ഞങ്ങൾക്കു അശേഷം സംശയമില്ലാ. ഈ ഗ്രന്ഥനിർമ്മാണത്തിന്നു തന്നെ പ്രേരിപ്പിച്ച സംഗതിയെപ്പററി ഇതിന്റെ ഇംഗ്ലീഷ് മുഖവുരയിൽ ഗ്രന്ഥകർത്താവു പറഞ്ഞിരിക്കുന്നു. ഇതിന്റെ പ്രയോജനത്തേയും സ്വഭാവത്തേയും പററി ഭൂമികയിൽ അദ്ദേഹം നല്ലവണ്ണം വിവരിച്ചിരിക്കുന്നു. ഈ ഭൂമികയേക്കാൾ ചുരുക്കമായും സരസമായും ഒരു നിരൂപണം ഈ ഗ്രന്ഥത്തെപ്പററി എഴുതുന്നതു് ആർക്കും സുകരമായിരിക്കുമെന്നു് തോന്നുന്നില്ല. ഗ്രന്ഥകർത്താവു് അവസാനത്തിൽ തനിക്കു ഗ്രന്ഥത്തെപ്പററി പറയാനുള്ളതശേഷം എട്ടു സംസ്കൃതപദ്യങ്ങൾ കൊണ്ടു സംഗ്രഹിച്ചു പറഞ്ഞിരിക്കുന്നു. ആ പദ്യമുകുരങ്ങളിൽ ലഘുപാണിനീയകർത്താവായ വൈയാകരണനും ആംഗ്ലസാമ്രാജ്യകാരനായ കവിയും ഏകത്ര യോജിച്ചു പൂർണ്ണമാഹാത്മ്യത്തോടുകൂടെ പ്രതിബിംബിച്ചുകൊണ്ടു നില്ക്കുന്നു. ഈ അപൂർവ്വ ഗ്രന്ഥത്തിനു മൂന്നുറുപ്പിക വിലവെച്ചിരിക്കുന്നതു് ഒട്ടും അധികമായിപ്പോയി എന്നു പറഞ്ഞുകൂടാ. തിരുവനന്തപുരം ബി. വി. ബുക്കുഡിപ്പോവിന്റെ സുസമ്പന്നമായ യശസ്സിനെ കേരളപാണിനീയം ശാശ്വതമായി വർദ്ധിപ്പിച്ചിരിക്കുന്നു എന്നു പറയുന്നതിൽ ഞങ്ങൾക്കു വളരെ സന്തോഷമുണ്ടു്.

---

* വിവേകോദയം Vol 9–1088 വൃശ്ചികം No 8-ൽ എഴുതിയതു്.

# * സംഗീതശാകുന്തളം

ശാകുന്തളത്തിന്റെ പരിവർത്തനങ്ങൾ പല രീതിയിലായി നമ്മുടെ ഇടയിൽ ദിവസംപ്രതി എന്നപോലെ വർദ്ധിച്ചുകൊണ്ടു വരികയാകുന്നു. ഞങ്ങളുടെ മുമ്പിൽ ഇരിക്കുന്ന സംഗീതശാകുന്തളം, പി. എസ്. വാരിയർ അവർകളുടേതാണ്. ചാത്തുക്കുട്ടിമന്നാടിയാർ തുടങ്ങിയ ഏതാനും കവികളാൽ ഇതിനുമുമ്പു തന്നെ ഒരു സംഗീതശാകുന്തളം മലയാളത്തിൽ ഉണ്ടാക്കപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടു് ഇതു് ആ വിഷയത്തിൽ ഒരു പുതിയ പ്രസ്ഥാനമല്ല. പിന്നെ അതിൽ മിസ്റ്റർ വാരിയർക്കോ അദ്ദേഹത്തെ പ്രേരിപ്പിച്ചവർക്കോ, രണ്ടുകൂട്ടർക്കുമോ തോന്നിയ അസ്വാരസ്യമായിരിക്കും ഇതിന്റെ ആവിർഭാവത്തിനു കാരണം. എന്നാൽ അഭിജ്ഞാനശാകുന്തളത്തിന്റെ അനുപദ്യഗദ്യതർജ്ജമയായിതന്നെ മലയാളത്തിൽ ഇപ്പോൾ നാലോ അഞ്ചോ പുസ്തകങ്ങൾ ഇറങ്ങീട്ടുള്ള സ്ഥിതിക്കു സംഗീതതർജ്ജമയായും ഏതാനും പുസ്തകങ്ങൾകൂടി പുറപ്പെടുന്നതുകൊണ്ടു് ദോഷമില്ലല്ലോ എന്നു പറയാം. ലോകം ഭിന്നരുചിയല്ലേ? വാസ്തവം പറഞ്ഞാൽ ഒരു സംസ്കൃതനാടകവും—വിശേഷിച്ചും കാളിദാസരുടെ നാടകം ഒന്നും—സംഗീതത്തിൽ തർജ്ജമചെയ്തു ഫലിപ്പിക്കാമെന്നു ആരും വിചാരിക്കരുതെന്നാണു് ഞങ്ങളുടെ താഴ്മയായ അഭിപ്രായം. സംഗീതശാകുന്തളങ്ങളെ, ശാകുന്തളതർജ്ജമകൾ എന്നു പറവാൻതന്നെ ഞങ്ങൾക്കു മടിയാണു. അവ കേവലം അനുകരണങ്ങൾ മാത്രമേ ആകുന്നുള്ളു. പ്രസ്തുത നാടകം ചില ഘട്ടങ്ങളിൽ മൂലശാകുന്തളത്തെ വളരെ പൂർത്തിയായി അനുകരിച്ചിരിക്കുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. സംഗീതതർജ്ജമക്കാർ, മിസ്റ്റർ കെ. രാമകൃഷ്ണപിള്ള അവർകൾ ഇതിന്റെ അവതാരികയിൽ സൂചിപ്പിക്കുന്നതുപോലെ, കാളിദാസൻ ശാകുന്തളത്തിലെ പദ്യഗദ്യങ്ങൾ എഴുതിയ കാലത്തു് ഇന്ത്യയിൽ സംഗീതമില്ലായിരുന്നതോ, അതിനു ഇന്നത്തെ പ്രൗഢി ഇല്ലാതിരുന്നതോകൊണ്ടാണു് അവയെല്ലാം ഗാനങ്ങളായി എഴുതാഞ്ഞതെന്നു ആരും ശങ്കിച്ചുപോകരുതു്. നാടകം കവിത്വത്തിന്റെ ഉരകല്ലാകുന്നു. മനുഷ്യഹൃദയത്തിൽ സന്ദർഭാനുസാരം ഉണ്ടാകുന്ന രസവികാരങ്ങളെ അവയുടെ സ്വാഭാവികമായ ഉൽപ്പത്തിസ്ഥിതിനാശങ്ങൾക്കു് അനുവദിപ്പാൻ പാടുള്ളത്ര കാലത്തിനുള്ളിൽ ന്യൂനമായോ അധികമായോ പോകാത്ത ശബ്ദങ്ങൾകൊണ്ടു് യഥായോഗ്യം വെളിപ്പെടുത്തുന്നതിലാണു് നാടകകർത്താവിന്റെ കവിത്വം ആശ്രയിച്ചിരിക്കുന്നതു്. ഇതുകൊണ്ടാണു് സംസ്കൃതസാഹിത്യത്തിൽ നാടകങ്ങളുടേയും തൽക്കർത്താക്കന്മാരുടേയും സംഖ്യ ഇത്ര ചുരുങ്ങിപ്പോയതു്. ശാകുന്തളത്തിൽതന്നെ "ഇസീസി ചുംബി ആയീ ഭമരേഹിം" "അഹിണവയഹുലോലുവോത്തുമം" ഇങ്ങനെ തുടങ്ങുന്ന പദ്യങ്ങൾ ഗഹനങ്ങളാണു്. അവ ഏതു സന്ദർഭങ്ങളിൽ പ്രയോഗിക്കപ്പെട്ടിരിക്കുന്നു എന്നും എത്ര മിതമായും സരസമായും ഇരിക്കുന്നു എന്നും നോക്കുക. ഈ തോതുകൊണ്ടു് അളന്നാൽ "യദിനേപഥ്യവിധാനമവസിതം തർഹീതസ്താവദാഗമ്യതാം" (വേഷം ധരിച്ചുകഴിഞ്ഞെങ്കിൽ ഇങ്ങോട്ടുവരൂ.) എന്ന പച്ചവാചകത്തെ

"അണിയറയിൽ ചെയ്യേണ്ടും
പണികളൊരുങ്ങിക്കഴിഞ്ഞുവെന്നാകിൽ
കണിശമൊടിവിടേക്കബലകു-
ളണിമണിമൗലേ വരേണമധുനാ നീ"

---

* വിവേകോദയം വാല്യം 9–1088 വൃശ്ചികം നമ്പർ 8–ൽ എഴുതിയതു്

എന്നു ഒരു പദ്യമായും "അഭിരൂപഭൂയിഷ്ഠാ പരിഷദിയം" (വിദ്വാന്മാർ നിറഞ്ഞ സഭയാണിതു്) എന്നു തുടങ്ങുന്ന അടുത്ത വാചകത്തെ,

"കാൺക സാദരം കാന്തേ
കാൺക സാദരം"

എന്നു ഒരു ഗാനമായും പരിവർത്തിപ്പാൻ പുറപ്പെട്ട മിസ്റ്റർ വാര്യരുടെ "കവിക്കു ആവശ്യം വേണ്ട ഗുണങ്ങളെപ്പററിയുള്ള അറിവു്" എത്രതന്നെ പൂർണ്ണമായിരിക്കട്ടെ, അദ്ദേഹത്തിന്റെ ഉദ്ദേശ്യം എത്രതന്നെ നല്ലതായിരിക്കട്ടെ, എന്നാലും ഈ അനൗചിത്യങ്ങളേ സഹിക്കുന്നതിന്ന ആവശ്യത്തിലധികം ഔദാര്യം വേണ്ടിവന്നിരിക്കുന്നു. ഈമാതിരി വ്യതിയാനങ്ങൾ ഈ കൃതിയിൽ ദുർല്ലഭമല്ല. ഇതിനെ കവിഞ്ഞ വ്യതിയാനങ്ങൾ തന്നെയും ധാരാളമുണ്ടു്. ഭാഷയിൽ മിസ്റ്റർ വാരിയർ തന്നിഷ്ടം ചില നിർബന്ധങ്ങളെല്ലാം ഉള്ളതായി പറയുന്നു. എങ്കിലും ആവശ്യം ശ്രദ്ധിക്കേണ്ട വ്യാകരണനിയമങ്ങളിൽ തന്നെ ശരിയായും പൂർണ്ണമായും ദൃഷ്ടിവച്ചിട്ടുണ്ടെന്നു തോന്നുന്നില്ല.

"പനിമതിതന്നുടെ യഭിനവ ലേഖയേ
യനിമേഷികളാം ലോചനനിരയാൽ."

എന്നുള്ളേടത്തു 'ലോചനനിരയേ' അനിമേഷികൾ എന്ന സ്ത്രീലിംഗ വിശേഷണംകൊണ്ടു വിശേഷിപ്പിക്കുന്നതു് എങ്ങിനെ എന്നും എന്തിനെന്നും ഞങ്ങൾക്കു മനസ്സിലാകുന്നില്ല. ഇതൊക്കെ മുക്കും മൂലയുമായി വായിച്ചപ്പോൾതന്നെ കണ്ട വീഴ്ചകളാണു്. മിസ്റ്റർ വാരിയർ തനിക്കും ജനങ്ങൾക്കും ഉപകാരപ്രദമായ പല ശ്ലാഘ്യകൃത്യങ്ങൾ ചെയ്യുന്ന ഒരാളായി മലയാളികളുടെ ഇടയിൽ നല്ല പേരെടുത്തിട്ടുള്ള മാന്യനാണു്. അദ്ദേഹം ഈ വിധം സാഹിത്യരംഗത്തിൽ ചാടിവീണതുതന്നെ എന്തെങ്കിലും തക്കതായ ഉദ്ദേശത്തോടുകൂടി ആയിരിക്കുമെന്നാണു് ഞങ്ങളുടെയും വിശ്വാസം. മലയാള നാട്യവിദ്യയെ പരിഷ്ക്കരിക്കണമെന്നുള്ള അഭിലാഷമാണു് അദ്ദേഹത്തിനുള്ളതെന്നു മുഖവുരയിൽനിന്നു മനസ്സിലാക്കാം. അതു നിശ്ചയമായും ഇങ്ങനെയുള്ള ഉത്തരവാദികളായ മലയാളികളുടെ ശ്രദ്ധയെ ആകർഷിക്കത്തക്ക സംഗതിതന്നെ. എന്നാൽ ആ വിഷയത്തിൽ സംഗീതശാകുന്തളത്തിൽ അദ്ദേഹം ചെയ്തിട്ടുള്ള ശ്രമം ഏതെങ്കിലും കൃതാർത്ഥതയെ അർഹിക്കുന്നുണ്ടോ എന്നു സംശയമാണു്. അഭിജ്ഞാനശാകുന്തളം കവിതാദേവതയുടെ അതിപാവനമായ ഒരു ആസ്ഥാനമാകുന്നു. അതിന്റെ നേരെ ആരെങ്കിലും ആവശ്യമുള്ളത്ര വിനയബഹുമാനങ്ങളോടുകൂടാതെ അലക്ഷ്യമായി കടന്നുചെല്ലുന്നതു കാണ്മാൻ തീരെ സുഖമുണ്ടാകയില്ലാ. വാരിയരവർകളെപ്പോലുള്ള ഒരു യോഗ്യനല്ലാതെ മററാരെങ്കിലുമാണു് സംഗീത ശാകുന്തള വിഷയത്തിൽ ഈവിധമുദ്യമിച്ചതെങ്കിൽ അതിനെപ്പററി ഞങ്ങൾ ഒരക്ഷരംപോലും മിണ്ടുകയില്ലായിരുന്നു. തോന്നിയതിനെപ്പററിത്തതിൽ ഞങ്ങളോടദ്ദേഹത്തിനു അകൈതവമായ സ്നേഹമേ ഉണ്ടാവാൻ തരമുള്ളു എന്നു വിശ്വസിക്കുന്നു. മേല്പറഞ്ഞ ആക്ഷേപങ്ങളാൽ ഈ പുസ്തകം സംഗീതനാടകങ്ങളുടെ ഇടയിൽ ആദരണീയമല്ലെന്നു ആരും വിചാരിച്ചുപോകരുതു്. അനേകം 'ചവറു' സംഗീതനാടകങ്ങൾ തന്നെ ഇപ്പോൾ നമ്മുടെ ഇടയിൽ പ്രചരിക്കുന്നുണ്ടു്. ഇതിനെ അവയുടെ കൂട്ടത്തിൽ ഒന്നും ചേർപ്പാൻ പാടില്ലെന്നു മാത്രമല്ല, പ്രസിദ്ധ മലയാളകവികൾ എഴുതിയതായി അറിയപ്പെടുന്ന പല സംഗീതനാടകങ്ങളിൽവച്ചും ഇതു നന്നായിട്ടുണ്ടെന്നാണു ഞങ്ങളുടെ അഭിപ്രായം. കോട്ടയ്ക്കൽ ലക്ഷ്മീസഹായം അച്ചുകൂടത്തിൽ എഴുതിയാൽ പുസ്തകം കിട്ടും. ഒരു ഉറുപ്പികയേ വിലയുള്ളു.

# * പാത്രിയാർക്കീസ് ബാവാ എന്തുചെയ്തു?

“മലങ്കര സുറിയാനി സഭാസംരക്ഷക”ന്റെ “പാത്രിയാർക്കീസ ബാവാ എന്തു ചെയ്തു?” എന്ന തലവാചകത്തിലുള്ള ഒരു പ്രത്യേകലക്കം അഭിപ്രായത്തിനയച്ചുതന്നതു ഞങ്ങൾ സശ്രദ്ധം വായിച്ചുനോക്കി. കേരളത്തിലെ സിറിയൻ കൃസ്ത്യന്മാരുടെ വൈദിക കാൎയ്യഭരണത്തിനായി ഏർപ്പെട്ടിട്ടുള്ള മലങ്കര സുറിയാനി സഭ ഏററവും പുരാതനവും പേരെടുത്തതുമായ ഒരു സ്ഥാപനമാണു്. അതിന്റെ കീഴിൽ അനേകം പള്ളികളും ഓരോ പള്ളികളുടേയും വകയായി സ്ഥാവര ജംഗമങ്ങളായ വളരെ സ്വത്തുക്കളും ഉണ്ടെന്നുള്ള കാൎയ്യം മലയാളികളായ എല്ലാവൎക്കും ബോദ്ധ്യമത്രെ. നമ്മുടെ സിറിയൻ കൃസ്തീയ സഹോദരന്മാർ അവരുടെ ആഗമത്തിന്റെ ഐതിഹ്യമനുസരിച്ച് മതാദ്ധ്യക്ഷസ്ഥാനം അധിക കാലമായി സിറിയായിലെ അന്ത്യോഖ്യാമഠത്തിന്റെ കീഴിൽ വച്ചിരിക്കുകയാകുന്നു. അവിടെനിന്നും പട്ടം കെട്ടിവരുന്ന പാത്രിയാൎക്കീസ്സ് ബാവാമാരാണു് ഈ മതസഭയുടെ പ്രധാന നേതൃസ്ഥാനം വഹിക്കുന്നതു്. ഇങ്ങനെയുള്ള പല മാന്യപുരുഷന്മാർ ഈ മലങ്കര സഭയെ ഭരിക്കയും മലങ്കര സുറിയാനികളുടെ ആത്മീയ ഗുണത്തിനു മാത്രമല്ല ലൗകികാഭിവൃദ്ധിക്കുകൂടിയും തങ്ങളാൽ കഴിയുന്നതെല്ലാം ചെയ്തു് ഈശ്വരന്റെ ശാശ്വതമായ അനുഗ്രഹത്തിനും ഇവരുടെ നിത്യകൃതജ്ഞതയ്ക്കും പാത്രമായി കഴിഞ്ഞുപോയിട്ടുമുണ്ടു്. മതാദ്ധ്യക്ഷന്മാരിൽ സിറിയൻ കൃസ്ത്യാനികൾക്കുള്ള സ്വാഭാവിക ഭക്തിസ്നേഹബഹുമാനങ്ങൾ പ്രസിദ്ധവുമാണു്. ഇപ്പോൾ ഈ പരിശുദ്ധവും വന്ദ്യവുമായ സ്ഥാനം ലഭിച്ചിരിക്കുന്ന അബ്ദല്ലാ പാത്രിയാൎക്കീസ്സ് ബാവ അവർകൾ തന്റെ സ്ഥാനത്തിനു കേവലം അനുചിതവും പൈശാചികവുമായ വിധത്തിൽ ദ്രവ്യാഗ്രഹം, അധികാരപ്രമത്തത, ദുരഭിമാനം, സ്വാൎത്ഥപരത, കുടുംബസ്നേഹം മുതലായ ചാപല്യങ്ങൾക്കധീനനായി തങ്ങൾക്കു അസഹ്യമായ വിധത്തിൽ കാട്ടിക്കൂട്ടുന്ന ഓരോ നടപടികളെപ്പററിയുമുള്ള ആക്ഷേപങ്ങളും അവയുടെ പരിഹാരാന്വേഷണങ്ങളുമാണു് പ്രസ്തുത പുസ്തകത്തിലെ വിഷയം. ഒരു വലിയ സമുദായത്തിന്റെ വന്ദ്യനായ വൈദിക നേതാവു് തന്റെ സ്ഥാനലാഭത്തെ ഒരു ചെറിയ കുടുംബത്തിന്റെ—ഭാൎയ്യാപുത്രാദികളുടേ അല്ല—ബാവാമാൎക്കു അതു പാടില്ല— ലൗകിക യോഗക്ഷേമത്തിന്നായി ഉപയോഗിക്കാൻ വ്യഗ്രനാണെന്നറിയുന്നതിനേക്കാൾ ഹൃദയശല്യമായി ഞങ്ങൾക്കു വേറൊന്നില്ല. അബ്ദല്ലാ പാത്രിയാൎക്കീസ്സ് ബാവാ ഇങ്ങനെ ചെയ്യുന്നതിനു പുറമേ സഭയുടെമേലുള്ള ലൗകികാധികാരംകൂടി കരസ്ഥമാക്കാൻ കലശലായ മോഹത്തോടെ യത്നിച്ചുവരികയാണത്രേ. തങ്ങളുടെ വ്യവസായികളായ പൂൎവ്വന്മാരാൽ ക്ലേശിച്ചു സമ്പാദിക്കപ്പെട്ടതും തങ്ങളുടെ സന്താനങ്ങൾക്കു നിത്യോപകാരമായിരിക്കേണ്ടതുമായ ധൎമ്മസ്വത്തുക്കളിന്മേൽ ഇപ്രകാരം ബകവ്രതധാരിയായ ഒരു പരദേശീയ പുരോഹിതനു സൎവ്വാധികാരം നല്കത്തക്കവണ്ണമുള്ള ശുദ്ധഗതി നമ്മുടെ സിറിയൻ കൃസ്തീയ സഹോദരന്മാൎക്കുണ്ടാകുമെന്നു ഞങ്ങൾ വിശ്വസിക്കുന്നില്ല. ഈയിടെ ബ്രഹ്മശ്രീനാരായണഗുരുസ്വാമികൾ തന്റെ പേരിലുള്ള സകല സ്വത്തുക്കളും സമുദായത്തിന്റെ പൊതുവകയായിരിക്കത്തക്കവണ്ണം ഏർപ്പാടുകൾ ചെയ്യുന്നതിനെപ്പററി സമുദായത്തിലെ യോഗ്യന്മാരുമായി ആലോചിച്ചു വരുന്ന സംഗതി ഈ സന്ദർഭത്തിൽ ഓൎമ്മയിൽവരുന്നു. നോക്കുവിൻ വ്യത്യാസം!

---

* 1086 മിഥുനം— കൎക്കടകം വിവേകോദയം 8—ാം പുസ്തകം മൂന്നും നാലും ലക്കത്തിൽ എഴുതിയതു്.

# * മഹാഭാരതം ഭാഷാഗദ്യം

എസ്. ടി. റഡ്യാർ എന്നപേർ മലയാളത്തിൽ അക്ഷരജ്ഞാനമുള്ളവർക്കെല്ലാം അറിയാവുന്നതാണ്. മിസ്റ്റർ റെഡ്യായർ പല പല ഉപയോഗമുള്ള പുസ്തകങ്ങളെ ശേഖരിച്ചു പ്രസിദ്ധപ്പെടുത്തി മലയാള സാഹിത്യലോകത്തിലെ ക്ഷാമനിവാരണാർത്ഥം ചെയ്യുന്ന ശ്രമങ്ങൾ ആരാലും അഭിനന്ദിക്കത്തക്കതാണ്. ശ്രീ മഹാഭാരതം ഭാഷാഗദ്യപ്രബന്ധം ഒരു മാലികയായി ഇദ്ദേഹം പ്രസിദ്ധപ്പെടുത്തി തുടങ്ങിയിരിക്കുന്നതായി കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. ഇതിന്റെ ആദ്യത്തെ പുസ്തകം ഞങ്ങൾക്കു അയച്ചു തന്നിട്ട് അധികദിവസമായി എങ്കിലും അഭിപ്രായം പറവാൻ ഇതുവരെ സാധിക്കാഞ്ഞതിൽ വ്യസനിക്കുന്നു. ആ ഒന്നാം പുസ്തകം ഈ ഗ്രന്ഥമാലയുടെ ഒമ്പതാമത്തെ വാല്യമാണത്രേ. അതിൽ ശാന്തിപർവ്വവും അനുശാസനികപർവ്വവും അടങ്ങീട്ടുണ്ട്. രണ്ടാമതു് ഇവിടെ കിട്ടിയ പുസ്തകം മൂന്നാം വാല്യമാണ്. ഇതിൽ വനപർവം മുഴുവൻ അടങ്ങിയിരിക്കുന്നു. എഴുത്തച്ഛന്റെ ഭാരതം കിളിപ്പാട്ടും, കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ മഹാഭാരത തർജ്ജിമയും ഇരിക്കുമ്പോൾ ഒരു ഗദ്യഭാരതത്തിന്റെ ആവശ്യം എന്താണെന്നു ആദ്യം ആർക്കും ചോദിപ്പാൻ തോന്നാം. എന്നാൽ ഇതു വായിച്ചു നോക്കിയാൽ നിഷ്പ്രയോജനമെന്നു് ആൎക്കും തോന്നുകയില്ലെന്നു തന്നെയല്ല, ഈ ആവശ്യത്തെ അറിവാനും നിറവേററാനും റഡ്യാർക്കു മാത്രമേ കഴിഞ്ഞുള്ളവല്ലോ എന്നു് ആൎക്കും തോന്നുകയും ചെയ്യും. ഈ സ്തുത്യർഹമായ പ്രയത്നത്തിനായി റഡ്യായരെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. ഈ ഗ്രന്ഥം തമിഴിൽ നിന്നു തർജ്ജിമയാണെന്നാണു കാണുന്നതു്. ഭാഷാരീതി ആശിക്കത്തക്കവണ്ണം നന്നായിട്ടുണ്ടെന്നു പറവാൻ കഴികയില്ലെങ്കിലും ആദ്യപുസ്തകത്തെ അപേക്ഷിച്ചു ഒടുവിലത്തെ പുസ്തകത്തിൽ ഗണ്യമാംവണ്ണം നന്നായിട്ടുണ്ട്. കുറേക്കൂടി ദൃഷ്ടിവെച്ചാൽ വിഷയഗൗരവം കൊണ്ടെന്നുമാത്രമല്ല ഭാഷാസൗഷ്ഠവം കൊണ്ടും ഈ ഗ്രന്ഥാവലിക മലയാളത്തിൽ ഗദ്യഗ്രന്ഥങ്ങളുടെ ഇടയിൽ ഏററവും ഉയൎന്ന ഒരു സ്ഥാനത്തെ അർഹിക്കുന്നതും എല്ലാവരാലും ഒന്നുപോലെ ബഹുമാനിക്കപ്പെടുന്നതുമാണെന്നുള്ളതിൽ സംശയമില്ല. ഈ വിഷയത്തിൽ പരിഭാഷകൻ മിസ്റ്റർ നാണുപിള്ള ആശാന്റെയും പ്രസാധകൻ മിസ്റ്റർ റഡ്യാരുടേയും ശ്രദ്ധയെ ഞങ്ങൾ സ്നേഹപൂർവം ക്ഷണിച്ചുകൊള്ളുന്നു. ഈ ഗ്രന്ഥാവലി എല്ലാ മലയാള ഭാവനങ്ങളിലും വാങ്ങി വായിക്കത്തക്കവിധം രസകരവും വിജ്ഞാനപ്രദവുമായ ഒന്നാണെന്നുള്ളതിൽ രണ്ടുപക്ഷമുണ്ടാവുകയില്ല. പുസ്തകമൊന്നിനു് പന്ത്രണ്ടണമാത്രം വില വെച്ചിട്ടുള്ളതും ഇതിന്റെ പ്രചാരത്തെ നിശ്ചയമായും അധികപ്പെടുത്തുന്നതാണ്.

* വിവേകോദയം: പുസ്തകം 11. 1089 മിഥുനം--കർക്കടകം, മൂന്നും നാലും ലക്കങ്ങൾ ഒന്നായിട്ടുള്ളതിൽ എഴുതിയതു്.

# * കുചേലൻ

ഇതു കുന്നത്തു ജനാർദ്ദനമേനോൻ അവർകൾ "പുരാണ കഥാ പുരുഷന്മാരുടെ ജീവിതത്തെ നവീന ലോകഗതിയോടിണക്കി പുതുക്കി എഴുതുന്നതായാൽ മഹാജനങ്ങൾക്കു രുചിക്കുമോ എന്നു് അന്വേഷിക്കുവാൻ" എഴുതിയ അതിരസമായ ഒരു ചെറിയ മലയാള ഗ്രന്ഥമാണു്. ഭാഗവതപുരാണത്തിൽ ശ്രീകൃഷ്ണന്റെ ഭക്തവാത്സല്യം, ദീനദയാലുത്വം, ദൃഢമൈത്രി, മഹാമനസ്കത മുതലായ ഗുണവിശേഷങ്ങളെ സൂചിപ്പിക്കുന്ന പ്രസിദ്ധമായ കുചേലോപാഖ്യാനത്തിലെ ദരിദ്രബ്രാഹ്മണൻ തന്നെ ആണു് മേനോൻ അവർകളുടെ കുചേലൻ. എന്നാൽ ഈ കുചേലനു വിശേഷമുണ്ടു്. ഭാഗവതത്തിലേ കഥയേ അനുസരിച്ചു മലയാള കവികൾ ഇതേവരെ വർണ്ണിച്ചിട്ടുള്ള കുചേലൻ വേറെയാണു്. അദ്ദേഹം മേയാൻ കഴിയാതെ "ഇല്ലം വീണു കുത്താറായ"തും, കഞ്ഞികുടിക്കാനില്ലാഞ്ഞു അമ്മിയാരും കുട്ടികളും മരിക്കാറായതും കണ്ടിട്ടു മനസ്സിളകാതെ ഭഗവദ്ധ്യാനത്തിൽ സ്ഥിരനിഷ്ഠയോടുകൂടി മാസത്തിൽ ഇരുപത്തിയെട്ടുദിവസം പട്ടിണിയും രണ്ടു ഏകാദശിയുമായി കാലംകഴിച്ചുകൊണ്ടിരിക്കെ ഒരു ദിവസം കുഡുംബത്തിലെ ഉപദ്രവം തീരെ സഹിക്കവെയ്യാതായി എന്തായാലും വേണ്ടില്ല വിവരം ദ്വാരകയിൽ ചെന്നു ഭഗവാനോടു പറകതന്നെ എന്നുറച്ചു "നാറിക്കിഴിഞ്ഞ വസനം നലമോടുടുത്തു കീറിപ്പൊളിഞ്ഞ കുടയും കരതാരിലേന്തി" പോകുന്ന ദുർഭാഗ്യദേവതയായ ഒരു പഴയ നാടൻപട്ടരാണു്. മേനോൻ അവർകളുടെ കുചേലനാവട്ടേ, നിർദ്ധനനാണെങ്കിലും നല്ല ശാസ്ത്രപാണ്ഡിത്യവും സദാചാരനിഷ്ഠയും അസാമാന്യമായ ലോകപരിചയവുമുള്ള ഒരു യോഗ്യനാണു്. കുഡുംബത്തിലും വിശേഷിച്ചു തന്റെ അനുരക്തയും സതിയുമായ പ്രിയതമയിലും അഗാധമായ പ്രേമവും ഉള്ളിലെ സങ്കടങ്ങൾ പുറത്തുകാട്ടാൻ ഒരിക്കലും അനുവദിക്കാത്ത സ്വാഭിമാനവുമുള്ള ഒരു മാന്യപുരുഷൻ ആണു്. പാത്രങ്ങളെ വർണ്ണിക്കുന്നതിൽ ഗ്രന്ഥകർത്താവു തന്റെ സഹജമായ വിചാരശീലവും സ്വഭാവനിരീക്ഷണശക്തിയും നല്ലവണ്ണം ഉപയോഗിച്ചിട്ടുണ്ടു്. കുചേലൻ, സരോജിനി (കുചേലന്റെ പത്നി), ശ്രീകൃഷ്ണൻ ഈ മൂന്നു പാത്രങ്ങളെ സന്ദർഭാനുരൂപമായ രസങ്ങൾക്കു ഹാനി കൂടാതെ പുതിയ മട്ടിൽ വളരെ മനോധർമ്മത്തോടുകൂടി വർണ്ണിച്ചു ഫലിപ്പിച്ചിരിക്കുന്നു. ഭാഷാരീതി നല്ലതും ഒഴുക്കുള്ളതുമാണു്. കഥാഘടനയും ഭംഗിയായിട്ടുണ്ടു്. ഒടുവിൽ കുചേലനെ യുധിഷ്ഠിരചക്രവർത്തി കൃഷ്ണന്റെ ആജ്ഞപ്രകാരം വിദ്യാഭ്യാസ ഡയറക്ടറായി ആയിരം വരാഹൻ ശമ്പളത്തിൽ നിയമിച്ചിരിക്കുന്നു എന്നു കല്പന കിട്ടിയതായ നിർവഹണഘട്ടത്തിൽ വരുന്നതുവരെ കഥയ്ക്കു നവീനലോകഗതിയോടു ചേർത്തു "വച്ചുവിളക്കി"യതുകൊണ്ടുള്ള മുഴപ്പുകൾ ഒന്നും വായനക്കാർ കാണുകയില്ല. ഇങ്ങനെയുള്ള ഒരു നിർവഹണം കുചേലന്റെ ജീവിതോദ്ദേശ്യത്തിന്റെ ഉൽകൃഷ്ടതയെ വെളിപ്പെടുത്തുവാൻ മതിയോ എന്നും മററും ഞങ്ങൾ ശങ്കിക്കുന്നു.

---

* വിവേകോദയം, പുസ്തകം 10 : 1088 മിഥുനം—കർക്കടകം, മൂന്നും നാലും ലക്കങ്ങൾ ഒന്നായുള്ളതിൽ എഴുതിയതു്.

കുചേലന്റെ ആകെപ്പാടെയുള്ള ഈ വേഷപ്പകർച്ച, ഒരു മുണ്ടും തോർത്തും മാത്രം ധരിച്ചു നടന്നിരുന്ന ആൾ പെട്ടെന്നു കുപ്പായവും തലേക്കെട്ടുമായി വരുന്നതു കാണുമ്പോൾ തോന്നാറുള്ള ഒരു മനോവികാരം ഉണ്ടാക്കിയേക്കാം. എന്നാൽ അങ്ങനെയുള്ള ഒരു മാററം സകാരണമാണെന്നറിയുമ്പോൾ, നിന്ദാഗർഭമായ ആ വിസ്മയം ശമിക്കുകയും വേഷം ഇണങ്ങിക്കാണുകയും അതിൽ യഥാർഥമായ ഗൗരവം ജനങ്ങൾക്കു തോന്നിത്തുടങ്ങുകയും ചെയ്യും. പുരാണ കഥാപുരുഷന്മാരുടെ ജീവിതത്തെ ഈ മാതിരി പുതുക്കി എഴുതുന്നതും അതുപോലെ കലാശത്തിൽ മഹാജനങ്ങൾക്കു രുചിക്കുകതന്നെ ചെയ്യും. അതുകൊണ്ടു മിസ്റ്റർ മേനോനെ ഞങ്ങൾ ഹൃദയപൂർവ്വം പ്രോത്സാഹിപ്പിക്കുന്നു. കുചേലൻ ദാരിദ്ര്യത്തിൽ മുഴുകി ജോലികൾ അന്വേഷിക്കുന്ന മദ്ധ്യത്തിൽ ഗ്രന്ഥമെഴുത്തിനേയും അതിനെ പ്രോത്സാഹിപ്പിക്കുന്നവരേയും പററി അനുപ്രസക്തമായി ഇച്ഛാഭംഗത്തോടുകൂടി ചെയ്യുന്ന ചിന്തന ഇപ്പോഴത്തെ സംഭവങ്ങളോടു ഏററവും യോജിച്ചിരിക്കുന്നു. അതിന്റെ അവസാനത്തെ രണ്ടു വാക്യങ്ങൾ വളരെ അർത്ഥവത്തുകളാണു്. ആ ചിന്തന മുഴുവൻ ഗ്രന്ഥകാരന്റെ വാചകത്തിൽ തന്നെ ഇവിടെ പകർത്താം:

"ഗ്രന്ഥകാരന്മാർ എന്റെ കൂട്ടുകാരാണെന്നാണോ സരോജിനി പറയുന്നതു്? എന്റേയും അവരുടേയും ഉദ്ദേശ്യം ഒന്നല്ല. അവരിൽ പലരും സ്വകാര്യലാഭത്തിനായി പ്രഭുജനത്തെ സ്തുതിച്ചുകൊണ്ടാണു് കഴിയുന്നതു്. അങ്ങനെ എഴുതിക്കൂട്ടുന്ന കൃതികൾക്കു ഒരു കയ്യും കണക്കുമില്ല. അഥവാ ഇവർ എന്തെങ്കിലും കുറേ കുത്തിക്കുറിച്ചുണ്ടാക്കി പ്രഭുക്കന്മാരുടെ പടിവാതില്ക്കലെല്ലാം ചെന്നു നില്ക്കയായി. വിവേകബോധത്തോടുകൂടിയല്ലാ ഗ്രന്ഥങ്ങളുടെ വിലയെ ഇപ്പോൾ നിർണ്ണയിക്കാറുള്ളതു്. എത്ര മോശമായ ഗ്രന്ഥമായാലും സേവാബലം തികഞ്ഞിട്ടുണ്ടെങ്കിൽ അതിനു പ്രചാരവും പ്രശസ്തിയും ഉണ്ടാവും! ബഹുജനഗുണത്തെ ഉദ്ദേശിച്ചു എഴുതിയ ഗ്രന്ഥങ്ങളൊക്കെയും ഇപ്പോൾ തുരുമ്പുപിടിച്ചു കിടക്കയാണു്. സാഹിത്യകാരന്മാരെന്നു നടിക്കുന്ന നീചന്മാരായ ഒരുവക നരസ്തുതിപാഠകന്മാരും പണ്ടു പറഞ്ഞവയേ പകർത്തിപ്പറഞ്ഞു പേരെടുക്കാൻ പണിപ്പെടുന്ന ഒരുവക പദ്യകാരന്മാരും ഇപ്പോൾ വർദ്ധിച്ചിരിക്കുന്നു. ബഹുജനഗുണത്തിനായി എങ്ങിനെയാണു പ്രവൃത്തിക്കേണ്ടതെന്നു് ഇവക്കറിയില്ല. അതിന്നു് ഇവക്കു ശക്തിയുമില്ല. ശ്ലോകമുണ്ടാക്കുന്നവരൊക്കെയും കവികളാണത്രേ. വാക്കുകൾ കുറേ കൂടിച്ചേർത്തെഴുതുന്നവരൊക്കെയും സാഹിത്യവീരന്മാരാണത്രേ! മനോഭാവവിശേഷങ്ങളെ സങ്കല്പിച്ചറിവാൻ തക്ക മനോവികാസം ഇവക്കുണ്ടോ? ഇതൊന്നുമില്ലാതെ പ്രഭുജനസേവകൊണ്ടു ചിലരും അധികാരബലംകൊണ്ടു മററു ചിലരും പാഠശാലാബിരുദലാഭംകൊണ്ടു വേറെ ചിലരും കവിവരന്മാരായി തീർന്നിട്ടുണ്ടു്. ധാരാളം പണമോ, ഉയന്ന ഉദ്യോഗമോ ഉണ്ടെങ്കിൽ, അയാൾ എഴുതുന്നതൊക്കെയും കവിതയാണെന്നും കൊണ്ടാടുന്നവർ ഈ രാജ്യത്തു കുറച്ചൊന്നുമല്ല. ഈവക കൂട്ടരുടെ ഇടയിൽ കിടന്നു എന്റെ ജീവിതത്തെ അധഃപതിപ്പിക്കുവാൻ ഞാൻ തയ്യാറില്ല. പണമുള്ളവർ എന്തുകാണിച്ചാലും അതൊക്കെയും യശസ്കരമായിട്ടാണിരിക്കുന്നതു്; എന്നാൽ അവർ മരിച്ചുകഴിഞ്ഞാൽ അവരെപ്പററി ആരും സ്മരിക്കുകതന്നെയില്ല. സ്വസുഖം കത്തിയെരിയുമ്പോഴുണ്ടാകുന്ന ആ ധൂമമാണു പരമാർത്ഥവും ശാശ്വതവുമായ യശസ്സ് എന്നു അധികംപേരും അറിഞ്ഞിട്ടില്ല. ലൗകികസുഖഭോഗങ്ങളിൽ നിന്നു എത്രത്തോളം ദൂരപ്പെടുന്നുവോ അത്രത്തോളം ഒരുവൻ സാഹിത്യവിഷയത്തിൽ സമർത്ഥനായി ഭവിക്കുമെന്ന രഹസ്യവും അധികംപേരും അറിഞ്ഞിട്ടില്ല.

# * കല്ക്കിപുരാണം കിളിപ്പാട്ട്

ഇതിന്റെ ഒന്നാം ഭാഗത്തിന്റെ ഒരു പ്രതി സ്നേഹിതനായ ഗ്രന്ഥകർത്താവു ഞങ്ങൾക്കു അയച്ചുതന്നിട്ടു ഏതാനും മാസങ്ങളാകും. അഭിപ്രായം പറവാൻ ഇപ്പോഴേ സാധിച്ചിട്ടുള്ളൂ. കല്ക്കി കലിയുടെ ശത്രുവാണെന്നും വിഷ്ണുവിന്റെ അവസാനത്തെ അവതാരമാണെന്നും പുരാണമറിയാവുന്ന ഹിന്ദുക്കൾ ഒക്കെ കേട്ടിട്ടുള്ളതാണല്ലൊ. കല്ക്കിപുരാണത്തിന്നു സംസ്കൃതത്തിൽ ഭവിഷ്യൽ പുരാണമെന്നും പറയും കലികാലത്തു പാപം വദ്ധിച്ചു ധർമ്മഭ്രംശം നേരിടുമ്പോൾ ആണു് കല്ക്കി അവതരിക്കുന്നതു്. കൃതയുഗം സ്ഥാപിച്ചിട്ടേ കല്ക്കിഭഗവാൻ വൈകുണ്ഠത്തേയ്ക്കു തിരികെ എഴുന്നെള്ളൂ താനും. ഇതിൽ കഥ എല്ലാം കഴിഞ്ഞ തായിട്ടാണു വർണ്ണിച്ചിട്ടുള്ളതു്. അതുകൊണ്ടു കല്ക്കി അവതാരത്തിന്റെ കാല നിർണ്ണയംചെയ്വാൻ വിഷമമാണു്. എന്നാൽ ചതുർയുഗങ്ങൾ മാറിമാറി വന്നു കൊണ്ടിരിക്കുമല്ലോ. അതെങ്ങിനെ എങ്കിലുമാകട്ടെ. പുരാണങ്ങൾ എഴുതിയ ബ്രാഹ്മണരുടെ പ്രതിഭയ്ക്കും മനോരാജ്യത്തിനും അവിഷയമായ സംഗതികൾ ചുരുങ്ങും എന്നു പറഞ്ഞാൽ മതി. ശംഭളമെന്നു പേരായി ഭാരതഖണ്ഡത്തിൽ ഒരു ഗ്രാമമുണ്ടത്രേ. അവിടെ വിഷ്ണുയജസ്സെന്ന ഒരു ബ്രാഹ്മണന്റെ മകനായി ട്ടാണു് കല്ക്കിഭഗവാൻ കലിയേയും ക്രൂരരേയും കൊന്നൊടുക്കാൻ അവതരിച്ചതു്. ലങ്കയിൽ ബ്രഹദ്രഥൻ എന്ന ഒരു രാജാവിന്നു പത്മയെന്നു ഒരു മകളുണ്ടായിരു ന്നു. അവൾ സാക്ഷാൽ പത്മ (ലക്ഷ്മീദേവി) തന്നെ ആയിരുന്നു. കല്ക്കി പരശു രാമന്റെ സന്നിധിയിൽനിന്നു വിദ്യാഭ്യാസം കഴിഞ്ഞശേഷം ആ സ്ത്രീരത്നത്തെ വിവാഹംകഴിക്കാൻ നിശ്ചയിച്ചു. വേദത്തിന്റെ അവതാരമായ ഒരു പൈങ്കിളി യെ ദൂതനായി ആ രാജകന്യകയുടെ അടുക്കൽ അയക്കുകയും കിളിയും കന്യക കയുമായി പല വിഷയങ്ങളേയുംപററി സംഭാഷണം ചെയ്കയും ചെയ്യുന്നതുവരെ യുള്ള കഥകളാണു ഈ ഒന്നാം ഭാഗത്തിൽ അടങ്ങീട്ടുള്ളതു്. കഥയുടേയോ, ഗ്രന്ഥ ത്തിൽ അടങ്ങിയിരിക്കുന്ന മററു പ്രമേയങ്ങളുടേയോ ഗുണദോഷനിരൂപണം ചെയ്വാൻ തൽക്കാലം ഞങ്ങൾ വിചാരിക്കുന്നില്ല. ഇതിന്റെ തർജ്ജിമക്കാരനായ ഒടുവിൽ ശങ്കരൻകുട്ടി മേനോൻ അവർകൾ പ്രസിദ്ധ കവിയായ കുഞ്ഞിക്കൃഷ്ണ മേനോൻ അവർകളുടെ അനുജനും എന്നാൽ ജാത്യാ അന്ധനുമാണു്. അദ്ദേഹ ത്തിന്റെ പഠിപ്പും കവിതാ വാസനയും സ്വഭാവേന പലരേയും വിസ്മയിപ്പിക്കു ന്നതാകുന്നു. കിളിപ്പാട്ടു രീതിയിലുള്ള ഈ പുരാണതർജ്ജിമയിൽ പഴയ കിളി പ്പാട്ടുകൾക്കുള്ള ഒരു ലാളിത്യം കാണുന്നതുതന്നെ ആണു് ഇതിന്റെ പ്രധാന ഗുണ മായി ഞങ്ങൾ വിചാരിക്കുന്നതു്. ഭാഷാ രീതിയേയും കലികാലവൈഭവത്തേ യും കാണിപ്പാനായി കിളിപ്പാട്ടിലെ ഏതാനും വരികൾ താഴെ കുറിക്കുന്നു.

"അല്പമാത്രം തപസ്സുള്ളൊരുവിപ്രരു
ണ്ടിപ്പാരിലിക്കലി കാലത്തിലായവർ
പാരമധർമ്മികൾ ശിശ്നോദരപരി
പൂരകന്മാർ നിജ ധർമ്മംവെടിഞ്ഞവർ
പാപസാരന്മാർ ദുരാചാരനിസ്തേജർ
കോപകാമാദികൾ കൊണ്ടുഭയങ്കരർ

* വിവേകോദയം: പുസ്തകം 11: 1089 മിഥുനം—കർക്കടകം: മൂന്നും നാലും ലക്കങ്ങൾ ഒന്നായുള്ളതിൽ എഴുതിയതു്.

സ്ത്രീകളെകാമിച്ച വംശംമുടിപ്പവർ
ശ്രീകാന്തനിൽ ഭക്തിതെല്ലുമില്ലാത്തവർ
അന്യന്റെ ഭക്ഷണംചെയ്തു ജീവിപ്പവർ
മാന്യരെന്നാത്മാഭിമാനം നടിപ്പവർ
വേണ്ടുന്നകാലത്തു ഗായത്രിയെ ശ്രദ്ധ
പൂണ്ടുജപിക്കാതെ മൂഢരായ് വാഴ്വോർ.
കാലപ്രബോധികളല്ലാതെയുള്ളവർ
ലീലാപരന്മാർ പരദാരലോലുപർ
തന്നെരക്ഷിക്കുവാൻ ശക്തരല്ലാഞ്ഞതി
ഖിന്നരായ് ശൂദ്രരെച്ചെന്നുഭജിപ്പവർ
ഇങ്ങനെയുള്ളൊരു വിപ്രരല്ലാതെക–
ണ്ടെങ്ങുമില്ലിക്കലികാലത്തിലോകനേ."

ഇതിന്റെ മുഴവൻ ഭാഗവും ഇപ്പോൾ തർജ്ജിമചെയ്തുകഴിഞ്ഞിരിക്കുമെന്നു വിശ്വസിക്കുന്നു. ഒന്നാം ഭാഗത്തിന് ആറണ വിലയാണ്.

---


## ശ്രദ്ധിക്കുക !

പുതിയ മേൽവിലാസം:

പുതുപ്പള്ളി രാഘവൻ
പത്രാധിപർ
'ദിവ്യകോകിലം'
സന്തോഷ് ബിൽഡിംഗ്സ്–2,
പട്ടത്താനം ഈസ്റ്റ്–കൊല്ലം

# പുസ്തകലോകം

## ഒരു നല്ല അനുഭവം

**മരണം ദുർബലം**

**കെ. സുരേന്ദ്രൻ**

വില രൂ. 14-00

എൻ. ബി. എസ്സ്. കോട്ടയം

**ജി. സോമനാഥൻ.**

മലയാളത്തിലെ അനശ്വരനായ ഒരു മഹാകവിയുടെ നിഴലിൽ സങ്കല്പത്തിന്റെ നിറം പിടിച്ച ചായക്കൂട്ടുകൾ ചേർത്തു വരച്ചുണ്ടാക്കിയ ഒരു പിടി മനുഷ്യരുടെ കഥയാണ് കെ. സുരേന്ദ്രന്റെ മരണം ദുർബലം എന്ന പുതിയ നോവൽ. അഞ്ഞൂററിഅറുപത്തൊമ്പതു പേജുകളിലായി കവിയായ ദേവദാസിന്റെ കഥ നോവലിസ്റ്റ് അവതരിപ്പിക്കുന്നു. പക്ഷേ ആ കഥ പറയുന്നതു് കവിയുടെ ജീവിതത്തിൽ പതിനാലു വർഷക്കാലം നിറഞ്ഞു നിന്നിരുന്ന മായമ്മയാണ്. മായമ്മയുടെ സ്മരണകളുടെ രൂപത്തിൽ നിബന്ധിക്കപ്പെട്ടിരിക്കുന്ന ഈ നോവൽ കെ. സുരേന്ദ്രന്റെ മററു നോവലുകളെ അപേക്ഷിച്ച് കുറേക്കൂടി ലളിതമാണെന്നു പറയാം. ജീവിതത്തിലെ ഏററവും ചെറിയ സംഗതിയെപ്പോലും വിശകലന മനോഭാവത്തോടെ സമീപിക്കുകയാണ് കെ. സുരേന്ദ്രന്റെ പതിവ്. ഈ നോവലിലും ആ രീതി അദ്ദേഹം സ്വീകരിച്ചിരിക്കുന്നു. ഹൃദയത്തിലൊതുങ്ങാത്തവണ്ണം ജീവിതത്തെ മഥിക്കുന്ന പ്രശ്നങ്ങളാണ് 'മരണം ദുർബലം' എന്ന നോവലിൽ നിരന്നു കിടക്കുന്നതു്. ജീവിതത്തിന്റെ ഉള്ളറകളിലേയ്ക്കു പ്രവേശിച്ച നാൾമുതൽ മരണത്തെപ്പററിമാത്രം ചിന്തിക്കുകയും ഉപാസിക്കുകയും ചെയ്ത വിശേഷവ്യക്തിത്വത്തിന്റെ ഉടമയായ മായമ്മ അവരുടെ ജീവിതത്തിൽ ആകെപ്പടർന്നുകയറിയ നിശ്ശബ്ദനെങ്കിലും ശക്തനും സർവ്വജ്ഞനുമായ കവി, ആ കവിയുടെ വരികളിൽ കുരുങ്ങിക്കിടക്കുന്ന ആരാധികയായ രാധ, സ്വയം തേടിത്തിന്നുന്നതിൽ മിടുക്കത്തിയായ യശോധ, എല്ലാം ലാഭനഷ്ടത്തിന്റെയും നിയമത്തിന്റെയും കുഴൽക്കണ്ണാടിയിലൂടെ നോക്കിക്കാണുന്ന അഡ്വക്കേററുകൂടിയായ പുരുഷൻ, രാധയുടേയും മായമ്മയുടെയും എല്ലാമായ അച്ഛൻ, എന്നിങ്ങനെ ഒന്നിനൊന്നു തലയുയർത്തിപ്പിടിച്ചു നിൽക്കുന്ന കഥാപാത്രങ്ങളാണ് നോവലിൽ നിരക്കുന്നതു്. ഇവരുടെയെല്ലാം മനസ്സു ആർത്തിരമ്പുന്ന അലയാഴികളാണ്. തീരങ്ങളിൽ വന്നു് ആഞ്ഞുതലയടിച്ച് പിന്തിരിയുന്ന തിരകളെപ്പോലെ സംഭവങ്ങൾക്കും സാഹചര്യങ്ങൾക്കും ഒപ്പം, ചിലപ്പോൾ എതിർത്തും അവർ ദ്രവിക്കുന്നു. ആ ദ്രവിതങ്ങളുടെ ഉടമസ്ഥരിൽ മായമ്മയ്ക്കു അനുഭവിക്കേണ്ടിവന്ന ജീവിതമാണ് ഏററവും ക്രൂരം. അവരുടെ ഹൃദയത്തെ ആദ്യമായും അവസാനമായും സ്വാധീനിച്ച കവി ദേവദാസ് അവർക്ക് ഏററവും സ്നേഹമുള്ളവനും ഏററവും വെറുപ്പുള്ളവനുമായിരുന്നു. അവരുടെ സാഹിത്യവാസനയെ ശ്വാസം മുട്ടിക്കുകയും സംരക്ഷിക്കുകയും ചെയ്തിരുന്നതും അതേ കവിതന്നെയാണ്. അവരെ സംബന്ധിച്ചിടത്തോളം കവി നീചനും മഹാനുമായിരുന്നു. അതിലേറെ ആത്മസുഹൃത്തുമായിരുന്നു. ആ സുഹൃത്ബന്ധത്തിന്റെ ദാർഢ്യം ഒന്നുകൊണ്ടുമാത്രമാണ് കവിയുടെ ജീവിതകഥ തന്റെ ആത്മകഥയിൽ ലയിപ്പിച്ച് പറയാൻ മായമ്മ ഒരുങ്ങിയതു്. കവിക്കുവേണ്ടി തന്റെ പ്രതിശ്രുത വരനാകുമായിരുന്ന പുരുഷുവിന്റെ വിവാഹപ്രാർത്ഥന തട്ടി

യെറിയാനും തന്നേക്കാളേറെ മൂതിന്ന കവിയുടെ രോമാവൃതമായ മാറിൽ മയങ്ങുവാനും, കവിയെ നിശ്ശബ്ദം സ്നേഹിച്ച രാധയെ സൗകര്യപൂർവ്വം മറക്കുവാനും കവിയുടെ ഭാര്യയായ യശോദയോടൊരു വെല്ലുവിളി എന്ന നിലയിൽ കവിയോടൊത്തു താമസിക്കുവാനും മായമ്മയ്ക്കു കഴിഞ്ഞതു് നോവലിസ്റ്റ് തികഞ്ഞ രചനാസാമർത്ഥ്യത്തോടെ അവതരിപ്പിക്കുന്നു. ജീവിതസായാഹ്നത്തിലെത്തിച്ചേർന്ന മായമ്മ — തന്റെ ആത്മസുഹൃത്തിനോടുള്ള കടമ നിറവേററാൻ കഴിഞ്ഞുപോയ സുദീർഘമായ കാലഘട്ടത്തിലെയ്ക്കു കണ്ണോടിച്ച് ദുഃഖിക്കുകയും അഭിമാനിക്കുകയും ആഹ്ലാദിക്കുകയും ലജ്ജിക്കുകയും ചെയ്യുന്ന മായമ്മ—ഒരു അസാധാരണ കഥാപാത്രംതന്നെയാണു്. തന്റെ ജന്മനാൾ കൂടിയായ വൃശ്ചികമാസത്തിലെ ഒരു തൃക്കാർത്തികദിവസം കവിയുമായി അവൾക്കുണ്ടാകുന്ന പരിചയത്തിൽ ആരംഭിക്കുന്ന സംഭവങ്ങളും സ്മരണകളും ജനറൽആശുപത്രിയിലെ അത്യാഹിതവിഭാഗത്തിൽ വെള്ളത്തുണികൊണ്ടു മൂടപ്പെട്ടുകിടക്കുന്ന കവിയുടെ ശരീരം കാണുന്നതോടെ പാടെ അവസാനിക്കുന്നു.

ദേവദാസിനെ ഒരു മഹാനായ കവിയായിട്ടാണു് നോവലിസ്റ്റ് അവതരിപ്പിക്കുകയും പരിചയപ്പെടുത്തുകയും ചെയ്യുന്നതെങ്കിലും സുഖവും സന്തോഷവും ദുഃഖവും തൃപ്തിയും അതൃപ്തിയും ഒക്കെയുള്ള ഒരു സാധാരണ മനുഷ്യനായിട്ടാണു് നാം നോവലിൽ കൂടുതലും അദ്ദേഹത്തെ കാണുന്നതു്. കവിതാരചനയിൽ മുഴുകുമ്പോൾ കവിയുടെ അന്തഃകരണങ്ങൾ പൂർണ്ണമായ അനുരഞ്ജനത്തിലും ശിക്ഷണത്തിലുമാണു്. ഓരോ വാക്കും ഓരോ വികാരവും വീണ്ടും വീണ്ടും പരിശോധിച്ച അവസാനം അദ്ദേഹം അംഗീകരിക്കുമായിരുന്നുള്ളൂ. പക്ഷെ ജീവിതത്തിൽ ആ ഭദ്രത പുലർത്താൻ കവിക്കു കഴിയാതെ പോയി. ഒപ്പം ദേവദാസിനെ ഒരു മഹാകവിയാക്കി ഉയർത്തിക്കാണിക്കുന്നതിൽ നോവലിസ്റ്റിനും കഴിവുകേടു വന്നുപോയി.

എങ്കിലും ഈ പുസ്തകത്തിലെ എല്ലാ കഥാപാത്രങ്ങൾക്കും മററാർക്കും കിട്ടിയിട്ടില്ലാത്ത അനുഭവങ്ങൾ—ജീവിതസമുദ്രത്തിലെ പവിഴമുത്തുകൾ—വേണ്ടുവോളമുണ്ടു്. ജീവിതം കലാസുഭഗമായി പകർത്തിക്കാണിക്കുന്ന കൃതിക്കു് ഒരിക്കലും പരാജയപ്പെടാൻ കഴിയില്ലല്ലോ. പോരെങ്കിൽ നോവലിസ്റ്റിനു് സൗകര്യമായി വിശാലമായ ഒരു കാൻവാസും നിറംപൂണ്ട ചായക്കൂട്ടുകളും മുൻകൂർ ലഭിച്ചിട്ടുമുണ്ടു്. ഇടയ്ക്കിടയ്ക്കു് പരിഹാസച്ചുവ കലർന്ന പ്രസ്താവനകളുടെ അവസാനത്തെ അദ്ധ്യായവും എഴുതിക്കഴിഞ്ഞിട്ടു് കെ. സുരേന്ദ്രൻ സ്വയം പറഞ്ഞിരിക്കണം, ഞാൻ ഒരു നല്ല നോവലെഴുതി എന്നു്. അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ ആ ആത്മഗതം പൂർണ്ണമായും അർത്ഥവത്താണു്.

---

## കൈപ്പററി

| | | | വില |
|---|---|---|---|
| കടൽക്കാക്ക | (നാടകം) | — ചെക്കോവ് | 2–00 |
| അക്കല്ദാമ | (നാടകം) | — പി. ആർ. ചന്ദ്രൻ | 2–75 |
| ഭഗ്നഭവനം | (നാടകം) | — പ്രൊ. എൻ. കൃഷ്ണപിള്ള | 2–75 |
| ചലനം | (നാടകം) | — പൊൻകുന്നം വർക്കി | 3–50 |
| ആ മനുഷ്യൻ നീ തന്നെ | (നോവൽ) | — സാറാ തോമസ് | 7–50 |
| ഭ്രഷ്ട് | (നോവൽ) | — മാടമ്പു കുഞ്ഞുക്കുട്ടൻ | 5–00 |
| ഇരുട്ട് | (നോവൽ) | — എൻ. എൻ. ഗണേശൻ | 4–00 |

എല്ലാം എൻ. ബി. എസ്സ്. കോട്ടയം പ്രസിദ്ധീകരണങ്ങൾ.

# ആശാൻ വിമർശനത്തിലെ പുതിയ രശ്മികൾ

1. ആശാൻ നവോത്ഥാനത്തിന്റെ കവി

—തായാട്ടു ശങ്കരൻ വില. 5-50

2. അറിയപ്പെടാത്ത ആശാൻ

—ഡോ: ടി. ഭാസ്കരൻ വില. 5—00

എൻ. ബി. എസ്സ്., കോട്ടയം.

കെ. പി. അപ്പൻ

കുമാരനാശാന്റെ കവിതയെക്കുറിച്ച് ഏററവുമധികം പ്രബന്ധങ്ങളും പ്രസംഗങ്ങളും ഉണ്ടായതു് ഈ വർഷമാണു്. ആശാൻ ജന്മശതാബ്ദി ആഘോഷങ്ങൾക്കു് പൂരത്തിന്റെ സ്വഭാവമുണ്ടായിരുന്നതുകൊണ്ടു് പൂരത്തോടനുബന്ധിച്ചു നടത്താറുള്ള മററു ചില ചടങ്ങുകളുടെ മൂല്യവും പ്രാധാന്യവും മാത്രമേ ഈ പ്രസംഗങ്ങളിലും പ്രബന്ധങ്ങളിലും കാണാൻ കഴിഞ്ഞിരുന്നുള്ളു. എന്നാൽ ഒരു ചടങ്ങു് എന്നതിൽക്കവിഞ്ഞു് ഗൗരവബുദ്ധിയോടുകൂടി ആശാൻകവിതയെ ചിന്തയ്ക്കു് വിധേയമാക്കിയതിനു തെളിവുകളാണു് ശ്രീ. തായാട്ടു ശങ്കരന്റെ 'ആശാൻ നവോത്ഥാനത്തിന്റെ കവി.' ഡോക്ടർ ടി. ഭാസ്കരന്റെ 'അറിയപ്പെടാത്ത ആശാൻ' എന്നീ കൃതികൾ.

ആശാൻ നവോത്ഥാനത്തിന്റെ കവി എന്ന പുസ്തകം സാമൂഹ്യശാസ്ത്രപരമായ വിമർശനത്തിന്റെ വികാസത്തിനു തുടക്കം കുറിക്കാനാണെന്ന സൂചന ഗ്രന്ഥകാരൻ ആദ്യം നൽകുന്നുണ്ടു്. ഈ പ്രഖ്യാപനം എത്രത്തോളം ശരിയാണെന്നു് എനിക്കറിഞ്ഞുകൂട. ഇന്നുവരെ നമ്മുടെ സാഹിത്യ വിമർശനത്തിൽ പ്രബല സംസ്കാരമായി നിലനിന്നിട്ടുള്ളതു് സോഷ്യോളജിക്കൽ ക്രിട്ടിസിസമാണെന്നാണു് എന്റെ അഭിപ്രായം. നമ്മുടെ വിമർശനത്തിന്റെ ഏററവും വലിയ പരാധീനതയും ഇതുതന്നെയാണെന്ന ഒരു വിരോധാജനകമായ ഒരു കുറിപ്പു് കൂടി ഇതോടൊപ്പം വെളിപ്പെടുത്തിക്കൊള്ളട്ടെ.

ആശാൻ കവിതയെരൂപപ്പെടുത്തിയ ഘടകം ശ്രീനാരായണഗുരുവും ഒരു കാലഘട്ടത്തിൽ ഇന്ത്യയിലാകെ വീശിവളന്ന നവോത്ഥാനമാണെന്ന ഗ്രന്ഥകാരന്റെ വാദത്തിനു പുതുമയുണ്ടെന്നു സമ്മതിച്ചേ തീരൂ. പക്ഷെ അതു് സമുദായചിന്തകനായ ആശാനെ സ്വാധീനിച്ചു എന്നതിൽക്കവിഞ്ഞു് ആത്മരഹസ്യങ്ങളുടെ ശില്പിയും സൗന്ദര്യ സ്രഷ്ടാവുമായ ഒരു കവിയെ എങ്ങനെ സ്വാധീനിച്ചുവെന്നു സാമൂഹ്യശാസ്ത്രപരമായ വിമർശനത്തിനു് വിശദീകരിക്കാൻ കഴിയുമോ? വീണപൂവ്, നളിനി, ലീല എന്നീ കാവ്യങ്ങളുടെ ജീവസൗന്ദര്യം കണ്ടെത്താൻ ഈ വിമർശനസമ്പ്രദായം അപര്യാപ്തമാണുതാനും. എന്നാൽ ഉദ്ധരവസ്ഥയെക്കുറിച്ചുള്ള വിമർശനം ഭംഗിയായി നിർവ്വഹിക്കാൻ ഗ്രന്ഥകാരനു കഴിഞ്ഞിട്ടുണ്ടെന്നു

സമ്മതിക്കണം. വിമർശകന്റെ ശക്തിയും ദുരവസ്ഥയും കലാപരമായ പരാധീനതയുമായിരിക്കാം ഈ വിജയത്തിനു കാരണം.

ഡോ: ടി. ഭാസ്ക്കരൻ എഴുതിയ 'അറിയപ്പെടാത്ത ആശാൻ' എന്ന ഗ്രന്ഥത്തിലെ ഉപന്യാസങ്ങൾ ഒരു ഗവേഷകന്റെ ഗൗരവബുദ്ധി പ്രദർശിപ്പിക്കുന്നവയാണ്. ആശാന്റെ കാവ്യദർശനത്തെ അപഗ്രഥിക്കുന്ന ആദ്യത്തെ ലേഖനവും സ്തോത്രങ്ങളെക്കുറിച്ചുള്ള നീണ്ടപഠനവും ശ്രദ്ധേയമാണ്. സ്തോത്രങ്ങളുടെ പഠനത്തിലൂടെ ആശാന്റെ വ്യക്തിസ്വരൂപത്തെ നിയന്ത്രിച്ചിരുന്ന ആസ്തിക്യബുദ്ധിയുടെ സ്വഭാവം ഭംഗിയായി വിശദീകരിക്കാൻ ഗ്രന്ഥകാരന് കഴിഞ്ഞിട്ടുണ്ട്. 'സീതാപവാദം' എന്ന അവസാനത്തെ ഉപന്യാസത്തിൽ 'സീതാകാവ്യ'ത്തിലെ 'പാളിച്ചകൾ' ചൂണ്ടിക്കാണിച്ച ശ്രീ. എ. പി. പി. നമ്പൂതിരിക്ക് മറുപടി പറയുകയാണ് ചെയ്യുന്നത്. 'കയത്തിൽ ആമ്പലുണ്ടാവുമോ?' എന്നും മറ്റും കുപ്രസിദ്ധിയാർജ്ജിച്ച ചോദ്യമാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഇത്തരം യുക്തിവാദികൾക്കുള്ളതല്ല കവിത. അതുകൊണ്ട് ഈ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും മറുപടി പറഞ്ഞ് സമർത്ഥിക്കാൻ ശ്രമിക്കുന്ന രീതി സാഹിത്യവിമർശനത്തിലെ സുപ്രധാന ഘടകമാണെന്ന് എനിക്ക് തോന്നിയിട്ടില്ല.


1974 ജനുവരി മുതൽ

# ദിവ്യകോകിലം

## മാസികയായി പ്രസിദ്ധീകരിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്

അടുത്ത ലക്കം നോക്കുക.

# കരുണ—ആട്ടക്കഥ

ചെങ്ങാരപ്പള്ളി

വില. 1–50.

എൻ. ബി. എസ്സ്. കോട്ടയം

കേരളത്തിന്റെ മാത്രമായ ഒരു കലാസമ്പത്താണ് കഥകളി. അല്ലെന്നു വാദിക്കുന്നവരും നമ്മുടെ പ്രശസ്ത സാഹിത്യകാരന്മാരിൽ ചിലരുണ്ട്. അവരുടെ അത്തരം വാദങ്ങൾക്കു പറയത്തക്ക അംഗീകാരമൊന്നും ലഭിച്ചിട്ടില്ല. അതെങ്ങിനെയുമിരിക്കട്ടെ. ക്ഷേത്രകലകളിൽ നിന്നാണ് കഥകളിയുടെ ഉത്ഭവം. ഈ അഭിപ്രായം ദൃഢമൂലമാണ്. ആദികാലത്തു കേരളത്തിന്റെ നാലതിരുകൾക്കുള്ളിൽത്തന്നെ കഥകളി ഒതുങ്ങിനിന്നു. ഇന്നാകട്ടെ അതിന്റെ പ്രചാരം ലോകവ്യാപകമായിരിക്കുന്നു. അമേരിക്ക, യൂറോപ്പ് മുതലായ ഭൂഖണ്ഡങ്ങളിൽ പോലും കഥകളിയുടെ പ്രചാരം സുലഭമായിത്തീർന്നിരിക്കയാണ്. പരദേശങ്ങളിൽ നിന്നു കലാരസികന്മാരായ ആൾക്കാർ കേരളത്തിൽ വന്നു കഥകളി പരിശീലിക്കുക സാധാരണമായിരിക്കുന്നു. വള്ളത്തോൾ മഹാകവിയും അദ്ദേഹത്തിന്റെ നേതൃത്വമുണ്ടായിരുന്ന കേരള കലാമണ്ഡലവുമാണ് കഥകളിക്കു ഇത്രമാത്രം പ്രചാരവും പ്രസിദ്ധിയും നേടിക്കൊടുത്തത്. വള്ളത്തോൾ, കഥകളിയുടെ എല്ലാമായിരുന്നുവെന്നു പറയാം.

ആട്ടമെന്നുപറയും കഥകളിയെ. ആ പരിശുദ്ധമായ മലയാളപദത്തോടു 'കഥ' കൂടിച്ചേർത്ത് ആട്ടക്കഥയെന്നും വ്യവഹരിക്കാറുണ്ട്. പ്രിയംകരമായ കഥകളിയെ അങ്ങേയററം വെറുത്തവരായിരുന്നു ക്രിസ്ത്യാനികൾ ഒരുകാലത്ത്. അവരും ആ സ്വഭാവം മാററിക്കളഞ്ഞു, കഥകളിയുടെ ഇന്നത്തെ വിശ്വാദരണീയമായ പ്രചാരംകണ്ട്. തന്നെയുമല്ല, ബൈബിളിലെ ചില കഥകൾ കഥകളിയാക്കീട്ടുള്ളതായും അറിയാം. അങ്ങനെ പഴയതും പുതിയതുമായ പലതും കഥകളിയിൽ സ്ഥലംപിടിച്ചുകഴിഞ്ഞു. പണ്ടുകാലത്തു പുരാണകഥകൾ മാത്രമേ കഥകളിക്കുപയോഗിച്ചിരുന്നുള്ളു. ക്രമത്തിൽ ആ പരിപാടിക്കുമാററം വന്നു. ഏതുകഥയും കഥകളിയിൽ അംഗീകരിക്കാമെന്നായി. പക്ഷേ കഥ ഏതായാലും കഥകളിയാക്കുമ്പോൾ അതിന്റെ നിയമങ്ങളെല്ലാമനുസരിച്ചിരിക്കണം. അക്കാരണത്താൽ തത്കർത്താക്കൾ പരമാവധി ശ്രദ്ധിച്ചുമിരുന്നു. ഇതിനെല്ലാം വിപരീതമാണിക്കാലത്തു രംഗത്തുവരുന്ന ചില കഥകൾ; അഥവാ ആട്ടക്കഥകൾ. രംഗം തിരിച്ചു കുറെ പാട്ടുകളും ശ്ലോകങ്ങളും പോരാത്തതിനു ഇടയ്ക്കിടെ ഗദ്യങ്ങളും എഴുതിക്കൂട്ടിവിട്ടേയ്ക്കുക. അതു് ലക്ഷണയുക്തമായ കഥകളിയാകുന്നതെങ്ങിനെ? മററു പല പ്രസ്ഥാനങ്ങൾക്കും കാലഗതിയുടെ പരിണാമം മാററംവരുത്തിയിട്ടുണ്ടല്ലോ. കൂട്ടത്തിൽ കഥകളിക്കും എന്തുകൊണ്ട് മാററം വരുത്തിക്കൂടാ? ഈ ചോദ്യം സംഗതമാണ്. മറുപടിക്കും പ്രയാസമില്ല. കലാചതുരനായ ഒരു മഹാപുരുഷന്റെ സാന്നിദ്ധ്യത്തിൽവേണം അതു സാധിക്കാൻ. നൂററാണ്ടുകൾക്കുമുമ്പ് ജന്മമെടുത്ത് അതതു കാലഘട്ടത്തിലെ സംസ്കാരവും പരിഷ്കാരവുമുൾക്കൊണ്ട് ശാശ്വത പ്രതിഷ്ഠ ലഭിച്ചുപോയ കഥകളി നിയമങ്ങളെ അഴിച്ചുപണിയുക, തികഞ്ഞ കലാബോധത്തിന്റെ കരുത്തുററ കയ്യുകൾക്കേ കഴിയൂ.

ഞങ്ങളുടെ മുമ്പിലിരിക്കുന്നതു പുതിയ ഒരു ആട്ടക്കഥയാണ്—കരുണ ആട്ടക്കഥ. ചങ്ങാരപ്പള്ളി നാരായണൻ പോററിയാണിതിന്റെ പ്രണേതാവ്.

മഹാകവി കുമാരനാശാന്റെ ജന്മശതാബ്ദ്യാഘോഷത്തിന് കവികളും കലാകാരന്മാരും അവരവരുടെ കഴിവിനൊത്ത സംഭാവനകൾ സമർപ്പിക്കയുണ്ടായല്ലോ. അതിൽ ശ്രീ. പോററി നൽകിയ സംഭാവനയാണ് 'കരുണ ആട്ടക്കഥ'. മറെറാരു വാക്കിൽ പറഞ്ഞാൽ മഹാകവി കുമാരനാശാന്റെ വിശ്വവിദിതമായ കരുണാകാവ്യത്തിനു കഥകളിയുടെ രൂപം നൽകിയിരിക്കുന്നു. 'കരുണ'യെ കഥകളിയാക്കുക; ഇതാദ്യമായിട്ടല്ല. മുപ്പതു വർഷങ്ങൾക്കുമുമ്പു ശ്രീ കുഞ്ചുപിള്ളപ്പണിക്കർ "ഉപഗുപ്തവിജയം" എന്നപേരിൽ ഇതു കഥകളിയാക്കിയിട്ടുണ്ട്. അന്നതു കേരളത്തിലെ പലയിടങ്ങളിലും കളിച്ചിരുന്നതായും അറിയാം. ആലിനാട്ടു തുറയിൽ കഥകളിയോഗക്കാരാണ് ആ കഥ അഭിനയിച്ചിരുന്നതും. അപ്പോൾ ശ്രീ. പോററി അവർകളുടെ കരുണ ആട്ടക്കഥ രണ്ടാമത്തേതെന്നുവേണം പറയാൻ. ഏഴുരംഗങ്ങൾ, ഏഴു കഥാപാത്രങ്ങൾ, ഇത്രയുമാണീ കഥകളി കളിയിലെ ഉള്ളടക്കങ്ങൾ. നിലപ്പദവും, പുറപ്പാടുമില്ല. മിനുക്കും കത്തിയും പ്രധാന വേഷങ്ങൾ. ഉപഗുപ്തനും ശിഷ്യനും വാസവദത്തയും ചേടിയും മിനുക്ക്. വണിഗ്വരൻ കത്തി. നടുവേഷത്തിൽ ശില്പി. (വാസവദത്തയുടെ ആദ്യ കാമുകൻ). കിങ്കരന്മാർക്കു സമയോചിതവേഷവും. ക്ഷേത്രസമീപമുള്ള ഒരു വഴി ആദ്യരംഗം. അവിടെ ഉപഗുപ്തനും ഒരു ശിഷ്യനുംകൂടി പ്രവേശിച്ചുനിന്നുകൊണ്ടു ലോകകാര്യങ്ങൾ പറയുന്നു. ആശാന്റെ കരുണയിലെ കുറേ ഈരടികൾ തന്നെയാണിതിനുപയോഗിക്കുന്നതു്. അതിനിടയിൽ വാസവദത്തയുടെ തോഴിവന്നു ഉപഗുപ്തനെ അങ്ങോട്ടു ക്ഷണിക്കുന്നു. അദ്ദേഹം സമയമായില്ലെന്നു മറുപടി പറയുകയും തോഴി അതുകേട്ടു വെറുപ്പോടെ പോവുകയുമാണ്. അപ്രകാരം ഒന്നാം രംഗം കഴിഞ്ഞു. പിന്നെ രണ്ടാം രംഗത്തിൽ വാസവദത്ത തോഴിയോടു ഉപഗുപ്തനെ കണ്ടകാര്യം ചോദിക്കുകയും അവൾ സമാധാനം പറയുകയുമാണ്. ഒടുക്കം സ്വാമിനിയുടെ അനിയന്ത്രിതമായ പ്രേമക്കൊഴുപ്പിനെ തോഴി അപലപിക്കയും ചെയ്യുന്നു. തുടന്ന് വണിഗ്വരൻ വന്നുചേരുകയും അവനെ സ്വീകരിക്കാൻ മുമ്പും പിമ്പുമായി തോഴിയും വാസവദത്തയും പോകുന്നതോടെ ആ രംഗം അവസാനിക്കുന്നു. വണിഗ്വരന്റെയും വാസവദത്തയുടെയും ശൃംഗാരപ്പദം മൂന്നാം രംഗം. പൂർവ്വകാമുകനായ ശില്പി, വണിഗ്വരന്റെ രഹസ്യവേഴ്ചയറിഞ്ഞു വാസവദത്തയുടെ തോഴിയോടു കയർത്തു സംസാരിക്കുന്നതും അവൾ മറുപടി പറയുന്നതുമാണ് നാലാമത്തെ രംഗം. അഞ്ചാം രംഗത്തിൽ ശില്പിയുടെ ശല്യമൊഴിവാക്കാൻ വാസവദത്ത തോഴിയുമായാലോചിച്ച് അവനെ കൊലപ്പെടുത്തി തൊഴുത്തിൽ കുഴിച്ചുമൂടുന്നു. വിവരം സർക്കാർ അറിഞ്ഞു വാസവദത്തയെ കരചരണങ്ങളരിഞ്ഞു ചുടുകാട്ടിൽ തള്ളുകയും കൂടെ അവളുടെ തോഴി മരണവും കാത്തു കഴിയുകയുമാണ്. ശില്പിയുടെ വധവും അതിന്റെ ശിക്ഷയും മററും ഒരു ദണ്ഡകംകൊണ്ടു സാധിച്ചിരിക്കുന്നു. ആ സന്ദർഭത്തെ—ദണ്ഡകത്തെ—ഒരു രംഗമായി കല്പിച്ചിരിക്കയാണ്. അങ്ങനെയെങ്കിൽ ആറാമത്തെ രംഗമാണ്. ഏഴാം രംഗം ശിക്ഷണ വിധേയയായി ചുടുകാട്ടിൽ കിടക്കുന്ന വാസവദത്തയെ ഉപഗുപ്തൻ കാണുന്നതും അവളെ ആശ്വാസവചനങ്ങൾ കൊണ്ടു അനുഗ്രഹിക്കുന്നതുമാണ്. ദണ്ഡകം കഥകളിയിൽ ഒഴിച്ചുകൂടാത്തതെങ്കിലും അതിനെ ആരും രംഗമായി ഇന്നോളം അംഗീകരിച്ചു കണ്ടിട്ടില്ല.

വേഷങ്ങൾക്കു വ്യവസ്ഥയുണ്ടു് കഥകളിയിൽ. അവയുടെ പ്രവേശനങ്ങൾക്കുമുണ്ടു വ്യവസ്ഥ. സർവ്വവും വ്യവസ്ഥാപിതമാണ് കഥകളിയിൽ. പച്ച, മിനുക്ക്, കത്തി, കരി ഇത്രയും വേഷങ്ങൾ കഥകളിയിൽ ആവശ്യമുണ്ടായിരിക്കണം. താടിയും വട്ടമുടിയുമൊക്കെ അവസരംപോലെയും. പുറപ്പാടിനു വേണ്ടതു പച്ചതേച്ച വേഷമാണ്. കഥകളിയിൽ പുറപ്പാട് മാംഗളിക കർമ്മ

മായി കരുതുന്നു. കരുണ ആട്ടക്കഥയിൽ പുറപ്പാടേയില്ല. പകരം മിത്രക്കായ ഉപഗുപ്തനും ശിഷ്യനുമാണാദ്യം പ്രവേശിക്കുന്നതു്. ഇതു കഥകളിയിൽ ഒരിക്കലും സ്വീകാര്യമല്ല. മനുഷ്യവംശത്തിന്റെ ഉത്പത്തികൂടി സൂചിപ്പിക്കുന്ന പുറപ്പാടിനു പച്ചയുടുത്ത വേഷം തന്നെ വേണം. രംഗങ്ങളെല്ലാംതന്നെ തീരെ ചുരുക്കിക്കളഞ്ഞു. ഇടശ്ലോകങ്ങളിലെ ആശയങ്ങൾ ഒന്നും വിശദമല്ല. ആദ്യശ്ലോകം തന്നെ ഇതിനുദാഹരണമാണു്. "അനുപമകൃപാസിന്ധുശ്ശാക്യാന്വയാംബരചന്ദ്രമാ" എന്നു തുടങ്ങുന്ന ശ്ലോകം. സദാജിനസംയമിയായ സിദ്ധാർത്ഥാഖ്യൻ ധർമ്മോജ്ജ്വലത്കിരണോത്കരങ്ങളാൽ ധവളിത ദിശാചക്രത്തിൽ സുതരാം ജയിക്കുന്നു എന്നു ക്ലേശിച്ചു പരിഭാഷയൊപ്പിക്കാമെങ്കിലും സദാജിനസംയമിയുടെ അർത്ഥം പന്തിയല്ലാതെ കിടക്കുന്നു. ബുദ്ധദേവൻ ഒരാളല്ലേയുള്ളൂ. അദ്ദേഹം ദിശാചക്രത്തിൽ ജയിക്കുന്നതെങ്ങനെയെന്നു മനസ്സിലാക്കാനും പ്രയാസം. പല ശ്ലോകങ്ങളിലും അനേകം പൊരുത്തക്കേടുകൾ ഇങ്ങനെ കടന്നുകൂടിയിരിക്കുന്നതു കാണാം. പാട്ടുകളും ശ്ലോകങ്ങളും കവിയുടെവക ഏതാനും വരികളേയുള്ളൂ. അധികഭാഗവും മൂലകൃതിയിലെ ഈരടികൾ ഉദ്ധരിച്ചിരിക്കുകയാണു്. 'കരുണാകാവ്യത്തിന്റെ ഉടമസ്ഥരിൽനിന്നു അനുവാദം വാങ്ങിയതുകൊണ്ടു് പകർപ്പവകാശത്തെക്കുറിച്ചു് ശകലവും പേടിക്കാനില്ല.

വാസവദത്തക്കു രണ്ടു ചേടിമാരുണ്ടു് ആശാന്റെ കരുണയിൽ. ഒന്നു കുട്ടാനിയും (പുരുഷന്മാരെ വശീകരിക്കുന്നവൾ) മററവൾ പരിചാരികയും. ആട്ടക്കഥയിൽ കുട്ടാനിയെ മാത്രമേ അംഗീകരിച്ചിട്ടുള്ളൂ. കഥാഗതിയിൽ അശ്രദ്ധ നിമിത്തം വന്നുപോയ പിശകാണിതു്. വാസവദത്തയുടെ വണിഗ്വരനുമായുള്ള രഹസ്യവേഴ്ചയറിഞ്ഞു ശില്പി ചേടിയോടു പിണങ്ങുന്നതു ശരിയല്ല. അയാൾക്കു വാസവദത്തയുടെ മേൽ സർവ്വസ്വാതന്ത്ര്യമുണ്ടു്; പോരാഞ്ഞിട്ടു പൂർവകാമുകനുമാണു്. എന്നിരിക്കെ; വാസവദത്തയോടുതന്നെ ശില്പിക്കു വിവരങ്ങൾ എങ്ങനെ വേണമെങ്കിലും ചോദിക്കാമായിരുന്നു. കൂടാതെ ആ വണിഗ്വരനെ ശോണാംബരധാരി—ചുവന്ന വസ്ത്രമണിഞ്ഞവൻ—ആക്കിയതിന്റെ കാരണവും വ്യക്തമല്ല. അവതാരികയിൽ പറയുന്നു: കരുണ ആട്ടക്കഥാകൃത്തിനു രണ്ടു ലക്ഷ്യങ്ങളുണ്ടെന്നു്. മഹാകവി കുമാരനാശാനോടുള്ള ആരാധനാ നിർവിശേഷമായ ആദരപ്രകടനമൊന്നു്. രണ്ടാമത്തേതു് പഴയ ആട്ടക്കഥയിലെ ഗതാനുഗതികത്വത്തിന്റെ വൈരസ്യം തോന്നുന്ന ഇന്നത്തെ സാഹിത്യപ്രണയികൾക്കു് ആ വിശ്വോത്തര കലയിൽ അഭിരുചിയുണ്ടാക്കുകയും. ആട്ടക്കഥയിലെ ഗതാനുഗതികത്വം അപ്പാടെ അനുസരിക്കണമെന്നാർക്കും അഭിപ്രായമില്ല. അംഗീകൃതങ്ങളും സുസൂക്ഷ്മങ്ങളുമായ അടിസ്ഥാന നിയമങ്ങളാദരിക്കണമെന്നേയുള്ളൂ. എങ്കിൽ മാത്രമേ അതു് വിശ്വോത്തര കലയാകൂ. അക്കാര്യത്തിൽ ശ്രീ. പോററി തികച്ചും പരാജയമടഞ്ഞിരിക്കുന്നു. ഒരിക്കൽ ഒരു മഹാൻ പറഞ്ഞ ചില വാക്കുകൾ ഓർത്തുപോവുകയാണിത്തരുണത്തിൽ. "പല കലാവിജ്ഞാനവും പ്രതിഭാനവും നിറഞ്ഞു നിൽക്കുന്ന ഹൃദയത്തിലേ അതു് (കഥകളി) കഥയുള്ള കളിയായി വിളങ്ങുകയുള്ളൂ." "സതുതച്ഛാസ്ത്ര സംസ്കാരവതാമേവോപജായതെ; അന്യേഷാം പ്രതിബദ്ധാശോർദാഹ ഉത്തേജകോയഥാ. വൈദേശിക വിദഗ്ദ്ധ് പ്രകാണ്ഡങ്ങൾ പോലും അകമഴിഞ്ഞാദരിക്കുന്ന അതിപ്രശസ്തമായ കലാവിശേഷമാണു കഥകളി. അതിനെ തജ്ജനയിതാക്കളുടെ ദായാദന്മാർ അവഹേളിക്കുന്നതു ലജ്ജാകരമായിരുന്നു"എന്നു്.

പേരെഴുതാത്ത ഒരു രംഗമുണ്ടല്ലോ, ആറാം രംഗം. അതിൽ ഒരു ദണ്ഡകവും കുറെ ഗദ്യങ്ങളും ഒടുവിൽ ഒരു ശ്ലോകവുമാണുള്ളതു്. ദണ്ഡകം അംഗീകരിക്കാമെന്നിരിക്കട്ടെ. ഗദ്യങ്ങളുടെ ഉപയോഗമെന്തു്? ആട്ടക്കഥയിൽ ഇങ്ങനെയൊരു സമ്പ്രദായം ഇന്നോളം കണ്ടിട്ടില്ല. മററു രംഗങ്ങൾക്കിടയിലും ഗദ്യങ്ങൾ തിരുകിയിട്ടുണ്ടു്. ആട്ടക്കഥാപ്രസ്ഥാനത്തെ—ആ വിശ്വോത്തര കലാവി

ശേഷത്തെ—നവീകരിക്കാനായിരിക്കുമോ ഇതൊക്കെ? രംഗസംവിധാനത്തിലെ നോട്ടക്കുറവാണിതിനു കാരണം. മുൻകൂട്ടി ആശയങ്ങൾ തിട്ടപ്പെടുത്തി പദങ്ങളും ശ്ലോകങ്ങളും തയ്യാറാക്കിയിരുന്നെങ്കിൽ ഈ അപകടം കൂടാതെ കഴിക്കാമായിരുന്നു. ഇനിയും മറ്റൊന്നു്: "മനംമയക്കുന്ന സൗന്ദര്യാതിശയം ഭൗതികമായ സകലതും നേടിക്കൊടുക്കും. അതിൽ മതിമറന്നു് തോന്നിയതു കാണിച്ചാൽ കൊടിയ ആപത്തായിരിക്കും അനുഭവം." കരുണാകാവ്യത്തിലെ ജീവിതവീക്ഷണമിതാണു്. ഈ മുറപിടിച്ചു്, സകലൈശ്വര്യസമ്പന്നയെന്നു രംഗവാസികൾക്കു തോന്നുന്ന മട്ടിൽ വേണം വാസവദത്തയെ അവതരിപ്പിക്കാൻ. ഉത്കണ്ഠാപൂർവ്വം ഉപഗുപ്തനെ പ്രതീക്ഷിക്കുന്നെങ്കിലും ഒട്ടും തന്റേടം വിടാതെ നല്ല തഞ്ചമായി അവളെ ഇരുത്തുകയും വേണം. മൂലകൃതിയിൽ ഇതെല്ലാം സാവധാനമായി പരിഗണിച്ചിരിക്കുന്നതു ശ്രദ്ധേയമാണു്. പക്ഷേ ആട്ടക്കഥയിൽ അതൊന്നും ശ്രദ്ധിച്ചിട്ടില്ല. വാസവദത്ത ഇരിക്കയും എഴുന്നേൽക്കുകയും വീഴുകയുമൊക്കെയാണു്. വീഴുന്നതാരെന്നുമില്ല. ആകപ്പാടെ ഉപഗുപ്തനെച്ചൊല്ലി വെരളിപിടിച്ച വാസവദത്തയെയാണു രംഗത്തു കാണുന്നതു്. വേശ്യാവൃത്തിയിൽ പയറ്റിത്തെളിഞ്ഞ വാസവദത്തയെ സംബന്ധിച്ചിടത്തോളം ഇതൊരപകർഷമാണു്. അവളുടെ പുരുഷവിഷയകമായ ചാപല്യത്തിനും ഒട്ടൊക്കെ അതിരുണ്ടു്. ഉപഗുപ്തന്റെ അവസ്ഥയും ഇതിൽനിന്നു ഭിന്നമല്ല. ജനനമരണങ്ങളുടെ പരമരഹസ്യംപോലുമറിയുന്നവനാണു ഉപഗുപ്തൻ. ആട്ടക്കഥയിലായപ്പോൾ അദ്ദേഹം വെറും സാധാരണക്കാരനായിപ്പോയി. ആ ശമധനചക്രവർത്തി, പ്രശസ്താംഗങ്ങൾ പരിച്ഛേദിക്കപ്പെട്ടു ശ്മശാനത്തിൽ മുമൂർഷുവായി കിടക്കുന്ന വാസവദത്തയുടെ പ്രകൃതംകണ്ടു നടുങ്ങിപ്പോലും. ഇതിൽ കവിഞ്ഞ ഒരു അപരാധമെന്തുണ്ടു് 'ദുഃഖസത്യജ്ഞാനധീര'നായ ഉപഗുപ്തനിൽ ചുമത്താൻ? സത്യത്തെ മുഖത്തോടുമുഖം കണ്ടറിഞ്ഞു സ്ഥിരചിത്തനായ ആ 'ധീര'ൻ മിന്നിമായുന്ന പ്രകൃതിയുടെ ക്ഷണികഭാവങ്ങൾ കണ്ടു ഞെട്ടുകയോ? ശിവ! ശിവ!

ശ്രീ. ചിങ്ങാരപ്പള്ളി നാരായണൻപോറ്റി പണ്ഡിതനാണു്; കവിയാണു്; സഹൃദയനുമാണു്. എല്ലാമുണ്ടായിരുന്നിട്ടും ആട്ടക്കഥയിൽ ഒന്നിന്റെ ഗന്ധവും കാണുന്നില്ല. കാരണം, കഥകളിനിർമ്മാണം ഒരുതരമന്യാദൃശസിദ്ധിവിശേഷമാണു്. സാധാരണക്കാർ അവിടെ പരാജയപ്പെടുകതന്നെ ചെയ്യും. നാട്യകലയിൽ അതിവിദഗ്ദ്ധനായിരിക്കണം കവി. കഥാപാത്രങ്ങളെ യഥാസന്ദർഭമവതരിപ്പിച്ച രസപ്രകർഷമുളവാക്കാൻ മതിയായ ഔചിത്യബോധവുമുണ്ടായിരിക്കണം. സർവോപരി കാവ്യരചനയിൽ അതുല്യമായ കഴിവും വേണം. കവികണ്ഠാഭരണക്കാരൻ പറഞ്ഞതുപോലെ "രസേ രസേ തന്മയതാംഗതസ്യ—ഗുണേ ഗുണേ ഹർഷവശീകൃതസ്യ; വിവേകസേകസ്വകപാകഭിന്നം — മനഃപ്രസൂതേ ഫലവത് കവിത്വം," അങ്ങിനെയിരിക്കണം കവിത്വം. ഇപ്പറഞ്ഞതെല്ലാം യഥാസന്ദർഭമൊത്തിണങ്ങുന്നവർക്കേ കഥകളി എഴുതി വിജയം നേടാനൊക്കൂ.

## ചിന്താസൗരഭം

**എം. സത്യപ്രകാശ് എം. ഏ.**

വില: 3-00

വിതരണം: എൻ. ബി. എസ്സ്. കോട്ടയം.

**പ്രൊ: ഈ. വി. ദാമോദരൻ, വക്കീൽ.**

ശ്രീ എം സത്യപ്രകാശത്തിന്റെ പത്തു പ്രബന്ധങ്ങളടങ്ങിയ ഒരു ഗ്രന്ഥമാണു "ചിന്താസൗരഭം" ഒരു ആംഗലസാഹിത്യാദ്ധ്യാപകൻ കൂടിയായ ഈ യുവസാഹിത്യകാരന്റെ ഗ്രന്ഥപരിചയവും ഗവേഷണസാമർത്ഥ്യവും ഇതിലെ ഓരോ പ്രബന്ധത്തിലും കാണാൻ കഴിയും. വിശ്വപ്രസിദ്ധനായ തോറേയുടെ വ്യക്തിമാഹാത്മ്യത്തെക്കുറിച്ചു സാധാരണ വായനക്കാർക്ക് അത്ര അറിവുണ്ടെന്നു പറയുവാൻ സാധിക്കുന്നില്ല. ആ മഹാന്റെ ചിന്താപ്രപഞ്ചത്തിൽ കടന്നുചെല്ലുവാൻ സത്യപ്രകാശത്തിന്റെ "തോറോയും ഗാന്ധിജിയും" എന്ന ലേഖനം സഹായിക്കുമെന്നുള്ളതിൽ സംശയമില്ല. രണ്ടാമത്തെ ലേഖനം "ശ്രീനാരായണ പരമഹംസന്റെ ഫലിതങ്ങ"ളെക്കുറിച്ചുള്ള ഒരു പഠനമാണ്. ലേഖകൻ പറഞ്ഞിട്ടുള്ള ചില കാര്യങ്ങളോട് എനിക്കു യോജിക്കുവാൻ സാധിക്കുന്നില്ലെങ്കിലും പ്രസ്തുത ലേഖനം സഹൃദയരെ രസിപ്പിക്കുവാൻ പര്യാപ്തമാണ്.

ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ള വിവേകാനന്ദ സന്ദേശങ്ങൾ', 'ഗുരുശിഷ്യബന്ധം ടാഗൂറിന്റെ വീക്ഷണത്തിൽ, ധാർമ്മികമൂല്യങ്ങൾ, എഴുത്തച്ഛന്റെ കാവ്യപ്രപഞ്ചം, സി. വി. കുഞ്ഞുരാമൻ, കവിത ആശാൻശേഷം, തുടങ്ങിയ ലേഖനങ്ങൾ പഠനാർഹങ്ങളാണ്. എന്നാൽ എഴുത്തച്ഛനെക്കുറിച്ചുള്ള പ്രബന്ധത്തിൽ ആ കവിശ്രേഷ്ഠന്റെ കാവ്യപ്രതിഭയെ വിലയിരുത്തുവാൻ ലേഖകനു പൂർണ്ണമായും കഴിഞ്ഞിട്ടില്ല. അതുപോലെതന്നെ 'കവിത ആശാൻശേഷം' എന്ന ലേഖനത്തിന്റെ തലക്കെട്ട് "ആശാനും ആധുനികമലയാളകവിതയും' എന്നു നൽകിയിരുന്നെങ്കിലതു കൂടുതൽ ആസ്വാദ്യകരമായിരുന്നേനെ.

ഒരു ഇംഗ്ലീഷ് സാഹിത്യാദ്ധ്യാപകനെന്ന നിലയിൽ ശ്രീ. സത്യപ്രകാശത്തിന്, ചില പരിമിതികൾ ഉള്ളകാര്യം വിസ്മരിക്കുന്നില്ല. ഈ ഗ്രന്ഥത്തിന് ഉപോദ്ഘാതമെഴുതിയിരിക്കുന്ന യശ്ശശരീരനായ പണ്ഡിതശ്രേഷ്ഠൻ കുററിപ്പുഴ പരമേശ്വരൻനായർ പറഞ്ഞിട്ടുള്ള ഒരു കാര്യത്തോടു ഞാൻ യോജിക്കുന്നു: "ഇംഗ്ലീഷിലും മലയാളത്തിലും സാഹിത്യരചന നടത്തുന്നവർ കേരളത്തിൽ ചുരുക്കംപേർ മാത്രമെ ഉള്ളു അവരുടെ കൂട്ടത്തിൽ ഈ യുവാവും ഉൾപ്പെടുന്നു." ഇക്കാര്യത്തിൽ ശ്രീ. സത്യപ്രകാശത്തിനു തീർച്ചയായും അഭിമാനിക്കാം.

ഗ്രന്ഥനിരൂപണം എന്നതു്, ഒരു ഗ്രന്ഥത്തിലെ ദോഷങ്ങളെമാത്രം എടുത്തു പറയുന്നതല്ല. കലാസൃഷ്ടികളിൽ ഗുണങ്ങളും ദോഷങ്ങളും ഉണ്ടായിരിക്കാം. ഈ കൃതിയെ സംബന്ധിച്ചിടത്തോളം രണ്ടുമൂന്നു തെററായ പ്രയോഗങ്ങളെ എനിക്കു കാണാൻ കഴിഞ്ഞിട്ടുള്ളു. അതുപോലെതന്നെ ചില അച്ചടിപ്പിശകുകളും ഇതിൽ കടന്നുകൂടിയിരിക്കുന്നു. ഇതിന്റെ അടുത്ത പതിപ്പിൽ ഇത്തരം ന്യൂനതകൾ പരിഹൃതമാകുമെന്നു കരുതുന്നു. പൊതുവേ ഈ ഗ്രന്ഥം ആകർഷകമായിട്ടുണ്ട് എന്നു പറയുവാൻ എനിക്കു സന്തോഷമുണ്ട്.

---

DIVYAKOKILAM
(QUARTERLY)

Price Rs. 3


# ജയഭാരതം ആര്യവൈദ്യശാല

H.O. പുനലൂർ



അസുഖങ്ങളെക്കുറിച്ച്
ഓർക്കുമ്പോൾ

## കദളീകല്പം

ആരോഗ്യമുള്ള തരുണികളേ!
അകാലവാർദ്ധക്യത്തിലേക്ക്
നയിക്കുന്ന, മേഹരോഗങ്ങൾ,
വെള്ളപോക്ക്, മഞ്ഞ
പോക്ക്, മൂത്രച്ചുടിച്ചി
ൽ, എരിച്ചിൽ, ഗർഭാ
ശയ — മൂത്രാശയ
രോഗങ്ങൾക്ക്

**കദളീകൽപം**
ഉടൻ ശമനം
കൈവരുത്തുന്നു.





Edited, Printed & Published by Puthuppally Raghavan, at
Crown Printers, Quilon.

# ദിവ്യകോകിലം



ഒരൊററ മതമുണ്ടുലകി,ന്നുയിരാം പ്രേമം; അതൊന്നല്ലോ
പരക്കെ നമ്മെപ്പാലമൃതൂട്ടും പാർവണശശിബിംബം.